

അജാനൂർ ഗ്രാമപഞ്ചായത്ത്
വികസന രേഖ

ആശംസകളോടെ...

ഹാർഡ് വേർ രംഗത്തെ അംഗീകൃത നാമം

പോപ്പുലർ ഹാർഡ് വേർസ്

കോട്ടച്ചേരി - കാഞ്ഞങ്ങാട്

RAMCO AC Sheet, Fine Glazed Tiles

എന്നിവയുടെ അംഗീകൃത ഏജൻസി

കൂടാതെ കമ്പി,സിമൻറ്(എല്ലാബ്രാൻറും)
സാനിറ്ററി ഫിറ്റിംഗ്സ് ,ജോൺസൺ ടൈൽസ്,
ഫ്ളോർടൈൽസ് ,സാനിറ്ററി വേർ, പി.വി.സി
പൈപ്പുകൾ,ഫിറ്റിംഗുകൾ . ARK, JAL
സി.പി ഫിറ്റിംഗ്സ് മൊസെയിക് ഐറ്റംസ് ,
കടപ്പ,ഇഷ്ടിക എന്നിവയും മൊത്തമായും
ചില്ലറയായും യഥേഷ്ടം
ലഭിക്കുവാൻ കാഞ്ഞങ്ങാട്ടെ
വിശ്വസ്ത സ്ഥാപനം.

Popular Hard Wares


Kottachery, Kanhangad

Tel : 702614 Res: 702906-703489

151-2

ജനകീയാസൂത്രണ പദ്ധതി

അജാനൂർ ഗ്രാമപഞ്ചായത്ത്



വികസനരേഖ

എളിമയാർന്ന ജീവിതം
കൊള്ളരുതാടാ
കൊള്ളരുതാർന്ന ജീവിതം
മധുരമുള്ളതാടാ
മധുരമാർന്ന ജീവിതം
മഹിമയുള്ളതാടാ
മഹിമയാർന്ന ജീവിതം
മഹിയിൻ നല്ല ജീവിതം

എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല. എല്ലാവരും സമന്മാരാണ്. അവസാനക്കാരും അവിടെ ഇല്ല.

-ഗാന്ധിജി

പഞ്ചായത്ത് ഭരണ സമിതി



പ്രസിഡന്റ്

എം കുഞ്ഞമ്പു



വൈസ് പ്രസിഡന്റ്

സി. കുഞ്ഞബ്ദുല്ല.




സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ


സി.കെ. നാരായണൻ



എ. എസ് ഗോപി



എ.വി.കണ്ണൻ.



പാലാട്ട് ഹൈദ്രോസ്



പി.വി കാർത്ത്യായനി



കെ.കുഞ്ഞമ്പു



ബി. രാമൻ



എ. മാലിനിയമ്മ



സി.എച്ച്. മുണ്ടലക്കാരി



എം. കെ. മുഹമ്മദ് കുഞ്ഞി



യശോദ



സി.എച്ച് മുഹമ്മദ്കുഞ്ഞി.



ടി. രമ

ഉള്ളടക്കം

1. ആമുഖം 5
2. പഞ്ചായത്ത് ഭരണചരിത്രം 9
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം 11
4. ഭൂപ്രകൃതി.ജനപ്രകൃതി,ജലവിഭാഗം 19
5. സാമൂഹ്യസാമ്പത്തികമേഖലകൾ
    1. കൃഷിയും ജലസേചനവും 23
    2. മൃഗസംരക്ഷണം 33
    3. വ്യവസായം. 39
    4. വിദ്യാഭ്യാസം 47
    5. കുടിവെള്ളം,പൊതുജനാരോഗ്യം 54
    6. ഗതാഗതം ,ഊർജ്ജം മാർക്കറ്റ് 63
    7. പാർപ്പിടവും സാമൂഹ്യക്ഷേമവും 83
    8. സംസ്ക്കാരം 87
    9. വനിത 95
    10. സഹകരണം . 97
    11. പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം. 103
    12. വിഭവസമാഹരണം. 107
6 പഞ്ചായത്ത് ഭരണ സമിതി
  പ്രവർത്തനം: ഒരവലോകനം 113
7. ഉപസംഹാരം 115
8. ഒരുവാക്കുകൂടി 116

ടൈപ്പ്സെറ്റിംഗ്- ഉത്തരമലബാർ ഡി.ടി.പി സിസ്റ്റംസ്

ഉത്തര മലബാർ ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ്,മാണിക്കോത്ത്, കാഞ്ഞങ്ങാട്-ഫോൺ: 702183

ആമുഖം

കാലചക്രം എന്ത് വേഗതയിലാണ് നീങ്ങുന്നത്! ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് നാലാണ്ടുകളുടെ പടവുകൾ മാത്രം. ഇന്ത്യൻ സ്വാതന്ത്ര്യത്തിന് അരനൂറ്റാണ്ട് പ്രായമാകാൻ ഇനി കേവലം മാസങ്ങൾ. സഹസ്രാബ്ദത്തിന്റെ രണ്ട് നൂറ്റാണ്ടുകൾ കഴിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി പ്രത്യക്ഷപ്പെട്ടപ്പോൾ നാം പുരോഗതിയുടെ, സ്വന്തം വ്യക്തിത്വത്തിന്റെ പടവുകൾ കയറുകയായി.

നൂറ്റാണ്ടുകളുടെ കൊളോണിയൽ ഭരണകാലം നമ്മുടെ ഗ്രാമങ്ങളുടെ, ഗ്രാമീണ സമ്പദ്ഘടനയുടെ, തകർച്ചയുടെ കാലമായിരുന്നു. നമ്മുടെ കാർഷികമേഖലയും കുടിൽ വ്യവസായങ്ങളും തകർക്കപ്പെട്ടു. ലോകമുതലാളിത്ത വ്യവസ്ഥയുടെ ഭാഗമായി ഇന്ത്യ മാറുകയും നമ്മുടെ സമ്പത്ത് കൊള്ളയടിക്ക പ്പെടുകയും ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് തന്നെ ഈ ദുരന്തകരമായ സമ്പത്ത് ചോർച്ചയെപ്പറ്റി ദേശീയ പ്രസ്ഥാനത്തിലെ കാരണവരായിരുന്ന ദാദാഭായി നവറോജി മുന്നറിയിപ്പ് നൽകിയിരുന്നു. കൊളോണിയൽ ഭരണത്തിനെതിരെ, അവരുടെ രാഷ്ട്രീയ സാമ്പത്തിക നയങ്ങൾക്കെ തിരെ ജനശക്തി തിരിച്ചുവിട്ട ദേശീയപ്രസ്ഥാനം. ലോകത്തിന്റെ തന്നെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും വലിയ ബഹുജന പ്രസ്ഥാനം. നിരക്ഷരരായ, നിർദ്ധനരായ ഇന്ത്യൻ ജനകോടികളെ, ഗാന്ധിജി നിശ്ശബ്ദമായി അഹിംസയുടെ പാതയിലൂടെ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ നയിച്ചു. ഇന്ത്യയുടെ ആത്മാവ് കണ്ടെത്തിയ ഗാന്ധിജി ഗ്രാമസ്വരാജ് ആശയത്തിന് പ്രാധാന്യം നൽകി. ഗ്രാമങ്ങളുടെ മോചനത്തിലൂടെ മാത്രമേ ഇന്ത്യൻ ജനതയുടെ മോചനം പൂർണ്ണമാകൂ എന്നദ്ദേഹം വിശ്വസിച്ചു. സ്വാശ്രയഗ്രാമങ്ങളെന്നത് നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശങ്ങളിലൊന്നായിരുന്നു. ദേശീയ വിദ്യാലയങ്ങളും ഖാദിപ്രചരണവും സ്വദേശിസിദ്ധാന്തവും ഹരിജനോദ്ധാരണവുമെല്ലാം മുന്നിൽ കണ്ടുകൊണ്ടായിരുന്നു ഗാന്ധിജി പ്രചരിപ്പിച്ചത്. ജനങ്ങളുടെ കൂട്ടായ്മയിലൂന്നിയ വികസന രീതി. സ്വതന്ത്ര ഇന്ത്യ വിവിധ മേഖലകളിൽ ഒരുപാട് മുന്നോട്ട് പോയി. ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ഫോടനാത്മകവും അസൂയാവഹങ്ങളുമായ പലനേട്ടങ്ങളും നാം കൈവരിച്ചു. ലോകരാഷ്ട്രീയ രംഗത്ത് ഇന്ത്യയുടെ ശബ്ദം വേറിട്ടു നില്ക്കുന്നു. നമ്മുടെ നാട്ടിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി ജവഹർലാൽ നെഹ്റു പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകി. ഇതിലൂടെ വ്യാവസായിക - കാർഷിക മേഖലയിൽ ഒരു കുതിപ്പ് തന്നെ നാം നടത്തി. പക്ഷേ നമ്മുടെ അഭിവന്ദ്യനായ രാഷ്ട്രപിതാവ് സ്വപ്നം കണ്ട സ്വയം 'സമ്പൂർണ്ണമായ ഒരു ഗ്രാമം' നമുക്ക് പൂർണ്ണമായി കൈവരിക്കാൻ കഴിഞ്ഞില്ല.

നമ്മുടെ പഞ്ചവത്സര പദ്ധതികളിലൂടെയും മറ്റും നാം കൈവരിച്ച വലിയ നേട്ടം പൂർണ്ണമായും ഇന്ത്യൻ ഗ്രാമങ്ങളിലെത്തിയില്ല; മറിച്ച് അത് ചില നഗരങ്ങളെ കേന്ദ്രീകരിച്ചുണ്ടായ ഒരു വികസന രീതിയായിരുന്നുവെന്ന് ഇന്ന് പരക്കെ അംഗീകരിക്കുന്നു. നഗരങ്ങൾ പുരോഗതി പ്രാപിച്ചപ്പോൾ ഗ്രാമങ്ങൾ പലതും നിർദ്ധനമാവുകയായിരുന്നു. നമ്മുടെ പദ്ധതികളുടെ ലക്ഷ്യം പൂർണ്ണമായി നേടിയെടുക്കുവാൻ നമുക്ക് കഴിഞ്ഞില്ല. കേന്ദ്രീകൃത ആസൂത്രണമായിരുന്നു നാം നടപ്പിലാക്കിയത്. ഇത് ഉദ്യോഗസ്ഥ മേധാവിത്വം, കാലതാമസം, ദുർവ്യയം, ജനപങ്കാളിത്തമില്ലായ്മ തുടങ്ങിയ പല പ്രശ്നങ്ങൾക്കും വഴിവെക്കുകയും ചെയ്തു. ചില വിദഗ്ദ്ധരും ഉദ്യോഗസ്ഥൻമാരും ചേർന്ന് തയ്യാറാക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷം വരുന്ന നമ്മുടെ ഗ്രാമീണ ജനതയുടെ ശബ്ദം പ്രതിഫലിക്കപ്പെട്ടില്ല.

നാം മലയാളികൾ അഭിമാനപൂർവ്വം താലോലിക്കുകയും അന്താരാഷ്ട്ര രംഗത്ത് ശ്രദ്ധേയ വുമായ 'കേരള വികസന മോഡലും ' നമ്മുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നേടിയെടുക്കുന്ന തിൽ പര്യാപ്തമായില്ല. ഉൽപാദന മേഖലയ്ക്ക് പ്രാധാന്യം കൊടുക്കാതെ സേവന മേഖലയിൽ ഊന്നിക്കൊണ്ടുള്ള ഒരു ആസൂത്രണമാണ് കേരള മോഡലിലും നാം കാണുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, പൊതു വിതരണ ശൃംഖല തുടങ്ങിയ മേഖലകളിൽ നാം ഗണ്യമായ പുരോ ഗതി വളർത്തിയെടുത്തുവെങ്കിലും കാർഷിക - വ്യാവസായിക മേഖല പൂർണ്ണമായും അവഗണിക്ക പ്പെടുകയായിരുന്നു. ഉൽപാദന മേഖലയിലെ തകർച്ച സേവന മേഖലയിൽ വളർത്തിയെടുത്ത പുരോഗതി പോലും നില നിർത്താൻ കഴിയാത്ത സാഹചര്യത്തിന് കളമൊരുക്കി.


നമ്മുടെ വികസന രംഗത്തുണ്ടായ ഈ മുരടിപ്പും, നമ്മുടെ സമ്പദ്ഘടനയുടെ തകർച്ചയും എങ്ങനെ മറികടക്കാമെന്ന ഗൗരവമായ ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ് വന്നതാണ് ജനകീയ ആസൂത്രണ പദ്ധതി. ഈ ഒരു പശ്ചാത്തലത്തിലാണ് സംസ്ഥാന ഗവർമെൻറും പ്ലാനിംഗ് ബോർഡു മൊക്കെ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തിലൂടെ യും നടപ്പിലാക്കാൻ തീരുമാനിച്ചത്. 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' ഇന്ത്യക്കും ലോകത്തിനാ കെയും മാതൃകയായി മാറുകയാണ്. കേന്ദ്രീകൃത ആസൂത്രണത്തിൻെറ എല്ലാ വൈകല്യങ്ങളും ഒഴിവാക്കി, ഉൽപാദന മേഖലയ്ക്ക് (കൃഷി, വ്യവസായം തുടങ്ങിയ മേഖലയ്ക്ക്) പ്രാധാന്യം നൽകി കൊണ്ടുള്ള ഒരു വികസന രീതിയാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്. ആസൂത്രണം താഴെത്തട്ടിൽ നിന്ന് ആരംഭിക്കുകയും ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുക എന്നതാണ് ജനകീ യാ സൂത്രണ പ്രസ്ഥാനം.

പുതിയ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ ഭാഗമായി, ഭരണ ഘടനാ ഭേദഗതികളുടെ ഫല മായി ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം ലഭ്യമായിരിക്കുന്ന ഒരു സാഹചര്യത്തിൽ ജന കീയാസൂത്രണ പ്രസ്ഥാനത്തിന് കൂടുതൽ പ്രസക്തിയുണ്ട്. പദ്ധതി അടങ്കലിൻെറ നാല്പത് ശത മാനത്തോളം തുക നേരിട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുകയും ചെയ്യുമ്പോൾ ജനകീയ ആവശ്യ ങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള ഒരു വികസന രീതിക്ക് തുടക്കം കുറിക്കാനും അവ ഫലപ്രദമായി നടപ്പാക്കാനും ഗ്രാമ പഞ്ചായത്തിന് കഴിയും. ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പു വരുത്തുമ്പോൾ വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൈവരികയും പാഴ്ച്ചെലവുകൾ കുറയുകയും ചെയ്യും. ജനശക്തി കെട്ടഴിച്ചു വിടുമ്പോൾ വികസന മേഖലയിൽ നമ്മുടെ ഗ്രാമ ങ്ങളിൽ ഉണ്ടാകാൻ പോകുന്ന മാറ്റം ഇന്ത്യക്കാകെ മാതൃക ആകാൻ പോവുകയാണ്.

ആ പശ്ചാത്തലത്തിലാണ് അജാനൂർ ഗ്രാമ പഞ്ചായത്തിൻെറ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് ഈ വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി വിളിച്ചു ചേർക്കപ്പെട്ട ഗ്രാമ സഭകൾ ഇവിടെ വലിയ വിജയമായിരുന്നു. വിവിധ മേഖ ലകളെ കുറിച്ച് ഗൗരവമായ ചർച്ചകളും വിലയിരുത്തലുകളും ഗ്രാമ സഭകളിൽ നടക്കുകയുണ്ടായി. നിരവധി പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമ സഭകൾ മുന്നോട്ട് വെയ്ക്കുകയുണ്ടായി. നൂറു കണക്കിന് സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് 20 - 10 - 1996 -ന് പഞ്ചായത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയുണ്ടായി. ഈ സർവ്വേയിൽ നിന്ന് വിലപ്പെട്ട വിവരം ലഭി ക്കുകയുണ്ടായി. പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ, പി. എച്ച്. സി. തുടങ്ങി എല്ലാ ഓഫീസുകളിലും ചെന്ന് ഉദ്യോഗസ്ഥരുടെ സഹായത്തോടെ സ്ഥിതി വിവരക്കണക്കുകൾ

ശേഖരിച്ചു. വിവിധ ഏജൻസികൾ നടത്തി വരുന്ന സ്കീമുകളെക്കുറിച്ച് വിലയിരുത്തലുകൾ നടത്തുകയും അപാകതകൾ കണ്ടെത്തുകയും ചെയ്തു. പഞ്ചായത്തിലെ മണ്ണ് ജല സ്രോതസ്സുകൾ, വിളവുകൾ തുടങ്ങിയവ മനസ്സിലാക്കാൻ വേണ്ടി പഞ്ചായത്തിൽ ഒരു പഠന പര്യടനം നടത്തി. ഈ പ്രവർത്തനങ്ങളിൽ നിന്നും ഗ്രാമ സഭകളിൽ നിന്നും ലഭിച്ച അറിവുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

നമുക്ക് ഇവിടെ ഒരു പുതിയ വികസന രാഷ്ട്രീയ സംസ്ക്കാരം വളർത്തിയെടുക്കണം. ജാതിമതാദി ചിന്തകൾക്കതീതമായി ഒരു വികസന അവബോധം ഇവിടെ വളരണം. നാട്ടിൻെറ വികസനത്തിൽ എനിക്ക് എന്ത് സംഭാവന ചെയ്യാൻ കഴിയും എന്ന് ഓരോ വ്യക്തിയും ചിന്തിക്കുന്ന തലത്തിൽ കാര്യങ്ങൾ നീങ്ങിയാൽ ഈ വികസന രേഖ വരും നാളുകളിൽ ഒരു യാഥാർത്ഥ്യമാവുകയും നമ്മുടെ ഗ്രാമത്തിൻെറ മുഖഛായ തന്നെ മാറുകയും ചെയ്യും. സമൂഹത്തിൻെറയും നാടിൻെറയും മോചനത്തിനു വേണ്ടി ജീവിതം ബലിയർപ്പിച്ച വിദ്വാൻ പി. കേളു നായരുടെയും മറ്റ് നിരവധി സാമൂഹ്യ പ്രവർത്തകരുടെയും പിൻഗാമികളായ നമുക്ക് ഒരു പുതിയ ഗ്രാമം വളർത്തിയെടുക്കാം. എല്ലാ മേഖലകളിലും സ്വാശ്രയമായ ഗ്രാമം. അതു വഴി നമ്മുടെ രാഷ്ട്രപിതാവിൻെറയും മറ്റ് പൂർവ്വ സൂരികളുടെയും സ്വപ്നത്തിന് നമുക്ക് പുതിയ നിറം പകരാം.



With Best Compliments From

Hotel Metro place

Kottachery
kanhangad

പഞ്ചായത്ത് ഭരണ ചരിത്രം

ഇന്നത്തെ അജാനൂർ ഗ്രാമപഞ്ചായത്തിന്റെ തുടക്കം ആറു ദശകങ്ങൾക്ക് മുമ്പായിരുന്നു. മദ്രാസ് സംസ്ഥാനത്തിലെ സൗത്ത് കനറാ ജില്ലയിലെ അജാനൂർ ഗ്രാമത്തിന്റെ ഭരണം നടത്തിയിരുന്നത് സൗത്ത് കനറാ ഡിസ്ട്രിക്ട് ബോർഡ് ആയിരുന്നു. 1937 മാർച്ച് മാസം 19 -ാം തീയതി വെള്ളിയാഴ്ച 11 മണിക്ക് അജാനൂർ പഞ്ചായത്ത് കോർട്ട് കെട്ടിടത്തിൽ സൗത്ത് കനറാ ഡി.പി.ഒ. ബാലകൃഷ്ണൻ മുമ്പാകെ പന്ത്രണ്ട് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതോടെ പഞ്ചായത്ത് ഭരണത്തിന് തുടക്കമായി. T.B. ശങ്കർ റാവു, കാര്യമ്പു കോമരം, ബി. മാധവ പ്രഭു, പൈനി കുഞ്ഞമ്പു നായർ, കെ. വി. കൃഷ്ണൻ, പുളിയക്കാടൻ അമ്പു കുറുക്കൾ, കെ. വി. പക്കീരൻ, കെ. പരിദേശി, പി. കുഞ്ഞിരാമൻനായർ, കോളോത്ത് അബ്ദുള്ള, ബി. ജനാർദ്ദന പ്രഭു, തെരുവത്ത് അബ്ദുള്ള എന്നിവരായിരുന്നു അംഗങ്ങൾ. T.B. ശങ്കർ റാവുവിനെ പ്രസിഡണ്ടായും ബി. മാധവ പ്രഭുവിനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. 24 - 5 - 1937 ന് വൈസ് പ്രസിഡണ്ട് ബി. മാധവ പ്രഭു. നൽകിയ 10 ഉറുപ്പികയിൽ നിന്നാണ് ഇന്ന് ലക്ഷങ്ങളിലെത്തി നിൽക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ തുടക്കം . സ്ഥലത്തെ പ്രമുഖരായിരുന്നു അന്നത്തെ പഞ്ചായത്ത് ബോർഡ് അംഗങ്ങൾ ഡിസ്ട്രിക്ട് ബോർഡിൽ നിന്നു കിട്ടുന്ന ധനസഹായവും സ്ഥലത്തെ പ്രമുഖരിൽ നിന്നുള്ള സംഭാവനയും പ്രസിഡണ്ട് പിരിച്ചെടുക്കുന്ന നികുതികളും ഫീസുകളും ആയിരുന്നു ആദ്യ കാലത്തെ വരുമാന മാർഗ്ഗങ്ങൾ. ആദ്യത്തെ ചെലവ് ഒരുറുപ്പികയായി രുന്നു. തപാൽ സ്റ്റാമ്പ് വാങ്ങുന്നതിനാണ് ഈ തുക ഉപയോഗിച്ചത്.

10 -4 -1938 ന് പി. കൃഷ്ണൻ നായർ പഞ്ചായത്തു പ്രസിഡണ്ടായി അധികാരമേറ്റു. 1957 വരെ അദ്ദേഹം പഞ്ചായത്തു ബോർഡ് പ്രസിഡണ്ടായി തുടർന്നു. കേരള പിറവിക്കു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ 1957 ൽ കെ. കുഞ്ഞമ്പു പഞ്ചായത്തു ബോർഡ് പ്രസിഡണ്ടായി സ്ഥാനമേറ്റു. B.M. കുഞ്ഞമ്പു നായർ, പുതിയ വീട്ടിൽ ചന്തു, വി. പക്കീരൻ, കെ. അമ്പു, പൈനി ചാത്തു നായർ, കേക്കടവൻ ചന്തു എന്നിവരായിരുന്നു അംഗങ്ങൾ. 31 -12- 1961 വരെ ഭരണ സമിതി തുടർന്നു.

കേരള സർക്കാറിന്റെ വികസന (പഞ്ചായത്ത്) വകുപ്പിന്റെ 28 -12 - 1961 ലെ എം. എസ് : 196/ 61 ഡി.ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ചിത്താരി അജാനൂർ ഗ്രാമങ്ങൾക്ക് പ്രത്യേകം ഉണ്ടായിരുന്ന വില്ലേജു പഞ്ചായത്തു ബോർഡുകൾ ഒന്നിപ്പിച്ച് 1-1- 1962 ന് ഇന്നത്തെ അജാനൂർ പഞ്ചായത്ത് രൂപം കൊണ്ടു. കാഞ്ഞങ്ങാട് ഡെപ്യൂട്ടി പഞ്ചായത്ത് ഓഫീസർ സി. ജെ. മുകുന്ദ മല്യ സ്പെഷ്യൽ ഓഫീസറായി ചാർജ്ജ് എടുത്തു.

1961 -ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരമുള്ള സമിതി 1963 ഡിസംബർ 21-ന് അധികാരമേറ്റു. പഞ്ചായത്തുകളിലേക്ക് ബാലറ്റു വഴി തെരഞ്ഞെടുക്കപ്പെട്ട ആദ്യ സമിതിയായിരുന്നു അത്. പി. അമ്പു നായർ, കെ.പി. അച്ചുതൻ, സി. മുഹമ്മദു കുഞ്ഞി, കല്ലുവരമ്പത്ത് കണ്ണൻ, പി. കെ. യൂസഫ്, കെ. കുഞ്ഞാമത്, ബി. ദാമോദര ലക്ഷ്മണ പ്രഭു എന്നിവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ട എട്ട് അംഗങ്ങൾ.

പ്രസിഡണ്ടായി പി. അമ്പു നായരും വൈസ്പ്രസിഡണ്ടായി പി. കെ. യൂസഫും തെരഞ്ഞെടുക്കപ്പെട്ടു. 20 -1- 1964 ന് A. മീനാക്ഷിയെ വനിതാ മെമ്പറായി നോമിനേറ്റു ചെയ്തു. 18-6-1975 ന് പ്രസിഡണ്ട് പി. അമ്പു നായരുടെ അകാല നിര്യാണത്തെ തുടർന്ന് ആക്ടിംഗ് പ്രസിഡണ്ടായി കെ. പി. യൂസഫ് സ്ഥാനമേറ്റെടുത്തു. 15 -1-1977 ൽ പുതിയ പ്രസിഡണ്ടായി കല്ലുവരമ്പത്ത് കണ്ണനെ തെരഞ്ഞെടുത്തു.

പിന്നീട് നടന്ന പഞ്ചായത്തു പൊതു തെരഞ്ഞെടുപ്പിൽ എ. പുരുഷൻ, കെ. എം. അബ്ദുൾ ഖാദർ, വി. കമ്മാരൻ , പി. മുഹമ്മദു കുഞ്ഞി, പി. ശാരദ, പി. മുരളീധരൻ, കെ. പി. വി. കണ്ണൻ, കല്ലുവരമ്പത്ത് കണ്ണൻ, എച്ച്. പക്കീരൻ, എം. മുഹമ്മദു ഹാജി, എം. രാഘവൻ എന്നീ പതിനൊന്ന് അംഗങ്ങൾ 29-9-1979 ന് സത്യ പ്രതിജ്ഞ ചെയ്തു. പഞ്ചായത്തുകളിലേക്ക് വനിതകൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗകാർക്കും സീറ്റ് സംവരണം ചെയ്ത ആദ്യ തെരഞ്ഞെടുപ്പായിരുന്നു ഇത്. പുതിയ ഭരണ സമിതി കല്ലു വരമ്പത്ത് കണ്ണനെ പ്രസിഡണ്ടായും പി. മുരളീധരനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. മേൽപറഞ്ഞ ഭരണ സമിതി പിരച്ചുവിട്ട് 20- 10- 1984 ലെ 235/84 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹൊസ്ദുർഗ്ഗ് താലൂക്ക് പഞ്ചായത്താപ്പീസർ സ്പെഷ്യൽ ഓഫീസറായി ചാർജ്ജെടുത്തു.

അടുത്തതായി നടന്ന തെരഞ്ഞെടുപ്പിൽ സി. എച്ച്. മുഹമ്മദു കുഞ്ഞി, സി. മൊയ്തു, എ. കൃഷ്ണൻ, ഫാത്തിമ സുഹ്റ, കെ. കുഞ്ഞിക്കണ്ണൻ, ടി. കെ. സുധാകരൻ, പി. മുരളീധരൻ, കെ. പി. വി. കണ്ണൻ, കല്ലുവരമ്പത്ത്കണ്ണൻ, എം. കൃഷ്ണൻ, കെ. അബ്ദുൾ ഖാദർ, എം. രാഘവൻ, കെ. രമണി എന്നീ പതിമൂന്ന് അംഗങ്ങൾ 9 - 2- 1988 ന് സത്യ പ്രതിജ്ഞ ചെയ്തു. പ്രസിഡണ്ടായി കെ. അബ്ദുൾ ഖാദറിനേയും വൈസ് പ്രസിഡണ്ടായി ഫാത്തിമ സുഹറയേയും തെരഞ്ഞെടുത്തു. കാലാവധി ദീർഘിപ്പിച്ച് നൽകിയ ഈ ഭരണ സമിതി പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളായി ഭരണം തുടർന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി 30 -9 - 1995 ന് അധികാരമേറ്റു. എ. എസ്. ഗോപി, സി. കുഞ്ഞബ്ദുള്ള, എ. വി. കണ്ണൻ, പാലാട്ട് ഹുസൈൻ, പി. വി. കാർത്ത്യായനി, കെ. കുഞ്ഞമ്പു, ബി. രാമൻ, എം. കർത്തമ്പു, സി. എച്ച്. മുത്തു ലക്ഷ്മി, എ. മാലനി അമ്മ, എം. കെ. മുഹമ്മദു കുഞ്ഞി, കെ. യശോദ, സി. കെ. നാരായണൻ, സി. എച്ച്. മുഹമ്മദു കുഞ്ഞി, ടി. റംല എന്നിവരാണ് ഒന്നു മുതൽ പതിനഞ്ചു വരെ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത്. 4-10- 1995 ന് നടന്ന തെരഞ്ഞെടുപ്പിൽ എം. കർത്തമ്പുവിനെ പ്രസിഡണ്ടായും സി. കുഞ്ഞബ്ദുള്ളയെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. പഞ്ചായത്ത് രാജ് നിയമ പ്രകാരം പുതുതായി നിലവിൽ വന്ന സ്റ്റാൻറിങ്ങ് കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കെ. കുഞ്ഞമ്പു, എം. കെ. മുഹമ്മദു കുഞ്ഞി, സി. കെ. നാരായണൻ, ബി. രാമൻ എ. മാലിനി അമ്മ എന്നിവർ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. ചെർമാനായി സി. കെ. നാരായണനെ തെരഞ്ഞെടുത്തു. മേൽപറഞ്ഞ ഭരണ സമിതിയും സ്റ്റാൻറിങ്ങ് കമ്മിറ്റിയുമാണ് ഇപ്പോൾ പഞ്ചായത്തു ഭരണം നടത്തി വരുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് എം. വി. നാരായണൻ, ടി. നീന എന്നിവർ യഥാക്രമം ചിത്താരി, അജാനൂർ ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സി. ശാരദയാണ് അജാനൂർ ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലത്തെ കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ പ്രതിനിധീകരിക്കുന്നത്.



അജാനൂർ ഗ്രാമം ഇന്നലെകളിൽ

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ഒരു സമൂഹം നെഞ്ചേറ്റി താലോലിക്കുന്ന ഓർമ്മകളുടെ ജീവ രേഖയെയാണ് ആ നാടിന്റെ ചരിത്രമെന്ന് നാം പറയുന്നത്. കാലം കഴിയുംതോറും ഓർമ്മകളുടെ വ്യാപ്തി കൂടി കൂടി വരുന്നു. കാലത്തിന്റെ അനർഗ്ഗളമായ പ്രവാഹത്തിൽ, തീരത്തടിയുന്ന വെള്ളാരങ്കല്ലുകൾ പോലെ കൊഴിഞ്ഞു വീഴുന്ന ഓരോ സംഭവങ്ങളും ഓർമ്മകളുടെ ചെപ്പിൽ നിറയുന്നു. അതിനാൽ ചരിത്രമെന്നതു വർത്തമാനകാലവും ഭൂതകാലവും തമ്മിൽ നടക്കുന്ന നിലയ്ക്കാത്ത സംവാദമാണ്.ഓരോ ജനപഥവും അവിടത്തെ ജനതയും ഒരു പാട് മിത്തുകളും ഐതീഹ്യങ്ങളും കടങ്കഥകളും തലമുറകളായി സൂക്ഷിക്കുന്നുണ്ട്. എല്ലാം തങ്ങളുടെ സമൂഹത്തിൽ എപ്പോഴോ സംഭവിച്ചുപോയ കാര്യങ്ങളായി അങ്ങിനെ ചരിത്രവും ഐതീഹ്യങ്ങളും നമ്മുടെ നാടിന്റെ ഓർമ്മകളിൽ തിരിച്ചറിയാൻ കഴിയാത്ത നിലയിൽ ഇഴ ചേർന്നു പോകുന്നു

മലബാറിലെ മറ്റെല്ലാ ഗ്രാമങ്ങളുമെന്നതുപോലെ അജാനൂർ ഗ്രാമവും ഒരു പാട് കഥകൾ അതിന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഇവിടേയും ഐതീഹ്യം പലപ്പോഴും ചരിത്രത്തിന്റെ തലത്തിലേക്ക് ഉയർന്നു വരുന്നു. പഴയ മദ്രാസ് പ്രസിഡൻസിയുടെ ഭാഗായിരുന്ന തെക്കൻ കർണ്ണാടക ജില്ലയിലെ കാസർകോട് താലൂക്കിലെ ഒരു ഗ്രാമം. അജാനൂർ, ചിത്താരി, ഗ്രാമങ്ങൾ ചേർന്ന ഇന്നത്തെ അജാനൂർ ഗ്രാമ പഞ്ചായത്ത്. പടിഞ്ഞാറ് ലക്ഷദ്വീപ് കടലും കിഴക്ക് പുല്ലൂർ പെരിയ പഞ്ചായത്തും മടിക്കൈ പഞ്ചായത്തും വടക്ക് പള്ളിക്കര പഞ്ചായത്തും തെക്ക് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയും മടിക്കൈ പഞ്ചായത്തും സ്ഥിതി ചെയ്യുന്ന അജാനൂർ ഗ്രാമ പഞ്ചായത്ത് പഴയ അള്ളട സ്വരൂപത്തിലുൾപ്പെടുന്ന ഒരു പ്രദേശമാണ്.

നിരവധി പ്രസിദ്ധമായ സ്ഥലങ്ങളുൾക്കൊള്ളുന്ന ഒരു ഗ്രാമമാണിത്. മടിയൻകൂലോം, തുളുച്ചേരി, അതിഞ്ഞാൽ, വെള്ളിക്കോത്ത് , രാവണീശ്വരം, വേലേശ്വരം തുടങ്ങിയ നിരവധി പ്രദേശങ്ങൾ സ്വന്തമായി കുറെ മിത്തുകളും ഐതീഹ്യങ്ങളും പോറ്റി വളർത്തുന്നുണ്ട്. സാമൂതിരി വംശത്തിൽപ്പെട്ട ഒരു രാജകുമാരൻ മടിയൻ കൂലോം കേന്ദ്രമാക്കി ഭരണം നടത്തുകയും അദ്ദേഹത്തിന്റെ സുഹൃത്തായ മുസ്ലീം ഭടന് അതിഞ്ഞാലിലെ ക്ഷേത്രം കല്പിച്ചു കൊടുത്തുവെന്നുമുള്ള കഥകൾ ഇന്നും ഇവിടെ പ്രചാരത്തിലുണ്ട്. ഇന്നത്തെ തുളുച്ചേരിയിൽ മുമ്പ് വളരെ പ്രസിദ്ധമായ കളരിപ്പയറ്റ് കേന്ദ്രം ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നു. തുളുനാടൻ കളരി അഭ്യസിക്കുന്നതിനു വേണ്ടി തച്ചോളി ഒതേനൻ തുളുനാട്ടിലേക്ക് വന്നതായി വടക്കൻ പാട്ടുകളിൽ പറയുന്നുണ്ട്. ഒതേനൻ കളരി പഠിക്കാൻ എത്തിച്ചേർന്നത് തുളുച്ചേരിയിലെ കളരിയിലാണ് എന്ന് ആൾക്കാർ ഇപ്പോഴും വിശ്വസിക്കുന്നു. തുളുച്ചേരിയിലെ യാദവ കുടുംബക്കാരണവർ ഇന്നും ഉപയോഗിക്കുന്ന കുരിക്കളച്ചൻ എന്ന സ്ഥാനപ്പേരും ഒതേനന്റെ തറവാട്ട് ക്ഷേത്രമായ വടകരയിലെ ലോകനാർകാവിലെ ഉൽസവത്തിന് പഴയ കാലത്ത് തുളുച്ചേരി കുരിക്കളച്ചൻ പങ്കെടുത്തിരുന്നുവെന്ന കഥയും ഒതേനൻ തുളുച്ചേരിയിൽ കളരി പഠിക്കാൻ

വന്നിരുന്നുവെന്ന വിശ്വാസത്തിന് ബലം നൽകുന്നു. വെള്ളിക്കുന്നത്ത് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം വെള്ളിക്കോത്തായും പണ്ട് രാവണൻ തപസ്സ് ചെയ്തിരുന്ന സ്ഥലം രാവണീശ്വരമായും മാറിയെന്നാണ് വിശ്വസിക്കുന്നത്. ചിറ്റ് എന്ന വാക്കിന് നെല്ലറ (വയൽ ധാരാളമുള്ള സ്ഥലം) യെന്നും അതിര് എന്ന അർത്ഥവുമുണ്ട്. ചിത്താരി എന്ന സ്ഥല നാമം ഇങ്ങിനെയുണ്ടായതാണ് എന്നു പറയാം. ഒരു പ്രദേശത്തിന്റെ അതിരായി ഒഴുകുന്ന പുഴയായതിനാൽ ആ പുഴയ്ക്ക് ചിത്താരിപ്പുഴ എന്ന പേര് കിട്ടിയതാവാം. അല്ലെങ്കിൽ സ്ഥലനാമത്തിൽ നിന്നും പുഴയ്ക്ക് ആ പേരു കിട്ടിയതുമാവാം. പഴയ കാർഷിക സമ്പദ്ഘടനയുടെ കാലത്ത് ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന ചന്തകൾ ഗ്രാമങ്ങളിൽ പലയിടത്തുമുണ്ടാകുമല്ലോ. അത്തരം സ്ഥലങ്ങൾ വാണിയംപാറയായതായിരിക്കാം. 19 ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഈ ഗ്രാമത്തിന്, അതിയാൽ ഗ്രാമം എന്നാണ് പ്രമാണങ്ങളിലൊക്കെ രേഖപ്പെടുത്തിയിരിക്കുന്നത്. അതിയാൽ ഇംഗ്ലീഷുകാരുടെ വ്യവഹാര ഭാഷയിലെത്തിയപ്പോൾ അജാനൂർ എന്നായി മാറിയിരിക്കാം.

ഈ ഗ്രാമ പഞ്ചായത്തിൽ വിവിധ ജാതി വിഭാഗങ്ങൾ പ്രത്യേകം തറകളായിട്ടാണ് ജീവിച്ചുവന്നിരുന്നത്. ഓരോ വിഭാഗത്തിനും അവരുടേതായ ആചാര മര്യാദകളും ക്ഷേത്രങ്ങളുമൊക്കെ സ്വന്തമായിട്ടുണ്ടായിരുന്നു. ഇവടത്തെ അധിവാസ മാതൃക പരിശോധിച്ചാൽ ഓരോ വിഭാഗം ജനങ്ങളും പ്രത്യേകം സ്ഥലങ്ങളിൽ കൂട്ടമായി താമസിച്ചിരുന്നുവെന്ന് കാണാം. മുക്കുവർ, മുകയർ, ശാലിയർ, വാണിയർ, മണിയാണി (യാദവർ) തുടങ്ങിയവരൊക്കെ ഇങ്ങിനെ പ്രത്യേകം സ്ഥങ്ങളിലാണ് താമസിച്ചുവന്നതെന്ന് നമുക്ക് കാണാം. നമ്മുടെ ഗ്രാമത്തിൽ ഒരു വിഭാഗം ജനങ്ങൾ ചേര്യക്കാർ എന്ന പേരിൽ അറിയപ്പെടുന്നു. പഴയ ഇക്കേരി നായക്കൻമാരുടെ കൂടെ കോട്ടകൾ പണിയാനും കാക്കാനും വന്ന കോട്ടയാർ വിഭാഗത്തിൽപ്പെട്ടവരാണ് പിന്നീട് ചേര്യക്കാർ ആയത് . കോട്ടയുടെ ചേരി പ്രദേശത്ത് താമസിക്കുന്നവർ ചേര്യക്കാർ.

കേരളത്തിലെ പ്രാചീന സംസ്ക്കാരത്തിന്റെയും ആരാധന രീതികളുടെയുമെല്ലാം പ്രതീകങ്ങൾ ഇന്നും ഇവിടെ കാണാവുന്നതാണ്. അമ്മ ദൈവാരാധന, ശക്തി പൂജ, വീരാരാധന, നാഗ പൂജ, തുടങ്ങിയയൊക്കെ ഇന്നും നില നിൽക്കുന്നുണ്ട്. ജൈന ബൗദ്ധമതങ്ങളുടെ ബാക്കി പത്രമായ കാവുകളും ജനങ്ങളുടെ സാംസ്ക്കാരികവും ആത്മീയവുമായ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. ഇന്ന് കാവുകളൊക്കെ ഹൈന്ദവാരാധന കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ട്. വീരാരാധനയുടെ ഭാഗമായി വടക്കെ മലബാറിലാകെ പ്രസിദ്ധമായ തെയ്യം ഈ ഗ്രാമത്തിലും അതിന്റെ എല്ലാ വൈശിഷ്ട്യത്തോടുംകൂടി നില നിൽക്കുന്നുണ്ട്. മിക്കവാറും എല്ലാ ജാതികളുടേയും താന (ജാതി കൂട്ടങ്ങളുടെ കേന്ദ്രം) ങ്ങളിൽ തെയ്യം കെട്ടിയാടി വരുന്നുണ്ട്. ഈ പ്രദേശങ്ങളിലെ ആരാധനാ കേന്ദ്രങ്ങളിൽ ജാതിയതയുടെ ശ്രേണി വ്യവസ്ഥ കൃത്യമായും പാലിക്കപ്പെട്ടിരുന്നവെന്നതിന് കീഴ് ജാതികളുടെ താനങ്ങളിൽ കോയ്മ സ്ഥാനം ഉയർന്ന ജാതിക്കാരായ നായന്മാരായിരുന്നുവെന്നത് സാക്ഷ്യം വഹിക്കുന്നു. ഈ ദേവസ്ഥാനങ്ങളിലൊക്കെ ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾ കഴിയുമ്പോൾ നടത്തുന്ന പെരുങ്കളിയാട്ടം വിവിധ സമുദായക്കാരുടെ ഒത്തുച്ചേരലിന് കാരണമാകുന്നു. വലിയ ആർഭാടത്തോടെയും ജന പങ്കാളിത്തത്തോടെയും സംഘടിപ്പിക്കപ്പെടുന്ന പെരുങ്കളിയാട്ടം പോലുള്ള ആഘോഷങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നവെന്നത് ജനങ്ങളുടെ സൗഹൃദത്തിനും ഐക്യ ബോധത്തിനും തെളിവ് നൽകുന്നു. ഈ ദേവസ്ഥാനങ്ങളിലെ മൂപ്പൻമാർക്ക് (അച്ഛൻമാർ) അതത് ജാതികളുടെ ഇടയിൽ വിപുലമായ അധികാരവും സ്വാധീനവുമുണ്ടായിരുന്നു. സമുദായത്തിനകത്തുണ്ടാകുന്ന പ്രശ്നങ്ങൾക്ക് തീർപ്പുകല്പിക്കുന്നത് മേൽപ്പറഞ്ഞ അച്ഛൻമാരായിരുന്നു. ഇത് സമുദായങ്ങളുടെ കെട്ടുറപ്പിനെ ഒരു പരിധിവരെ സഹായിച്ചിരുന്നു. ഈ ഗ്രാമത്തിലെ മുഖ്യ ക്ഷേത്രമായ മടിയൻ കൂലോം നാനാ ജാതി വിഭാഗങ്ങളുടെയും ആരാധന കേന്ദ്രമാണ്. ക്ഷേത്രം നടത്തിപ്പും നാടു വാഴി വ്യവസ്ഥിതിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഒന്നായിരുന്നു. ഈ ക്ഷേത്രത്തിൽ വെച്ചാണ് പഴയ കാലത്ത് നാട്ടിലുണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ (വിവിധ ജാതി വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ , വിവിധ ജാതികളിലെ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾ) ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിരുന്നത്. വിവിധ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒരോ സമുദായത്തിനും

സ്വന്തമായുണ്ടായിരുന്നുവെങ്കിലും സമുദായങ്ങൾ തമ്മിൽ പരസ്പരം സൗഹൃദത്തിൽ കഴിഞ്ഞിരുന്നു.

മുസ്ലീങ്ങളുടെ ആരാധന കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അതിഞ്ഞാൽ പള്ളിയാണ്. വളരെ പ്രാചീനമായ പള്ളികളിൽ ഒന്നാണിത്. വെള്ളിക്കോത്ത്, മാണിക്കോത്ത്, മടിയൻ, തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ മുസ്ലീം പള്ളികൾ ഇന്ന് നിലവിലുണ്ട്. ഈ ആരാധന കേന്ദ്രങ്ങളൊക്കെ മുസ്ലീം ജനവിഭഗത്തിന്റെ ആത്മീയവും സാംസ്ക്കാരികവുമായ മേഖലകളിൽ വലിയ സംഭാനകൾ നൽകിവരുന്നുണ്ട്. ക്രിസ്തുമത പ്രചരണത്തിനായി 1888 ൽ തന്നെ രാവണീശ്വരത്തിനടുത്ത് ബാസൽ മിഷന്റെ ഒരു സബ് സെൻറർ റവ. ഹെർമലിങ് സ്ഥാപിച്ചിരുന്നു. പക്ഷെ ക്രിസ്തുമതാനുയായികൾ ഇന്നും ഈ പഞ്ചായത്തിനകത്ത് വളരെ കുറവാണ്.

സ്വന്തം തുരുത്തുകളിൽ ഒതുങ്ങിയുള്ള ഒരു ജീവിത ആചാരം നില നിന്നിരുന്ന ഇവിടെ, വിവിധ ജാതികളായി വിഭജിക്കപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ, ജൻമിനാടുവാഴി ഭരണ വ്യവസ്ഥയിൽ, നിർധനരായ ജനതയുടെ ശബ്ദമാകെ ഞെരിഞ്ഞമർന്ന ഒരു ചുറ്റുപാടിൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ എല്ലാവരേയും ഒന്നിച്ചു കൊണ്ടുപോകാൻ കഴിയുന്ന ഒരു ഭൗതിക രാഷ്ട്രീയ സാഹചര്യം സംജാതമായി. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യൻ ജന കോടികളുടെ കൂടെ അജാനൂരും ഒപ്പമുണ്ടായിരുന്നു. തൊട്ടുകൂടായ്മയും മറ്റ് ഹീനമായ ജാത്യാചാരങ്ങളും നില നിന്നിരുന്ന ഇവിടെ ദേശീയ ബോധം ഒരു പുതിയ വെളിച്ചമായി പ്രത്യക്ഷപ്പെടുകയായിരുന്നു. ഒരു പുതിയ ലോകത്തിന്റെ, മനുഷ്യാവസ്ഥയുടെ തുയിലുണർത്തിക്കൊണ്ട് ദേശീയ പ്രസ്ഥാനം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് തന്നെ ഇവിടെ സ്വാധീനം ചെലുത്തിയിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം ആദ്യമായി എത്തിച്ചേർന്ന കേരളത്തിലെ അപൂർവ്വം ഗ്രാമങ്ങളിലൊന്നായിരുന്നു അജാനൂർ. ഇവിടെ നിന്ന് ഗാന്ധിജിയുടെ അഹിംസാ മന്ത്രവും സഹന സമരത്തിന്റെ സന്ദേശവും സാമ്രാജ്യത്വ വിരുദ്ധ മുദ്രാവാക്യങ്ങളും നിരവധി ഗ്രാമങ്ങളിലേക്ക് പ്രചരിച്ചു. മലബാറിലെ പ്രമുഖരായ പല നേതാക്കളുടെയും പ്രവർത്തനങ്ങളുടെ പാഠശാലയായിരുന്നു വെള്ളിക്കോത്ത്. ദേശീയ പ്രസ്ഥാനത്തിന്റെ വടക്കെ മലബാറിലെശക്തി സ്രോതസുകളായിരുന്ന വിദ്വാൻ പി. കേളു നായർ, ഏ.സി.കണ്ണൻ നായർ, ഗാന്ധി സന്ദേശംപ്രചരിപ്പിക്കുന്നതിന് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച കോൺഗ്രസ് പ്രവർത്തകൻ ഗാന്ധി കൃഷ്ണൻ നായർ, കെ.പി.സി.സി. സെക്രട്ടറിയായി മാറിയ കെ.ടി. കുഞ്ഞിരാമൻ നമ്പ്യാർ, കർഷക പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും സമാരാധ്യനായ അമരക്കാരനായി മാറിയ കെ. മാധവൻ തുടങ്ങി നിരവധി സ്വാതന്ത്ര്യ സമര പോരാളികളുടെ പ്രവർത്തനങ്ങളുടെ രംഗവേദിയായിരുന്നു വെള്ളിക്കോത്ത്. ഇവരൊക്കെ വിദ്വാൻ പി. കേളു നായരുടെ നേതൃത്വത്തിൽ രൂപം കൊണ്ട വിജ്ഞാന ദായിനി വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരും.

ഗാന്ധിജി ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടെ കോൺഗ്രസ് ഒരു ബഹുജന പ്രസ്ഥാനമായി മാറി. മദ്ധ്യവർഗ്ഗ ബുദ്ധിജീവികളുടെ പാർട്ടിയിൽ നിന്നും ബഹു ജനങ്ങളുടെ പാർട്ടിയായി കോൺഗ്രസ് മാറുവാനും ഓരോ പ്രദേശത്തും കോൺഗ്രസ്സിന്റെ യൂനിറ്റുകൾ രൂപം കൊള്ളുവാനും ഇതോടുകൂടി നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 1924 ൽ തന്നെ ശ്രീ ഏ.സി. കണ്ണൻ നായർ, വിദ്വാൻ പി. കേളുനായർ, വണ്ണാൻ അമ്പു മാണിക്കോത്ത്, ചെട്ടിവളപ്പിൽ പുവങ്കര ശങ്കരൻ നായർ , ലക്ഷമണ ഷേണായ് എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസിന്റെ താലൂക്ക് കമ്മിറ്റി നിലവിൽ വന്നു. ഇവരിൽ ഭൂരിപക്ഷം പേരും ഈ ഗ്രാമത്തിലുള്ളവരായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ആശയം ബഹുജനങ്ങളിലെത്തിക്കുവാൻ ഏറ്റവും കൂടുതൽ സംഭാവന ചെയ്തത് വെള്ളിക്കോത്ത് രൂപം കൊണ്ട വിജ്ഞാന ദായിനി സ്കൂളായിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത ദേശീയ സ്കൂളിന്റെ മാതൃകയിൽ വിവിധ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയ കോൺഗ്രസ് നേതാക്കൻമാർ നന്നെ ഇവിടെ ക്ലാസുകൾ കൈകാര്യം ചെയ്യുകയായിരുന്നു. ഈ സ്ഥാപനത്തിന്റെ പിന്നിലെ പ്രേരക ശ്കതി വിദ്വാൻ പി.കേളു നായരായിരുന്നു. അദ്ദേഹത്തിനു വേണ്ട എല്ലാ ഒത്താശകളും എ.സി. കണ്ണൻ നായർ നൽകിയിരുന്നു. 1926 ഏപ്രിൽ 17 ന് എ.സി കണ്ണൻനായർ

ശിലാസ്ഥാപനം നിർവ്വഹിച്ച വിദ്യാലയം മെയ് 22 ന് പ്രവർത്തനമാരംഭിച്ചു. 75 ഓളം പേർ ഇവിടെ വിദ്യാർത്ഥികളായിട്ടുണ്ടായിരുന്നു. കെ. മാധവൻ. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിയായിരുന്നു. അവർണരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ജാതി വ്യവസ്ഥയുടെ അടിത്തറ ഇളക്കി. വിദ്യാലയത്തിന്റെ സംഘാടകരായ കോൺഗ്രസ് നേതാക്കൻമാർ ഹരിജനങ്ങളായ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനും അവർക്ക് ഭക്ഷണം നൽകി കൊഴിഞ്ഞു പോക്ക് തടയാനും തീവ്രമായ ശ്രമം നടത്തിയിരുന്നു. വിദ്വാൻ പി. കേളു നായരും വി.വി. കൃഷ്ണൻ നായരും മറ്റും വീടുകളിൽ കയറിയിറങ്ങി പിടിയരി ശേഖരിച്ചു കൊണ്ടാണ് കുട്ടികൾക്ക് ഭക്ഷണം ഏർപ്പെടുത്തിയത്.

ദേശ ഭക്തിയും അയിത്തോച്ചോടനത്തിനു വേണ്ടിയുള്ള ആഹ്വാനവും നിറഞ്ഞു തുളുമ്പുന്ന നിരവധി നാടകങ്ങൾ കേളു നായർ എഴുതി സംവിധാനം ചെയ്തു രംഗത്തവതരിപ്പിച്ചു. വിജ്ഞാന ദായിനി വിദ്യാർത്ഥികളെ ഉപയോഗിച്ചു കൊണ്ടായിരുന്നു അദ്ദേഹം നാടകാവതരണം നടത്തിയിരുന്നത്. ലങ്കാ ദഹനം , പാക്കനാർ ചരിതം , തുടങ്ങിയ നാടകങ്ങൾ ഇത്തരം നാടകങ്ങളിൽ വളരെ പ്രസിദ്ധമായവയാണ്. സ്വാശ്രയ ഇന്ത്യയുടെ പ്രതീകമായി ഗാന്ധിജി ഖാദി പ്രചരണത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നുവല്ലോ. ഖാദി ദേശീയതയുടെ തന്നെ സൂചകമായി മാറുകയും ചെയ്തു. വിജ്ഞാന ദായിനി സ്കൂളിൽ നൂൽ നൂൽപ്പ്, നെയ്ത്ത് മൽസരം എന്നിവ സംഘടിപ്പിച്ചിരുന്നു. മടിയൻകൂലോത്തെ കലശം, പാട്ട്, എന്നീ ആഘോഷ വേളകളിൽ ആയിരക്കണക്കിന് ജനങ്ങൾ തടിച്ചു കൂടുന്ന അവസരങ്ങളിൽ കേളു നായരും . എ.സി കണ്ണൻ നായരും . വി.വി. കൃഷ്ണൻ നായരും ഖാദിവിൽപ്പന നടത്തുകയും ഖാദി പ്രചരിപ്പിക്കുകയം ചെയ്തിരുന്നു. ഹിന്ദി പഠനം . ഖാദി ഉദ്പാദനം ഉപയോഗം, പ്രചരണം എന്നിവ അക്കാലത്തെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു.

ദേശീയ പ്രസ്ഥാനത്തെ ഈ പ്രദേശത്തെ ഏറ്റവും വലിയ ബഹുജന പ്രസ്ഥാനമായി മാറ്റിയെടുക്കുന്നതിൽ വിജ്ഞാന ദായിനി സ്കൂൾ നിർവ്വഹിച്ച പങ്ക് അവിസ്മരണീയമാണ്. ഇത് മാത്രമല്ല സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ ഈ പ്രദേശങ്ങളിലെ ജീവ നാഡി കൂടിയായിരുന്നു ഈ വിദ്യാലയം. ഇവിടത്തെ അധ്യാപകരും വിദ്യാർത്ഥികളും പഠനത്തോടൊപ്പം തന്നെ അയിത്തോച്ചാടനത്തിനു വേണ്ടി വളരെയധികം ശ്രമിച്ചിരുന്നു. ഹരിജൻ വീടുകളിൽ പോകുകയും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതിലൂടെ കേളു നായർ പഴയ കാസർകോട് താലൂക്കിലാകെ തന്നെ ഒരു സാമൂഹ്യ വിപ്ലവത്തിന്റെ തീപ്പൊരി വിതറുകയായിരുന്നു. മിശ്രഭോജനം സംഘടിപ്പിക്കുന്നതിലൂടെ ജാതിക്കോമരങ്ങളെ കേളു നായർ ആക്ഷേപിക്കുകയായിരുന്നു. തെക്കൻ കേരളത്തിൽ ശ്രീനാരായണ ഗുരു ഉണർത്തിവിട്ട ജാതീയതയ്ക്കെതിരെയുള്ള സാമൂഹ്യ വിപ്ലവത്തിന്റെ കാറ്റ് അജാനൂരിലും പരിസര ഗ്രാമങ്ങളിലും കൊടുങ്കാറ്റ് ആക്കി മാറുകയായിരുന്നു കേളു നായർ ചെയ്തത്. വിജ്ഞാന ദായിനി വിദ്യാലയത്തിലെ വിദ്യാർത്ഥികൾ അറിവിനോടൊപ്പം ദേശീയതയുടെ സന്ദേശവും ജാതിയതയ്ക്കെതിരായ ചിന്താ ഗതിയുമായിട്ടായിരുന്നു ഈ സരസ്വതി ക്ഷേത്രത്തിന്റെ പടികളിറങ്ങിയത്.

കോൺഗ്രസിന്റെ ആഭിമുഖ്യത്തിലും നേതൃത്വത്തിലും നടന്ന എല്ലാ പ്രവർത്തനങ്ങളിലും അജാനൂർ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. കാസർകോട് താലൂക്കിലെ കോൺഗ്രസിന്റെ ഹെഡ് ക്വാർട്ടേഴ്സായിരുന്നു വെള്ളിക്കോത്ത് ഏന്ന് ഒരു തരത്തിൽപറയാം. ഇന്ത്യക്കാർക്ക് പങ്കാളിത്തമില്ലായിരുന്ന സൈമൺ കമ്മീഷൻ ബഹിഷ്ക്കരിക്കണമെന്ന് കോൺഗ്രസ് ആഹ്വാനം ചെയ്യുകയും പ്രതിഷേധ പ്രകടനങ്ങൾ ഇന്ത്യയുടെ പല ഭാഗത്തും നടന്നപ്പോൾ ഇവിടേയും അത് വലിയ ചലനം സൃഷ്ടിക്കയുണ്ടായി. കാഞ്ഞങ്ങാട് വച്ച് നടന്ന പ്രതിഷേധ പ്രകടനത്തിൽ വിദ്വാൻ പി. കേളുനായർ, എ.സി. കണ്ണൻനായർ, ദാമോദര ഭക്ത, തുടങ്ങിയരോടൊപ്പം രാവണീശ്വരത്തെ ഹരിദാസിനെപ്പോലെ നിരവധി പേർ പങ്കെടുക്കുകയുണ്ടായി. 1928 ൽ കെ.പി.സി.സി.യുടെ ആഭിമുഖ്യത്തിൽ നടന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം കോൺഗ്രസിന്റെ തന്നെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. കോൺഗ്രസിന്റെ ആത്യന്തിക ലക്ഷ്യം പൂർണ സ്വരാജാണെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഈ സമ്മേളനത്തിൽ വച്ചായിരുന്നു, ജവഹർലാൽ നെഹ്റു നടത്തിയ ചരിത്ര

പ്രസിദ്ധമായ പ്രസംഗത്തിൽ സമ്മേളനത്തിന്റെ നടത്തിപ്പിലുംസംഘാടനത്തിലും വെള്ളിക്കോത്ത് വലിയ പങ്ക് വഹിച്ചിരുന്നു. വിദ്വാൻ പി. കേളു നായരും എ.സി. കണ്ണൻ നായരും അവതരിപ്പിച്ച പ്രമേയങ്ങളിലൂടേയും അവർ നടത്തിയ ചർച്ചകളിലൂടെയും സമ്മേളനത്തിലെ ശ്രദ്ധാ കേന്ദ്രങ്ങളായി. വി.പി. കൃഷ്ണൻ നായരും വിജ്ഞാന ദായിനിയിൽ നിന്നുള്ള മറ്റ് കൂട്ടികളും വളണ്ടിയർമാരായ പയ്യന്നൂർ സമ്മേളനം വിജയകരമായി നടത്തിക്കുവാൻ വളരെയധികം പ്രവർത്തിക്കുകയുണ്ടായി. വർദ്ധിതമായ ആവേശത്തോടെ നാട്ടിലെത്തിയ കേളു നായരും സംഘവും കോൺഗ്രസ് പ്രവർത്തനത്തിൽ മുഴുകി. കോൺഗ്രസിന്റെ പ്രവർത്തനം ഊർജ്ജിതമായി നടക്കുന്ന സന്ദർഭത്തിലാണ് ദേശീയ പ്രസ്ഥാനത്തിന്റെ ഈ നാട്ടിലെ അമരക്കാരനും കവിയും നാടകകൃത്തും അഭിനേതാവും സാമൂഹ്യ പരിഷ്ക്കർത്താവും എല്ലാമായ വിദ്വാൻ പി. കേളുനായരുടെ ആത്മാഹുതി നടക്കുന്നത്. 1921 ഏപ്രിൽ 18-ാം തീയതി അങ്ങനെ അജാനൂരിന്റെ മാത്രമല്ല വടക്കേ മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെയാകെ ചരിത്രത്തിലെ ഒരു കറുത്ത ദിനമായി മാറുകയായിരുന്നു. ഉത്തര കേരളത്തിലെ ദേശീയ പ്രസ്ഥനത്തിന് ഒരിക്കലും നികത്താനാവാത്ത നഷ്ടം

നിയമ ലംഘന പ്രസ്ഥാനം ആരംഭിച്ചതോടുകൂടി കോൺഗ്രസ് പ്രവർത്തനം വീണ്ടും സജീവമായി. പയ്യന്നൂരിൽ വച്ചു നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുവാൻ പോയവരിൽ കെ. മാധവനോടൊപ്പം അജാനൂരിലെ കോൺഗ്രസ് പ്രവർത്തകരുമുണ്ടായിരുന്നു. 1932 ഫെബ്രുവരി 6 ന് കോട്ടച്ചേരിയിൽ വച്ച് കെ. മാധവന്റെനേതൃത്വത്തിൽ നടന്ന വിദേശ വസ്ത്ര ബഹിഷ്ക്കരണ പരിപാടിയിൽ വി. പി. കൃഷ്ണൻനായർ, ചാത്തുക്കുട്ടി നായർ തെക്കുമ്പാടൻ മാലിങ്കൻ മണിയാണി തുടങ്ങിയവർ വളണ്ടിയർമാരായിരുന്നു. പോലീസ് ഇവരെ ക്രൂരമായി മർദ്ദിച്ചപ്പോൾ രാവണീശ്വരത്തെ ഹരിദാസ് പോലീസിനെ വെട്ടിച്ചു കൊണ്ടു ഇവരെ സഹായിക്കുവാൻ മുന്നോട്ടു വന്നത് ആ സമരത്തിലെ മുഹൂർത്തങ്ങളിലൊന്നായിരുന്നു. ഇതിനിടെ കോൺഗ്രസിൽ പ്രത്യക്ഷപ്പെട്ട അഭിപ്രായ വ്യത്യാസം ഈ താലൂക്കിലെ അജാനൂർ കോൺഗ്രസ് കമ്മിറ്റിയിൽ അലയടിക്കുകയുണ്ടായി. ഒരു വിഭാഗം കോൺഗ്രസ് സോഷ്യലിസ്റ്റുകാരാവുകയും അവർ പിന്നീട് കമ്മ്യൂണിസ്റ്റുകാരാവുകയും ചെയ്തു.

ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുകയും അടിത്തറ വിപുലമാക്കുകയും ചെയ്തത് കർഷക പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെയായിരുന്നു. 1936 ൽ അഖിലേന്ത്യാ കിസാൻ സഭ രൂപീകരിക്കുന്നതിനു മുമ്പ് തന്നെ വിവിധ സംസ്ഥാനങ്ങളിൽ കർഷക സംഘങ്ങൾ രൂപം കൊണ്ടിരുന്നു. സ്വാമി സഹജാനന്ദ, എൻ.ജി. രംഗ പോലുള്ള ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ തന്നെ കർഷക സംഘങ്ങൾ രൂപീകരിക്കുവാൻ നേതൃത്വം നൽകിയിരുന്നുവല്ലോ. ഗാന്ധിജി വിവിധ കാർഷിക ജനവിഭാഗങ്ങളെ കൂട്ടിയോജിപ്പിച്ച് പൊതുവായ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചപ്പോൾ സാധാരണ കൃഷിക്കാരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ അവഗണിക്കപ്പെട്ടു. ഈ ഒരു പശ്ചാത്തലത്തിൽ കർഷക സംഘം രൂപം കൊണ്ടപ്പോൾ മലബാറിൽ ദേശീയ പ്രസ്ഥാനത്തിന് ഒരു പുതിയ മുഖം കൈവന്നു. ജന്മിമാരുടെ അക്രമപ്പിരിവിനും ഗുണ്ടാ വിളയാട്ടത്തിനും കുടിയൊഴിപ്പിക്കലിനുമെതിരെ കോൺഗ്രസ് ശ്രദ്ധിക്കാതെ വന്നപ്പോഴാണ് കർഷക സംഘങ്ങൾ നാട്ടിലുടനീളം ഉയർന്നു വന്നത്.

മലബാറിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി കാസർകോട് താലൂക്കിൽ ഒരു പ്രത്യേക തരത്തിലുള്ള ജന്മി കുടിയാൻ ബന്ധമാണ് നിലവിലുണ്ടായിരുന്നത്. കുടിയാന് ഭൂമിയിൽ സ്ഥിരാവകാശമുണ്ടായിരുന്നില്ല. കൃഷി ഭൂമിയാകെ ജന്മിമാരുടെ കൈകളിലായിരുന്നു. സാധാരണ പാട്ടം പിരിവിനു പുറമേ വാരി, നൂരി, വെച്ച് കാഴ്ച , ശീലക്കാശ്. തുടങ്ങി നിരവധി അക്രമ പിരിവുകൾക്കും കുടുയാൻമാർ വിധേയരായിരുന്നു. ഇതിന്റെ ഫലമായി രാപകൽ അധ്വാനിക്കുന്ന കുടിയാനു മിച്ചമുണ്ടായിരുന്നത് ദാരിദ്ര്യവും പട്ടിണിയും മാത്രമായിരുന്നു. ഒടി കുത്തൽ എന്ന പ്രാകൃത നിയമം കൂടി ഈ ഭാഗങ്ങളിൽ ജൻമിമാർ നടപ്പാക്കിയിരുന്നു. കൃഷിക്കാർ അദ്ധ്വാനിച്ചുണ്ടാക്കിയ വിളകൾ കൊയ്തെടുക്കുവാൻ പലപ്പോഴും അവർക്ക് കഴിഞ്ഞിരുന്നില്ല. ഏതു സമയവും കുടിയൊഴിപ്പിക്കലിന്റെ ഭീഷണിയിലാണ് കർഷകർ കഴിഞ്ഞത്. കർഷക സംഘം ഈ പ്രദേശങ്ങളിൽ

രൂപം കൊണ്ടപ്പോൾ കർഷകർക്ക് അതൊരു ആശ്വാസമായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപികരണം കർഷക പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവന നൽകി.

അജാനൂരിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കർഷക പ്രസ്ഥാനം സജീവമായത് രാവണീശ്വരം മേഖലയിലാണ്. രാവണീശ്വരത്തിന്റെ ചരിത്രം അങ്ങനെ ദേശീയ പ്രസ്ഥാനത്തിന്റെയും അതോടൊന്നിച്ചു വളർന്നു വന്ന കർഷക പ്രസ്ഥാനത്തിന്റെയും ത്യാഗ സുരഭിലമായ പ്രവർത്തനങ്ങളുടെ ചരിത്രമാവുകയും ചെയ്തു. ജന്മിത്വത്തിന്റെ തേർവാഴ്ചയ്ക്കും നാട്ടു പ്രമാണികളുടെ കൈയ്യേറ്റത്തിനുമെതിരെ ചെറുത്തു നിൽപ്പുകൾക്ക് ശക്തി പകരാൻ കർഷക സംഘത്തിനു സാധിച്ചു. രാവണീശ്വരം, വേലേശ്വരം, തണ്ണോട്ട്, മുക്കൂട് , ചിത്താരി, അടോട്ട്, തുടങ്ങിയ സ്ഥലങ്ങളിൽ കർഷക സംഘം ഉടലെടുത്തു. ഈ പ്രാദേശീക സംഘങ്ങൾക്ക് നേതൃത്വം കൊടുത്തവർക്കാകട്ടെ ഉന്നത വിദ്യാഭ്യാസത്തിന്റെയോ ഉയർന്ന പ്രത്യയ ശാസ്ത്രാവബോധത്തിന്റെയോ കൈമുതലുണ്ടായിരുന്നില്ല. അവരൊക്കെയും സാധാരണ കൃഷിക്കാരും കൂലിപ്പണിക്കാരും ഒരു പുതിയ ലോകമെന്ന സ്വപ്നം നെഞ്ചേറ്റി നടന്നവരും അതിനായി ജീവിതത്തിന്റെ വസന്തങ്ങളത്രയും ഹോമിച്ചവരുമായിരുന്നു. എൻ. കുഞ്ഞിക്കണ്ണൻ നായർ, കല്ലു വരമ്പത്ത് അപ്പക്കുഞ്ഞി, കല്ലു വരമ്പത്ത് കണ്ണൻ, ടി. കുഞ്ഞിക്കണ്ണൻ പണിക്കർ, കല്ലുങ്കാൽ രാമൻ, കമ്മാരൻ നമ്പ്യാർ, കേളു മണിയാണി, വാണിയൻ ചോയി, എം. ഹരിദാസ്, തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകരും നേതാക്കളും. ക്വിറ്റ് ഇന്ത്യാ സമരത്തെ തുടർന്ന് എ.സി. കണ്ണൻ നായരും കെ.ടി കുഞ്ഞിരാമൻ നമ്പ്യാരും അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ എം. ഹരിദാസ്, ഹോസ്ദുർഗ് മാന്തോപ്പ് മൈതാനിയിൽ ഒരു പ്രതിഷേധ യോഗം സംഘടപ്പിച്ചു. ഹരിദാസിനെ പോലീസ് ക്രൂരമായി മർദ്ദിച്ചു. കയ്യൂർ സമരത്തെ തുടർന്ന് വടക്കേ മലബാറിൽ ആകമാനം പോലീസ് നരനായാട്ടായിരുന്നു. കാസർകോട് താലൂക്കിലെ കർഷക സംഘം പ്രവർത്തകരെയെല്ലാം തെരഞ്ഞു പിടിച്ചു മൃഗീയമായ പീഢനത്തിനു വിധേയരാക്കി. ഇതിന്റെ ഭാഗമായി അടോട്ട്, രാവണീശ്വരം ഭാഗങ്ങളിൽ പോലീസിന്റെ ഭീകര വാഴ്ചയായിരുന്നു. സ്ത്രീകളടക്കം നിരപരാധീകളായ അനേകം പേർ പോലീസ് അതിക്രമത്തിനു വിധേയരായി.

1946 ൽ അടോട്ട് കർഷക സംഘത്തിന്റെ ആദ്യ സമ്മേളനം കോടോത്ത് വളപ്പിൽ ചേർന്നു. ബി. ചന്തൻ , കെ. പി. അച്ചുതൻ, ചെറിയക്കന്റെ പുങ്ങാണി, കാവുതിയൻകുട്ടിയൻ, ചെറിയക്കന്റെ കുഞ്ഞിക്കണ്ണൻ തുടങ്ങി നിരവധി പേർ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. കോടോത്ത് വളപ്പിൽ കുഞ്ഞിക്കണ്ണൻ സെക്രട്ടറിയായിരുന്നു. അയിത്തത്തിനെതിരായി കർഷകസംഘത്തിന്റെ നേതൃത്വത്തിൽ അടോട്ട് കാരിക്കുട്ടിയുടെ വീട്ടിൽ ഹരിദാസിന്റെ നേതൃത്വത്തിൽ പന്തി ഭോജനം ഒരുക്കി. കെ. മാധവൻ, അമ്പു നായർ തുടങ്ങിയവരും ഇതിൽ സംബന്ധിച്ചു. 1948 ൽ കൽക്കത്തയിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സമ്മേളനത്തിൽ കാസർകോടിനെ പ്രതിനീധീകരിച്ചു പങ്കെടുത്ത രണ്ടു പേരിൽ ഒരാൾ വെള്ളിക്കോത്ത് പി. അമ്പു നായരായിരുന്നു. രണ്ടാമത്തെ ആൾ സുബ്രമണ്യൻ തിരുമുമ്പും.

കർഷക സംഘം പ്രവർത്തകരുടെ മനോ വീര്യം തകർക്കുന്നതിനു വേണ്ടി അവരെ കള്ളക്കേസുകളിൽ കുടുക്കുകയെന്നത് പ്രമാണിമാരുടെ ഒരു വിനോദമായിരുന്നു. 1947 ൽ കർഷക സംഘം പ്രസിഡൻറ് കുഞ്ഞിക്കണ്ണൻ നായരുടെ പേരിൽ പനക്കോൽ രാമൻ കൊടുത്ത കേസ് ഇതിനൊരുദാഹരണമാണ്. പനക്കോൽ രാമന്റെ നിർബന്ധ പിരിവിനെതിരെ കർഷക സംഘം പ്രസിഡൻറ് അടിച്ചിറക്കിയ നോട്ടീസാണ് ഇതിന് പ്രേരിപ്പിച്ചത്. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് രാജ്യാത്താകമാനം ഭക്ഷ്യ ക്ഷാമം കൊടുമ്പിരിക്കൊണ്ടപ്പോൾ അതിനെതിരെ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഐതിഹാസികമായ നെല്ലെടുപ്പ് സമരം നടന്നു. പുല്ലൂരിലെ കുണ്ടിലായരുടെയും മണിയൻ പട്ടർ എന്ന സുബ്രമണ്യൻ പട്ടരുടെയും വീടുകളിൽ നിന്നു അമ്പു നായർ പി. ചാത്തു എം. ഹരിദാസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നെല്ലെടുത്ത് നാട്ടുകാർക്ക്വിതരണം ചെയ്തു. വറുതിയുടെ നാളുകളിൽ നെല്ല് പൂഴ്ത്തിവെച്ചതിനെതിരെയുള്ള സമരമായിരുന്നു ഇത്. കെ.വി. കുഞ്ഞിരാമനാണ് നെല്ല് അളന്നു കൊടുത്തത്. കർഷക സംഘത്തിന്റെ നിരവധി പ്രവർത്തകർ ഈ

സമരത്തിൽ പങ്കെടുത്തു. 1948 ഏപ്രിൽ മാസത്തിൽ ജൻമിമാരുടെ ആൾക്കാർ രാവണീശ്വരത്തെ ചിറക്കാൽ കൊട്ടന്റെ വീട്ടിൽ നിന്നും നെല്ല് കൊണ്ട് പോകുമ്പോൾ നാട്ടുകാർ തടഞ്ഞത് വലിയ സംഭവമായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തെ തുടർന്ന് വെള്ളിക്കോത്തും പരിസരങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടി സജീവമായി. അമ്പുനായർ , എ.വി.കുഞ്ഞിക്യഷ്ണൻ, കെ.പി. അച്ചുതൻ, ബി. ചന്തൻ, തെരുവത്ത് തെക്കേ തല രാമൻ, കുണ്ടുവളപ്പിൽ കുഞ്ഞമ്പു, ചെട്ടി ഗോവിന്ദൻ മാങ്ങാ രാമൻ, കെ. ദാമോദരൻ, പാലക്കീയിൽ പുങ്ങാണി, കൊളവയൽ സാമിക്കോരൻ, അമ്പുക്കൻ , അന്തുമായി, എൻ . ചന്ദ്രശേഖരൻ നമ്പ്യാർ, കേക്കടവൻ അലാമി, വി. ശങ്കരൻ, കണിശൻ കൃഷ്ണൻ , പാറക്കാടൻ ചിണ്ടൻ നായർ, ലക്കിടി കൊട്ടൻ, തുടങ്ങിയവർ ആദ്യകാല പ്രവർത്തകരും നേതാക്കളുമായിരുന്നു. കോൺഗ്രസിന്റെ പ്രവർത്തകരായി വന്ന് കമ്മ്യൂണിസ്റ്റ് കാരായി മാറിയ പലരും ഇവിടെയുണ്ടായിരുന്നു. സംഘടനാ ബോധവും ദേശീയ വികാരങ്ങളും ജനങ്ങളെ സ്വാധീനിക്കാൻ തുടങ്ങിയ കാലത്ത് തന്നെ കലാ സാംസ്ക്കാരിക സ്ഥാപനങ്ങളും അവയുടെ കൂട്ടായ്മകളും നിലവിൽ വന്നിരുന്നു. സ്വോദ്ദേശ്യ പരമായ നാടകങ്ങളുടെ അരങ്ങേറ്റം കലാ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുകയും സാംസ്ക്കാരിക രംഗത്ത് ചലന മുണ്ടാക്കുകയും ചെയ്തു. കൃഷിയേയും അനുബന്ധ പ്രവർത്തനങ്ങളെയും അവലംഭിച്ചു കൊണ്ടുള്ള ഒരു സാമ്പത്തിക ക്രമമായിരുന്നു ഇവിടെ പഴയ കാലത്ത് നില നിന്നിരുന്നത്. പക്ഷെ ഇന്ന് കൃഷിയുടെ പ്രാധാന്യം കുറഞ്ഞു വരുന്നതായി കാണാം. വിശാല മായ പാടശേഖരം ഇന്ന് നമ്മുടെ മനസിൽ നിന്ന് തന്നെ മാഞ്ഞു പോകുകയാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള കാൽപനിക ബന്ധവും നേർത്തു വരികയാണ്.

സ്വാതന്ത്ര സമര സേനാനികളും കർഷക സംഘം പ്രവർത്തകരും ഒരു കാലത്ത് നടത്തിയ ത്യാഗ പൂർണമായ പ്രവർത്തനങ്ങളുടെ പരിണിതിയാണ് ഇന്നത്തെ സ്വതന്ത്രമായ അവസ്ഥ. സ്വാതന്ത്ര സമ്പാദനത്തിനു ശേഷം ചിത്താരി പുഴയിലൂടെ വെള്ളം ധാരാളം ഒഴുകി. പലതും മാറി. പലരും നമ്മെ വിട്ടു പോയി. എങ്കിലും അജാനൂരിന്റെ സാംസ്ക്കാരിക തനിമ, പാരമ്പര്യം, ആചാരങ്ങൾ, ഉൽസവങ്ങൾ, ആഘോഷങ്ങൾ, തെയ്യം എല്ലാം ഇപ്പോഴുമുണ്ട്. തെളിമ കുറഞ്ഞിട്ടുണ്ടെങ്കിൽ കൂടി ഇവ നമുക്ക് കൈമോശം വരാതെ സൂക്ഷിക്കാം. നമ്മുടെ ഇന്നത്തെ ജീവിതാവസ്ഥക്ക് കാരണഭൂതരായ നമ്മുടെ പൂർവ്വീകരെ ആദരപൂർവ്വം സ്മരിക്കാം.

എല്ലാവിധ സ്റ്റീൽ ഫർണ്ണീച്ചറുകൾ

ഇൻറീരിയർ വർക്കുകളും കൊത്തുപണിവേലകൾക്കും

സമീപിക്കുക


പടയാട്ടി ട്രേഡേർസ്

അതിഞ്ഞാൽ

കാഞ്ഞങ്ങാട്

Transport yourself into the future

HERO WINNER
Leave the past behind



IN COLLABORATION WITH 'MALAGUTTI' OF ITALY ■ STUNNING LOOKS ■ AUTO START ■ AUTO GEAR ■ AUTO LUBE EXTRA LARGE 14" MEGA WHEELS ■ FRONT MOUNTED ■ PETROL TANK ■ UN-MATCHED FUEL EFFECIENCY.

PRESENTING THE NEW
HERO PUCH AUTOMATIC



SUPER FAST PICK-UP.
AUTO GEAR CONVENIENCE.

- Freedom from gears
- A Powerful 65 c.c. engine
- Super fast pick-up
- Extra mileage of 89 kms per litre*

NEW HERO PUCH
SHAKTI 3G

SUPERHIT MILEAGE
SUPER HIT POWER
SUPERHIT SAVINGS

HERO MOTORS

JAY MOTORS

NORTH KOTACHERY,
KANHANGAD-671315
PHONE: 702246, 702206

BHARATH SHOPPING COMPLEX
NULLIPPADI, KASARAGOD
PHONE: 522616



ഭൂപ്രകൃതിയും വിഭവങ്ങളും

കേരള സംസ്ഥാനത്തിന്റെ തീര പ്രദേശത്ത് ഉത്തര മധ്യ ഭൂ മേഖല (NORTHERN MiD LAND ZONE) കാർഷിക കാലാവസ്ഥയിൽ (AGRO CLIMATIC ZONE) പെടുന്ന കാഞ്ഞങ്ങാട് ബ്ലോക്കിൽ കിഴക്ക് നെല്ലിത്തറ മുതൽ പടിഞ്ഞാറ് ലക്ഷദ്വീപ് കടൽ വരെയും വടക്ക് പാടിക്കാനം മുതൽ തെക്ക് വെള്ളായി തോടു വരെയും 27.83 ചതുരശ്ര കി. മീറ്ററിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞു കിടക്കുന്ന അജാനൂർ ഗ്രാമ പഞ്ചായത്തിനെ നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പരിഛേദമായി പരിഗണിച്ചു കൊണ്ടും മൂന്നു ഭാഗമായി തിരിക്കാം.

1. കുന്നു പ്രദേശം

സമുദ്ര നിരപ്പിൽ നിന്നും 20 മുതൽ 30 വരെ മീറ്റർ ഉയരത്തിൽ ചെങ്കൽ പാറക്കെട്ടുകളും ഇടയ്ക്കിടെ ചരൽ കലർന്ന ചുവന്ന മണ്ണും കാണപ്പെടുന്ന ഈ ഭൂവിഭാഗം ആകെ വിസ്തീർണത്തിന്റെ 35 % വരും. പാടിക്കാനം, നാട്ടാം കല്ല് ,കുളിയൻമരം, രാവണീശ്വരം , തണ്ണോട്ട് , പാണന്തോട്ട് , വേലേശ്വരം, വെള്ളന്തട്ട, രാമ ഗിരി, രാം നഗർ, മാവുങ്കാൽ, നെല്ലിത്തറ, മൂലക്കണ്ടം , കാരക്കുഴി എന്നീ പ്രദേശങ്ങളാണ് ഈ മേഖലയിൽ പെടുന്നത്. ചെങ്കല്ല് വെട്ടിയെടുക്കുന്നത് മൂലമുണ്ടാകുന്ന വലിയ കുഴികൾ ഈ പ്രദേശങ്ങളിലെ പരിസ്ഥിതി പ്രശ്നമാണ്. ജന സാന്ദ്രത താരതമ്യേന കുറഞ്ഞ ഈ മേഖലയിലെ ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പിന്റെ പ്രശ്നമുണ്ട്. കശു മാവ് നന്നായി വളരുന്ന ഈ സ്ഥലങ്ങളിൽ തെങ്ങും മറ്റ് ഫല വൃക്ഷങ്ങളും ഉണ്ടെങ്കിലും ഉത്പാദന ക്ഷമത വളരെ കുറവാണ്.

2. തോട്ടം

ആകെ വിസ്തീർണ്ണത്തിന്റെ 45% ത്തോളം ഈ ഭൂ വിഭാഗത്തിൽ തെങ്ങ് , കവുങ്ങ് എന്നിവയോടൊപ്പം ഫല വൃക്ഷങ്ങളും സമൃദ്ധമായി വളരുന്ന ചരൽ കലർന്ന ചുവന്ന മണ്ണ് കാണപ്പെടുന്നു. ചിത്താരി , തുളുച്ചേറി, പടിഞ്ഞാറേക്കര, അതിഞ്ഞാൽ, മാണിക്കോത്ത്, കൂളിക്കാട്, അടോട്ട്, വീണച്ചേരി, വെള്ളിക്കോത്ത്, കിഴക്കേ വെള്ളിക്കോത്ത്, കുറ്റിയാട്, നാലപ്പാടം, പുതിയ കണ്ടം, പള്ളോട്ട്, കിഴക്കും കര, മണലിൽ , മുച്ചിലോട്ട്, ചെരിച്ചൽ, കണിയാം കുണ്ട്, കാട്ടു കുളങ്ങര , വിഷ്ണു മംഗലും വാണിയം പാറ, കോടാട്ട്, മുക്കൂട്, മാക്കിൽ (നടിച്ചാൽ) മധുരക്കാട്ട്, ഇടപ്പണി, എന്നീ സ്ഥലങ്ങൾ ഈ ഭൂ വിഭാഗത്തിൽ പെടുന്നു. ഷോർണൂർ - മംഗലാപുരം റെയിൽപാതയ്ക്ക് പടിഞ്ഞാറ് വശത്ത് കാണുന്ന പൂഴി പ്രദേശത്തും തെങ്ങ് സമൃദ്ധിയായി വളരുന്നു. അടുത്ത കാലം വരെ ഈ പ്രദേശം വലിയ മൺ തിട്ടകളും അവ്ക്കിടയിൽ പുകയില , പച്ചക്കറികൾ എന്നിവ കൃഷി ചെയ്തിരുന്ന ഫലപുഷ്ടിയുള്ള സമതലങ്ങളുമായി കാണപ്പെട്ടിരുന്നുവെങ്കിലും അടുത്തകാലത്ത് മൺ തിട്ടകളെ കൃഷിയിടങ്ങളിലേക്ക് നിരത്തി കെട്ടിടങ്ങൾ ഉണ്ടാക്കാനുള്ള വ്യഗ്രതയിലാണ് പുതിയ തലമുറ ഏർപ്പെട്ടിരിക്കുന്നത്. അജാനൂർ കൊത്തിക്കാൽ, ചിത്താരി കടപ്പുറങ്ങളും കൊളവയൽ, മൂട്ടുന്തല, കല്ലിങ്കാൽ, കാറ്റാടി, ഇട്ടമ്മൽ, മാട്ടുമ്മൽ, മല്ലികമാട്, എന്നീ സ്ഥലങ്ങളും ഈ ഭൂ വിഭാഗത്തിൽ പെടുന്നു. കടൽ തീരത്തു നിന്നു 200 മീറ്ററോളം കിഴക്കുമാറി തീരത്തിനു സമാന്തരമായി

ഏകദേശം 3 കി. മീറ്റർ നീളത്തിൽ വെള്ളം കെട്ടി നിൽക്കുന്ന ആവി എന്നറിയപ്പെടുന്ന ഒരു പ്രദേശവും ഈ മേഖലയിൽ കാണപ്പെടുന്നു. ജല കൃഷി വികസനത്തിന് നല്ല സാധ്യതയുള്ള ഈ പ്രദേശത്തെപ്പറ്റി ശാസ്ത്രീയമായ പഠനങ്ങൾ ആവശ്യമാണ്.

3. വയൽ

അജാനൂർ ഗ്രാമ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ 20%ത്തോളമുണ്ടായിരുന്ന വയലുകളുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. കളിമണ്ണും പൂഴികലർന്ന ചെളി മണ്ണും കാണപ്പെടുന്ന കൊളവയൽ, അതിഞ്ഞാൽ, മാണിക്കോത്ത്, പാലക്കി, മടിയൻ, കൊട്ടംവയൽ, വീണവയൽ, കോടാട്ട്, ചോരി വയൽ, കയിപ്പാട്, നഞ്ചങ്കണ്ടം, കണ്ണികുളങ്ങരവീണച്ചേരി, വാരിക്കാട്ട്, കരിങ്ങാട്ടം കുണ്ട്, അടോട്ട്, തുച്ചാനം, മണ്ണട്ട, കാട്ടുകുളങ്ങര,വെള്ളൂർ വയൽ, കിഴക്കേ വെള്ളിക്കോത്ത്, വലിയ വളപ്പ്, തുളുച്ചേരി, പുലയം വാതുക്കൽ, കൊവ്വൽ തണ്ണോട്ട്, ഒറവുങ്കര, പാടിക്കാനം, പള്ളത്തിങ്കാൽ, കല്ലു വരമ്പ്, അള്ളങ്കോട്, കോടാട്ട്, പാട്ടം വയൽ, മധൂരക്കാട്, ചെറിയംവയൽ, കൂളിക്കാട്, വാണിയമ്പാറ, മല്ലികമാട്, മുണ്ടവളപ്പ് കയ്യാലക്കണ്ടം, മാട്ടുമ്മൽ, ആമത്തോട്, ഭാരിക്കാട്, മല്ലമ്മലം, കൊത്തിക്കാൽ, വെള്ളച്ചാൽ എന്നിവയാണ് പ്രധാന വയലുകൾ, കുന്നുകൾ ഇടിച്ച് മണ്ണുകൾ കൊണ്ട് വന്ന് വയലുകൾ നികത്തുന്നതുമൂലം കുന്നുകളും വയലുകളും ക്രമേണ ഇല്ലാതാവുന്നു. ഭൂ പ്രകൃതി തന്നെ മാറ്റി മറിക്കുന്ന മനുഷ്യ വികൃതി മൂലം പരിസ്ഥിതി സന്തുലനം താറുമാറായിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ തലമുറയോട് വനം വച്ചു പിടിപ്പിക്കാൻ പറയുന്ന പരിസ്ഥിതി പ്രവർത്തകർക്ക് അടുത്ത തലമുറയോട് കുന്നു വച്ചു പിടിപ്പിക്കാൻ പറയേണ്ടിവരുമോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. അശാസ്ത്രീയമായ ഇത്തരം സമീപനത്തിന്റെ ഫലമായി മണ്ണൊലിപ്പ് രൂക്ഷമാവുകയും ജല നിർഗമന മാർഗങ്ങൾ അടയുകയും താഴ്ന്ന സ്ഥലങ്ങളിലെവയലുകളിൽ നീർക്കെട്ടും ഉയർന്ന സ്ഥലങ്ങളിലെ വയലുകളിൽ വരൾച്ചയും ഓരോ കാലത്ത് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നു. ശക്തമായ സാമൂഹ്യ ബോധവൽക്കരണത്തിലൂടെ പ്രകൃതിയുടെ സന്തുലനാവസ്ഥ നില നിർത്താനുള്ള തീവ്രമായ ശ്രമം ഗ്രാമ പഞ്ചായത്തുകൾ അടിയന്തിരമായും ഏറ്റെടുത്തേ മതിയാകു.

4 ജല വിഭവം

കാല വർഷവും തലാവർഷവും കൂടി ആണ്ടിൽ 3162 മില്ലി മീറ്റർ ശരാശരി മഴ ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് ശാസ്ത്രീയമായ സ്ഥല-ജല മാനേജ്മെൻറിന്റെ അഭാവം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. നിർമറി അടിസ്ഥാനപ്പെടുത്തി നീർത്തടങ്ങളെ സംരക്ഷിക്കുക എന്ന ഗൗരവമേറിയ കാര്യത്തിൽ ശ്രദ്ധ ചെലത്താൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. അജാനൂർ ഗ്രാമ പഞ്ചായത്തിലെ ജല സ്രോതസ്സുകളുടെ ആകെ വിസ്തീർണ്ണം 100.41 ഹെക്ടർ തോടുകളും 0.97 ഹെക്ടർ പൊതു കുളങ്ങളുമാണ്. കാട്ടുകുളങ്ങര വേലേശ്വരം, എന്നീ സ്ഥലങ്ങളിൽ വറ്റാത്ത ഓരോ ഉറവകളുമുണ്ട്. പൂത്താലിക്കുളം ചോരി വയൽ കുളം അരയാലിൻ കീഴിൽ കുളം വലിയ വളപ്പ് കുളം വേലേശ്വരം കുളം , പാട്ടംവയൽ കുളം പാണന്തോട് കുളം, വയലിൻ കുളം, തേർകുളം, പള്ളിക്കുളം, പാലക്കിക്കുളം, എന്നിവയും ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഏതാനും കുളങ്ങളുംസ്വകാര്യ വ്യക്തികളുടെ കൈവശ ഭൂമിയിലുള്ള ചില കുളങ്ങളുമാണ് നമ്മുടെ പഞ്ചായത്തിലെ ചില കുളങ്ങൾ. ജല ശേഖരണത്തിനുള്ള ഏറ്റവും ലളിത മായ മാർഗ്ഗമാണെല്ലോ കുളങ്ങൾ. നമ്മുടെ സംസ്ഥാനത്തിന്റെ ശരാശരി വാർഷിക ജല ബാഷ്പീകരണം 200 സെൻറീമീറ്റർ ആയതിനാൽ രണ്ടു മീറ്ററിൽ കുറഞ്ഞ ആഴമുള്ള എല്ലാ കുളങ്ങളും വേനൽ കാലത്ത് വറ്റി പോകാൻ ഇടവരുന്നു. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ കാർഷിക വികസനത്തിന് പ്രാധാന്യം നൽകി. പുതിയ കുളങ്ങൾ കുഴിക്കാനും നിലവിലുള്ളവ പുനരുദ്ധരിക്കാനും തീരുമാനിക്കുന്ന ഘട്ടത്തിൽ ആഴത്തിന്റെ കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

ചിത്താരി പുഴയും അതിൽ ചേരുന്ന പ്രധാന തോടുകളും അവയുടെ കൈവഴികളും ചേർന്ന ജല നിർഗ്ഗമന സ്രോതസ്സുകൾ വേണ്ട വിധത്തിൽ സംരക്ഷിക്കപ്പെടാത്തതു കൊണ്ട് ചില തോടുകൾ

നികന്നു പോകുകയും പലതിന്റെയും ബണ്ടുകൾ ഇടിഞ്ഞു ഇരു കരകളിലും നീർക്കെട്ടുണ്ടാകുകയും അപൂർവ്വം ചില തോടുകൾ റോഡുകളായും മാറുകയും ചെയ്തിട്ടുണ്ട്. മഴക്കാലത്ത് അധിക വെള്ളം ഒഴുക്കികളയാനും വേനൽ കാലത്ത് ഭൂമിയിലെ ജലാംശം നില നിർത്താനുമുള്ളവയാണ് തോടുകൾ ഏന്ന കാര്യം ഓർമ്മിക്കാത്തതു കൊണ്ടാണ് ഈ ഗതി വന്നതെന്ന് തോന്നുന്നു. തോടുകളുടെ സംരക്ഷണത്തിനു ഒരു ജനകീയ പദ്ധതി അത്യാവശ്യമാണെന്നാണ് ഇത് കാണിക്കുന്നത്.

കുടിവെള്ളത്തിനു വേണ്ടി ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ ഭൂരി ഭാഗവും ആശ്രയിക്കുന്നത് കിണറുകളെയാണ്. ശുദ്ധ ജല വിതരണത്തിനു വേണ്ടി പഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടായില്ല എന്നാണ് പൊതുവേയുള്ള അഭിപ്രായം. ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധ ജലം എത്താത്തതിന്റെയും പൊതു ടേപ്പുകളിൽ നിന്ന് ആവശ്യമായ സമയങ്ങളിലൊന്നും ജലം ലഭിക്കാത്തിന്റെയുംബുദ്ധിമുട്ടുണ്ട് വീടുകളിലേക്ക് നൽകുന്ന കുടിവെള്ളം ആളുകൾ മറ്റു പല ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നതെന്ന ആക്ഷേപം പരക്കെയുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി നിർമ്മിച്ച കുഴൽ കിണറുകളിൽ പലതിൽ നിന്നും വെള്ളം ലഭിക്കാതിരിക്കുന്നതും കുഴൽ കിണറുകൾക്ക് ചുറ്റുമുള്ള പറമ്പുകളിലെ ജലം പെട്ടന്ന് വറ്റി പോകുന്നതും ഭൂഗർഭജലം ഉപയോഗപ്പെടുത്താൻ വേണ്ടി കുഴിക്കുന്ന ഇവയുടെ ആഴം കുറയുന്നതുമൂലം അവയിലൂടെ ഉപരിതല ജലം വരുന്നതു കൊണ്ടായിരിക്കണം.

ജീവന്റെ ആധാരമായ ജലത്തിന്റെ പ്രാധാന്യം മനസിലാക്കികൊണ്ട് എല്ലാ ജല സ്രോതസുകളെയും സംരക്ഷിക്കാനും ഉപയോഗപ്പെടുത്താനും വരുംതലമുറയ്ക്കുകൂടി ഉപകരിക്കത്തക്ക വിധത്തിൽ വിപുലീകരിക്കാനുമുള്ള ബാധ്യത നാം ഏറ്റെടുത്തേ മതിയാകൂ.

മനുഷ്യ വിഭവം

അജാനൂർ ഗ്രാമ പഞ്ചായത്തിലെ ജന സംഖ്യ 47467 ആണ്. ഇതിൽ പട്ടിക ജാതിയിൽപ്പെട്ട 647 പുരുഷൻമാരും 729 സ്ത്രീകളുമുണ്ട്. ജന സാന്ദ്രത ചതുരശ്ര കി. മീറ്ററിന് 1526 ആണ്. വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷൻമാരുടെ എണ്ണം 18067 ഉം സ്ത്രീകളുടേത് 9252 ഉം ആണ്. കാർഷിക വൃത്തിയിൽ ഏർപ്പെട്ട 873 പുരഷൻമാരും 149 സ്ത്രീകളുമുണ്ട്. 2927 പേർ കർഷക തൊഴിലാളികളും നിർമാണ തൊഴിലാളികളായ 1500 പേരും ചെങ്കൽ പണിയുമായി ബന്ധപ്പെട്ട് ആയിരത്തിലധികം ആളുകളും പരമ്പാരഗത വ്യവസായങ്ങളിൽ നൂറിൽ താഴെ ആളുകളും പ്രവർത്തിക്കുന്നു.

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന മിക്ക തൊഴിലാളികൾക്കും ആഴ്ചയിൽ എല്ലാ ദിവസവും ജോലി ലഭിക്കുന്നില്ല. ഭാഗികമായ തൊഴിൽ ചെയ്യുന്ന ഏതാനും ആളുകളുമുണ്ട്. തൊഴിൽ രഹിതരായവരുടെ കൂട്ടത്തിൽ സമീപ കാലത്ത് ഗൾഫ് നാടുകളിൽ നിന്നും മടങ്ങിയെത്തിയവരും പെടും.

കായികാദ്ധ്വാനമുള്ള തൊഴിൽ ചെയ്തു ഉപജീവനം കഴിക്കാനുള്ള ജനങ്ങളുടെ സന്നദ്ധത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സമ്പന്നമായ നമ്മുടെ മനുഷ്യ വിഭവത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള സന്നദ്ധ സേവനമായി മാറ്റിയെടുക്കാൻ വിവിധ രാഷ്ട്രീയ ബഹുജന സാമൂഹ്യ പ്രസ്ഥാനങ്ങൾ ആത്മാർത്ഥമായി ശ്രമിക്കുകയാണെങ്കിൽ ജനകീയാസൂത്രണ പ്രസ്ഥാനം ഒരു വൻ വിജയമാവുക തന്നെ ചെയ്യും.

ആശംസകൾ

പാലക്കിബ്രദേർസ്

ഹോസ്ദുർഗ് ,കാഞ്ഞങ്ങാട്

ഫോൺ 704231(ഷോപ്പ്)

703391

ആശംസകൾ

പാലക്കിഏജൻസിസ്

ഹോസ് ദുർഗ് കാഞ്ഞങ്ങാട്

ഫോൺ 704231(ഷോപ്പ്)

703391 വീട്

കൃഷി - ജലസേചനം

ലക്ഷദ്വീപ് കടൽത്തീരത്ത് വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ഒരു കാർഷിക ഗ്രാമമാണ് അജാനൂർ ഗ്രാമ പഞ്ചായത്ത്. കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി കണ്ടിരുന്നു ഒരു ജനസമൂഹമായിരുന്നു ഈ പഞ്ചായത്തിലുണ്ടായിരുന്നത്. 2783 ഹെക്ടർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ ഇനം തിരിച്ചുള്ള വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

പട്ടിക -1

ഭൂമിയുടെ തരം

നമ്പർ	ഇനം	വിസ്തീർണ്ണം - ഹെക്ടർ
1.	നിലം	933
2	.പുരയിടം	1472
3.	പുറമ്പോക്ക്	164.52
4.	തരിശ്	69.89
5.	പുഴ	89.33
6.	റോഡ്	31. 23
7.	തോട്	10.11
8.	കുളം	0.97
9.	റെയിവേ	10.32
10.	ശ്മശാനം	0.36
11.	ആരാധനാലയങ്ങൾ	1.27

(വില്ലേജ് ആഫീസ് രേഖകൾ)

ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ് ഭൂരിഭാഗവും. ഇതുസംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക -2

നാമമാത്ര കർഷകർ	ചെറുകിട കർഷകർ	വൻകിട കർഷകർ
1 ഹെക്ടറിൽ താഴെ	1 മുതൽ രണ്ടു ഹെക്ടർ വരെ	2 ഹെക്ടറിനു മുകളിൽ
10050	2175	75

(കൃഷിഭവൻ രേഖ)

ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറും അജാനൂർ ഗ്രാമപഞ്ചായത്തിന്റേത് 0.05 ഹെക്ടറുമാണ്.

ശ്രദ്ധാപൂർവ്വം നെൽകൃഷി കൈകാര്യം ചെയ്തിരുന്ന മുൻകാലങ്ങളിൽ തോടുകളെല്ലാം പരസ്പര ധാരണയോടെ ചിറകൾ കെട്ടിയും കുളങ്ങൾ വൃത്തിയാക്കിയും ജലസേചനത്തിന് ഉപയോഗിക്കാൻ കർഷകർ തയ്യാറായിരുന്നു. നാടൻ വിത്തിനങ്ങളായ തൊണ്ണൂറാൻ, തവളക്കണ്ണൻ, വെളുത്തുരിക്കണ്ണൻ, കറുത്തുരിക്കണ്ണൻ, കുപ്പക്കയമ, മുണ്ടക്കയമ, കുട്ടനാടൻ എന്നിവയും ധാരാളം ജൈവ വളങ്ങളും നാടൻ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് ഒരു വിധം നഷ്ടമില്ലാതെ കൃഷിചെയ്തിരുന്ന സ്ഥലത്ത് അത്യുത്പാദന ശേഷിയുള്ള നെൽ വിത്തുകളും രാസവളങ്ങൾ കീടനാശിനികൾ എന്നിവയും യന്ത്രവൽക്കരണവും എല്ലാമുണ്ടായിട്ടും നെൽകൃഷി യിൽ നിന്നും ആളുകൾ വളരെ വേഗം അകന്നുപോയി ക്കൊണ്ടിരിക്കുന്ന ദുരവസ്ഥയിലാണ് ഈ ഗ്രാമ പഞ്ചായത്ത്.

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി കൃഷി ഭൂമി ലഭിച്ചവർ കൂടുതൽ പരിചരണത്തിന്റെ ആവശ്യമി ല്ലാത്ത ചിരകാല വിളകളിലേക്ക് മാറിയതോടെ വയലുകളും ഇത്തരം കൃഷിചെയ്യുന്ന പറമ്പുകളായി മാറിത്തു ടങ്ങി. ഇന്ന് ഈ മാറ്റം ദ്രുതഗതിയിലാവുകയും ഉൽപാദന രംഗത്ത് ഒരു വൻ തിരിച്ചടിയാവുന്ന വിധം കെട്ടിടങ്ങളു ണ്ടാക്കുക എന്ന നിർമ്മാണ പ്രവർത്തനത്തിലേക്ക് ജനങ്ങളുടെ വികസന സങ്കല്പം ചുരുങ്ങിയിരിക്കുകയാണ്.

മറ്റു വിളകളോടും ഇതര വ്യാപാര വ്യവസായങ്ങളോടും താരതമ്യം ചെയ്യുമ്പോൾ നെൽകൃഷി നഷ്ടമുള്ള ഏർപ്പാടെന്ന ധാരണ ബലപ്പെട്ടു വരുകയാണ് . ആധുനിക വിദ്യാഭ്യാസത്തിന്റെ വൈകല്യം മൂലം കാർഷിക വൃത്തിയോട് വന്ന സമീപനത്തിന്റെ ഫലമായി കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പിൻ തലമുറ ഇതര തൊഴിൽ മേഖലകളിൽ ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നതിനാൽ വാഴ, പച്ചക്കറികൾ, മധുരക്കിഴങ്ങ്, പയറു വർഗ്ഗങ്ങൾ എന്നിവയുടെ കൃഷികൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

കൃഷിഭവൻ രേഖകൾ പ്രകാരം ഇപ്പോഴത്തെ വിള വിസ്തീർണ്ണവും ഉൽപാദനവും ഉൽപാദന ക്ഷമതയും താഴെ ചേർക്കുന്നു.

പട്ടിക -3

വിളവിസ്തീർണ്ണവും ഉൽപാദനവും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത ഒരുഹെക്ടറിൽ
നെല്ല് (ഒന്നാം വിള)	180	369 ടൺ	2050 കി. ഗ്രാം.
,, (രണ്ടാം വിള)	130	286 ,,	2200 ,,
,, (മൂന്നാം വിള)	20	42 ,,	2100 ,,
പയർ	50	11 ,,	220 ,,
എള്ള്	8	400 കി. ഗ്രാം	50 ,,
പച്ചക്കറികൾ	40	120 ടൺ	3 ടൺ
തെങ്ങ്	1800	72000 എണ്ണം	40 എണ്ണം/ തെങ്ങ് 1
വാഴ	50	1250 ടൺ	25 ടൺ
മരച്ചീനി	2	14 ,,	7,,
കുരുമുളക്	5	5 ,,	1000 കി. ഗ്രാം
കശുമാവ്	300	150 ,,	500 ,,
കവുങ്ങ്	25	8750 എണ്ണം	350 എണ്ണം/കവുങ്ങ് 1 ന്
മധുരക്കിഴങ്ങ്	30	210 ടൺ	7 ടൺ
പുകയില	30	45,,	1.5 ,,

(കൃഷിഭവൻ രേഖ)

വയലുകളിൽ മണ്ണിട്ട് നികത്തിയത് ഭക്ഷ്യോത്പാദന രംഗത്ത് കുറവുണ്ടായതോടൊപ്പം അശാസ്ത്രീയമായ റോഡു നിർമ്മാണങ്ങളുടേയും മറ്റും ഫലമായി നീർക്കെട്ടുണ്ടാവുകയും പാരിസ്ഥിതിക പ്രശ്നങ്ങളുടെ വ്യാപ്തി വർദ്ധിക്കുകയും ചെയ്തു. വീണച്ചേരി, വെള്ളൂർ വയൽ, കൊളവയൽ തുടങ്ങിയ പ്രദേശങ്ങൾ ഈ ഭീഷണിയിലാണ്.

കൃഷിയുമായി ബന്ധപ്പെട്ട പുഴ, തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിച്ചിരുന്ന സ്ഥിതി വിശേഷം ഇല്ലാതായതോടെ നിലവിലുള്ള ജല സ്രോതസ്സുകളും നിർഗ്ഗമന മാർഗ്ഗങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പുഴയോരങ്ങൾ കൈയേറിയും തോടുകൾ നിരപ്പാക്കിയും തെങ്ങുവെക്കുന്ന പ്രവണത പോലും അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഭൂവിനിയോഗം

തീരസമതലങ്ങളിൽ മണൽ മണ്ണും പുഴയോരങ്ങളിൽ ഏക്കൽ മണ്ണും കുന്നിൻ ചെരിവുകളിൽ ചരൽ കലർന്ന ചുവന്ന മണ്ണും താഴ്വാരങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. പറമ്പുകളിൽ പ്രധാനമായി തെങ്ങും ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ ഇടയ്ക്കിടെ കവുങ്ങും ഇടവിളയായി കുരുമുളക് വെറ്റില എന്നിവയും കണ്ടു വരുന്നു. സമതലങ്ങളിൽ നെല്ലും ഇടവിളയായി വാഴ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മധുരക്കിഴങ്ങ് എന്നിവയും കൃഷിചെയ്തിരുന്നു. ഉയർന്ന പ്രദേശങ്ങളിൽ ഒരു വിള നെല്ലും ഇടവിളയായി പയറു വർഗ്ഗങ്ങൾ, മധുരക്കിഴങ്ങ് എന്നിവയും തീര സമതലങ്ങളിൽ നെല്ല്, പുകയില, പച്ചക്കറികൾ എന്നിവയുമായിരുന്നു കൃഷിചെയ്തിരുന്നത്. പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് ഏകദേശം 300 ഹെക്ടർ സ്ഥലത്ത് കശുമാവ് സമൃദ്ധമായി ഇപ്പോഴും കാണപ്പെടുന്നു. അടുത്ത കാലത്ത് കൊക്കോ, മൾബറി എന്നീ കൃഷികളും ആളുകൾ പരീക്ഷിച്ചു നോക്കിയെങ്കിലും പരാജയമാണെന്നു കണ്ടതിനാൽ പിൻവാങ്ങിയിരിക്കുകയാണ്.

ഇപ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിലെ മുഖ്യവിളയായി മാറിയ തെങ്ങിന്റെ ഉൽപാദന ക്ഷമത കൃഷിഭവൻ രേഖകൾ പ്രകാരം 40 എണ്ണം ആണ്. (പ്രതിവർഷം തെങ്ങ് ഒന്നിന്) അത് സംസ്ഥാന ശരാശരിയായ 38 നേക്കാൾ കൂടുതലാണെന്നത് അല്പം ആശ്വാസത്തിന് വക നൽകുന്നു. തീരപ്രദേശങ്ങളിലും സമതലങ്ങളിലും താരതമ്യേന മോശമല്ലാത്ത വിളവ് കിട്ടുന്നതാണ് ഈ നേട്ടത്തിന് കാരണം. കുന്നിൻ ചരിവുകളിലും ജലസേചന സൗകര്യമില്ലാത്ത പറമ്പുകളിലും ഉൽപാദനക്ഷമത വളരെക്കുറവാണ്. നെൽകൃഷിയെക്കാൾ ലാഭകരം എന്നകാഴ്ചപ്പാടിന്റെ ഫലമായി വയലുകൾ നികത്തി തെങ്ങു വെച്ച സ്ഥലങ്ങളിൽ നീർക്കെട്ട് മുതലായ പരിസ്ഥിതി പ്രശ്നങ്ങൾ മൂലം ഉൽപാദനം കുറഞ്ഞു വരുന്നതായി കാണുന്നു.

പട്ടിക - 4

തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങുകൾ			
കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
99,500	2,60,500	3,60,000	2,500	8,000	800	11,300

(കൃഷി ഭവൻ രേഖ)

ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അഭാവവും രാസവളങ്ങളും കീടനാശിനികളും അമിതമായി ഉപയോഗിക്കുന്നതുകൊണ്ടും മണ്ണിന്റെ ഫലപുഷ്ടി കുറയുക, കൃഷിച്ചെലവ് കണ്ടമാനം വർദ്ധിക്കുക, ഭക്ഷ്യവസ്തുക്കൾ വിഷമയമാവുക എന്നീ കെടുതികളാണ് നാം നേരിടേണ്ടിവരുന്നത്. ജൈവവളങ്ങളുടേയും ജൈവ കീടനാശിനികളുടെയും പ്രാധാന്യം വേണ്ടത്ര ഉൾക്കൊള്ളാത്തതിന്റെ തിക്ത ഫലങ്ങൾ തലമുറകളോളം അനുഭവിക്കേണ്ടി വരുന്ന ഗതികേടിലാണ് നമ്മുടെ കാർഷിക മേഖല എത്തി നിൽക്കുന്നത്.

പട്ടിക - 5

രാസവളം, കീടനാശിനികൾ - വിപണനം

സ്ഥാപനം	1993 -94			1994 -95				1995 -96	
	രാസ വളം ടൺ	കീടനാശിനി		രാസ വളം ടൺ	കീടനാശിനി		രാസ വളം ടൺ	കീടനാശിനി	
		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം
സഹകരണം	250	50	100	220	40	125	200	25	150
സ്വകാര്യം	150	200	200	140	22.5	300	110	250	250

(കൃഷിഭവൻ രേഖ)

പാടശേഖര കമ്മിറ്റികൾക്ക് കൃഷിഭവൻ മുഖേന ലഭിച്ച കൃഷിയന്ത്രങ്ങൾക്കു പുറമെ സ്വകാര്യ വ്യക്തികളുടേതായ യന്ത്രോപകരണങ്ങൾ വാടകയ്ക്കു ലഭിക്കാനുള്ള സൗകര്യവും കൃഷിക്കാർക്കുണ്ട്. സമിതിയുടെ ഉപകരണങ്ങൾ ആവശ്യമുള്ള സമയത്ത് ലഭിക്കായ്കയുമുണ്ട്. പണ്ട് കാലത്ത് കർഷകർ പൂർണ്ണമായി ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങളും നാട്ടറിവുകളും ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അധ്വാനഭാരം അറിയാതിരിക്കാൻ ഞാറുനടുന്ന സ്ത്രീകൾ വളരെ മനോഹരമായി പാടിയിരുന്ന നാട്ടിപ്പാട്ടുകൾ നമ്മുടെ വയലേലകളിൽ ഓർമ്മ മാത്രമായി അവശേഷിക്കുകയാണ്.

പട്ടിക -6

കൃഷിഭവൻ വഴി വിതരണം ചെയ്ത കാർഷികോപകരണങ്ങൾ

ഉഴവു ഉപകരണങ്ങൾ			മരുന്നു തളി ഉപകരണങ്ങൾ			തെങ്ങു കയറ്റ യന്ത്രം	പോർട്ട ബിൾ പമ്പ് സെറ്റ്
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ്	റോക്ക് സ്പ്രെയർ	നാപ് സ്റ്റാക്ക് സ്പ്രെയർ	പവർ സ്പ്രെയർ		
1	5	37	22	27	3	6	598

(കൃഷിഭവൻ രേഖ)

കർഷകത്തൊഴിലാളികൾ

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപര്യാപ്തതയും വെള്ളക്കോളർ ജോലിയോടുള്ള ആഭിമുഖ്യം മൂലം കൃഷിയോടും കാർഷികവൃത്തിയോടും പുതിയ തലമുറയ്ക്ക് താൽപര്യം കുറഞ്ഞുവരികയാണ്. താരതമ്യേന മോശമല്ലാത്ത കൂലിനിരക്ക് ഉണ്ടായിട്ടുപോലും കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടാനില്ല എന്ന പരാതിയാണ് പരക്കെ ഉയർന്ന് കേൾക്കുന്നത്. തൊഴിലാളി സംഘടനാ പ്രവർത്തകരുടെ ആത്മാർത്ഥമായ ഒരു ശ്രമം ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്.

പട്ടിക-7

കാർഷിക വായ്പകൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	വായ്പ- ലക്ഷം
1	ചിത്താരി സർവീസ് സഹകരണ ബാങ്ക്	23.63
2	കോട്ടച്ചേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക്	193. 68
3	നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാവുങ്കാൽ	11.73
4	നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാണിക്കോത്ത്	20.00
5	SBI കാഞ്ഞങ്ങാട് ശാഖ	2.73
6	കാർഷികവികസന ബാങ്ക് ഹോസ്ദുർഗ്	11.36
7	ആകെ	263.13

പട്ടിക 7-ൽ പറഞ്ഞതുപ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ കർഷകർക്കായി കർഷകാവശ്യത്തിന്ന് ധാരാളം ലോണുകൾ നൽകിയിട്ടുണ്ടെന്ന് കാണാം. എന്നാൽ പലപ്പോഴും ഈ വായ്പകൾ കാർഷികേതര മേഖലകളിൽ വിനിയോഗിക്ക പ്പെടുന്നതായി മനസ്സിലാക്കുന്നു.

കൃഷിഭവൻ വഴിവിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ കാര്യം പരിശോധിച്ചാൽ ആവശ്യക്കാർക്ക് ആവശ്യമുള്ള സമയത്ത് ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യാൻ സാധിക്കാനാവാത്ത അവസ്ഥയുണ്ടെന്ന് മനസിലാവുന്നു.

പട്ടിക - 8

നടീൽ വസ്തു വിതരണം

	എണ്ണം/ അളവ്		
ഇനം	1993 -94	1994 -95	1995 -96
തെങ്ങ്	750 എണ്ണം	965 എണ്ണം	750 എണ്ണം
കശുമാവ്	—	1600 ,,	830 ,,
കുരുമുളക്	—	2100 ,,	3180 ,,
കവുങ്ങ്	—	200 ,,	500 ,,
നേന്ത്രവാഴക്കന്ന്	100 എണ്ണം	—	—
പഴവർഗ്ഗച്ചെടികൾ	550 ,,	1883 എണ്ണം	750 എണ്ണം
നെൽവിത്ത്	2730 കി. ഗ്രാം.	2475 കി. ഗ്രാം.	3628 കി. ഗ്രാം
എള്ള്	—	40 ,,	—
സുഗന്ധ വിളകൾ	—	10 എണ്ണം	50 എണ്ണം
പയറു വർഗ്ഗങ്ങൾ	432 കി. ഗ്രാം.	590 കി. ഗ്രാം	332 കി. ഗ്രാം
പച്ചക്കറി വിത്തുകൾ	10 കി. ഗ്രാം	12 കി. ഗ്രാം.	5. കി. ഗ്രാം.

(കൃഷി ഭവൻ രേഖ)

ജലസേചനം, മണ്ണ് സംരക്ഷണം.

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷി നടത്തുന്ന ഈ ഗ്രാമ പഞ്ചായത്തിൽ കാലവർഷവും തുലാവർഷവും കൂടി ആണ്ടിൽ 3162 മില്ലിമീറ്റർ മഴ ലഭിക്കുന്നു. ചിത്താരിപ്പുഴയും അതിന്റെ കൈവഴികളായ തോടുകളും കൈത്തോടുകളും 12 ഓളം പൊതു കുളങ്ങളും അടക്കം 100 ഹെക്ടറോളം വിസ്തൃതിയുള്ളതാണ് ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകൾ. ശരിയായി സംരക്ഷിക്കപ്പെടാത്തതുകൊണ്ട് മിക്ക ജലസ്രോതസ്സുകളും ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്.

മുൻകാലങ്ങളിൽ വരമ്പുകളിട്ടും അതിരുകളിൽ പച്ചിലവളങ്ങൾക്കാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിച്ചും പറമ്പുകളിലെ മണ്ണ് കാലവർഷാരംഭത്തിൽ കൊത്തിയിളക്കിയും മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ജീവിതക്രമത്തിലുണ്ടായ മാറ്റങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷിക വൃത്തിയോടുള്ള വൈമുഖ്യവും മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിലാണെങ്കിൽ പോലും സംരക്ഷിക്കപ്പെട്ടിരുന്ന കാവുകൾ ആധുനിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി കോൺക്രീറ്റ്കെട്ടിടങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കാൻ തുടങ്ങിയതോടെ നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. ഇതിന്റെ അനന്തരഫലമെന്നോണം പരിസ്ഥിതി സന്തുലനവും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും അവതാളത്തിലായി.

കൃഷി ഭവൻ

കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി കൈവരിക്കുന്നതിന് കർഷകരെ സഹായിക്കാൻ വളരെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവൻ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ മുഴുവൻ കർഷകർക്കും ലഭിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇപ്പോൾ കൃഷിഭവൻ ഓഫീസ് പ്രവർത്തിക്കുന്നത് ഒരു വാടക കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള ഒരു ചെറിയ മുറിയിലാണ്. കാർഷിക പ്രദേശങ്ങളുമായി കൂടുതൽ ബന്ധമുള്ള എല്ലാ കൃഷിക്കാർക്കും എത്തിപ്പെടാൻ സൗകര്യമുള്ള ഒരു സ്ഥലത്ത് സൂക്ഷിപ്പു സൗകര്യങ്ങളോടു കൂടിയ ഒരു നല്ല ഓഫീസ് കെട്ടിടം അത്യന്താപേക്ഷിതമാണ്. കൃഷി ഓഫീസറും 3 ഫീൽഡു സ്റ്റാഫും മാത്രമുള്ള കൃഷിഭവനിൽ ഒരു മുഴുവൻ സമയം ഓഫീസ് സ്റ്റാഫിന്റെ അഭാവം ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

അജാനൂർ ഗ്രാമ പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട 10 പാട ശേഖര സമിതികളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല എന്ന അഭിപ്രായമാണ് പൊതുവെ ഉള്ളത്. പഞ്ചായത്തി തലത്തിൽ രൂപം കൊണ്ട കേര വികസന സമിതിക്ക് സ്വന്തമായി ഒരു ഓഫീസ് ഉണ്ടെങ്കിൽ പോലും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കുന്നില്ല. ഇത്തരം സമിതികളുടെ ഓഫീസുകൾ കൃഷിഭവനുമായി ചേർന്ന് പ്രവർത്തിക്കാൻ വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കിയാൽ അത് ഏറെ ഗുണകരമായിരിക്കും.

കൃഷിഭവനിലൂടെ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏതാനും സ്കീമുകളെഒന്നുവിലയിരുത്താം.

1. സമഗ്ര നാളികേര വികസന പദ്ധതി :

മൂന്നു വർഷം കൊണ്ട് പൂർത്തിയാക്കേണ്ടുന്ന കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സംയുക്ത സംരഭം. ജലസേചനത്തിനായി കിണർ, പമ്പു സെറ്റ് എന്നിവയ്ക്ക് 1/3 സബ്സിഡി നൽകുന്ന ഈ പദ്ധതിയിൽ 50 കിണറുകളും 60 പമ്പു സെറ്റുകളും നൽകാൻ നിർദ്ദേശിക്കപ്പെട്ടു. ആവശ്യമായത്ര അപേക്ഷകരില്ലാത്തതിനാൽ 33 കിണറുകൾ മാത്രമേ കുഴിച്ചിട്ടുള്ളൂ. കുറഞ്ഞ ഭൂപരിധി 20 സെൻറാക്കിയാൽ മാത്രമെ കൂടുതൽ കർഷകർക്ക് ഇതിൻെറ പ്രയോജനം ലഭിക്കുകയുള്ളൂ.

2. സമഗ്ര ധാന്യ വിള വികസന പദ്ധതി :

മൂന്നു വർഷത്തെ കാലവധിയിൽ കേന്ദ്ര സഹായത്താൽ നടത്തുന്ന പദ്ധതിയായതിനാൽ പ്രധാനമായും ഗോതമ്പിനെ ആസ്പദമാക്കിയുള്ള കീടനിയന്ത്രണോപാധികളും കീടനാശിനികളും നമ്മുടെ പ്രദേശത്തെ നെൽകൃഷിക്കാർക്ക് പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ മുഴുവൻ ധാന്യവിള ഉത്പാദന മേഖലക്കും പ്രയോജനം ലഭിക്കുന്ന വിധത്തിൽ ബോധവൽക്കരണവും മറ്റും നടത്താൻ നിശ്ചിത വിസ്തീർണ്ണം കണക്കാക്കി അനുവദിച്ചു വരുന്ന പദ്ധതികൾ പ്രയാസം സൃഷ്ടിക്കുന്നു.

3. മഹാളിരോഗത്തിനെതിരെ കവുങ്ങിൻ മരുന്നു തളി പദ്ധതി :

നിശ്ചിത സമയപരിധിയില്ല. 3 ഹെക്ടർ സ്ഥലത്ത് ലക്ഷ്യമിട്ട പദ്ധതി ആവശ്യക്കാരില്ലാത്തതിനാൽ 1 ഹെക്ടർ സ്ഥലത്തുപോലും വ്യാപിപ്പിക്കാൻ സാധിച്ചിട്ടില്ല.

4. സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറികൃഷി പദ്ധതി :

വിദ്യാർത്ഥികൾ വീടുകളിൽ കൃഷി ചെയ്യാനാവശ്യമായ പച്ചക്കറി വിത്തുകൾ നൽകി ഏറ്റവും നല്ല വിളവെടുക്കുന്ന കുട്ടികൾക്കും വിദ്യാലയത്തിനും സമ്മാനം നൽതകുന്നതാണ് ഇതിൽ ഒന്ന്. മറ്റൊന്ന് കൃഷി ചെയ്യാൻ സ്ഥല സൗകര്യമുള്ള വിദ്യാലയങ്ങൾക്ക് സൗജന്യമായി കിണർ, പമ്പ് സെറ്റ് എന്നിവ നൽകുന്നതിനുള്ള പദ്ധതിയാണ്. സ്ഥസൗകര്യമുള്ള വിദ്യാലയങ്ങൾക്ക് തന്നെ സംരക്ഷണ സൗകര്യങ്ങളില്ലാത്തതിനാൽ ഏറ്റെടുക്കാൻ തയ്യാറാവുന്നില്ല.

5. പ്രദേശിക വിള പദ്ധതി :

നമ്മുടെ പഞ്ചായത്തിൽ 50 ഹെക്ടർ സ്ഥലത്ത് പുകയിലക്കൃഷി വികസനത്തിന്ന് ലക്ഷ്യമിട്ട് അനുവദിച്ച പദ്ധതി ആവശ്യത്തിന് കൃഷിക്കാരില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോകുന്നു. കൃഷിച്ചെലവ് വർദ്ധിക്കുകയും മധ്യവർത്തികളുടെ ചൂഷണം മൂലം ഉല്പാദകർക്ക് വില കിട്ടാതാവുകയും ചെയ്ത സാഹചര്യത്തിൽ കൊല്ലങ്ങളായി പുകയില കൃഷി ചെയ്തിരുന്ന കർഷകർ അതിൽ നിന്നു പിൻതിരിഞ്ഞു. പ്രസ്തുത സ്ഥലങ്ങളിൽ പച്ചക്കറി, മധുരക്കിഴങ്ങ് എന്നിവ കൃഷി ചെയ്യാൻ കർഷകർ തയ്യാറാണെങ്കിലും വിള പരിവർത്തനം ചെയ്യാൻ അധികൃതർ തയ്യാറാവുന്നില്ല. വിള നിർണ്ണയത്തിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ മാത്രമെ പ്രാദേശിക പ്രശ്നങ്ങൾ പരിഹരിച്ച് ഉത്പാദന വർദ്ധനവ് സാധ്യമാവൂ.

6. കുരുമുളക് പുനരുദ്ധാരണ പദ്ധതി :

രോഗം വന്ന വള്ളികൾ മാറ്റിവെക്കുന്നതിന് 50 സെൻറ് എങ്കിലുമുള്ള കർഷകരെ ഉദ്ദേശിച്ചുള്ള ഈ പദ്ധതി സ്ഥലപരിധി കുറവു ചെയ്യാതെ ഉദ്ദേശിച്ച ഫലം ചെയ്യില്ല.

7. വാഴക്കൃഷി പ്രോത്സാഹന പദ്ധതി :

കർഷകർക്ക് രാസവളങ്ങൾ സൗജന്യ നിരക്കിൽ നൽകുന്ന ഈ പദ്ധതിയിൽ ആവശ്യമായ സമയത്ത് വിതരണം ചെയ്യാൻ സാധിക്കാത്ത പ്രശ്നം ഉണ്ട്.

8. കശുമാവ് വികസന പദ്ധതി :

തൈകളും രാസവള സബ്സിഡിയും നൽകുന്നു.

9. എസ്. സി. പി. :

പട്ടികജാതിയിപ്പെട്ടവർക്ക് സൗജന്യമായി നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ എന്നിവ നൽകുന്നതിനുള്ള ഈ പദ്ധതി ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്ന അഭിപ്രായം പരക്കെയുണ്ട്.

ഗ്രാമ സഭാ പ്രശ്നങ്ങൾ

ചിത്താരിപ്പുഴയിലൂടെ കയറുന്ന ഉപ്പുവെള്ളം പല ഭാഗങ്ങളിലും നെൽകൃഷിക്ക് ഭീഷണിയാവുന്നു. കൃഷിച്ചെലവ് കൂടിയത്, തൊഴിലാളികളെ ലഭിക്കായ്ക, ഉൽപ്പന്നങ്ങൾക്ക് മതിയായി വിലയില്ലായ്ക, പ്രകൃതിക്ഷോഭങ്ങൾ എന്നിവ നെൽകൃഷിയുടെ ഉൽപാദനത്തെ ബാധിക്കുന്നു.

കൃഷിയിടങ്ങൾ മണ്ണിട്ട് നികത്തുന്നതു മൂലം നീർക്കെട്ട് ഉണ്ടാകുകയും പരിസ്ഥിതിയുടെ സന്തുലനം തകരാറിലാവുകയും ചെയ്യുന്നു.

തോടുകളും കുളങ്ങളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കാത്തതു മൂലം വരൾച്ചക്കാലത്ത് വെള്ളമില്ലാത്ത അവസ്ഥയും മഴക്കാലത്ത് വെള്ളം വാർന്നു പോകാത്ത അവസ്ഥയും അനുഭവപ്പെടുന്നു.

മണ്ണ് പരിശോധന നടത്താത്തതിനാൽ നവീന കൃഷിരീതികൾ ഫലപ്രദമാവുന്നില്ല.

രാസവളങ്ങൾ, കീടനാശികൾ എന്നിവ ആവശ്യത്തിന് ലഭിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ പരിമിതമാണ്. ഇവ ശാസ്ത്രീയമായി പ്രയോഗിക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെ അഭാവവുമുണ്ട്.

കൈയ്പ്പാട് പ്രദേശത്ത് നഞ്ച് (അഴുക്കുകൾ) വന്ന് അടിയുന്നത് നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

തെങ്ങിന് ചെന്നീരൊലിപ്പ്, മണ്ടചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾ പലസ്ഥലങ്ങളിലും വ്യാപകമായി കാണുന്നു. ഇത് ഉൽപാദനത്തെ ബാധിക്കുന്നു. ജലസേചന സൗകര്യങ്ങളുടെ കുറവുമുണ്ട്.

കാർഷിക യന്ത്രങ്ങളുടെ അപര്യാപ്തത വളരെയുണ്ട്. വാഴക്ക് കൂമ്പടപ്പ്, തടതുരപ്പൻ പുഴുവിന്റെ ആക്രമണം എന്നിവ ശല്യം ചെയ്യുന്നു.

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ആവശ്യത്തിന് ലഭിക്കാനില്ല.

ജൈവവളങ്ങളുടെ ലഭ്യത വളരെ കുറഞ്ഞിട്ടുണ്ട്.

കശുമാവിന് തേയില കൊതുകുകളുടെ ആക്രമണം വ്യാപകമായിട്ടുണ്ട്.

ജലസേചനത്തിനാവശ്യമായ വൈദ്യുതി കണക്ഷൻ കിട്ടാൻ കാലതാമസവും വോൾട്ടേജു കുറവും

അനുഭവപ്പെടുന്നു.

അഴിമുഖം അടയുന്നത് പലപ്പോഴും കൃഷിക്ക് ഭീഷണിയായി മാറുന്നു. അഴികൊത്തിമാറ്റാനുള്ള സാമ്പത്തിക ശേഷിയും മനുഷ്യ ശേഷിയും സംഭരിക്കാൻ പ്രയാസം അനുഭവപ്പെടുന്നു. പച്ചക്കറികളുടെ വിളവെടുപ്പ് സമയത്ത് മധ്യവർത്തികളുടെ ചൂഷണം വർദ്ധിച്ചു വരുന്നു.

പുകയില കൃഷി ചെയ്തു വരുന്നവർക്ക് വിപണ സംവിധാനമില്ലാത്തതിനാൽ മധ്യവർത്തികളുടെ ചൂഷണവും ഉണ്ട്.

പാടശേഖര സമിതികളും കർഷക സംഘങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

അജാനൂർ ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജല സ്രോതസ്സായ ചിത്താരിപ്പുഴ ആഴംകൂട്ടി കരകൾ കെട്ടി ഉപ്പുവെള്ളം തടയുന്നതിന് ആവശ്യമായ റഗുലേറ്റർ പുതിക്കിപ്പണിയുകയും മറ്റെല്ലാ തോടുകളും പുതുക്കിപ്പണിത് ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ കെട്ടി ജലസേചന സൗകര്യമുണ്ടാക്കുകയും ചെയ്താൽ ഇന്ന് ഒരു വിള മാത്രം കൃഷിചെയ്യുന്ന നെൽപ്പാടങ്ങളിൽ രണ്ടും മൂന്നും വിളകൾ ഇറക്കാൻ സാധിക്കും. അതോടൊപ്പം കർഷകരുടെ സാമ്പത്തിക ശാരീരിക സഹായങ്ങൾ ഉപയോഗിച്ച് നിലവിലുള്ള പൊതു കുളങ്ങൾ നന്നാക്കുകയും അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുകയും വേണം. സഹകരണ ജലസേചന രീതി നിർബന്ധമായും പ്രാവർത്തികമാക്കേണ്ടതാണ്.

മണ്ണിന്റെ സാമ്പിൾ പരിശോധന നടത്തി ശാസ്ത്രീയമായ വള പ്രയോഗ രീതി, വിള വിന്യാസ രീതി എന്നിവയെപ്പറ്റി കർഷകരിൽ ധാരണയുണ്ടാക്കണം.

നെല്ല് , തെങ്ങ് എന്നീ വിളകൾക്ക് നിർബന്ധമായും ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കണം. നിലവിലുള്ള കർഷക സമിതികളെ ഇതിൽ സന്നദ്ധരാക്കണം.

വേനൽക്കാല പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാനുള്ള ശ്രമം വേണം. വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചുള്ള പച്ചക്കറി കൃഷി പരിപാടി കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കണം.

അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ അടിയന്തിര ശ്രദ്ധ വേണം. പാടങ്ങൾ മണ്ണിട്ട് നികത്തുന്നതിനെതിരെ സാമൂഹ്യ സമ്മർദ്ദവും ബോധവൽക്കരണവും അനിവാര്യമാണ്.

അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രാദേശികമായി ഉൽപാദിപ്പിക്കാൻ പാടശേഖര സമിതികളെ സജ്ജമാക്കുകയും നടീൽ വസ്തുക്കൾ ധാരാളം കിട്ടുന്നവിധത്തിൽ നേഴ്സറികൾ വ്യാപകമാക്കുകയും വേണം.

മറ്റ് വിളകൾക്ക് തടസ്സമാകാത്ത വിധത്തിൽ മാവ്, പ്ലാവ് മുതലായ ഫലവൃക്ഷത്തൈകൾ വ്യാപകമായി വെച്ചു പിടിപ്പിക്കണം.

ആയുർവേദത്തിന്റെ പ്രാധാന്യം അറിഞ്ഞുകൊണ്ട് ഔഷധ സസ്യങ്ങൾ കണ്ടെത്താനും വ്യാപകമായി നട്ടുവളർത്താനും കർഷകരെ പ്രേരിപ്പിക്കണം.

നൂതന സംരംഭങ്ങളായ കൂൺ കൃഷി, പൂ കൃഷി, തേനിച്ച വളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനവും സൗകര്യവും ചെയ്തു കൊടുക്കണം.

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും വിള ഇൻഷൂറൻസ് വ്യാപകമാക്കുകയും നടപടികൾ ലഘൂകരിക്കുകയും വേണം.

കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കുക. മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.

തരിശു നിലങ്ങളിൽ പ്രദേശത്തിന്ന് അനുയോജ്യമായ വിളകൾ ഇറക്കുന്നതിന് വിദഗ്ദ്ധോപദേശവും മറ്റ് സൗകര്യങ്ങളും ചെയ്തു കൊടുക്കുക.

കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രങ്ങളും നാളികേര സംസ്ക്കരണ യൂണിറ്റുകളും പരിസര മലീനീകരണമില്ലാത്ത ആധുനിക തൊണ്ട് സംസ്ക്കരണ സംവിധാനങ്ങളും ആരംഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.

കൃഷിചെയ്യുന്നവരെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും സംവിധാനമുണ്ടാക്കുകയും പുതിയ തലമുറക്ക് കൃഷിയോടും അനുബന്ധ തൊഴിലുകളോടും ആഭിമുഖ്യം ഉണ്ടാക്കുന്ന രീതിയിൽ വിദ്യാഭ്യാസ രീതിയിൽ തന്നെ മാറ്റം ഉണ്ടാക്കുകയും വിത്ത്, വളം, വെള്ളം എന്നിവ പോലെ തന്നെ പ്രാധാന്യമുള്ളതാണ് കാർഷിക രംഗത്തെ കൂട്ടായ്മ എന്ന സമീപനം കാർഷിക വൃത്തിയുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും ഉണ്ടാവുകയും ചെയ്താൽ അത് ഉൽപാദന മേഖലയ്ക്ക് വലിയ മുതൽക്കൂട്ടാവുക തന്നെ ചെയ്യും.

ആധുനിക ശാസ്ത്ര സങ്കേതങ്ങൾ, വിഭവ സ്രോതസ്സുകളായ സൗരോർജ്ജം, മണ്ണിലെ ജലാംശം, സസ്യ മൂലകങ്ങൾ, മനുഷ്യ ശക്തി എന്നിവയുടെ വർദ്ധിച്ച ഉപയോഗം ബഹുവിളകൃഷി രീതി വിള - മൃഗ - മത്സ്യ പരിപാലനങ്ങളുടെ സംയോജനം എന്നിവ പരമാവധി പ്രയോജനപ്പെടുത്തി സാമ്പത്തികമായി പ്രയോജനമുള്ള സാമൂഹികമായി അംഗീകരിക്കപ്പെടുന്ന പരിസ്ഥിതിക്ക് അനുയോജ്യമായ പദ്ധതികൾ വികസിപ്പിച്ചെടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുകയാണ്.

ശീതമധുരത്തിന്റെ മാന്ത്രികലോകം

ഐസ് ലാന്റ്

കാഞ്ഞങ്ങാട്



മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൃഷി മുഖ്യ വരുമാന മാർഗ്ഗമായി കണ്ടിരുന്ന മുൻ കാലങ്ങളിൽ വളർത്തു മൃഗങ്ങളും അതിന്റെ അവിഭാജ്യ ഘടകമെന്ന നിലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലും ധാരാളം ഉണ്ടായിരുന്നു. നെൽകൃഷിയുടെ കുറവും കാർഷിക രംഗത്തെ യന്ത്രവൽക്കരണവും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയ്ക്കാൻ കാരണമായി. ഇപ്പോൾ ഈ പഞ്ചായത്തിൽ ഏകദേശം 2800 പശുക്കളും, 600 കിടാരികളും, 22 എരുമകളും, 30 പോത്തുകളും, 10 കാളകളും 360 ആടുകളും 5800 കോഴികളും ഉണ്ട് എന്നാണ് മൃഗാശുപത്രി രേഖകൾ കാണിക്കുന്നത്.

പാൽ ഉൽപാദന രംഗത്ത് സംഘടിത ശ്രമങ്ങളൊന്നും തന്നെയില്ലാത്തതിനാൽ ആ രംഗവും തളർന്നുകൊണ്ടിരിക്കുകയാണ്. കാലിത്തീറ്റയുടെ വില വർദ്ധനവ്, തീറ്റപ്പുല്ല്, വൈക്കോൽ ഇവയുടെ ക്ഷാമം ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കന്നുകാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ വലിയ ഒരളവോളം വളർത്തു മൃഗങ്ങളിൽ നിന്നും വളർത്തു പക്ഷികളിൽ നിന്നും ലഭിക്കുമെങ്കിലും കൃഷിയിൽ നിന്ന് കർഷകർ അകലുന്നതനുസരിച്ച് വളർത്തു മൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശുഷ്ക്കാന്തിയും കുറഞ്ഞു എന്നു വേണം കരുതാൻ. രൂക്ഷമായികൊണ്ടിരിക്കുന്ന ഇന്ധന ക്ഷാമം ഒരു പരിധി വരെയെങ്കിലും പരിഹരിക്കാൻ ഉതകുന്ന ഗോബർ ഗ്യാസ് പ്ലാന്റ് കന്നുകാലി വളർത്തലുമായി ബന്ധപ്പെടുത്തി വ്യാപകമാക്കാനുള്ള ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

പണ്ട് കാലത്ത് എല്ലാ വീടികളിലും ചെറിയ തോതിലെങ്കിലും കോഴികളെ വളർത്തിയിരുന്നു. ഇന്ന് ഇറക്കുമതി ചെയ്യുന്ന കോഴികളേയും മുട്ടകളേയുമാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളവർ പൂർണ്ണമായും ആശ്രയിക്കുന്നത് എന്നു തന്നെ പറയാം. പാലിന്റെ കാര്യവും ഭിന്നമല്ല എന്നു പഞ്ചായത്തിൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നു.

ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള ഈ അന്തരം കന്നുകാലി കോഴി വളർത്തലിന്റെ വൻ സാദ്ധ്യതകൾ നമ്മൾ അവഗണിച്ചുവെന്നു വ്യക്തമാക്കുന്നു. താറാവ് മുയൽ എന്നിവയുടെ കാര്യം നമ്മൾ ആലോചിച്ചിട്ടുപോലുമില്ലായെന്നതാണ് മറ്റൊരു ദുഃഖ സത്യം.

കാർഷിക മേഖലയിൽ തൊഴിലവസരങ്ങ് കുറഞ്ഞു കൊണ്ടിരിക്കുകയും കന്നുകാലികളുടെ തീറ്റകൾക്കായി ഉപയോഗിക്കാവുന്ന ജൈവ സ്രോതസ്സുകൾ പരിമിതമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ വീട്ടു വളപ്പ് അടിസ്ഥാനമാക്കിയുള്ള കാർഷിക സമീപനത്തിന്റെ ഒരു ഭാഗമായി തന്നെ കന്നുകാലി വികസനത്തേയും പരിഗണിക്കപ്പെടണം. വിള സമ്പ്രദായവുമായി പൊരുത്തപ്പെട്ടുപോകുന്ന വിള/ കന്നുകാലി സമ്മിശ്രരീതിയാണ് ഈ സമീപനത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെടേണ്ടത്.

പട്ടിക -1

പാൽ -മുട്ട ഉൽപാദനവും ഉപഭോഗവും

(പ്രതിമാസം)

വാർഡ്	പാൽ- ലിറ്റർ		മുട്ട- എണ്ണം	
	ഉൽപാദനം	ഉപഭോഗം	ഉൽപാദനം	ഉപഭോഗം
1.	143	2434	80	5440
2.	468	3137	1387	6632
3.	792	3427	548	9046
4.	715	2990	620	1849
5.	1358	3850	167	4925
6.	2020	5546	355	3386
7.	70	3000	130	3100
8.	3006	8499	1492	6645
9.	2695	2792	2932	3220
10.	2243	2935	1840	4580
11.	587	2880	150	6082
12.	170	1027	—	780
13.	844	3541	1881	6254
14.	388	2315	278	5785
15.	1111	3959	2563	5403
ആകെ	16,610	52,332	14,423	73,127

(അവലംബം- സാമൂഹിക സാമ്പത്തിക സർവ്വേ)

ഗ്രാമസഭാ പ്രശ്നങ്ങൾ

ക്ഷീരവിപണനത്തിനു സൗകര്യപ്രദമായ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ എവിടേയും ഇല്ല. ആയതിനാൽ കന്നുകാലി വളർത്തലിലേക്ക് ആളുകൾ ആകൃഷ്ടരാകുന്നില്ല.

തീറ്റപുല്ല്, വൈക്കോൽ, കാലിത്തീറ്റ എന്നിവയുടെ ലഭ്യതക്കുറവ് കന്നുകാലി വളർത്തൽ ലഭകരമല്ലാതാക്കുന്നു.

കോഴികൾക്കു വ്യാപകമായി പകർച്ചവ്യാധികൾ പിടിപെടുന്നു.

മൃഗചികിത്സാ സൗകര്യം ഫലപ്രദമായി ലഭിക്കാനുള്ള സൗകര്യമില്ല.

കന്നുകാലിവളർത്തലിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.

പേപ്പട്ടി ശല്യം വ്യാപകമാണ്.

പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തു തലത്തിൽ ഒരു പാൽ ഉൽപാദന സഹകരണ സംഘം സ്ഥാപിച്ച് ഓരോ വാർഡിലും പശു വളർത്താനുള്ള യൂണിറ്റുകൾ തുടങ്ങുക. സംഘത്തിന്റെ കീഴിൽ വാർഡ് തലത്തിൽ തന്നെ പാൽ സംഭരണ വിതരണ സംവിധാനങ്ങൾ ഒരുക്കുക.

പോഷക സമ്പുഷ്ടമായ കാലിത്തീറ്റ നിർമ്മാണത്തിനും വിതരണത്തിനും ഫലപ്രദമായ സംവിധാനങ്ങളേർപ്പെടുത്തുക.

കൂടുതൽ പാൽ ഉൽപാദിപ്പിക്കാൻ സാധിച്ചാൽ പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സംരംഭങ്ങൾ തുടങ്ങുക.

മൃഗ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമായി ലഭിക്കുന്നതിനു വേണ്ടി പഞ്ചായത്തിലെ ഏറ്റവും അനുയോജ്യമായ സ്ഥലത്തു മൃഗാശുപത്രിയും മറ്റു സ്ഥലങ്ങളിൽ സബ്സെൻറുകളും സ്ഥാപിക്കുക.

സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക. പകർച്ചവ്യാധികളിൽ നിന്ന് സംരക്ഷണം നൽകാൻ സംവിധാനമുണ്ടാക്കുക. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി കോഴിത്തീറ്റ നിർമ്മാണത്തിലും സംഘം മുൻകൈയെടുക്കുക.

ജലാശയങ്ങളിൽ താറാവു വളർത്തൽ പരീക്ഷിക്കാവുന്നതാണ്.

തരിശായി കിടക്കുന്ന കുന്നിൻ ചരിവുകളെ പ്രയോജനപ്പെടുത്തി ആടു വളർത്തലിനുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

വളരെ വേഗം പെറ്റുപെരുകുന്ന മുയലിനെ കൗതുകത്തിനും ഭക്ഷണത്തിനും വേണ്ടി വളർത്താൻ പ്രോത്സാഹനവും സഹായവും നൽകണം.

അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്തുന്നതിന് സാമ്പത്തിക സഹായമടക്കമുള്ള എല്ലാ സൗകര്യങ്ങളും നൽകുക.

എല്ലാ സംരംഭങ്ങളിലും തൊഴിലില്ലാത്ത യുവതി യുവാക്കളെ പങ്കാളികളാക്കുക.

തീറ്റപുല്ല് കൃഷി പ്രോത്സാഹിപ്പിക്കുക.

മത്സ്യബന്ധനം

അജാനൂർ ഗ്രാമപഞ്ചായത്തിൽ കടൽ മത്സ്യബന്ധനത്തിലൂടെ ഉപജീവനം കഴിക്കുന്നവർ 1061 പേരാണ് ഉള്ളത്. ഇതിൽ 767 പേർ മുഖ്യ തൊഴിലായി മത്സ്യ ബന്ധനത്തെ സ്വീകരിച്ചവരും 175 പേർ ഭാഗികമായി ഈ തൊഴിലിൽ ഏർപ്പെട്ടവരും 104 പേർ മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. വല നന്നാക്കൽ മുതലായ ജോലികൾ ചെയ്യുന്ന 15 പേരുമുണ്ട്. മത്സ്യബന്ധനത്തിനായി 4 യന്ത്രവൽകൃത ബോട്ടുകളും 140 യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങളും 42 സാധാരണ വള്ളങ്ങളും ഉപയോഗത്തിലുള്ളതായി ഫിഷറീസ് ഓഫീസറുടെ രേഖയിൽ കാണുന്നു. കണക്കിൽപ്പെടാത്തവയായി ഇതിലേറെ എണ്ണം പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്നു.

വളരെയേറെ സാധ്യതകളുള്ള ഉൽനാടൻ മത്സ്യകൃഷിയിലേക്ക് ആളുകൾ ആകർഷിക്കപ്പെടാത്തത് ബോധവൽക്കരണത്തിന്റേറയും പ്രോത്സാഹനത്തിന്റേറയും കുറവുകൊണ്ടാണെന്നു പറയാം.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട സംസ്ക്കരണം, വിപണനം, മത്സ്യബന്ധന ഉപകരണങ്ങളുടെ നിർമ്മാണം, റിപ്പയർ, മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കലും വിതരണവും ഉപയോഗ ശൂന്യമായ മത്സ്യങ്ങളുപയോഗിച്ചുള്ള ജൈവ വള നിർമ്മാണം എന്നിങ്ങനെ ഒരുപാട് തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖലയെ ശാസ്ത്രീയമായ രീതിയിൽ ആസൂത്രണം ചെയ്തു വികസിപ്പിക്കുന്നതിനുള്ള നടപടികൾ അനിവാര്യമായിരിക്കുകയാണ്.

വിതയ്ക്കാതെ കൊയ്യുന്ന സമ്പ്രദായം നിലനിൽക്കുന്ന ഈ രംഗത്ത് വിതച്ചു കൊയ്യാനുള്ള ശാസ്ത്രീയമായ രീതികളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. ആഹാരത്തിനും ആദായത്തിലും ആരോഗ്യത്തിനും ആനന്ദത്തിനും വേണ്ടി മത്സ്യ സമ്പത്ത് ഉപയോഗപ്പെടുത്തുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

പ്രശ്നങ്ങൾ

കടലാക്രമണ ഭീഷണിയുള്ള കടൽത്തീരം ഭിത്തികെട്ടി സംരക്ഷിച്ചിട്ടില്ല.
തീരദേശസംരക്ഷണ നിയമം നടപ്പിലാക്കുമ്പോൾ പലർക്കും പ്രയാസം അനുഭവപ്പെടും.
വിദേശ ട്രോളറുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യസമ്പത്ത് കുറയ്ക്കാൻ കാരണമാവുന്നു.
മണ്ണെണ്ണ പെർമിറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നു.
മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിനേറയും കുടിവെള്ളത്തിനേറയും പ്രശ്നം രൂക്ഷമാണ് . ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യത ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല.
മത്സ്യവിതരണത്തിനാവശ്യമായ പൊതുമാർക്കറ്റ്, ഗതാഗത സൗകര്യം എന്നിവ അപര്യാപ്തമാണ്.
മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുവാൻ സംവിധാനമില്ല.
വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ ഏറെ സാധ്യതകളുള്ള ചെമ്മീൻ കൃഷി ഇതുവരെ പരീക്ഷിച്ചു നോക്കിയിട്ടില്ല.
മത്സ്യതൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ ഉപകരിക്കുന്ന സർച്ച് ലൈറ്റ് സംവിധാനം തീരദേശത്ത് എവിടെയുമില്ല.
മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം രൂക്ഷമാണ്. പഞ്ഞമാസങ്ങളിൽ വേണ്ടുന്ന സഹായങ്ങൾ ലഭിക്കുന്നില്ല.
മത്സ്യരോഗം ഫലപ്രദമായി തടയുന്നതിനുള്ള സംവിധാനമില്ല.
മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.
മത്സ്യങ്ങളുടെ പ്രത്യേകിച്ച് ചെമ്മീനിന്റെ വിലനിലവാരം അറിയാൻ സൗകര്യങ്ങളില്ല.
തൊഴിലാളി ക്ഷേമനിധിയിൽ നിന്നും സർക്കാരിൽ നിന്നും കിട്ടുന്ന സഹായങ്ങൾ മതിയാവുന്നില്ല.
ഒരു ഫിഷ് ലാൻറിങ്ങ് സെൻറർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഏറെയാണ്.
മത്സ്യബന്ധനത്തിനിടയിൽ അപകടം സംഭവിക്കുന്നവർക്ക് സഹായം ലഭിക്കുന്നതിനുള്ള ഇന്നത്തെ ചട്ടങ്ങൾ ബുദ്ധിമുട്ടുണ്ടാക്കുന്നു.
മത്സ്യത്തൊഴിലാളികളുടെ മദ്യപാനാസക്തി കുടുംബങ്ങളുടെ സൈര്യം കെടുത്തുന്നു.

നിർദ്ദേശങ്ങൾ

ഭിത്തിയില്ലാത്ത കടൽത്തീരം മുഴുവൻ ഭിത്തികെട്ടി സംരക്ഷിക്കുക.
തീരസംരക്ഷണ നിയമത്തിലെ പോരായ്മകൾ പരിഹരിച്ച് പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുകൂലമായ നിയമനിർമ്മാണം നടത്തുക.
വിദേശ ട്രോളറുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.
മണ്ണെണ്ണ പെർമിറ്റ് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.
മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആവശ്യമായ കുടിവെള്ളം കക്കൂസ് എന്നിവ ഏർപ്പെടുത്തു

ന്നതിനുള്ള പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുക.
ചിത്താരി കടപ്പുറത്തിനും കൊത്തിക്കാൽ, കല്ലിങ്കാൽ പ്രദേശങ്ങൾക്കും ഇടയിലുള്ള പുഴയിൽ മത്സ്യകൃഷിക്കുള്ള വിവിധ സാദ്ധ്യതകൾ കണ്ടെത്തി പ്രാവർത്തികമാക്കുക. ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ പ്രദേശത്തിന്റെ പ്രകൃതി ഭംഗിയും ജലസമ്പത്തും പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിൽ സംവിധാനം ചെയ്ത് ഉപയോഗപ്പെടുത്തുക.
ഓരു ജലം കറയുന്ന ചിത്താരി പുഴയുടെ പാർശ്വഭാഗങ്ങളിൽ ചെമ്മീൻ കൃഷി നടത്താനുള്ള സംവിധാനങ്ങളും പ്രോത്സാഹനങ്ങളും സഹായങ്ങളും ഉണ്ടാക്കുക.
തൊഴിൽ രഹിതരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും മത്സ്യകൃഷിയും അനുബന്ധവ്യവസായങ്ങളും ആരംഭിക്കുക.
മത്സ്യത്തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ ഉപകരിക്കുന്ന വിധത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുക.
മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
പഞ്ഞമാസങ്ങളിൽ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സൗജന്യ റേഷൻ അനുവദിക്കുക.
പഞ്ചായത്തിലെ നിലവിലുള്ള പുറമ്പോക്ക് ഭൂമി മത്സ്യത്തൊഴിലാളികൾക്ക് മുൻഗണ നാടിസ്ഥാന ത്തിൽ നൽകുക.
മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
50 വയസ്സ് കഴിഞ്ഞ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.
അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായധനം വർദ്ധിപ്പിക്കുക. ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.
മത്സ്യരോഗം പെട്ടെന്ന് കണ്ടു പിടിക്കാനും ഫലപ്രദമായി തടയാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
ചെമ്മീൻ മുതലായ മത്സ്യങ്ങളുടെ വില നിലവാരം വാർത്താ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്താൻ സംവിധാനമുണ്ടാക്കുക.
തീരത്തു നിന്നും 10 കിലോമീറ്ററിനുള്ളിൽ യന്ത്രവൽകൃത ബോട്ടുകളുടെ മീൻപിടുത്തം നിരോധിക്കുക.
ഒരു നിശ്ചിത വരുമാന പരിധിയിൽ താഴെയുള്ള തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുക.
മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക.
തൊഴിലാളിക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് കാര്യക്ഷമമാക്കുക. അർഹരായ മുഴുവൻ ആളുകൾക്കും സഹായം നൽകുക.
ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് ബോധവർക്കരണത്തിലൂടെ സംരംഭകരെ ആകർഷിക്കുക.
അനുയോജ്യമായ സ്ഥലത്ത് ആധുനിക സജ്ജീകരണങ്ങളോടെ ഒരു ഫിഷ്ലാൻറിങ്ങ് സെൻറർ സ്ഥാപിക്കുക.
ചെമ്മീൻ കുഞ്ഞുങ്ങളെയും മറ്റ് ശുദ്ധജല മത്സ്യകുഞ്ഞുങ്ങളേയും ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള കേന്ദ്രങ്ങൾ ആവിഷ്ക്കരിക്കുക.
മത്സ്യം കേടു വരാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുക.
ഉപയോഗ ശൂന്യമായ മത്സ്യങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായ വളങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.
മത്സ്യത്തൊഴിലാളികളെ മദ്യപാനാസക്തിയിൽ നിന്നും പിന്തിരിപ്പിക്കാനുള്ള സാമൂഹ്യ ബോധവൽക്കരണ പരിപാടി വ്യാപകമായി നടത്തുക.

നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ കഴിവുള്ള ഒരു പുതിയ കാർഷിക മേഖലയായി മത്സ്യകൃഷിയെ പരിപോഷിപ്പിക്കുന്നതിന്നും ശാസ്ത്രീയമായ രീതിയിൽ ആസൂത്രണം ചെയ്ത് വികസിപ്പിക്കുന്നതിന്നും അടിയന്തരമായ നടപടികൾ സ്വീകരിക്കാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു.

With Best Compliments From

PALAKKI TRADERS

Ph: 704570

PALAKKI ASSOCIATES

Ph: 704670

PALAKKI STORES

Ph :704871

KANHANGAD

വ്യവസായം

സാമ്പത്തിക വികസന പ്രക്രിയയിൽ അനിവാര്യവും അഭിവാജ്യവുമായ ഒരു വികസന തന്ത്രമാണല്ലോ വ്യവസായവൽക്കരണം. ഭരണ കൂടത്തിന്റെ നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ലോക ക്രമത്തിന്റെ ഭാഗമായി ഉദാരവൽക്കരണം, സ്വകാര്യ വൽക്കരണം, ആഗോളവൽക്കരണം എന്നിവ നമ്മുടെ ആഭ്യന്തര സാമ്പത്തിക ഘടനയേയും, ആഭ്യന്തര വ്യവസായ മേഖലയേയും കാർന്നു തിന്നുകയാണല്ലോ. ഇതിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാൻ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയുള്ള ആഭ്യന്തര വിഭവ വിനിയോഗത്തിലൂന്നിയ ഒരു വികസന പ്രക്രിയ നമുക്ക് അനിവാര്യമാണ്. ഇവിടെയാണ് അധികാര വികേന്ദ്രീകരണത്തിലൂന്നിയ ഒരു വികസന തന്ത്രത്തിന്റെ പ്രസക്തി. മാത്രവുമല്ല നമ്മുടെ ആസൂത്രണ പ്രക്രിയയിൽ ഗ്രാമ വികസനത്തിന് കൊടുത്തിരുന്ന പ്രാധാന്യം പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളിലൂടെ കുറഞ്ഞു വരികയാണല്ലോ. താഴെത്തട്ടിലൂന്നിയ ഗ്രാമീണ വ്യവസായവൽക്കരണമാണ് നമുക്കാവശ്യം. ഘടനാപരമായ ചട്ടക്കൂടിന്റെ നീക്കു പോക്കിൽ ഈ വികസന തന്ത്രം ആവിഷ്ക്കരിക്കുന്നത് ഒരു പ്രായോഗിക പ്രശ്നമാണ്. കൂടാതെ ഗ്രാമീണ പരമ്പരാഗത ചെറുകിട വ്യവസായ ശൃംഖലകൾ ഈ പുതിയ വ്യവസായ ക്രമത്തിൽ നിന്നും പിൻതള്ളപ്പെട്ടു കൊണ്ടിരിക്കുന്ന അവസ്ഥ നമ്മളെ കൂടുതൽ വ്യാകുലപ്പെടുത്തുന്നു. ഈ സാഹചര്യത്തിലാണ് അജാനൂർ പഞ്ചായത്തിന്റെ വികസനം നാം വിലയിരുത്തേണ്ടത്.

അജാനൂർ പഞ്ചായത്ത് പ്രധാനമായും കാർഷിക മേഖലയെ ആശ്രയിക്കുന്നുവെങ്കിലും ധനൃമായ മത്സ്യ സമ്പത്തുകൂടിയുള്ള ഒരു ഗ്രാമമാണ്. ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് ബീഡി വ്യവസായ രംഗത്തും, (സഹകരണ - സ്വകാര്യ മേഖലകളിൽ) കെട്ടിട - വീടു നിർമ്മാണ രംഗത്തുമാണ്. ഗൾഫ് സ്വാധീനം കാര്യമായുള്ള ഇവിടെ വീടു നിർമ്മാണം ഒരു വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടു തന്നെ മരപ്പണി, കൂലിപ്പണി, തുടങ്ങിയ രംഗത്തുള്ള തൊഴിലാളി കളുടെ എണ്ണം താരതമ്യേന കൂടുതലാണ്.

മുഖ്യമായും സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന ഒരു വ്യവസായ സഹകരണ സ്ഥാപനമാണ് ദീനേശ് ബീഡി. 1447 തൊഴിലാളികളുള്ളതിൽ 1272 സ്ത്രീകളും 175 പുരുഷൻമാരുമാണ്. ഈ മേഖലയിലെ തൊഴിലാളികളും നിലനിൽപ്പ് ഭീഷണിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീ തൊഴിലാളികൾ 90% മുള്ള ഈ സ്ഥാപനം പഞ്ചായത്തിന്റെ അത്താണിയാണ്. അതുകൊണ്ടു തന്നെ ഇവരുടെ പുനരധിവാസവും പ്രശ്നം തന്നെ. ഇതിന് അനുബന്ധമായി സ്വകാര്യ മേഖലയിൽ ആയിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവർക്ക് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമേ ജോലി ലഭിക്കുന്നുള്ളൂ. ചിലപ്പോഴൊക്കെ ഇവിടെ തൊഴിൽ പ്രശ്നം തല പൊക്കാറുണ്ട്.

യന്ത്രവൽക്കരണത്തോടു കൂടി കല്ലുവെട്ടു തൊഴിലാളികൾ പരമ്പരാഗത ശൈലിയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. പതിനൊന്ന് കല്ലുവെട്ടു മെഷിനുകളിലായി 168 തൊഴിലാളികളും

പരമ്പരാഗത ശൈലിയിൽ 15 പേരും ജോലി ചെയ്യുന്നു. ഈ മേഖലയിൽ തൊഴിൽ സംഘടനകൾ സജീവമല്ല. അധികൃതരുടെ ശ്രദ്ധ ഈ മേഖലയിൽ ഗൗരവമായി പതിയേണ്ടത് അത്യാവശ്യമാണ്.

പരമ്പരാഗത വ്യവസായമായ നെയ്ത്ത് ഒരു കാലത്ത് വെള്ളിക്കോത്ത് പ്രദേശത്ത് മിക്കവാറും എല്ലാ വീടുകളിലും ഉണ്ടായിരുന്നു. ഇന്ന് അതിന്റെ അവസ്ഥ വളരെ ദയനീയമാണ്. ആകെ മൂന്നു കുടുംബങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു. കാരണമായി ചൂണ്ടിക്കാട്ടാവുന്നത് കുറഞ്ഞ കൂലിയും ചോദനവുമാണ്. കൂടാതെ ഒരു നാടിന്റെ സംസ്ക്കാരത്തെയും, സ്വയം പര്യാപ്തതയുടേയും ചിഹ്നമായി ഇതിനെ ചൂണ്ടിക്കാട്ടാറുണ്ട്. എഴുപതോളം തൊഴിലാളികൾ ജോലി ചെയ്യുന്ന നെയ്ത്തു തൊഴിലാളി വ്യവസായ സഹകരണ സംഘം മാവുങ്കാലിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ പരമ്പരാഗത ഖാദി മേഖലയിൽ (അമ്പർ ചർക്ക) ഇരുപത്തിയഞ്ചു തൊഴിലാളികൾ ജോലി ചെയ്യുന്നു. മാവുങ്കാൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ സ്ത്രീ തൊഴിലാളികൾ മാത്രമേ ജോലി ചെയ്യുന്നുള്ളു.

അജാനൂർ അസ്ഥാനമായി അജാനൂർ വനിതാ വ്യവസായ സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു. 77 അംഗങ്ങളുള്ള ഈ സ്ഥാപനം പത്തു പേർക്ക് സ്ഥിരം തൊഴിൽ നൽകുന്നു. റെഡിമെയ്ഡ് ഉടുപ്പുകൾ നിർമ്മിച്ച് പഞ്ചായത്തിനകത്തും മുൻസിപ്പാലിറ്റി പ്രദേശങ്ങളിലും സംഘാംഗങ്ങൾ തന്നെ വിപണനവും നടത്തുന്നു. കുറച്ചു കൂടി വിപുലീകരിക്കുകയാണെങ്കിൽ വലിയ തൊഴിൽ സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്.

കരിങ്കൽ പൊടിച്ച് ജില്ലിയാക്കുന്ന രണ്ടു യൂണിറ്റുകളിലായി ഇരുപത്തിരണ്ട് തൊഴിലാളികൾ ജോലി ചെയ്യുന്നു. സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള (D.W. C. R. A) പതിനൊന്ന് വനിതകൾ വീതം നടത്തുന്ന ഓരോ യൂണിറ്റുകൾ പാടിക്കാനത്തും, മാവുങ്കാലിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗെയ്റ്റുകൾ, ഗ്രിൽസ്, റോളിങ്ങ് ഷട്ടർ എന്നിവ ഉണ്ടാക്കുന്ന പത്തു ചെറുകിട മെറ്റൽ വർക്ക് ഷോപ്പുകളിൽ അമ്പതോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. മുപ്പതോളം ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്- സർവ്വീസ് സ്റ്റേഷൻ എന്നിവയിലായി 150 പേർ ജോലി ചെയ്യുന്നു. 15 ഫർണിച്ചർ മാർട്ടുകളിലായി 30 പേർ ജോലി ചെയ്യുന്നു. പ്രധാനമായും ഗാർഹികോപകരണങ്ങളാണ് നിർമ്മിക്കപ്പെടുന്നത്. ആശ്വാസമെന്ന രീതിയിൽ വാണിയമ്പാറയിൽ ഒരു ഫർണിച്ചർ പരിശീലന കേന്ദ്രം ഉണ്ട്. 8 ഓയിൽ ഫ്ളവർ മില്ലുകളിലായി 16 തൊഴിലാളികളും, 3 ടയർ റീട്രേഡിംഗ് കേന്ദ്രങ്ങളിലായി 9 തൊഴിലാളികളും ജോലി ചെയ്യുന്നു. 20 തൊഴിലാളികൾ ജോലി ചെയ്യുന്നു രണ്ട് പ്രിൻറിംഗ് പ്രസ്സുകളും 30 തൊഴിലാളികൾ ജോലി ചെയ്യുന്ന രണ്ടു മരമില്ലുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രണ്ട് പെട്രോൾ ബങ്കുകളും തുറന്നു പ്രവർത്തിക്കുന്നു.

കുടിൽ വ്യവസായം എന്ന നിലയിൽ നിരവധി മധുര പലഹാര നിർമ്മാണ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. വാണിയമ്പാറയിലുള്ള കേന്ദ്രം ഒഴികെ മറ്റെല്ലാ കേന്ദ്രങ്ങളും തമിഴരുടെ സേവനം മുൻ നിർത്തി പ്രവർത്തിക്കുന്നവയാണ്. ബാലാദ്ധ്വാനവും ഈ മേഖലയിൽ ധാരാളമായി ഉപയോഗിച്ചു വരുന്നു.

സംഘടിത തൊഴിലാളി പ്രസ്ഥാനം എന്ന രീതിയിൽ പ്രവർത്തിക്കുന്നത് ദിനേശ് ബീഡി സഹകരണ സംഘത്തിൽ മാത്രമാണ്. മറ്റു പല രംഗങ്ങളിലും തൊഴിലാളികൾ സംഘടിതരല്ല.

മിൽമാ ചില്ലിംഗ് പ്ലാൻറ്:- ആനന്ദാശ്രമം ആസ്ഥാനമായി മിൽമാ ചില്ലിംഗ് പ്ലാൻറ് പ്രവർത്തിച്ചു വരുന്നു. 10, 000 ലിറ്റർ പാൽ സംഭരണ ശേഷിയോടു കൂടി ആരംഭിച്ച ഈ സ്ഥാപനത്തിന് വർദ്ധിച്ചു വരുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല. 20,000 ലിറ്റർ പാൽ വിതരണം നടത്തുന്നതു തന്നെ കണ്ണൂർ ഡയറിയെ ആശ്രയിച്ചു കൊണ്ടാണ്. ആരോഗ്യവാനായ ഒരു മനുഷ്യന് അവൻെറ ആരോഗ്യം നിലനിർത്തണമെങ്കിൽ 250 ml. പാൽ ഉപയോഗിക്കണമെന്ന് ആരോഗ്യ വിദഗ്ദ്ധർ നിർദ്ദേശിക്കുന്നു. ഇതു പ്രകാരം കാസർഗോഡ് ജില്ലയിലെ ആവശ്യം നിറവേറ്റണമെങ്കിൽ മൊത്തം 50,000 ലിറ്റർ പാലെങ്കിലും വിപണനം ചെയ്യേണ്ടി വരും. അതിനു വേണ്ടി ഈ സ്ഥാപനത്തെ വിപുലീകരിക്കേണ്ടതുണ്ട്. അതോടൊപ്പം പഞ്ചായത്തിനകത്തു നിന്നു തന്നെ പാൽ സംഭരിക്കുവാൻ കഴിയുകയാണെങ്കിൽ ഗുണനിലവാരം ഉറപ്പു വരുത്തുവാനും കഴിയും ഇപ്പോൾ പഞ്ചായത്തിനു പുറമെ നിന്നു മാത്രമാണ് പാൽ സംഭരണം സാധ്യമാവുന്നത്. രണ്ടു സ്ത്രീകളുൾപ്പെടെ 20 ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപന മാണിത്.

പരിസ്ഥിതി മലിനീകരണ പ്രശ്നത്തിൽപ്പെട്ട് ഈ സ്ഥാപനം നട്ടം തിരിയുകയാണ്. ഇവിടെ നിന്നു പുറം തള്ളുന്ന മലിന ജലം പരിസരവാസികളുടെ കിണറിലേക്ക് ഒലിച്ചിറങ്ങി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഈ സ്ഥാപനത്തിൻെറ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. ഈ മാലിന്യങ്ങൾ ശാസ്ത്രീയമായി ശുദ്ധീകരിക്കാനാവശ്യമായ പ്ലാൻറ് അനുവദിക്കുവാൻ അധികൃതരുടെ കനിവിനായി കാത്തിരിക്കുകയാണ്. പരിസരവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് എത്രയും പെട്ടെന്ന് ഈ പ്ലാൻറ് യാഥാർഥ്യമാവേണ്ടതുണ്ട്.

സ്വർണ്ണ വ്യാപാരത്തിൽ വിശ്വസ്തതയുടെ മുഖമുദ്ര

ദീപ ജ്വല്ലേഴ്സ്

കാ ഞ്ഞങ്ങാട് -ചെറുവത്തൂർ -പാലക്കുന്ന്

ഫോൺ: 704556, 760742, 680001

പട്ടിക. 1

വ്യവസായ -സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ.	ആകെ.
1.	നെയ്ത്തു തൊഴിലാളി വ്യവസായ സഹകരണ സംഘങ്ങൾ	10	60	70
2.	അമ്പർ ചർക്ക (ഖാദി വ്യവസായ കേന്ദ്രം)	-	25	25
3.	അജാനൂർ വനിതാ വ്യവസായ സഹകരണ സംഘം	-	10	10
4.	കോട്ടച്ചേരി ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം:-			
(i)	കിഴക്കും കര ബ്രാഞ്ച്	12	80	92
(ii)	കോട്ടച്ചേരി ,,	19	78	97
(iii)	കാരക്കുഴി ,,	8	65	73
(iv)	വെള്ളിക്കോത്ത് (I) ,,	30	62	92
(v)	വെള്ളിക്കോത്ത് (II) ,,	14	112	116
(vi)	മാണിക്കോത്ത് ,,	19	58	77
(vii)	മാവുങ്കാൽ ,,	10	71	81
(viii)	ചിത്താരി ,,	14	82	96
(ix)	രാവണീശ്വരം ,,	7	88	95
(x)	ലേബിൾ സെക്ഷൻ ,,	-	38	38
	ആകെ മൊത്തം			962

ഇതര വ്യവസായ മേഖലകൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ.	ആകെ.
1.	മെറ്റൽ വർക്സ്	50	-	50
2.	ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് - സർവ്വീസ് സ്റ്റേഷൻ	30	-	30
3.	കല്ലുവെട്ടു വ്യവസായം : a) യന്ത്രവൽക്കരണം	155	10	165
	b) പരമ്പരാഗത രീതി	20	3	23
4.	ഓയിൽ . ഫ്ളവർ മിൽ	16	-	16
5.	സഹകാര്യ ബീഡി വ്യവസായം	100	1400	1500
6.	കരിങ്കൽ - ജല്ലി നിർമ്മാണം	-	22	22
7.	മധുര പലഹാര നിർമ്മാണം	50	70	120
8.	തുണി നെയ്ത്ത്	2	5	7
9.	ആയുർവ്വേദ മരുന്നു നിർമ്മാണം	2	2	4
10.	ഫർണിച്ചർ മാർട്ട്	30	-	30
11.	വനിതാ തയ്യൽ പരിശീലന വ്യവസായ കേന്ദ്രം	-	12	12
12.	തയ്യൽ വ്യവസായ കേന്ദ്രം	30	-	30
13.	മത്സ്യ ബന്ധനം, വിപണനം	183	328	511
14.	മിൽമാ ചില്ലിംഗ് പ്ലാൻറ്	18	2	20
15.	പ്രിൻറിംഗ് പ്രസ്സ്	14	6	20
	ആകെ മൊത്തം			2560

പ്രശ്നങ്ങൾ :

1. പരമ്പരാഗത വ്യവസായമായ നെയ്ത്ത്, കൂട്ട മെടയൽ എന്നിവ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
2. ദിനേശ് ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘത്തിലെ തൊളിലാഴികൾ തൊഴിൽ ഭീഷണി നേരിടുകയാണ്.
3. ഗൾഫ് മേഖലയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം
4. രൂക്ഷമായ വോൾട്ടേജ് ക്ഷാമവും, അപ്രഖ്യാപിത പവർക്കട്ടും.
5. യന്ത്രവൽക്കൃത കല്ലുവെട്ടു വ്യവസായം സൃഷ്ടിക്കുന്ന തൊഴിൽ തർക്കങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ
6. സ്വകാര്യ ബീഡി മേഖലയിലെ തൊഴിൽ അസ്ഥിരതയും, തൊഴിൽ പ്രശ്നങ്ങളും
7. നിർമ്മാണ സാമഗ്രികളുടെ തുടർച്ചയായ വില വർദ്ധവവും, കൂലികൂടുതലും.
8. വ്യവസായ സംരംഭകർക്ക് ലൈസൻസ്, ബാങ്ക് വായ്പ തുടങ്ങിയവ ലഭിക്കുന്നതിലുള്ള കാല താമസം; നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങൾ.
9. ആരോഗ്യ രംഗത്ത് ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

സാദ്ധ്യതകൾ:-

1. കുടിൽ വ്യവസായം എന്ന രീതിയിൽ ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ ഉപയോഗപ്പെടുത്തി ജാം, ജെല്ലി, സ്കാഷ് എന്നിവയുടെ നിർമ്മാണം.
2. ചെരുപ്പ്, കുട, നോട്ടു ബുക്ക്, സ്കൂൾ ബാഗ്, ബാൻഡേജ്, ആൽബം, പുകയില ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം.
3. അച്ചാർ നിർമ്മാണം, കശുവണ്ടി, കശുമാങ്ങ, പച്ചക്കറി, മത്സ്യം എന്നിവയുടെ സംസ്ക്കരണം.
4. ആടു വളർത്തൽ, കോഴി വളർത്തൽ, പശു വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ എന്നിവയും അനുബന്ധ വ്യവസായമായ കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവയുടെ നിർമ്മാണവും.
5. ചകിരി, ചിരട്ട, ഈർക്കിൽ ഇവ ഉപയോഗിച്ചുള്ള വൈവിധ്യ ഉൽപ്പന്നങ്ങൾ.
6. കൊപ്രയും അനുബന്ധ വ്യവസായങ്ങളും.
7. ക്ഷീരോൽപ്പാദന - വിതരണ കേന്ദ്രം.
8. നേന്ത്രക്കായ, ചക്ക, കപ്പ ഇവ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം.
9. കറി പൗഡർ, ആട്ട, റവ, മൈദ, അലക്കു പൗഡർ, ക്ലീനിങ്ങ് പൗഡർ, സോപ്പ്, മെഴുകുതിരി എന്നിവ നിർമ്മിക്കൽ.
10. റെഡിമെയ്ഡ് ഉടുപ്പു നിർമ്മാണം.
11. ചെമ്മീൻ കൃഷി, കൂൺ കൃഷി, പൂവ് കൃഷി എന്നിവ സഹകരണ മേഖലയിൽ കൊണ്ടുവരൽ.
12. സഹകരണ സംഘം വഴി കാർപെൻറി വ്യവസായം.
13. സോഫ്റ്റ് ഡ്രിംഗ്സ് വ്യവസായം.
14. സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി സന്നദ്ധ - സാങ്കേതിക - തൊഴിൽ സേന രൂപീകരണം.
15. ചെറുകിട വൈദ്യുത പദ്ധതികൾ, സ്വയം തൊഴിൽ പഞ്ചായത്തു തല വായ്പ.
16. വ്യവസായ സെമിനാർ വഴി ബോധവൽക്കരണം.
17. ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരെ മുൻനിർത്തി കായലോര റസ്റ്റോറൻറ്, മൊബൈൽ ഹോട്ടൽ എന്നിവയുടെ രൂപീകരണം.

രൂപം കൊടുക്കേണ്ടുന്ന പദ്ധതികൾ : -

സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വ്യവസായ വൽക്കരണം. കാര്യമായ വ്യവസായങ്ങൾ ഒന്നും തന്നെയില്ലാത്ത ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് വളരേയധികം പ്രാധാന്യവും, സാദ്ധ്യതയുമുണ്ട്. രൂക്ഷമായ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന ഒരു പഞ്ചായത്തു കൂടിയാണ്. ജില്ലാ പഞ്ചായത്തുമായോ, സർക്കാരുമായോ ബന്ധപ്പെട്ട് വൈദ്യുതി ക്ഷാമം പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമം വേണം. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും അനുമതി നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിനു കൈമാറുകയും വേണം. വാണിജ്യ സ്ഥാപനങ്ങളുടെ വായ്പാ സമ്പ്രദായം ലഘൂകരിച്ച് കാല താമസം ഒഴിവാക്കാനുള്ള നടപടികൾ അധികൃതരിൽ നിന്നും ഉണ്ടാവണം. അടിസ്ഥാനപരമായി പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ വൽക്കരണ പ്രക്രിയയാണ് അഭികാമ്യം. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തേണ്ടത് സമഗ്രമായ വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

1. പരമ്പരാഗത വ്യവസായമായ പായ് നെയ്ത്ത്, കൂട്ട മെടയൽ എന്നിവ സഹകരണ സംഘത്തിൻ കീഴിൽ കൊണ്ടു വന്ന്, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുകയും; ഉൽപ്പന്നങ്ങളുടെ വിപണനവും, ന്യായവിലയും ഉറപ്പു വരുത്തുകയും വേണം.
2. പൂട്ടിക്കിടക്കുന്ന ഹോസ്ദുർഗ് താലൂക്ക് കാർപെൻറി വർക്കേഴ്സ് സഹകരണ സംഘം പ്രവർത്തനക്ഷമമാക്കണം.

   അതോടൊപ്പം തന്നെ പാടിക്കാനം ആസ്ഥാനമായി ഒരു കാർപെൻറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.
3. ആട്. കോഴി, പശു, പന്നി എന്നിവ വളർത്തുന്നതോടൊപ്പം തന്നെ അവയ്ക്കാവശ്യമായ തീറ്റയും നിർമ്മിച്ച് ന്യായവിലയ്ക്ക് നൽകാൻ ആവശ്യമായ ശ്രമവും വേണം.
4. നേന്ത്രക്കായ, ചക്ക, കപ്പ എന്നിവയിൽ നിന്നും ചിപ്സ്, ഇളനീരിൽനിന്ന് ജൂസ് ,നാളികേരത്തിൽ നിന്ന് നാളികേരം ക്രീം, നാളികേരപ്പൊടി എന്നിവ നിർമ്മിക്കാനാവശ്യമായ വ്യവസായ സംരംഭങ്ങൾ തുടങ്ങണം.
5. ചിരട്ട കൊണ്ടും, ചകിരി നാരുകൊണ്ടുമുള്ള വ്യാവസായിക ഉൽപ്പന്നങ്ങൾ, ഈർക്കിൽ കൊണ്ടു ടൂത്ത് പിക്സ് (Tooth Picks) എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കണം.
6. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ് കാൽ, ഇഷ്ടിക, ഹോളോബ്രിക്സ് ഇവ നിർമ്മിക്കാനാവശ്യമായ വ്യവസായങ്ങൾ തുടങ്ങണം.
7. അലക്കു പൗഡർ, ക്ലീനിങ്ങ് പൗഡർ, സോപ്പ് ഇവയുടെ നിർമ്മാണം പഞ്ചായത്തിൽ തന്നെ ആരംഭിക്കണം.
8. മത്സ്യ സംസ്ക്കരണം, പഴം - പച്ചക്കറി സംസ്ക്കരണം, കശുമാങ്ങ സംസ്ക്കരണം, കശുവണ്ടി സംസ്ക്കരണം, തൊണ്ടു സംസ്ക്കരണം എന്നീ യൂണിറ്റുകൾ ആരംഭിക്കണം.
9. അച്ചാർ, പപ്പടം ,കറിയുപ്പ്, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിച്ച് വിതരണം നടത്തുന്നതോടൊപ്പം, 'സോഫ്റ്റ് ഡ്രിംഗ്സ് ' വ്യവസായവും ആരംഭിക്കണം.
10. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പ്രോത്സാഹിപ്പിക്കണം.
11. നോട്ടു ബുക്ക്, കുട, ആൽബം, ബാൻഡേജ് എന്നിവയുടെ നിർമ്മാണം തുടങ്ങണം.
12. കൈത്തറി വ്യവസായം പരിപോഷിപ്പിക്കണം.
13. ബേക്കൽ, വിനോദ സഞ്ചാര പദ്ധതി നടപ്പിൽ വരുന്നതോടു കൂടി കായലോര ഹോട്ടലുകൾ, സഞ്ചരിക്കുന്ന ഹോട്ടലുകൾ എന്നിവ ആവിഷ്ക്കരിക്കണം.

14. യന്ത്രവൽകൃത കല്ലുവെട്ട് വ്യവസായം മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, കിഴക്കുംകര എ. സി. ഓട്ടോമൊബൈൽസിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ , മിഠായി, ബിസ്ക്കറ്റ് നിർമ്മാണശാലയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ ഇവ ആരോഗ്യ രംഗത്തും, കാർഷിക രംഗത്തും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതു കൊണ്ടും ശാസ്ത്രീയമായി പരിഹാരം കണ്ടെത്താൻ ശ്രമം വേണം.

15. ദിനേശ് ബീഡി തൊഴിലാളികളുടെ നിലവിലുള്ള തൊഴിൽ നഷ്ടപ്പെട്ടാൽ പുനരധിവാസം സാധ്യമാക്കണം. അതുപോലെ തന്നെ ഗൾഫ് മേഖലയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരെ ഉൾപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കണം.

16. മുസ്ലിം വനിതകൾ തൊപ്പി നിർമ്മാണത്തിൽ നിന്നും പുറകോട്ടു പോയിട്ടുണ്ട്. അവരെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കണം. അതുപോലെ തന്നെ കള്ളിൽ നിന്നും ശർക്കര നിർമ്മിക്കുന്ന കുടിൽ വ്യവസായം സംരക്ഷിക്കപ്പെടേണ്ടതാണ്.

17. ഇതിനൊക്കെ പുറമെ വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ താഴെപ്പറയുന്ന നടപടികൾ കൂടി സ്വീകരിക്കേണ്ടതുണ്ട് :-

a) വ്യവസായ സെമിനാറുകൾ സംഘടിപ്പിച്ച് ആവശ്യമായ ബോധവൽക്കരണവും പ്രോത്സാഹനവും നൽകുകയും, വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി 'സാങ്കേതിക തൊഴിൽ' സേന രൂപീകരിക്കുകയും വേണം.

b) ചെറുകിട, കുടിൽ വ്യവസായങ്ങളിൽ നിന്ന് ജനങ്ങൾ പിന്തിരിഞ്ഞ് നിർമ്മാണ മേഖലയിലേക്ക് പോകുന്നത് തടയണം

c) വ്യവസായം തുടങ്ങുന്നതിനാവശ്യമായ ധനസഹായം , വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ യഥാസമയത്തും ആവശ്യമായ അളവിലും നൽകുക.

d) ചാലുങ്കാൽ- ചാമുണ്ടിക്കുന്ന് റോഡിനെ വേർതിരിക്കുന്ന പാറക്കടവ് പാലം യാഥാർത്ഥ്യമാക്കുക.

e) മഡിയൻ പ്രദേശത്തെ പാണന്തോട് ഹരിജൻ കോളനി വഴി ദേശീയ പാതയോട് ബന്ധിപ്പിക്കുന്ന കോടാട്ട് പാലം നിർമ്മിക്കുക.

f) പഞ്ചായത്തിലെ ജലസ്രോതസ്സുകളുപയോഗിച്ച് മിനി വൈദ്യുത പദ്ധതികൾ ആരംഭിക്കുക.

g) വൈദ്യുതി എത്തിയിട്ടില്ലാത്ത മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.

i) മിൽമാ ചില്ലിംഗ് പ്ലാൻറിന്റെ മാലിന്യ ശുദ്ധീകരണ പ്ലാൻറ് അനുവദിക്കണം.

ആശംസകൾ

22 കാരറ്റ് സ്വർണ്ണത്തിൽ തീർത്തെടുത്ത സ്വർണ്ണാഭരണങ്ങളുടെ
അനന്തമായ ശേഖരം

കുറുവാട്ട് ജ്വല്ലേഴ്സ്

കൈലാസ് തീയേറ്ററിന് എതിർവശം കാഞ്ഞങ്ങാട്

ആശംസകൾ....

കല്ല്യാണ സാരികൾക്കും റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും

അഷറഫ് ഫാബ്രിക്സ്

(സമ്പൂർണ്ണ കുടുംബ വസ്ത്രാലയം)

കോട്ടച്ചേരി,കാഞ്ഞങ്ങാട്

ഗ്രാം: ഫാബ്രിക്സ് ഫോൺ: 0499- 704799,704727

കല്ല്യാണസാരി വിഭാഗം

മൈലാഞ്ചി

റെഡിമെയ്ഡ് കൗണ്ടർ

പുളകം



വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വിദ്വാൻ.പി.കേളുനായരുടെയും ശ്രീ.എ.സി.കണ്ണൻ നായരുടെയും നേതൃത്വത്തിൽ 1926-മെയ് 22ന് അജാനൂർ പഞ്ചായത്തിലെ വെള്ളിക്കോത്ത് ആരംഭിച്ച ദേശീയ വിദ്യാലയമായ വിജ്ഞാന ദായിനി സംസ്കൃത പാഠ ശാലയാണ് ഈ ഗ്രാമപഞ്ചായത്തിലെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം.സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷ്,കർണ്ണാടക എന്നീ ഭാഷകളും കൈത്തൊഴിലും പഠിപ്പിച്ചിരുന്ന പ്രസ്തുതസ്ഥാപനം അന്നത്തെ ഒരു ഗ്രാമീണ സർവ്വകലാശാല തന്നെയായിരുന്നു സർവശ്രീ കെ.ടി കുഞ്ഞിരാമൻ നമ്പ്യാർ, കോട്ടയിൽകേളുനായർ,എ.എം.കുഞ്ഞമ്പുനായർ,കോട്ടയിൽ കേളുനായർ, വി.എം.കൃഷ്ണൻ നായർ, എം.കൃഷ്ണൻ ഗുരുക്കൾ എന്നിവർ പ്രതിഫലം പറ്റാത്ത സേവനമനുഷ്ഠിച്ചിരുന്ന വിജ്ഞാന ദായനിയിലെ അധ്യാപകരായിരുന്നു.

മഹാത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് ജനങ്ങളിൽ ദേശീയ ബോധം വളർത്താനും ഗ്രാമ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ അന്ത:സ്സത്ത പ്രയോഗികമാക്കുന്നതിനും വേണ്ടി പ്രചാരണം നടത്തുക എന്നത് വിജ്ഞാനദായിനി ദേശീയ സ്കൂൾ പ്രധാന ദൗത്യമായി ഏറ്റെടുത്തിരുന്നു.ഇതിനുള്ള മാധ്യമ മായി നടനും നാടക കൃത്തും കവിയും ഗായകനും അധ്യാപകനുമായ കേളു നായർ ദേശീയ സ്കൂൾ നാടക വേദിയും ആരംഭിച്ചു.അയിത്തത്തിനും അനാചാരങ്ങൾക്കും എതിരെ പ്രതികരിക്കുന്ന പക്കാനാർചരിതം,കൈ തൊഴിലിന്റെ മഹത്വം വിളിച്ചോതുന്ന കബീർദാസ് ചരിതം തുടങ്ങിയ കേളുനായർ തന്നെ എഴുതി സംവിധാനം ചെയ്ത അവതരിപ്പിച്ച നാടകങ്ങൾ അവയിൽ ചിലത് മാത്രമാണ്.

മഹാത്മജിയോടൊപ്പം പ്രവർത്തിച്ചിരുന്ന ഗുജാറാത്ത് സ്വദേശി ശ്രീ.ഛോട്ടാലാൽ ഭട്ട് എന്ന സാമൂഹ്യ പ്രവർത്തകൻ 1927 -ൽ ഗാന്ധിജിയുടെ നിർദ്ദേശ പ്രകാരം വിജ്ഞാന ദായിനിയിൽ വരികയും ഖാദിപ്രചരണം മുതലായ നിരമ്മാണാത്മക പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുയും ചെയ്തിരുന്നു.

ബ്രീട്ടിഷ് ഗവൺമെൻറ് വിജ്ഞാനദായിനിയെ അംഗീകരിക്കാനും സഹായധനം നൽകാനും തീരുമാനിക്കുകയു ണ്ടായി.എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ദേശീയആവശ്യം നിറവേറ്റുവാൻ സ്ഥാപിച്ച ഒരു വിദ്യാലയത്തിന് ബ്രീട്ടിഷ് ഗവൺമെൻറിന്റെ സഹായം സ്വീകരിക്കുന്നത് ദേശീയ വിരുദ്ധമാണെന്ന നിലപാടെടുത്തു കൊണ്ട് കേളുനായർ ഗ്രാൻറ് നിരസിക്കുയാണ് ഉണ്ടായത്. വീടുകൾതോറും നടന്ന് പിടിയരി ശേഖരിച്ചുണ്ടാക്കിയ ഫണ്ട് കൊണ്ടായിരുന്നു വിദ്യാലയത്തിന്റെ നിത്യനിദാന ചെലുവകൾ നിർവ്വഹിച്ചിരുന്നത്.പാവ പ്പെട്ട കുട്ടികൾക്ക് ഉച്ച ക്കഞ്ഞി നൽകാനും കേളു നായർ പിടിയരി പ്രസ്ഥാനം പ്രയോജനപ്പെടുത്തിയിരുന്നു.

ഒരു കാലത്ത് ഹോസ് ദുർഗ്ഗ് താലൂക്കിലെ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക സൗകര്യമായി വളരെ കാലം പ്രവർത്തിച്ച ഈവിദ്യാലയം ഇന്ന് മഹാകവി പി.സ്മാരക ഗവൺമെൻറ് വെക്കേഷണൽ ഹയർ സെക്കെൻററി വിദ്യാലയമായി ഉയർന്ന് വന്നിരിക്കയാണ്.

ലോകത്തിന്റെ നാനഭാഗങ്ങളിൽ നിന്നും ശാന്തിതേടി വിവിധ ജാതി മതസ്ഥർ എത്തുന്ന ആനന്ദാശ്രമത്തിന്റെ സ്ഥാപകനും പ്രശസ്ത പണ്ഡിതനും എഴുത്തകാരനുമായിരുന്ന സ്വാമി രാം ദാസ് 1946-ൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ഹരിജനങ്ങൾക്ക് വേണ്ടി ആരംഭിച്ച ശ്രീ കൃഷ്ണ വിദ്യാലയം ഇന്ന് ആ മഹദ് വ്യക്തിയുടെ സ്മാരകമായി നില കൊള്ളുന്നു.സ്വാമി രാം ദാസ് സ്മാരക ഗവൺമെൻറ് ഹരിജൻ വെൽഫെയർ ഹൈസ്കൂളായി ഉയർത്തിയിരിക്കെയാണ്.

ഇപ്പോൾപഞ്ചായത്തിൽപ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വിദ്യാലയങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.[പട്ടിക-1]

പഞ്ചായത്തിലെഹൈസ്കൂളുകളിൽ എസ്.എസ്.എൽ.സി വിജയ ശതമാനം വളരെ മോശമാണെന്ന് തന്നെപറയാം.92-93 അധ്യായന വർഷത്തിൽ നൂറ് ശതമാനം വിജയം വരിച്ച നമ്മുടെ പഞ്ചായത്തിലെ ഗവൺമെൻറ് ഹൈസ്കൂളായ എസ്.ആർ.എം.ജി.ഡബ്ല്യൂ.എച്ച്.എസിൻെറ ഇന്നത്തെ നിലവാരം താരതമ്യം ചെയ്യുമ്പോൾസ്ഥിതി വളരെ മോശമാണെന്ന് തന്നെ പറയേണ്ടിവരും.സ്ഥിരമായി ഹെഡ്മാസ്റ്റർ മാരില്ലാത്തത് ഒരു പ്രധാന കാരണമായി പറയാമെങ്കിലും തക്കതായ മറ്റ് എന്തെങ്കിലും കാരണങ്ങൾ കൂടി ഉണ്ടായെന്ന് രക്ഷിതാക്കളും അധ്യാപകരും ഡിപ്പാർട്ട് മെൻറും കൂടിയിരുന്ന് വിശകലനം ചെയ്യേണ്ടതാണ്.എയ്ഡഡ് സ്കൂളുകൾ പൊതുവെ മെച്ചപ്പെട്ട നിലവാരമുള്ളവയാണെന്ന പൊതുധാരണയെ തിരുത്തുന്ന വിധത്തിലുള്ളതാണ് അജാനൂർ ഇഖ്ബാൽ ഹൈസ്കൂളിലെ വിജയ ശതമാനം എന്ന് കാണുന്നു.

[പട്ടിക-2 ഗ്രാഫ് വിജയ ശതമാനം]

വിജയിക്കുന്നവരിൽ തന്നെ ഉയർന്ന മാർക്ക് ലഭിക്കുന്ന ഏതാനും കുട്ടികൾക്ക് മാത്രമാണ് ദൂരെയുള്ള റഗുലർ കോളേജുകളിലും മറ്റ് സാങ്കേതിക സ്ഥാപനങ്ങളിലും പ്രവേശനം ലഭിക്കുന്നത്.ബാക്കിയുള്ള ബഹു ഭൂരിപക്ഷം പേരും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാല് പാരലൽ കോളേജുകളെയും മറ്റ് സ്ഥലങ്ങളിലുള്ള സമാന്തര സംവിധാനങ്ങളെയും ആശ്രയിക്കുയാണ് ചെയ്യുന്നത്.അജാനൂർ ഗ്രാമ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഗ്രാമ സഭകളിൽ ശക്തമായി ഉയർന്ന് വന്നിട്ടുണ്ട്.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തി കാണുന്നത് സാംസ്കാരിക കേന്ദ്രമെന്ന് വിശേഷിപ്പിക്കുന്ന വെളളിക്കോത്ത് മഹാകവി പി.സ്മാരക ഗവൺമെൻറ് ഹൈസ്കൂളിൽ നിന്നാണ്.249 പേർ.അതിൽ 18 പട്ടിക ജാതിയിൽപ്പെട്ട കുട്ടികളാണ്. മത്സ്യത്തൊഴിലാളി മേഖലായ അജാനൂർ കടപ്പുറം ജി.എഫ്.യുപി.യിൽ നിന്ന് 98 കുട്ടികളും ഇക്ബാൽ ഹൈസ്കൂളിൽ നിന്ന് 43 കുട്ടികളും പഠനം നിർത്തിയതായി കാണുന്നു.കൂടുതൽ വിവരങ്ങൾ പട്ടിക 3 ൽ നിന്ന് മനസ്സിലാക്കാം.

[പട്ടിക -3 കൊഴിഞ്ഞ് പോക്ക്]

പ്രീ പ്രൈമറി രംഗത്ത് പ്രധാനമായും പ്രവർത്തിക്കുന്നത് അംഗൺ വാടികളാണ്.ചില പ്രദേശങ്ങളിൽ ആവശ്യത്തിന് അംഗൺ വാടികളില്ല എന്ന പരാതികൾ ഗ്രാമ സഭാചർച്ചകളിൽ ഉണ്ടായിട്ടുണ്ട്.ചിത്താരിയിലും വാണിയമ്പാറയിലും താമസിക്കുന്ന ഭാഷാന്യൂനപക്ഷങ്ങളിൽപ്പെട്ടവരുടെ കുട്ടികൾക്കുവേണ്ടി കർണ്ണാടക മാധ്യമത്തിലും അംഗൺ വാടികളും പ്രാഥമിക വിദ്യാലയങ്ങളും വേണമെന്ന നിർദ്ദേശങ്ങളും അത്തരം പ്രദേശങ്ങളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്.വികസന രേഖയുടെ സാമൂഹ്യക്ഷേമം എന്ന വിഷയവുമായി ബന്ധപ്പെടുത്തി അജാനൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൺ വാടികളെ സംബന്ധിച്ച പട്ടികയിൽ വിശദമായ പ്രതിപാദിച്ചിട്ടുണ്ട്.ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി അനന്ദാശ്രമാപരിസരത്ത് റോട്ടറി ക്ലബിൻെറ വകയായി ഒരു ആശ്വാസ കേന്ദ്രം പ്രവർത്തിക്കുന്നു.

ഗവൺമെൻറ് പണത്തിൻെറ സ്വാധീനം മൂലം പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിലെ കുട്ടികൾ പൊതുവെ വിദ്യാഭ്യാസത്തിൽ താലപ്പര്യം കാണിക്കാത്തവരാണെന്ന പരാതി പ്രബലമായിട്ടുണ്ട്.മദ്രസ പഠനം മുസ്ലിം വിദ്യാർത്ഥികളുടെ ഔപചാരിക വിദ്യാഭ്യാസത്തെ ബാധിക്കുന്നു എന്ന അഭിപ്രായവുമുണ്ട്.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിൻെറ ഭാഗമായി ഗ്രാമ പഞ്ചായത്ത് തന്നെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവുംകൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പാരീതോഷികങ്ങൾ നൽക്കുന്നണ്ട് .ഏതാനും സന്നദ്ധ സംഘടനകളും വിദ്യാർത്ഥികൾക്കാവശ്യമായ പ്രോത്സാഹനം നൽക്കാൻ മുന്നോട്ടു വരുന്നുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളിൽ വിദ്യാലയങ്ങളിലെ അക്കാദമിക്ക് നിലവാരം ഭൗതിക സാഹചര്യങ്ങൾ,മറ്റ് പ്രാഥമിക സൗകര്യങ്ങൾ എന്നിവ വിലയിരുത്തുകയും പഠന നിലവാരത്തകർച്ച,സമരം കൊണ്ടും മറ്റു മുണ്ടാക്കുന്ന അധ്യയന ദിവസങ്ങളുടെ നഷ്ടം, പാഠ പുസ്തകങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം,അധ്യാപക വിദ്യാർത്ഥി അനുപാതം,പി.ടി.എ.മാതൃ സംഘം മുതലായവയുടെ പ്രവർത്തനം, ഉച്ചക്കഞ്ഞി,പുതിയ വിദ്യാലയങ്ങളുടെ ആവശ്യകത അധ്യാപകരുടെ പുന:പരിശീലനം;കൂട്ടക്ലാസ് കയറ്റം;മൂല്യ നിർണ്ണയം,പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തി.

അക്കാദമിക്ക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചേടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.അധ്യാപകൻെറ ഗിരി പ്രഭാഷണം മാത്രം കേട്ട് കൃത്രിമമായ ചോദ്യോത്തര മെഴുതലിലൂടെ ദിവസം തളളി നീക്കി മന:പാഠമാക്കുക എന്ന ഏക പഠന പ്രവർത്തനം മാത്രം നടത്തി ക്ലാസുമുറികളിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരുന്ന സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ അത്യന്താപേക്ഷിതമാണ്.ലൈബ്രറി,ലാബ്,ദൃശ്യ ശ്രാവ്യോപകരണങ്ങൾ വിവിധ തരം പഠനോപകരണങ്ങൾ ,വൃത്തിയും വലുപ്പമുള്ള ബോർഡുകൾ,ആവശ്യത്തിന് ഫർണിച്ചറുകൾ എന്നിവയുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയായി നിലനിൽക്കുകയാണ്.

[പട്ടിക 4- ഭൗതിക സാഹചര്യങ്ങൾ]

[പട്ടിക5-അക്കാദമിക്ക് സൗകര്യങ്ങൾ]

ദൃശ്യ മാധ്യമങ്ങളിലെ വിദ്യാഭ്യാസ മൂല്യമില്ലാത്ത പരിപാടികളോടുള്ള ആഭിമുഖ്യം,നിലവാരംകുറഞ്ഞ പ്രസീദ്ധികരണങ്ങളുടെ പ്രചാരണം എന്നിവ വിദ്യാർത്ഥികളാൽ അനഭിലഷണിയ പ്രവണതകൾഉളവാക്കുന്നു.സദാ സമയവും ട്യൂഷൻ ക്ലാസുകളെ ആശ്രയിക്കുക,നിലവാരം കുറഞ്ഞ ഗൈഡ് ബുക്കുകൾ ഉപയോഗിക്കുക എന്നിവയും നിരുത്സാഹപ്പെടുത്തേണ്ട ഘടകങ്ങൾ തന്നെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് നടത്തുന്ന വിജ്ഞാനോത്സവങ്ങളോട് കുട്ടികളും രക്ഷിതാക്കളും അഭിമുഖ്യംകാട്ടിത്തുടങ്ങിയിട്ടുണ്ട്.അതിന്റെ ഭാഗമായി യൂറീക്ക /ശാസ്ത്ര കേരളം തുടങ്ങിയ വിജ്ഞാന മാസികകൾ വായിക്കാനും പുതിയ പഠന ബോധന മൂല്യ നിർണ്ണയരീതികളിൽ വിദ്യാർത്ഥികൾ,അധ്യാപകർ,രക്ഷിതാക്കൾഎന്നിവർക്ക്താല്പര്യംഉണർത്താനംസാധിക്കുന്നുണ്ട്.ഡി.പി.ഇ.പി. പദ്ധതി സജീവമാക്കുകയും എല്ലാം വിദ്യാലയങ്ങളിലും അവശ്യപഠനനിലവാരസംമ്പ്രദായം വ്യാപിക്കുകയും ചെയ്താൽ ഇന്നത്തെനിലവാരത്തകർച്ച ഒരു പരിധിയോളം പരിഹരിക്കാൻ സാധിച്ചേക്കും.

പ്രശ്നങ്ങൾ

പഠന നിലവാരം വളരെ മോശമാണ്.

7-ാംതരം വരെ വിദ്യാർത്ഥികളിൽ അക്ഷര ബോധം ഉറക്കാത്തവർ ധാരളമുണ്ട്.

പി.ടി.എ, മാതൃ സംഘം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമ മല്ല.

രക്ഷിതാക്കളിൽ ബോധവൽക്കരണത്തിന്റെ കുറവുണ്ട്.

പ്രാഥമിക സൗകര്യങ്ങൾ മുത്രപ്പുര,കക്കൂസ് തുടങ്ങിയവ ഒരു വിദ്യാലയത്തിലും വേണ്ടത്രയില്ല.തീരെ സൗകര്യമില്ലാത്ത വിദ്യാലയങ്ങളുംഉണ്ട്.ലൈബ്രറി ലാബ് സൗകര്യങ്ങൾ വളരെ പരിമിതമാണ്.

കളിസ്ഥലങ്ങൾ മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിനില്ല.

പ്രീ പ്രൈമറി സൗകര്യങ്ങളുടെ കുറവുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളോ പഞ്ചായത്തിൽ ഒന്നുപോലുമില്ല.

ഗവൺമെൻറ് വിദ്യാലയങ്ങൾ അധ്യാപക ക്ഷാമം നേരിടുന്നു.

ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് വിദ്യാലയങ്ങളോടുള്ള ഭ്രമം കൂടുന്നു.

വയനാശീലം വർധിപ്പിക്കാൻ വായന ശാലകളൊ ക്ലബ്ബുകളൊ ശ്രമിക്കുന്നില്ല.

സാക്ഷരതാ പ്രവർത്തനം സജീവമല്ല.

വിദ്യാലയങ്ങളിൽ പലതിലും കുടിവെള്ള സൗകര്യമില്ല.

സർക്കാർ വിദ്യാലയങ്ങളുടെ അറ്റ കുറ്റപ്പണി വേണ്ട സമയത്ത് നടക്കുന്നില്ല.

ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള രാവണേശ്വരം സ്കൂളിൽ കെട്ടിട സൗകര്യം വളരെ കുറവാണ്.എൽ.പി വിഭാഗം പ്രവർത്തിക്കുന്നത് വളരെ അകലെയാണ്.

വെള്ളിക്കോത്ത് മഹാകവി പി.സ്മാരക ഗവൺമെൻറ് ഹൈസ്കൂളിലും എൽ.പി വിഭാഗം പ്രധാന കെട്ടിടത്തിൽ നിന്ന് അകലെയായതിനാൽ പല അസൗകര്യങ്ങളും ഉണ്ടാക്കുന്നു.

ഹാളുകളിൽ പ്രവർത്തിക്കുന്നതുകൊണ്ട് ക്ലാസുകൾ തമ്മിൽ വേർതിരിക്കാനുള്ള സൗകര്യം മിക്ക വിദ്യാലയങ്ങളിലുമില്ല.

വിദ്യാഭ്യാസ വർഷാരംഭത്തിനു ശേഷം അധ്യാപകർ സ്ഥലം മാറിപോകുന്നത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

വിദ്യാലയങ്ങളിലെ ആരോഗ്യ പരിശോധന ഫലപ്രദമല്ല.

കൊഴിഞ്ഞു പോക്ക് നേരിയ തോതിലെങ്കിലും ഇപ്പോഴുമുണ്ട്.

ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷ പഠിക്കാൻ സൗകര്യങ്ങളില്ല.

വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചുള്ള വാർഷികോത്സവങ്ങൾ,സാഹിത്യസമാജങ്ങൾ എന്നിവ അപ്രത്യക്ഷമായിരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

പഠന നിലവാരം മെച്ച പ്പെടുത്താൻ സ്കൂൾ കോംപ്ലക്സുകളിലൂടെയുള്ള അധ്യാപകരുടെ കൂട്ടായ യത്നം വേണം.

പി.ടി.എ , മാതൃ സംഘം എന്നിവ ശക്തവും പ്രവർത്തന നിരതവുമാക്കണം.

പുതിയ ബോധന തന്ത്രങ്ങൾ,പഠന പ്രവർത്തനങ്ങൾ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് അധ്യാപകർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുക.

പഠനോപകരണങ്ങൾആവശ്യത്തിന് ഉപയോഗിക്കുന്നതിനു സൗകര്യപ്പെടുമാറ് പഞ്ചായത്തു തലത്തിൽ ശില്പ ശാലകൾ സംഘടിപ്പിക്കുക.

ജനകീയ സഹകരണം ഉപയോഗപ്പെടുത്തുക.

സ്കൂൾ പരിശോധന രീതി പരിഷ്കരിക്കുക,പഞ്ചായത്തുതലത്തിൽ വിദഗ്ധന്മാരേയും വിദ്യാഭ്യാസ തല്പരരായ ആളുകളെയും ഉൾപ്പെടുത്തി വിദ്യാലയ സൗഹൃദസന്ദർശന സമിതിയെ രൂപപ്പെടുത്തുക.

തൊട്ടടുത്ത വിദ്യാലയങ്ങളിൽ തന്നെ വിദ്യാർത്ഥി കളെ ചേർത്തു പഠിപ്പിക്കാൻ രക്ഷാകർത്താക്കളെ സ്നേഹ പൂർവ്വം നിർബന്ധിക്കുക.

മാതൃ ഭാഷയിലുള്ള പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി ക്കൊടുക്കുക.

പ്രാഥമികആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള മൂത്രപ്പുര, കക്കൂസ്എന്നിവ എല്ലാവിദ്യാലയങ്ങളിലുംനിർമ്മിക്കുക.

കളിസ്ഥലങ്ങളുടെ കുറവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുക.

ലൈബ്രറി,ലാബോട്ടറി സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തുക. അവ ഉപയോഗപ്പെടുത്താനുള്ള താല്പര്യം അധ്യാപകരിലും കുട്ടികളിലും ഉണ്ടാക്കുക.

ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിനോടൊപ്പം കുടിവെള്ളത്തിനുള്ള സൗകര്യവും എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തുക.

എൽ.പി.വിദ്യാലയങ്ങളോടനുബന്ധിച്ച ശാസ്ത്രീയ മായ രീതിയിൽ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.

അധ്യാപകക്ഷാമം നേരിടാതിരിക്കാൻ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കുക.സ്ഥലം മാറ്റം സ്കൂൾ വർഷാരംഭത്തിന് മുമ്പ് നടത്തുക.

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ച് സാക്ഷരതാ പ്രവർത്തനവും തുടർ വിദ്യാഭ്യാസ പദ്ധതിയും കാര്യക്ഷമമാക്കുക.സന്നദ്ധ സംഘടനകളുടെ സേവനം ഈരംഗത്ത് ഉപയോഗപ്പെടുത്തുക.

വാടക കെട്ടിടങ്ങളിൽപ്രവർത്തിക്കുന്ന ഗവൺമെൻറ് വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

പൊതു ജനങ്ങളിൽ വായനാ ശീലം വളർത്തുന്നതിവനുവേണ്ടി പ്രവർത്തിക്കുന്ന കലാസമിതികൾക്കും വായന ശാലകൾക്കും പ്രോത്സാഹനം നൽകുക.

സ്കൂൾ കെട്ടിടങ്ങളുടെ അറ്റ കുറ്റ പ്പണികൾ കാലാകാലങ്ങളിൽ നടത്തുക.

സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനമെങ്കിലുംപഞ്ചായത്തിലെ ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുക.

ഉന്നത വിദ്യാഭ്യാസത്തിനുള്ള ഒരു കോളേജ് പഞ്ചായത്തിൽ ആരംഭിക്കുക.

രാവണേശ്വരം ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഉണ്ടാക്കുക.അവിടെയും വെള്ളിക്കോത്ത് മഹാകവി പി.സ്മാരക ഹൈസ്കൂളിലും വളരെ അകലെയായി ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.പി വിഭാഗത്തെ വേർപ്പെടുത്തി പ്രത്യേക വിദ്യലായങ്ങളാക്കുക.

ഹാളുകളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ ക്ലാസുകൾ വേർ തിരിക്കാനുള്ള ചുമരുകൾ കെട്ടുക.

വാണിയമ്പാറ, ചിത്താരി പ്രദേശങ്ങളിലുള്ള ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷയായ കർണ്ണാടകം തന്നെ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

കൊഴിഞ്ഞുപോക്ക് പൂർണ്ണമായി തടയാനുള്ള സംവിധാനം കണ്ടെത്തുക.

എല്ലാ ഹൈസ്കൂളുകളിലും എൻ.സി.സിയും എല്ലാ യു.പിസ്കൂളിലും സ്കൗട്ട്ആൻറ് ഗൈഡും നിർബന്ധമാക്കുക.പാഠ പുസ്തകങ്ങളുടെ ഉള്ളടക്കവും പ്രത്യേകിച്ച പ്രൈമറി ക്ലാസുകളിലെ പുസ്തകത്തിൻെറ വലിപ്പവും കുറക്കുക.

വിദ്യാലയങ്ങളെ കേന്ദ്രികരിച്ചുള്ള സാഹിത്യ സമാജങ്ങൾ, വാർഷികോത്സവങ്ങൾ എന്നിവ പുന:സ്ഥാപിക്കുക.

അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക. ഗ്രാമ സഭകളിൽ നിർദ്ദേശിക്കപ്പെട്ട തൊഴിലധിഷ്ടിത വിദ്യാഭ്യാസ സൗകര്യങ്ങൾ കൃഷി,മത്സ്യബന്ധനം എന്നീ വിഷയങ്ങൾ ഊന്നൽ നൽകി ആരംഭിക്കുക.

വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവർത്തനത്തിനുള്ള പിരിയഡുകൾ ഉപയോഗപ്പെടുത്തി കുട,നോട്ടു ബുക്കുകൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽക്കുക.

പട്ടിക-1

വിദ്യാർത്ഥികൾ ,അധ്യാപകർ

സ്കൂളിൻെറ പേര്	മനേജ്മെൻറ്	വിദ്യാർത്ഥികൾഎണ്ണം			പട്ടികജാതിവിദ്യാർത്ഥികൾ			അധ്യാപകർ എണ്ണം	
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	നിലവിലള്ളത്	ഒഴിവ്
1.അജാനൂർ ജി.എം.എൽ.പി.എസ്.	ഗവൺമെൻറ്	173	160	333	-	-	-	10	1
2.മുച്ചിലോട്ട് ജി.എൽ.പി.എസ്.	'' ''	55	47	102	2	-	2	3	1
3.മഡിയൻ ജി.എൽ.പി.എസ്	'' ''	95	86	181	-	-	-	6	-
4.ചിത്താരിസൗത്ത് ജി.എൽ.പി.എസ്	'' ''	85	70	155	-	-	-	6	-
5.കല്ലിങ്കാൽ ജി.എൽ.പി.എസ്	'' ''	74	53	127	-	-	-	4	-
6.മുക്കൂട് ജി.എൽ.പി.എസ്.	'' ''	92	76	168	2	7	9	5	1
7.മുട്ടും തല എ.എൽ.പി.എസ്	എയ്ഡഡ്	117	120	237	-	-	-	9	-
8.ക്രസൻറ് ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്	അൺ.എയ്ഡഡ്	78	58	136	-	-	-	5	-
9.പുതിയ കണ്ടം ജി.യു.പി.എസ്.	ഗവൺമെൻറ്	128	137	265	23	34	57	6	1
10.അജാനൂർ കടപ്പുറം	'' ''	277	274	551	-	-	-	14	2

ജി.എഫ്..യു.പി.എസ്.											
11.മാണിക്കോത്ത്	''	''	251	221	472	-	-	-	17		-
ജി.എഫ്.യു.പി.എസ്.											
12.ചിത്താരി	എയ്ഡഡ്		346	315	661	-	-	-	24		-
എച്ച്.ഐ.എ.യു.പി.എസ്.											
13.വേലേശ്വരം എ.യു.പി.എസ്	''	''	202	182	384	13	13	26	16		-
14.ബെളളിക്കോത്ത്	ഗവൺ മെൻറ്735		760		1495	30	25	55	47		2
എം.പി.എസ്.ജി.വി.എച്ച്.											
എസ്.എസ്.											
15.രാം നഗർ	''	''	469	452	921	32	34	66	29		-
എസ്.ആർ.എം.ജി.എച്ച്.											
ഡബ്യൂ.എച്ച്.എസ്.											
16.രാവണേശ്വരം ജി.എച്ച്..സ്.''	''		561	533	1094	35	39	74	41		-
17.അജാനൂർ ഐ.എച്ച്.	എയ്ഡഡ്		1011	950	1961	-	1	1	75		-
എസ്.എസ്											
18.ചിത്താരി ജമാഅത്ത് അൺ.എയ്ഡഡ്			62	114	176	-	-	-	9		-
ഹൈസ്കൂ൦											
	ആകെ		4811	4608	9419	137	153	290	326		8

പട്ടിക 3

കൊഴിഞ്ഞു പോക്ക്

നമ്പർ	എസ്.സി-എസ്.ടി			മറ്റുള്ളവർ			ആകെ കൊഴിഞ്ഞുപോയവർ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1. അജാനൂർ ജി.എം.എൽ.പി.എസ്	-	-	-	7	5	12	12
2. മുച്ചിലോട്ട് ജി.എൽ.പി.എസ്.	-	-	-	-	-	-	-
3. മഡിയൻ ജി.എൽ.പി.എസ്	-	-	-	-	-	-	-
4. ചിത്താരി സൗത്ത് ജി.എൽ.പി.എസ്	-	-	-	1	-	1	1

| | | |



കുടിവെള്ളവും പൊതുജനാരോഗ്യവും

ഏതൊരു നാട്ടിലെയും ജനതയുടെ ക്ഷേമം നില നിർത്തുന്ന സുപ്രധാനമായ ഘടകമാണെല്ലോ ആരോഗ്യം. ആരോഗ്യ രക്ഷാ മാർഗങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, ശുചിത്വമുള്ള പാർപ്പിടം എന്നിവയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. ആശുപത്രികൾക്കും മരുന്നിനും നൽകിവരുന്ന പ്രാധാന്യം അതേ അളവിൽ തന്നെ കുടിവെള്ളം വായു, ആഹാരം എന്നിവയ്ക്ക് കൂടി നൽകാൻ തയ്യാറാകുന്ന ഒരു ജന സമൂഹത്തിനു മാത്രമേ പൊതു ജനാരോഗ്യ രംഗത്ത് ശാശ്വതമായ നേട്ടം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലെന്ന പോലെ അജാനൂർ പഞ്ചായത്തിലെ ഭൂരി ഭാഗം ജനങ്ങളും കുടി വെള്ളത്തിനു പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെ തന്നെയാണ്. കുന്നിൻ പ്രദേശവും സമതലവും കടലോര പ്രദേശവും ഉൾക്കൊള്ളുന്ന പഞ്ചായത്തിലെ പല പ്രദേശങ്ങളിലും കുടി വെള്ളം മലിനമായതായി ഗ്രാമ സഭകളിലെ ചർച്ചകളിലൂടെ തെളിഞ്ഞു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ കുടി വെള്ളത്തിന്റെ സ്രോതസ് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

പട്ടിക 1

പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ ലഭ്യത	
ഇനം	കുടുംബങ്ങൾ
കിണർ	5882
പൊതു ടാപ്പ്	820
മറ്റുള്ളവ	--

ശുദ്ധജല വിതരണത്തിനു വേണ്ടി നിലവിലുള്ള പദ്ധതികൾ പഞ്ചായത്തിൽ വളരെ കുറവാണ്. കുളവയൽ പ്രദേശത്ത് നിന്ന് പമ്പ് ചെയ്യുകയും മാവുങ്കാലിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ നിന്ന് വിതരണം നടത്തുകയും ചെയ്യുന്ന കെ. ഡബ്ല്യു.എ.യുടെ ഒരു മിനി പദ്ധതിയാണ് ഇന്ന് നിലവിലുള്ളത്. വീട്ടാവശ്യങ്ങൾക്കായി ഈ പദ്ധതിയുടെ സേവനം ഉപയോഗപ്പെടുത്തുന്ന 820 കുടുംബങ്ങൾ ഇന്ന് പഞ്ചായത്തിലുണ്ട്. പഞ്ചാത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശുദ്ധജലമെത്തിക്കാൻ ഇത് പര്യാപ്തമല്ല. പല ഭാഗങ്ങളിലും പൊതു സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകൾ അല്പം ആശ്വാസം നൽകുന്നുണ്ട് എന്ന് സൂചിപ്പിക്കാതെ തരമില്ല. കടലോര പ്രദേശങ്ങളിൽ ഇതിനുള്ള സാധ്യത കുറവാണ്. കുഴൽ കിണറുകൾ അത്യാവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നും

പൊതു ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും വാട്ടർ സപ്ലൈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും ഉള്ള ആവശ്യങ്ങൾ പൊതുവേ ഗ്രാമ സഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഫിൽട്ടർ പൈപ്പുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിനു അയൽക്കാരുടെ കിണറുകളെ ആശ്രയിക്കുന്ന കുടുംബങ്ങൾ പഞ്ചാത്തിൽ കുറവല്ല. പൊതു കിണറുകളെ ആശ്രയിക്കുന്ന കുടുംബങ്ങളുമുണ്ട്. പഞ്ചായത്തിലെ ശുദ്ധജല വിതരണ സംവിധാനത്തിന്റെ ചിത്രം പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട്.

പട്ടിക 2

ശുദ്ധജല വിതരണ സംവിധാനം		
നമ്പർ	ഇനം	എണ്ണം
1.	ഫിൽട്ടർ പോയൻറ്	--
2.	വാട്ടർ കണക്ഷൻ	--
3.	പഞ്ചായത്ത് കുഴൽ കിണർ	15
4.	പഞ്ചായത്ത് കിണറുകൾ	--
5.	ടാങ്കുൾ	2
6.	പബ്ലിക്ക് ടാപ്പുകൾ	67

വേനൽ കാലത്ത് പല ഭാഗങ്ങളിലും ജല ക്ഷാമം രൂക്ഷമാണ്. 3979 കുടുംബങ്ങൾക്ക് വേനൽ കാലത്തും കുടിവെള്ളം ലഭ്യമാകുമ്പോൾ 2723 കുടുംബങ്ങൾക്ക് വേനൽ കാലത്ത് കുടിവെള്ളം വറ്റി പോകുന്നതായി സർവ്വേയിലൂടെ മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

വാർഡ് - സ്ഥലങ്ങൾ

ഗ്രാമ സഭകളിൽ നടന്ന ചർച്ചകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ശക്തമായി നടപടികൾ കൈക്കൊള്ളണമെന്ന ആവശ്യം എല്ലാം ഭഗങ്ങളിൽ നിന്നും ഉയർന്നിട്ടുണ്ട്.

കക്കൂസുകളുടെ അഭാവം ഡ്രൈനേജ് സംവിധാനങ്ങളുടെ അപര്യാപ്ത, നീർക്കെട്ടുകൾ, മലിനയ നിക്ഷേപങ്ങൾ , ചുറ്റു മതിലില്ലാത്ത കിണറുകൾ സാധാര പറമ്പുകളിലുള്ള ശ്മശാനങ്ങൾ തുടങ്ങിയവയെല്ലാം നിലവിലുള്ള കുടിവെള്ളത്തെ മലിനമാക്കുന്നതിന് കാരണ മായിത്തീരുന്നു. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾ താവെ സംഗ്രഹിക്കുന്നു.

പ്രശ്നങ്ങൾ

1. വേനൽ കാലത്ത് പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
2. വയലുകൾ നികത്തി കെട്ടിടം പണിയുന്നതു മൂലമുണ്ടാകുന്ന നീർക്കെട്ടുകൾ തീര പ്രദേശത്ത് കുടിവെള്ളം മലിനമാക്കുന്നു.
3. പൂഴി പ്രദേശത്തുള്ള കിണറുകളിലെ ജലം വേനൽക്കാലമാകുമ്പോൾ പാവി കെട്ടി മഞ്ഞ നിറം

പൂണ്ട് ഉപയോഗിക്കാനാവാതെ വരുന്നു.

4. ഡ്രൈനേജ് സംവിധാനത്തിന്റെ കുറവു മൂലം മാലിന്യ നിക്ഷേപങ്ങൾ കിണറുകളിലെത്തി കുടിവെള്ളത്തെ മലിനമാക്കുന്നു.

5. ദരിദ്രകുടുംബങ്ങൾക്ക് കിണർ കുഴിക്കാനുള്ള സാമ്പത്തിക ശേഷി ഇല്ല.

6. പൊതു ശ്മശാനങ്ങളുടെ അഭാവം ജല മലിനീകരണത്തിന് കാരണമാകുന്നു.

7. ജല വിതരണ പദ്ധതികൾ എല്ലാ ഭാഗത്തേക്കും വ്യാപിച്ചിട്ടില്ല. എല്ലാ സമയത്തും ജലം ലഭിക്കുന്നില്ല.

8. തുറന്ന സ്ഥലങ്ങളിലെ മല വിസർജനവും, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്ന് മലിന ജലം പൊതു സ്ഥലങ്ങളിലേക്ക് ഒഴുകുന്ന പ്രവണതകളും കുടിവെള്ളം ചീത്തയാകാൻ ഇടയാകുന്നു.

9. ജല സംരക്ഷണം അവയുടെ ഉപഭോഗം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധ വൽക്കരണം വേണ്ടത്ര ഉണ്ടായിട്ടില്ല.

10. കക്കൂസിന്റെ അഭാവം ഉള്ള വെള്ളവും മലിന മാക്കുന്നതിന് ഇടയാക്കുന്നു.

11. വർദ്ധിച്ച തോതിലുള്ള കീട നാശിനികളുടെ ഉപയോഗം ജലം വിഷമയമാക്കാൻ ഇടയാക്കുന്നു.

12. ചുറ്റു മതിലില്ലാത്ത കിണറുകൾ മലിനീകരണത്തിന് ഇടയാക്കുന്നു.

13. പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.

14. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കിണറിന്റെ അടി ഭാഗങ്ങളിൽ കരിങ്കല്ലുകൾ ഉണ്ടാകുന്നതു മൂലം കിണറുകളുടെ ആഴം കൂട്ടാൻ സാധിക്കുന്നില്ല.

15. കിണർ കുഴിക്കുന്നതിനുള്ള ധന സഹായം ഭൂ പരിധി നോക്കി അനുവദിക്കുന്നതു മൂലം ദരിദ്രർക്ക് ധന സഹായം ലഭിക്കാൻ ഇടയാകാതെ വരുന്നു.

16. പൊതു കിണറുകളുടെ സമീപത്ത് വെച്ച് വാഹനങ്ങൾ കഴുകുന്ന സമ്പ്രദായം മൂലം വെള്ളം ചീത്തയാകുന്നു.

17. അറവു കേന്ദ്രങ്ങൾ, മൽസ്യം വിൽക്കുന്ന പൊതു സ്ഥലങ്ങൾ ഇവ വെള്ളം മലിന മാക്കുന്നതിനിടയാക്കുന്നു.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. വേനൽ കാലത്ത് വറ്റിപോകുന്ന കിണറുകൾ നവീകരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും വാർഡു സമിതികളുടെ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം.

2. വെള്ളക്കെട്ട് ഇല്ലാതാക്കാൻ ഡ്രൈനേജ് സംവിധാനം മെച്ചപ്പെടുത്തുകയും കുടി വെള്ളം സംരക്ഷിക്കുയും വേണം.

3. പൊതു ജല വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുകയും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിപ്പിക്കുകയും പുതിയ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യണം. ഇതിനായി പൊതു ജനങ്ങളുടെ സഹായംതേടണം.

4. നിലവിലുള്ള ചുറ്റു മതിലില്ലാത്ത കിണറുകൾക്ക് ചുറ്റു മതിൽ കെട്ടാനുള്ള ധന സഹായം വായ്പയായി സബ്സിഡിയോടെ നൽകി വികസന സമിതിയുടെ സഹായത്തോടെ ഏകീകരിച്ച് നടപ്പിലാക്കണം.

5. സ്കൂളുകൾക്കും അംഗൻവാടികൾക്കും മറ്റു പൊതു സ്ഥാനപങ്ങൾക്കും ശുദ്ധജലം ലഭിക്കന്നതിന് കിണറുകൽ കുഴിക്കണം. ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം. തദ്ദേശീയമായി ജല സ്രോതസുകൾക്ക് മുൻഗണന നൽകണം.

6. സമ്പൂർണ സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കണം.

7. പൊതു കുഴൽ കിണറുകളുടെ കേടു പാടുകൾ യഥാ സമയം തീർക്കണം.

8. ജലത്തിന്റെ ഗുണ മേന്മ പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളണം. പൊതു വിതരണ സംവിധാനത്തിലൂടെ നൽകുന്ന ജലം നൂറു ശതമാനം ശുദ്ധമാക്കാൻ ശ്രദ്ധിക്കണം.

9. കുടിവെള്ളത്തിനു വേണ്ടി കിണർ കുഴിക്കാൻ അനുവദിക്കപ്പെടുന്ന സഹായ ധനം വക മറാതിരിക്കാൻ ശ്രദ്ധിക്കണം.

10 പുകയില കൃഷിക്കുപയോഗിക്കുന്ന ചല്ല്, വളം മൂലം കുടിവെള്ളം മലിനമാകുന്നില്ലെന്ന് ഉറപ്പു വരുത്തണം.

11. മൽസ്യ മാർക്കറ്റുകൾ അറവു കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും തള്ളിക്കളയുന്ന അവശിഷ്ടങ്ങൾ കുടിവെള്ളത്തെ മലിമാക്കാതിരിക്കാൻ നടപടി കൈക്കൊള്ളണം.

12. ജല സംരക്ഷണം, ഉപഭോഗം എന്നിവയെക്കുറിച്ച് ബോധ വൽക്കരണം ഉണ്ടാക്കാൻ സംവിധാനം വേണം.

13. കോളനികളിലും മറ്റും പൊതു കിണർ കുഴിച്ച് കുടി വെള്ള ക്ഷാമം പരിഹരിക്കണം. ഇങ്ങനെ നിർമ്മിക്കുന കിണറുകളുടേയും കുഴൽ കിണറുകളുടേയും സംരക്ഷണം അതാത് നിവാസികൾ ഏറ്റെടുക്കണം.

14. ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം. ഇതിന്റെ സംക്ഷണം പ്രാദേശിക സമിതികളെ ഏൽപ്പിക്കണം.

15. പൊതു കിണറുകളുടെ പരിസരം വഹനങ്ങൾ കഴുകി മലിന മാകാതിരിക്കാൻ ശ്രമിക്കണം.

16. പഞ്ചായത്ത് ജല വിതരണ പദ്ധതിയിലൂടെ ലഭിക്കുന്ന കുടിവെള്ളം ജല സേചനത്തിന് ഉപയോഗിക്കുന്ന രീതി നിരുൽസാഹപ്പെടുത്തണം.

17. പൊതു സ്ഥലങ്ങളിൽ മല മൂത്ര വിസർജ്ജനം ബോധവൽക്കരണത്തിലൂടെ നിയന്ത്രിക്കണം. ശാശ്വത പരിഹാരം കാണണം.

18. പാരമ്പര്യമായുള്ള ശുദ്ധജല സ്രോതസുകൾ, ഉറവകൾ എന്നിവ സംരക്ഷിക്കുകയും പരമാവധി ഉപയോഗിക്കാനും ശ്രമം വേണം.

19. മുനിസിപ്പാലിറ്റിയിൽ നിന്നും പഞ്ചായത്തിലേക്ക് മലിന ജലം ഒഴുകുന്നത് തടയണം.

20 പ്ലാൻറുകളിൽ നിന്ന് പൊതു സ്ഥലങ്ങളിലേക്ക് മലിന ജലം ഒഴുക്കുന്നത് തടയാൻ നടപടി വേണം.

കുടിവെള്ള പൊതു സ്രോതാണ് ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളിൽ കുടി വെള്ളത്തിന്റെ പ്രാധാന്യം അംഗീകരിച്ചു കൊണ്ടു തന്നെ കുടി വെള്ള പ്രശ്നം പരിഹരിക്കേണ്ടത് ഒരു സാമൂഹ്യ ബാധ്യതയാണ്.

ഗ്രാമ സഭകളിൽ കുടിവെള്ളത്തിന്റെ രൂക്ഷമായ ക്ഷാമം ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഒത്തൊരുമിച്ചുള്ള പ്രവർത്തനം പ്രശ്നം പരിഹരിക്കുന്നതിന് സഹായകമാകും. സാധ്യതകൾ മുഴുവനായും വിനിയോഗിക്കാൻ കഴിഞ്ഞാൽ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

ആരോഗ്യം.

ജനങ്ങളുടെ ക്ഷേമവും നാടിന്റെ ഐശ്വര്യവും ഒരു പരിധിവരെയെങ്കിലും നില കൊള്ളുന്നത് ആരോഗ്യത്തിലാണ്. ആവശ്യമായ പ്രാഥമിക രക്ഷാ സൗകര്യങ്ങളുടെ അപര്യാപ്തതയും ബോധവൽക്കരണത്തിന്റെ അഭാവവും അജാനൂർ പഞ്ചായത്തിലെ ജനതയുടെ ആരോഗ്യത്തെ സ്വാധീനിച്ചിട്ടുള്ളതായി കാണാം. രോഗം വന്ന് ചികിൽസിക്കുന്നതിനെക്കാൾ അഭികാമ്യമായിട്ടുള്ളത്

രോഗ പ്രതിരോധം തന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ രോഗ പ്രതിരോധത്തിനും ചികിൽസയ്ക്കും വേണ്ടി ആദ്യമായി ഒരു ചികിൽസാ കേന്ദ്രം ആരംഭിച്ചത് ആനന്ദാശ്രമത്തിലാണ്. ഇന്ന് ഈ സ്ഥാപനം പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഇന്ന് രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്. അജാനൂർ കടപ്പുറത്ത് സ്ഥിതി ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ് രണ്ടാമത്തേത്. രണ്ടു സ്ഥാപനങ്ങളും സ്വന്തം കെട്ടിത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പരിമിതമായ സൗകര്യം മാത്രമേയുള്ളു.

പഞ്ചായത്തിലെ ആരോഗ്യ മേഖലയും സ്വകാര്യ സ്ഥാനപങ്ങൾ മുന്നേറ്റം തന്നെ നടത്തിയിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്വകാര്യ അലോപതി ആശുപത്രികൾ പഞ്ചായത്തിൽ ഇന്ന് നിലവിലുണ്ട്. അതു പോലെ തന്നെ ആയൂർവ്വേദം ഹോമിയോ ആശുപത്രികൾ സ്വകാര്യ മേഖലയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് അപ്രാപ്യമാണെന്നുകൂടി ഓർക്കേണ്ടതുണ്ട്.

പാരമ്പര്യ രീതിയിൽ ചികിൽസ നടത്തിയിരുന്ന നാടൻ വൈദ്യൻമാർ പഴയകാലങ്ങളിൽ പഞ്ചായത്തിന്റെ പല ഭാഗത്തും ഉണ്ടായിരുന്നു. വിഷ ചികിൽസ നടത്തിയിരുന്നവരും ഉണ്ടായിട്ടുണ്ട്. അലോപതി ചികിൽസ്ക്ക് വേണ്ടി പുതിയ കോട്ടയിലെ സർക്കാർ ആശുപത്രിയെയാണ് ഭൂരി ഭാഗം ജനങ്ങളും ആശ്രയിച്ചിരുന്നത് ഇന്നും സർക്കാർ തലത്തിൽ ഹോമിയോ ആയുർവ്വേദ ചികിൽസാ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ ഒരു ഭാഗത്തുമില്ല.

ഇന്നു ഭൂരിപക്ഷം ജനങ്ങളും അലോപതിയെയാണ് അവലംബമാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ ആരോഗ്യ സ്ഥപനങ്ങളുടെ വിവിരം പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക മൂന്ന്.

നമ്പർ	ആരോഗ്യസ്ഥാപനത്തിന്റെ രേഖ	സ്ഥിതിചെയ്യുന്ന സ്ഥലം	കെട്ടിടം
1.	പി.എച്ച്.സി.	ആനന്ദാശ്രമം	സ്വന്തം കെട്ടിടം, കാർഡുണ്ട്
2.	പിഎച്ച്.സി.	അജാനൂർ	സ്വന്തം
3.	കുടുംബ ക്ഷേമ കേന്ദ്രം	മാവുങ്കാൽ	സ്വന്തം
4.	..	അടോട്ട്	സ്വന്തം
5	..	മുക്കൂട്	സ്വന്തം
6.	..	ചിത്താരി	സ്വന്തം
7	..	കൊളവയൽ	സ്വന്തം
8.	,,	അതിഞ്ഞാൽ	വാടക
9.	,,	മടിയൻ	വാടക
10	,,	ചിത്താരി കടപ്പുറം	വാടക
11	,,	രാവണീശ്വരം	സ്വന്തം

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളും സേവനങ്ങളും

അജാനൂർ പഞ്ചായത്തിലെ ഔദ്യോഗിക ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം ഇങ്ങനെ ക്രോഡീകരിക്കാം.

പ്രാഥമികാരോഗ്യ കേന്ദ്രം 2

കുടുംബ ക്ഷേമ ഉപ കേന്ദ്രം 9

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായതിനാൽ മുഴുവൻ സമയ ഡോകടർമാർ ഇല്ലായെന്നതിനാൽ പ്രയാസകരമായി അനുഭവപ്പെടുന്നു

ഗ്രാമ സഭകളിൽ നടന്ന ചർച്ചകളിൽ ഇന്നു നിലവിലുള്ള രണ്ട് പി.എച്ച്.സികളും രോഗികളെ കിടത്തി ചികിൽസിക്കുന്ന തരത്തിലുള്ള ആശുപത്രികളായി ഉയർത്തണമെന്ന ആവശ്യം ഉർന്നു വന്നിട്ടുണ്ട്. മാത്രമല്ല അതിനാവശ്യമായ സ്റ്റാഫുകളെയും നിയമിക്കുന്നതു കൊണ്ട് മാത്രമേ പ്രയോജനം ലഭിക്കുകയുള്ളു. അജാനൂർ പി.എച്ച്.സിക്ക് ഒരു ആമ്പുലൻസ് തീര ദേശ പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ളത് ഒരു അനുഗ്രഹമായി കാണുന്നുണ്ട്. തീരദേശ പദ്ധിതിയിൽ ഉൾപ്പെടുത്തി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് പി.എച്ച്.സി. 1995 - 96 ൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ പട്ടിക താഴെ സൂചിപ്പിക്കുന്നു.

പട്ടിക 4

I E C ACTIVITIES

ക്രമ നമ്പർ	ACTIVITIES	95-96	NO OF ATTENTENCE	REMARKS
1	ഫിലിം ഷോ	4		
2	സാംസ്ക്കാരിക പരിപാടികൾ ഓട്ടംതുള്ളൽ	4		
3	യോഗങ്ങൾ	3	221	
4	സെമിനാറുകൾ	5	190	
5	ഓറിയന്റേഷൻ ട്രെയിനിംഗ് ക്യാംപ്	6	90	
6	മാസം തോറുമുള്ള യോഗങ്ങൾ	218	3517	-
7	ഇമ്മ്യൂണൈസേഷൻ ക്യാംപുകൾ	407	-	-
8	മെഡിക്കൽ ക്യാംപുകൾ	5	1356	-

അരോഗ്യ സ്ഥാപനങ്ങളും സംവിധാനവും കുറ്റമറ്റതാക്കിതീർക്കാൻ ഇനിയും നടപടികൾ ആവശ്യമാണ്.

ആരോഗ്യത്തെക്കുറിച്ച്ചർച്ചചെയ്യുമ്പോൾ പഞ്ചായത്തിലെ ജനന മരണങ്ങളെ സ്പർശിക്കാതെ തരമില്ല. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനന മരണങ്ങളുടെ

കണക്ക്. പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

വർഷം	ജനനം	മരണം
1993	3182	214
1994	3236	222
1995	3150	201

പ്രസവ സൗകര്യങ്ങൾക്കായി ഭൂരിഭാഗം പേരും സ്വകാര്യാശുപത്രികളെ തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാനപങ്ങളിൽ പ്രസവ ചികിൽസക്കുള്ള സൗകര്യമില്ല.

കുടിവെള്ളത്തിന്റെ ലഭ്യത, കക്കൂസുകളുടെ കുറവ് എന്നിവ ആരോഗ്യത്തെ കാര്യമായി ബാധിക്കുന്നുണ്ട്. സ്വന്തമായി കക്കൂസില്ലാത്ത 2479 കുടുംബങ്ങളുണ്ടെന്ന് സർവ്വേയിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 3221 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസ് സൗകര്യമുണ്ട്. കക്കൂസില്ലാത്തതിന് പല കാര്യങ്ങളുമുണ്ട്.

1. നല്ല കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തിക ശേഷി എല്ലാ കുടുംബങ്ങൾക്കുമില്ല.
2. തീര ദേശങ്ങളിൽ കക്കൂസ് നിർമ്മിക്കുവാൻ ഭാരിച്ച സാമ്പത്തിക ബാധ്യത വരുന്നു.
3. ചുരുങ്ങിയ സ്ഥലംമാത്രമേ ഭൂരി പക്ഷം കുടുംബങ്ങൾക്കും കൈവശമുള്ളു.
4. ചില ഭാഗങ്ങളിൽ വെളിപ്രദേശങ്ങളിൽ മല വിസർജ്ജനം നടത്തുന്ന സ്ഥതി പാരമ്പര്യമായി തുടരുന്നു.

കക്കൂസ്സിന്റെ അഭാവം രോഗങ്ങൾ പിടിപെടാൻ ഇടയാക്കുന്നു. ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഈച്ച ശല്യം പഞ്ചായത്തിൽ വ്യാപകമാകുന്നു. വെള്ളവും ആഹാരസാധനങ്ങളും മലിനമാക്കാൻ ഇത് ഇടയാക്കുന്നു. ചർദ്ദി, അതിസാരം ഈ കാലങ്ങളിൽ വ്യപകമായി പടരുന്നു. കുട്ടികളെ ഇത് വേഗത്തിൽ ബാധിക്കുന്നു.

വെള്ളക്കെട്ടുകൾ, മലിന ജലം എന്നിവ മൂലം കൊതുകുകൾ വദ്ധിക്കുന്നു. പഞ്ചായത്തിലെ PHCകളിൽ റജിസ്റ്റർ ചെയ്ത കഴിഞ്ഞ മൂന്നു കൊല്ലത്തെ പകർച്ച വ്യധികളുടെ കണക്ക് പട്ടിക ആറിൽ കാണിക്കുന്നു.

പട്ടിക 6

വർഷം	ജലജന്യം	വായു ജന്യം	പ്രാണി ജന്യം
1993 - 94	75	75	40
1994 - 95	65	91	50
1995 - 96	61	95	47

പരിസര ശുചിത്വം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മൽസ്യ വിൽപ്പന കേന്ദ്രങ്ങൾ. ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾ, മിൽമ പ്ലാൻറ്, ഹോട്ടലുകൾ, എന്നിവിടങ്ങളിൽ നിന്നും ഒഴുകുന്ന മലിന ജലം കൊതുകുകളും പുഴുക്കളും പെരുകാൻ ഇടയാക്കുന്നു. വയൽ നികത്തിയുള്ള കെട്ടി നിർമാണം വഴി കൃത്രിമ നീർക്കെട്ടുകൾ ഉണ്ടാകുന്നു. ചളി വെള്ളം കെട്ടി നിൽക്കാൻ ഇടയാക്കുന്ന ഇത്തരം പ്രദേശങ്ങൾ കൊതുകകളെ വർദ്ധിപ്പിക്കുന്നു. അളുകൾ ഇതുവഴി നടന്നു പോകുന്നതു മൂലം പുഴുക്കടി, ചൊറി എന്നിവ പടരാൻ ഇടയാക്കുന്നു. ഡ്രൈനേജിന്റെ അഭാവം മലിനീകരണത്തിന് കാരണമാവുന്നുണ്ടെന്നു മുമ്പ് തന്നെ സൂചിപ്പിച്ചിരുന്നു. കൊതുകുകളെ നശിപ്പിക്കുവാൻ സത്വര ശ്രദ്ധ പതിയണം.

ഗ്രാമ സഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. ഇന്ന് നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനങ്ങളുടെ സേവനം തൃപ്തികരമല്ല.
2. ആരോഗ്യ രക്ഷാ സേവനങ്ങൾ ഭാരിച്ച സാമ്പത്തിക ക്ലേശം വരുത്തി തീർക്കുന്നു.
3. പി.എച്ച്.സി.കളിൽ മുഴുവൻ സമയ സേവനം ലഭ്യമാകുന്നില്ല.
4. പഞ്ചായത്തുകളിലുള്ള പി.എച്ച്.സികളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്ന സംവിധാനം ഇല്ല. കെട്ടിടമോ മറ്റു സംവിധാനമോ വേണ്ടത്രയില്ല.
5. ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്താറില്ല.
6. കൊതുകുകളെ തടയാനും അവയെ നശിപ്പിക്കാനും കാര്യമായ പ്രവർത്തനം നടക്കുന്നില്ല. ഇതു മൂലം പകർച്ച വ്യാധികൾ പെരുകുന്നു.
7. രോഗ ചികിൽസയ്ക്കും സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇതു വഴി മെച്ചപ്പെട്ട സേവനം ലഭിക്കുന്നല്ല. എന്നു മാത്രമല്ല ഭാരിച്ച സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നു.
8. അന്ധ വിശ്വാസങ്ങളിൽ നിന്നു സമൂഹത്തെ മുക്തമാക്കാൻ ഫലപ്രദമായ ബോധവൽക്കരണം നടക്കുന്നില്ല.
9. ആയൂർവ്വേദം , ഹോമിയോ ചികിൽസ കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ ഒന്നും തന്നെയില്ല.
10 പോഷകാഹാരം കുട്ടികൾക്ക് പോലും വേണ്ടത്ര ലഭിക്കാനുള്ള സൗകര്യമില്ല.
11. എയ്ഡ്സ് പോലുള്ള മാരക രോഗങ്ങളെക്കുറുച്ചോ അതിന്റെ ലക്ഷണങ്ങളെക്കുറിച്ചോ ജ്ഞാനം വേണ്ടത്രയില്ല.
12. ഈച്ച ശല്യംവർദ്ധിക്കുന്നതുമൂലം വയറിളക്കം കോളറ തുടങ്ങിയ രോഗങ്ങൾ പടരാൻ ഇടയാക്കുന്നു.

സാധ്യതകൾ നിർദ്ദേശങ്ങൾ

1. ആനന്ദാശ്രമം , അജാനൂർ, പി.എച്ച്.സി.കൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളായി ഉയർത്തുകയും ആധുനിക സൗകര്യങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക. ഇതിനായി ആനന്ദാശ്രമം പി.എച്ച്.സി.ക്ക് ആനന്ദാശ്രമത്തിന്റെ സഹായംലഭ്യമാകുന്നതാണ്.
2. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ചികിൽസാ സൗകര്യങ്ങളുണ്ടാക്കണം.
3. എല്ലാ വാർഡുകളിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.
4. ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം കൃത്യമായി നടത്താറുണ്ടെന്ന് ഉറപ്പു വരുത്തണം.

5. കുട്ടികൾക്ക് പോഷകാഹാരം നൽകാൻ പുതിയപദ്ധതി ആസൂത്രണം ചെയ്യുക.

6. ആയുർവ്വേദം , ഹോമിയോ ചികിൽസ കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ സ്ഥാപിക്കണം

7. അന്ധവിശ്വാസങ്ങളിൽ നിന്നും ജനങ്ങളെ മുക്തരാക്കാൻ ബോധവൽക്കരണം വ്യാപകമായി നടത്തുക. ഇതിനായി സന്നദ്ധ സംഘടനകളുടെ സേവനം തേടുക.

8. എല്ലാ ക്ലബ്ബുകളും രക്ത പരിശോധന ക്യാംപുകൾ നടത്തണം. രക്ത ദാനം പ്രോത്സാഹിപ്പിക്കണം.

9. കൊതുകുകളെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

10. ഈച്ച ശല്യം ഒഴിവാക്കാൻ കരുതൽ നടപടികൾ കൈക്കൊള്ളുക.

11. ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണം ശുചിത്വമുള്ളതാണെന്ന് ഉറപ്പു വരുത്തുക. ഹെൽത്ത് ഇൻസ്പെകടർമാർ പരിശോധന കാര്യക്ഷമമാക്കുക


ആരോഗ്യ മേഖലയിലെ ഏതൊരു പുരോഗതിക്കും അടിസ്ഥാനമായി മാറുന്നത് വ്യക്തിയുടെ ജീവിത സാഹചര്യങ്ങളാണ് അടസ്ഥാന ജീവിത സാഹചര്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിലൂടെ ആരോഗ്യ രംഗത്ത് മാറ്റം വരുത്താൻ കഴിയും. ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിഞ്ഞാൽ ആരോഗ്യ മേഖല മെച്ചപ്പെടുമെന്നതിനു സംശയമില്ല.

With Best Compliments From

Prestige Hard Wares

Kottachery
kanhangad

Phone Shop : 703314
Resi: 703228



പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയാണ് ഉള്ളത്. ആദ്യകാലഘട്ടത്തിൽ സന്നദ്ധപ്രവർത്തനങ്ങളിലൂടെ ഇടവഴികൾ റോഡാക്കിമാറ്റിയെങ്കിൽ പിന്നീട് ഈ രീതിയിലുള്ള പ്രവർത്തനത്തിൽ താല്പര്യവും സേവനോത്സുകതയും ഇല്ലാതായി. സർക്കാർ നേതൃത്വത്തിൽ റോഡുണ്ടാകണമെന്ന പ്രവണത വളർന്നു വരികയും ജനപങ്കാളിത്തം കുറയുകയും ചെയ്തു. വികസനമെന്നാൽ റോഡാണെന്ന ധാരണ വ്യാപകമാവുകയും ചെയ്തു.

റോഡ് ജനജീവിതത്തിന്റെ ഒഴുച്ചുകൂടാത്ത ഭാഗമാണ്. യാത്രാ സൗകര്യവും മെച്ചപ്പെട്ട വാണിജ്യ മേഖലകളുടെ നിലനിൽപും റോഡിനെ ആശ്രയിച്ചിരിക്കുന്നു. വസ്തുനിഷ്ടമായ കാഴ്ചപ്പാട് ഇല്ലാത്തതുകാരണം വികലമായ ഒരു റോഡ് ശൃംഖലയാണ് ഉണ്ടായിട്ടുള്ളത്. റോഡിനുവേണ്ടി മുറവിളി കൂട്ടിയവർ താല്ക്കാലികമായി സ്ഥലം നൽകിയവർ, പിന്നീട് റോഡിന്റെ വികസനത്തിനും ആവശ്യമായ സമീപനമല്ല സ്വീകരിച്ചുവരുന്നത്. തന്മൂലം പല റോഡുകളും വികസിപ്പിക്കുന്ന പ്രവർത്തനം നടത്താൻ കഴിയാത്ത പ്രശ്നം നിലനിൽക്കുന്നു.

പഞ്ചായത്തിൽ മൊത്തം റോഡുകളുടെ നീളം 146.172 കി.മീ. ആണ്. ഇതിൽ നാഷനൽ ഹൈവേ 2.5 കി.മീ. ഉം പി.ഡബ്ല്യു.ഡി. 18.500 കി.മീ.ഉം ബാക്കി 126.172 കി.മീ. പഞ്ചായത്ത് റോഡുകളുമാണ്. പഞ്ചായത്ത് റോഡുകളിൽ 42.411 കി.മീ. ടാർ ചെയ്ത റോഡുണ്ട്. പല ഇടവഴികളും റോഡാക്കി മാറ്റിയതോടെ പറമ്പുകളിലെ വെള്ളം റോഡുകളിലേക്ക് ഒഴുക്കിവിടുകയും വർഷകാലത്ത് റോഡ് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്യുന്നു. റോഡിൽ നിന്ന് വെള്ളം ഒഴുക്കിവിടാനാവശ്യമായ ഓവുചാലുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം പരിസരവാസികൾ നൽകാത്ത സ്ഥിതി മൂലം നിരവധി റോഡുകൾ നശിച്ചുകൊണ്ടിരിക്കുന്നു. വയലുകൾ മണ്ണിട്ടുനികത്തി പറമ്പുകളാക്കി മാറ്റിയതോടെ റോഡരുകിൽ വെള്ളക്കെട്ടുണ്ടാവുകയും പ്രദേശമാകെ മഴക്കാലത്ത് യാത്രായോഗ്യമല്ലാത്തകുകയും ചെയ്യുന്നു. പല പ്രദേശത്തും അശാസ്ത്രീയമായ റോഡുനിർമ്മാണം മൂലം വെള്ളം കെട്ടിനിന്ന് വീടുകൾക്ക് ഭീഷണി സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി റോഡുസംവിധാനമുണ്ട്. സംസ്ഥാന ശരാശരി 3.66 കി.മീ. ആണ്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ഈ പഞ്ചായത്തിലെ റോഡുസംവിധാനം. പഞ്ചായത്തിലെ റോഡ് ശൃംഖലയുടെ വിവരങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു.

നാഷണൽ ഹൈവേ (എൻ.എച്ച്-17) പഞ്ചായത്തിന്റെ കിഴക്ക് ഭാഗമായ മാവുങ്കാലിൽ കൂടി 2.5 കി.മീ. നീളത്തിൽ കടന്നുപോകുന്നു. അതുപോലെ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗമായ അതിഞ്ഞാൽ, മാണിക്കോത്ത്, മഡിയൻ, ചാമുണ്ഡിക്കുന്ന് പ്രദേശങ്ങളിൽക്കൂടി കോട്ടച്ചേരി- കാസർഗോഡ് തീരദേശ പി.ഡബ്ല്യു .ഡി റോഡ് 9.5 കി.മീ. നീളത്തിൽ കടന്നുപോകുന്നു. അതുകൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് ദീർഘദൂര യാത്രാ സൗകര്യവും ലഭിക്കുന്നു. പല വാർഡുകളിൽ നിന്നുള്ള പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. റോഡുകൾ നാഷണൽഹൈവേയുമായും തീരദേശ റോഡുമായും ബന്ധപ്പെടുന്നു. കർണ്ണാടക സ്റ്റേറ്റിൽപ്പെടുന്ന കൂർഗിലേക്ക് പോകുന്ന കോട്ടച്ചേരി-പാണത്തൂർ റോഡ് ഈ പഞ്ചായത്തിൽ 8 കി.മീ. നീളത്തിൽ മാവുങ്കാലിൽ കൂടി കടന്നു പോകുന്നു. ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും ആനന്ദാശ്രമം, റാണീപുരം, ഭാഗമണ്ഡലം, കാവേരി, വീരാജ് പേട്ട എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കും ക്ഷേത്രങ്ങളിലേക്കും വളരെ എളുപ്പത്തിൽ പോയി വരാൻ സാധിക്കുന്നു.

മാവുങ്കാൽ ഇന്ന് തിരക്കേറിയ ഒരു പ്രദേശമാണ്. ഏറി വരുന്ന യാത്രക്കാരുടേയും വാഹനങ്ങളുടേയും തിരക്കിനെ ഉൾക്കൊള്ളാൻ നിലവിലുള്ള മാവുങ്കാലിലെ 3 ബസ്സ്സ്റ്റോപ്പുകൾക്കും കഴിയുന്നില്ല. അതുകൊണ്ട് സമഗ്രവികസനം ലക്ഷ്യമാക്കി ഒരു വിപുലമായ ബസ്സ് സറാന്റ് നിർമ്മിക്കുക മാത്രമാണ് ഇതിനു പരിഹാരം. 40 ഓട്ടോറിക്ഷകളും 4 ടെമ്പോ ഓട്ടോറിക്ഷകളും 2 മിനി ലോറികളും ഇന്നു മാവുങ്കാൽ കേന്ദ്രീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇവയ്ക്ക് പാർക്കിംഗ് സംവിധാനമില്ല. ഇതും യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ടുമുട്ടുണ്ടാക്കുന്നു.

ഒരു ടാക്സി ഓട്ടോ സ്റ്റാൻറ് നിർമ്മിച്ചാൽ ഇതിന് പരിഹാരമാകും.

റോഡുകളുടെ സമഗ്ര വികസനത്തിന് പുതുതായി പണിയേണ്ട പാലങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു

ക്രമനമ്പർ	സ്ഥലം
1.	പുതിയകണ്ടം വിശ്വകർമ്മക്ഷേത്രറോഡിൽ പാലം (കൾവർട്ട്)
2.	കതിരുമ്മൽ തോടിന്ന് പാലം
3.	കിഴക്കുംകര-വെള്ളിക്കോത്ത് റോഡിന് പാലം പുതുക്കി പണിയുക.
4.	കുളിയൻമരം തോടിന് കോൺക്രീറ്റ് നടപ്പാലം
5.	രാവണീശ്വരം ഹൈസ്കൂൾ റോഡിൽ പാലം.(കൾവർട്ട്)
6.	തണ്ണോട്ട്ചരലിൽ തോടിന് മരപ്പാലം
7.	തണ്ണോട്ട് അമ്പലം-ചാണക്കാട്ട് തോടിന് പാലം.
8.	പാറക്കടവ് പാലം പണി പൂർത്തിയാക്കണം
9.	കോടാട്ട് പാലത്തിൻറെ വീതി കൂട്ടണം.
10	കോടാട്ട്-മടിയൻ റോഡിൽ പാലം(കൾവർട്ട്).
11.	ഇടപ്പണിക്കാവ്-കോടാട്ട് റോഡിന് കൾവർട്ട്
12.	ഇടപ്പണി തോടിന് നടപ്പാലം.
13.	കൊളവയൽ റോഡിന് പാലം.
14.	ചിത്താരി-പാറക്കടവ് പാലം.
15.	കൊട്ടിലങ്ങാട് മൂക്കൂട് തോടിന് പാലം പണിയുക.
16.	കൊളവയൽ-മുണ്ടവളപ്പ് റോഡിനു പാലം.
17.	മാവുങ്കാൽ ജംഗ്ഷൻ-രാംദാസ് ശിശുമന്ദിരം റോഡിൽ കൾവർട്ട്.
18.	മൂക്കൂട്ട് പാലം പള്ളിക്കര പഞ്ചായത്തും അജാനൂർ പഞ്ചായത്തും സംയുക്തമായി പണിയുക.
19.	ചിത്താരി പുഴക്ക് പാലം.
20.	ആവിക്കൽ-മുട്ടന്തല റോഡിന് കൾവർട്ട്

ബസ്സ് സർവ്വീസിന് സാധ്യതയുള്ള റൂട്ടുകൾ

1. കോട്ടച്ചേരി,തുളുച്ചേരി,ഇക്ബാൽ അജാനൂർ കടപ്പുറം ബീച്ച്, അഴിത്തല, നീലേശ്വരം
2. കോട്ടച്ചേരി തുളച്ചേരി,ഇക്ബാൽ, മാട്ടുമ്മൽ-കൊളവയൽ.
3. കോട്ടച്ചേരി,കിഴക്കുംകര,വെള്ളിക്കോത്ത്-മടിയൻ-കാസർകോട്.
4. കോട്ടച്ചേരി,കിഴക്കുംകര,വെള്ളിക്കോത്ത്-വേലാശ്വരം ,രാവണീശ്വരം.
5. കോട്ടച്ചേരി, മാവുങ്കാൽ വെള്ളിക്കോത്ത്,മടിയൻ,ഇക്ബാൽ സ്കൂൾ, അജാനൂർ കടപ്പുറം വഴി തൈക്കടപ്പുറം,നീലേശ്വരം.
6. കോട്ടച്ചേരി-പൊയ്യക്കര.
7. പാക്കം - പൊടിപ്പള്ളം വെള്ളിക്കോത്ത് വഴി കാഞ്ഞങ്ങാട്.
8. കൊട്ടിലങ്ങാട് - രാമഗിരി - പാണത്തോട് വേലാശ്വരം വഴി പാക്കം.
9. കോട്ടച്ചേരി മുതൽ മല്ലികമാട്.

പഞ്ചായത്തിലെ വേറൊരു പധാനപ്പെട്ട വാഹന ഗതാഗത മേഖലയാണ് തുളുച്ചേരി മുതൽ ചിത്താരി പാലം വരെയുള്ള തീരദേശ റോഡ്. തുളുച്ചേരി, അതിഞ്ഞാൽ, മൻസൂർ ആശുപത്രി ജംഗ്ഷൻ, മടിയൻ റോഡ് ജംഗ്ഷൻ ചാമുണ്ഡിക്കുന്ന് എന്നീ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ കേന്ദ്രീകരിച്ചു 25,15,12 എന്നീ ക്രമത്തിൽ ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നു. അതുകൊണ്ട് തുളുച്ചേരി, മൻസൂർ ആസ്പത്രി ,മടിയൻ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഓട്ടോസ്റ്റാൻറുകൾ ഉണ്ടാക്കി സൗകര്യം ഉണ്ടാക്കുവാൻ സാധിക്കും. മൻസൂർ ഹോസ്പിറ്റലിനടുത്ത് ഓട്ടോസ്റ്റാൻറും ബസ് വെയ്റ്റിംഗ് ഷെഡ്ഡും നിർമ്മിക്കണം.

പഞ്ചായത്തിലെ പല റോഡുകളും ബസ് ഗതാഗത്തിന് യോജിച്ചവയാണെങ്കിലും ബസ് റൂട്ട് അനുവദിച്ചതായി കാണുന്നില്ല. തുളുച്ചേരി, ഇക്ബാൽ സ്കൂൾ, അജാനൂർ ബീച്ച് റോഡിന് ബസ്സ് ഗതാഗതത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുത്തു കാണുന്നില്ല. അതുപോലെതന്നെ കോട്ടച്ചേരി, വെള്ളിക്കോത്ത്, പെരളം, രാവണീശ്വരം റോഡിനും. അധികാരികളുടെ ശ്രദ്ധ ഇതിൽ പതിയേണ്ടതാണ്. ബസ് റൂട്ട് അനുവദിക്കേണ്ട റോഡുകളുടെ ലിസ്റ്റ് അന്യത്ര ചേർത്തിട്ടുണ്ട്. (പട്ടിക-2)

യാത്രാക്ലേശം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സാമാന്യം നല്ല റോഡുകളുണ്ടായിട്ടും ബസ് സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നു. പഞ്ചായത്തിലെ മൊത്തം റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി അത്ര മെച്ചമല്ല. ടാർ ചെയ്ത റോഡുകൾ, മെറ്റൽ ചെയ്ത റോഡുകൾ, മൺറോഡുകൾ, സന്നദ്ധ സേവനത്തിലൂടെ പുതുതായി ചെയ്ത റോഡുകളും നടപ്പാതകളും ഇവയെല്ലാം ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ ലിസ്റ്റു നോക്കുക.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പട്ടിക.

	റോഡിന്റെ പേര്	പി ഡബ്ല്യു. ഡി	എൻ. എച്ച്	പഞ്ചാ-യത്ത്	ടാർ	മെറ്റൽ	ചരൽ റോഡ്	നീളം കി.മീ.	വീതി മീ.
1	മേലടുക്കം - വിഷ്ണുമംഗലം	-	X	-	X	-		2.5	
2	കിഴക്കുംകര - നെല്ലിത്തറ	X	-	-	X	-		8	
3	തുളുച്ചേരി -ചിത്താരി പാലം	X	-	-	X	-		9.5	
4	മുച്ചിലോട്ട് - വെള്ളിക്കോത്ത്	-	-	X	X	-		1.5	6
5	ബീണച്ചേരി -കാരക്കുഴി	-	-	X	X	-		2	6
6	വെള്ളിക്കോത്ത് - ബീണച്ചേരി	-	-	X	X	-		0.5	6
7	ബീച്ച് റോഡ്	-	-	X	-	-	X	0.6	6
8	അടോട്ട് - ബീണച്ചേരി	-	-	X	X	-	-	0.25	7
9	മഡിയൻ -മാണിക്കോത്ത്	-	-	X	X	-	-	0.8	7
10	ആശാരി ടെമ്പിൾ റോഡ്	-	-	X	-	-	X	0.4	6
11	മൂലക്കണ്ടം -വിഷ്ണുമംഗലം	-	-	X	-	-	X	0.4	6
12	വെള്ളിക്കോത്ത് - അരയാലിങ്കൽ	-	-	X	-	-	X	0.20	6
13	മാവുങ്കാൽ -കാലിക്കടവ്	-	-	X	X	-	-	1.6	8
14	ചാമുണ്ഡിക്കുന്ന് -ബാരിക്കാട്ട്	-	-	X	X	-	-	0.8	7
15	ചാലിങ്കാൽ - ബാരിക്കാട്ട്	-	-	X	X	-	-	8.00	7
16	തുളുച്ചേരി - കടപ്പുറം	-	-	X	X	-	-	1.80	8
17	ചാലിങ്കാൽ - ചേലക്കെ വഴി മാക്കി	-	-	X	X	-	-	7.60	8
18	ചെട്ടിവളപ്പ് - പാറതോട്	-	-	X	-	-	X	0.80	6

	റോഡിന്റെ പേര്	പി. ഡബ്ലു. ഡി	എൻ. എച്ച്	പഞ്ചാ-യത്ത്	ടാർ	മെറ്റൽ	ചരൽ റോഡ്	നീളം കി.മീ.	വീതി മീ.
19	പുല്ലാഞ്ഞിക്കുഴി - പോക്കണംമൂല	-	-	x	-	-	x	0.6	8
20	ചിത്താരി -വാണിയംപാറ	-	-	x	x	-	-	0.8	7
21	നരിപ്പാറ-കണ്ണോത്ത്	-	-	x	-	-	x	0.8	7
22	വാണിയാംപാറ - അള്ളങ്കോട്ട്	-	-	x	x	-	-	0.8	7
23	ചിത്താരി ഹൗസിംഗ് കോളനി-തണ്ണോട്ട്	-	-	x	-	-	x	0.6	8
24	ഒട്ടറക്കാൽ - കാരക്കുന്ന്	-	-	x	-	-	x	2.2	7
25	പൊടിപ്പളളം - ചാലങ്കെ	-	-	x	-	-	x	1.2	7
26	കുളിയൻമരം - നാട്ടക്കാൽ	-	-	x	-	-	x	1.2	7
27	കിഴക്കുംകര-അതിയാമ്പൂർ	-	-	x	-	-	-	0.2	6
28	മധുരക്കാട്ട് -നമ്പ്യാരടുക്കം	-	-	x	-	-	x	1.5	8
29	ബീണച്ചേരി -പെരളത്ത്	-	-	x	x	-	-	0.3	7
30	വാണിയംപാറ റോഡ്	-	-	x	-	-	x	0.324	7
31	ഒറവങ്കര -ചാലക്കെ-കല്ല്വരമ്പത്ത്	-	-	x	--	-	x	3.3	7
32	.മൂക്കൂട്ട് - കടിവളപ്പ്	-	-	x	-	-	x	1.2	6
33	ഒട്ടറക്കാൽ -ബാരിക്കാട്	-	-	x	-	-	x	0.6	5.5
34	വെള്ളിക്കോത്ത്-വളവിൽ	-	-	x	x	-	x	1.2	6.5
35	കൊളവയൽ-മുട്ടുന്തല	-	-	x	x	-	-	1.5	6.5
36	.ചിത്താരി - റയിൽവേ	-	-	x	-	-	x	0.35	5.5
37	കുന്നത്തുകടവ്-പൊക്കണംമൂല	-	-	x	-	x	-	1.0	7.5
38	മൂക്കട്ട് പള്ളി-പൊക്കണംമൂല	-	-	x	x	-	-	0.65	7
39	വെള്ളന്തട്ട -ചരൽ	-	-	x	-	-	x	0.4	6
40	കൊളവയൽ -മുട്ടുന്തല 1	-	-	x	x	-	-	0.5	9
41	കൊളവയൽ - മുട്ടുന്തല 2	-	-	x	-	-	-	0.5	9
42	.അടോട്ട് -മഡിയൻ	-	-	x	x	-	-	1.0	8
43	വേലാശ്വരം -മധുരക്കാട്ട്	-	-	x	-	-	x	2.0	8
44	വേലാശ്വരം സ്കൂൾ-റീഡിംഗ് റൂം	-	-	x	-	-	x	1.0	8
45	ചാലിങ്കാൽ -മാക്കി-ഹൈസ്കൂൾ	-	-	x	-	-	x	0.32	8
46	ചരൽറോഡ്	-	-	x	-	-	x	1.2	6

	റോഡിന്റെ പേര്	പി. ഡബ്ല്യു. ഡി	എൻ. എച്ച്	പഞ്ചാ-യത്ത്	ഓർ	മെറ്റൽ	പരൽ റോഡ്	നിളം കി.മീ.	വീതി മീ.
47	പാടിക്കാനം-ഒലിപ്പയടുക്കം	-	-	X	-	-	X	0.6	8
48	ആലിത്തടുക്കം-തണ്ണോട്ട്	-	-	X	X	-	-	0.8	7
49	പാലിങ്കാൽ-പാമുണ്ടിക്കുന്ന്	-	-	X	-	-	X	0.8	7
50	ആവിക്കാൽകടപ്പുറം-മുട്ടുന്തല	-	-	X	X	-	-	0.8	7
51	ആലിങ്കാൽ-ചേലക്കെ	-	-	X	-	-	X	0.6	8
52	ആനന്ദാശ്രമം-സൗത്ത്റോഡ്	-	-	X	-	-	X	2.2	7
53	ചീരടുത്തിങ്കാൽ-വെള്ളന്തട്ട	-	-	X	-	-	X	1.2	7
54	വെള്ളന്തട്ട- പുതിയക്കണ്ടം	-	-	X	-	-	X	1.2	7
55	എം.സി.സി.റോഡ്-ഈസ്റ്റ്വയൽ	-	-	X	-	-	-	0.2	6
56	കണിയാങ്കുണ്ട്-വെള്ളിക്കുന്നത്ത്കാവ്	-	-	X	-	-	X	1.5	8
57	മുട്ടന്തല-മല്ലികമാട്-തൊട്ടിയിൽ	-	-	X	X	-	-	0.3	7
58	അതിഞ്ഞാൽ-ചോരിവയൽ	-	-	X	-	-	X	0.324	7
59	തച്ചറവളപ്പ് റോഡ്	-	-	X	--	-	X	3.3	7
60	മുക്കൂട്ട്-കുറുനരിക്കുന്ന്	-	-	X	-	-	X	1.2	6
61	ബാരിക്കാട്-ഒട്ടറക്കാൽ-കുറുനരിക്കുന്ന്	-	-	X	-	-	X	0.6	5.5
62	കാട്ടുകുളങ്ങര-പാലക്കാൽ	-	-	X	X	-	X	1.2	6.5
63	വേലാശ്വരം സ്കൂൾ-മഹാകാളി ക്ഷേത്രം	-	-	X	X	-	-	1.5	6.5
64	നമ്പ്യാരടുക്കം-സെറ്റിൽമെൻറ് സ്കീം	-	-	X	-	-	X	0.35	5.5
65	കൊടാട്ട്-വേലാശ്വരം	-	-	X	-	X	-	1.0	7.5
66	അള്ളങ്കോട്ട്-വാണിയംപാറ	-	-	X	X	-	-	0.65	7
67	മുച്ചിലോട്ട്-കുതിരുമ്മൽ	-	-	X	-	-	X	0.4	6
68	രാമഗിരി-കെടിയാലിങ്കാൽ	-	-	X	X	-	-	0.5	9
69	ആവിക്കാൽകടപ്പുറം-മുട്ടുന്തല	-	-	X	-	-	-	0.5	9
70	കാട്ടുകുളങ്ങര-ഈസ്റ്റ്വയൽ	-	-	X	X	-	-	1.0	8
71	ചിത്താരി ബാങ്ക്-കൂച്ചങ്ങാട്	-	-	X	-	-	X	2.0	8
72	മാക്കി എൽ.പി.സ്കൂൾ-കുണ്ടം	-	-	X	-	-	X	1.0	8
73	തൊട്ടിയിൽ-മുട്ടന്തല	-	-	X	-	-	X	0.32	8
74	ആവിക്കൽകടപ്പുറം-മുട്ടുന്തല കൊത്തിക്കാൽവടക്ക്	-	-	X	-	-	X	1.2	6

	റോഡിന്റെ പേര്	പി. ഡബ്ലു. ഡി	എൻ. എച്ച്	പഞ്ചാ-യത്ത്	ടാർ	മെറ്റൽ	പരൽ റോഡ്	നിളം കി.മീ.	വീതി മീ.
75	ആനന്ദാശ്രമം-പാണത്തൂർ റോഡ്	-	-	x	x	-	-	0.151	6
76	പൊയ്യക്കര-മല്ലികമാട്	-	-	x	x	-	x	2.0	6
77	മഡിയൽക്ഷേത്രം-മഡിയൽവയൽ	-	-	x	-	-	x	0.350	6
78	പാതിരിക്കുന്ന്-പള്ളോട്ട്	-	-	x	-	-	x	1.0	4
79	കണിയാങ്കുണ്ട്-നാല്പാടം	-	-	x	-	-	x	0.5	3
80	പാതിരിക്കുന്ന്-പള്ളോട്ട്	-	-	x	-	-	x	0.5	3
81	പള്ളോട്ട്-മരത്തിങ്കാൽ	-	-	x	-	-	x	0.5	3
82	ഓളിയക്കാൽ-കാട്ടുകുളങ്ങര	-	-	x	-	-	x	1.5	3
83	ആനന്ദാശ്രമം-കാട്ടുകുളങ്ങര	-	-	x	-	-	x	1.0	4
84	അതിഞ്ഞാൽ റയിൽവെക്രോസ്റോഡ്	-	-	x	-	-	x	0.150	3.5
85	ആവിക്കാൽ-മുട്ടുന്തല	-	-	x	-	-	x	0.1	9
86	ചാലിങ്കാൽ-വാണിയംപാറ	-	-	x	-	-	x	3.5	6
87	മാക്കി-ചെറുവാര	-	-	x	--	-	x	0.8	4
88	കൊളവയൽ-മുട്ടുന്തല	-	-	x	x	-	x	2.350	9
89	മഡിയൻ-പാലക്കി	-	-	x	-	-	x	1.5	4
90	രാമഗിരി-ഒറവങ്കര	-	-	x	-	-	x	0.64	9
91	നെല്ലിത്തറ-മണ്ണട്ട	-	-	x	-	-	x	0.674	4.5
92	പള്ളത്തുങ്കാൽ-പടിഞ്ഞാറെവീട്	-	-	x	-	-	x	0.250	4
93	അടിയാറെകാവ്-കിഴക്കേവെള്ളിക്കോത്ത്	-	-	x	-	-	x	0.350	4
94	ഇടുവങ്കാൽ-പണ്ടാരം	-	-	x	-	-	x	0.440	4.5
95	പൊയ്യക്കര-മല്ലികമാട്ട്	-	-	x	-	-	x	0.7	6
96	കൊളവയൽ-മാണിക്കോത്ത്	-	-	x	-	-	x	0.6	6
97	കാവുങ്കാൽ-പുതിയകണ്ടം	-	-	x	-	-	x	0.8	7
98	തണ്ണോട്ട്-കുന്നുമ്മങ്ങാനം	-	-	x	-	-	x	0.9	6
99	ആവിക്കൽ-മുട്ടുന്തല	-	-	x	-	-	x	0.7	6
100	മുണ്ടവളപ്പ്-ചിത്താരി ഇലക്ട്രിക് ഓഫീസ്	-	-	x	-	-	x	0.7	6
101	മുക്കുട്പള്ളി-ബാരിക്കാട്	-	-	x	-	-	x	0.1	6
102	മുണ്ടവളപ്പ്-ചിത്താരി ഇലക്ട്രിക് ഓഫീസ്	-	-	x	-	-	x	0.120	6

	റോഡിന്റെ പേര്	പി. ഡബ്ല്യു. ഡി	എൻ. എച്ച്	പഞ്ചാ-യത്ത്	ടാർ	മെറ്റൽ	പരൽ റോഡ്	നിളം കി.മീ.	വീതി മീ.
103	ദിനേശ് ജംഗ്ഷൻ-പാലമംഗലം	-	-	x	-	-	x	0.285	4.5
104	സുലൈമാൻ കാർട്ടേഴ്സ്-റയിൽവെ	-	-	x	-	-	x	0.146	4
105	പാട്ടംവയൽ	-	-	x	-	-	x	0.4	5
106	ആവിക്കാൻ-മുട്ടുന്തല	-	-	x	-	-	x	0.62	6
107	കൊളവയൽ-തായൽകൊളവയൽ	-	-	x	-	-	x	0.54	6
108	അജാനൂർകടപ്പുറം-കൊളവയൽ	-	-	x	-	-	x	0.275	6
109	കാട്ടുകുളങ്ങര-മണ്ണട്ട	-	-	x	-	-	x	0.15	8
110	ആനന്ദാശ്രമം-രാംനഗർപട്ടികജാതി കോളനി.	-	-	x	-	-	x	0.36	4.5
111	അജാനൂർകടപ്പുറം-കൊളവയൽ	-	-	x	-	-	x	0.445	6
112	ആവിക്കൽ-മുട്ടുന്തല	-	-	x	-	-	x	0.63	6
113	കരക്കക്കൂടി-മാക്കരങ്കോട്ട്	-	-	x	-	-	x	0.06	6
114	മൂലക്കണ്ടം-വിഷ്ണുമംഗലം	-	-	x	-	-	x	0.645	6
115	മഡിയൻ-കോടാട്ട്	-	-	x	--	-	x	0.250	7
116	ആനന്ദാശ്രമം-രാംനഗർപട്ടികജാതികോളനി	-	-	x	-	-	x	0.2	4.5
117	ചിത്താരി ക്രോസ്റോഡ്-വെസ്റ്റ് റയിൽവേ	-	-	x	-	-	x	0.105	6

With Best Compliments

GLORIA MARBLE & TILES

Athinhal, Kanhangad

Dealers for: Marble Slabs & Tiles, Granite Slabs & Tiles, Ceramic Tiles, Kadappa, Slate Stone, Marble Carving items etc.

കൂടാതെ മാർബിൾ കല്ലുകളിൽ മീസാൻകല്ലുകൾ, വീട്ട് പേരുകൾ എന്നിവ എഴുതിക്കൊടുക്കുന്നു.

H.O: Advent Marble & Sanitary Wares
Municipal Office Road, Kasargod.

നിലവിലുള്ള നടപ്പാതകൾ - പട്ടിക 1 എ

നമ്പർ	നടപ്പാതയുടെ പേര്	നീളം.(മീ.)	വീതി.(മീ.)
1	കല്ലുവരമ്പത്തു വയൽ	25	1
2	കല്ലുവരമ്പത്തുവയലിന്റെ പടിഞ്ഞാറു ഭാഗം	36	0.5
3	വാണിയംപാറ റോഡിൽനിന്നുവടക്ക് വയൽ വരെ	75	2.00
4	കൂളിക്കാട്ടുനിന്ന് വടക്കു വയൽവരെ	250	0.5
5	എം.സി.സി.റോഡ്-കൂളിക്കാട്ട് കിള	210	1.00
6	എം.സി.സി.റോഡ് - കിഴക്ക് വയൽ	320	2.50
7	കോട്ടക്കറിയത്ത് മുതൽ നെരിക്കാട്ട് വരെയുള്ള കിള	100	2.50
8	ചിത്താരി പഴയ മാർക്കറ്റ് മുതൽ പടിഞ്ഞാറ് വയൽ	34	1.50
9	തെക്കെപ്പുറം കാഞ്ഞിരവയൽ കിള	900	1.50
10	നൂർമഹൽ - വടക്കെ വയൽ	380	3.00
11	തെക്കെപ്പുരം കുന്നത്തുവീട്കിള	650	1.50
12	രാംനഗർ - കാട്ടുകുളങ്ങര	450	1.50
13	മാക്കി ശോഭനകലാ സമിതി മുതൽ പടിഞ്ഞാറ് വയൽ വരെ	200	1.50
14	കല്ല് വരമ്പ്	180	1.50
15	വെണ്ടാച്ചേരി ബാരിക്കാട്ട് കിള	210	2.00
16	മൂലക്കണ്ടം കാട്ടുകുളങ്ങര	360	1.50
17	തെയ്യംപോകുന്ന കിള	360	1.50
18	കണ്ണച്ചം വീട് കിളമടിയൻ	280	0.50
19	മുച്ചിലോട്ട് ചെരിച്ചൽ	260	0.50
20	കണിയാംകുണ്ട് പാതിരിക്കുന്ന്	760	1.00
21	കണിയാംകുണ്ട് -നാല്പാടം	200	2.00
22	കൊയത്തു വീട് -നാലപ്പാടം	300	1.00
23	പാറക്കടവ് -ബാരിക്കാട്ട്	560	1.00
24	ചെമ്പോത്തുങ്കാൽ വെള്ളിക്കോത്ത്	200	0.50

നമ്പർ	നടപ്പാതയുടെ പേര്	നീളം.(മീ.)	വീതി.(മീ.)
25	അടിയാർകാവ്-കിഴക്കേവെള്ളിക്കോത്ത്	480	1
26	മഡിയൻറോഡ്-പാലക്കിവയൽ കിള	290	0.5
27	കുളിയൻമരം-വട്ടക്കുണ്ട് കിള	180	2.00
28	പള്ളത്തുംകാൽ-പണ്ടാരം കിള	280	0.5
29	ചെറിയാക്കര വളപ്പ് മുതൽ മൂലക്കെ വളപ്പ് കിള	500	1.00
30	കുളിയാമരം - വട്ടക്കുണ്ട് കിള	345	2.50
31	പാതിരിക്കുന്ന് -- പള്ളോട്ട്	1200	2.50
32	മഡിയൻ എൽ.പി.സ്കൂൾ-പാലക്കി കിള	240	1.50
33	ഗണിക ശ്മശാനം മുതൽ സ്കൂൾ കിള	125	1.50
34	പാലിയൻ വളപ്പ് കിള മുതൽ രാവണീശ്വരം	300	3.00
35	തെക്കേപ്പള്ളി	18	1.50
36	മാക്കി സ്കൂൾ-കണ്ണോത്ത്	225	1.50
37	മാക്കി അമ്പലം-കീറ്റു വളപ്പ്	750	1.50
38	വായക്കോടൻ വളപ്പു മുതൽകുളിയമരം വരെ കിള	280	1.50
39	പള്ളോട്ട് കിള	400	2.00
40	കുളിയൻമരം- പാറത്തോട്ട് കിള	235	1.50
41	ഒറവങ്കര	200	1.50
42	ബീണച്ചേരി-പെരളം	120	0.50
43	മാക്കി കുടിയാടി കിള	420	0.50
44	പുളിയൻകട്ട-മുട്ടുന്തല	270	1.00
45	പള്ളോട്ട് പടിഞ്ഞാറെ കിള	375	2.00
46	ബെങ്ങോട്ട് വളപ്പ് തൊട്ടിയാൽ	100	1.00
47	കല്ലിങ്കാൽ - മുക്കുട്	325	1.00
48	പാറക്കടവ് അമ്പലം കിള	100	0.50

നമ്പർ	നടപ്പാതയുടെ പേര്	നീളം.(മീ.)	വീതി.(മീ.)
49	ചേനക്കാട്ട് -കുന്നുമങ്ങാന്കിള	850	2.00
50	ചേനക്കാട്ട്- ചാലിങ്കാൽ കാഷ്യൂ പ്ലാന്റേഷൻ---അതിര്	650	2.00
51	മാതികച്ചേരി -അടുക്കം കിള	600	2.00
52	കൊട്ടിലങ്ങാട്ട് പഞ്ചായത്ത്-കൊടിയലിങ്കാൽ	250	2.00
53	ബുമ്മങ്ങാട്ട്-ഏച്ചിക്കൈപ്പാട്ട്	225	2.00
54	പുളിയക്കാട്ട്-കുന്നുമ്മൽ	310	2.00
55	മടിയൽ എൽ.പി.സ്കൂൾ-മടിയൽ വയൽ	225	2.00
56	ചെരിച്ചൽ	20	0.65
57	പുളിയക്കാട്ട് കിള	75	2.00
58	കൊളവയൽ നടപ്പാത	77	0.70
59	പള്ളോട്ട്മരത്തിങ്കൽ കിള	375	2.00
60	ഒറ്റത്തെക്കാൽ -വേലേശ്വരം കുളം	250	2.50
61	വെള്ളിക്കോത്ത് ബാരിക്കാട്ട് കിള	300	2.00
62	ബാരിക്കാട്ട് -കാരക്കുഴി കിള	375	2.00
63	ഇടുവുങ്കാൽ പള്ളത്തുകാൽ	450	2.00
64	പാലമംഗലം-ബ്രാഞ്ചറോഡ്	300	2.00
65	മണ്ണടി മാവുങ്കാൽ	250	2.00
66	വെള്ളം വീഴുന്ന കുണ്ട്	30	2.00
67	പെരളം പാലം പഞ്ചായത്ത് അതിര്	75	1.00
68	കണ്ണികുളങ്ങര വീട്	70	1.50
69	കൊളവയൽ വടക്ക്	110	3.00

റോഡിനു വേണ്ടി പുതിയ നിർദ്ദേശങ്ങൾ ഉയർന്നു വരുമ്പോൾ തന്നെ അതിന്റെ നിർമ്മാണത്തിന് ശാസ്ത്രീയവശങ്ങൾ കൂടി കണക്കിലെടുത്ത് രൂപകല്പന ചെയ്യണം. താൽക്കാലിക വികാരങ്ങൾക്കനുസൃതമായിരൂപം കൊണ്ട റോഡുകളിൽ ഇന്നു വികസന പ്രതിസന്ധി അനുഭവപ്പെടുന്നു. കൾവർട്ടുകളും ഓവുചാലുകളും ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണം. ഉള്ള ഓവു ചാലുകൾ തന്നെ മണ്ണിട്ടുനികത്തി പുരയിടങ്ങളിലേക്ക് വാഹനങ്ങൾ കൊണ്ടുപോകുന്ന പ്രവണത ഏത് റോഡ് നോക്കിയാലും കാണാവുന്നതാണ്. അതിന്റെ ഭാഗമായി വെള്ളം ഓവുചാലിൽകൂടി പോകാതെ റോഡിൽ കവിഞ്ഞൊഴുകി റോഡ് കേടു വരുന്നു.

സന്നദ്ധ സേവന പ്രവർത്തനങ്ങളിലൂടെ ഉണ്ടാക്കുന്ന റോഡുകളുടെ വികസനം ഏറ്റെടുത്തു നടത്തേണ്ടിയിരിക്കുന്നു. കൺസൻറ് നല്കപ്പെട്ട പല റോഡുകളുടെയും നിർമ്മാണ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. ഗ്രാമസഭകളിലൂടെ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇതെല്ലാം സമഗ്രമായ പരിശോധനക്കും പഠനത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു. ഓരോ പ്രദേശത്തേയും ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ റോഡുകൾ ഉണ്ടാകേണ്ടതാവശ്യമാണ്. ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളടെ പേര് വിവരം താഴെ കൊടുക്കുന്നു.

പട്ടിക - 3

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. മാണിക്കോത്ത് കൊളവയൽ നിന്ന് ചിത്താരി വരെ 1.25 കി.മീറ്റർ
2. കൊളവയൽ റോഡ് ജംഗ്ഷൻ മുതൽ കാഞ്ഞങ്ങാട് മുനിസിപ്പൽ അതിർത്തി വരെ
3. ഇക്ബാൽ ഹൈസ്കൂൾ മുതൽ മാണിക്കോത്ത് കൊളവയവൽ വരെ
4. മടിയൻകുന്നു മുതൽ മടിയൻ വയൽ വരെ.
5. മാണിക്കോത്ത് പോസ്റ്റോഫീസ് കിള റോഡാക്കണം.
6. മാണിക്കോത്ത് മദ്രസക്ക് സമീപമുള്ള കിള റോഡാക്കണം.
7. അതിഞ്ഞാൽ ബസ് ഷെൽട്ടറിൻെറ തെക്ക് ഭാഗത്ത് നിന്ന് കിഴക്കോട്ടുകണ്ണികുളങ്ങര പാലം വഴി വെള്ളിക്കോത്തേക്ക് റോഡ് നിർമ്മിക്കുക.
8. മാവുങ്കാൽ ഇലക്ട്രിസിറ്റി ഓഫിസിന് എതിർവശത്തുള്ള റോഡ് മുതൽ മഞ്ഞമ്പൊതി ഹരിജൻ കോളനി വരെ റോഡ് നിർമ്മിക്കുക.
9. മൂലക്കണ്ടം-കാട്ടുകുളങ്ങര -നെല്ലിത്തറ-നടുവട്ടം വയൽ റോഡ് നിർമ്മിക്കുക.
10. ഓളിയക്കാൽ കാവുങ്കാൽ വഴി കിഴക്കേ വെള്ളിക്കോത്തേക്കും റോഡുണ്ടാക്കുക. ഈ റോഡ് മാവുങ്കാൽ-കോട്ടച്ചേരി റോഡിനെ ബന്ധിപ്പിക്കുക.
11. പുതിയ കണ്ടം സ്കൂളിൽ നിന്നു തുടങ്ങുന്ന ഇടവഴി റോഡാക്കി ഓളിയക്കാൽ റോഡുമായി ബന്ധിപ്പിക്കുക
12. മാവുങ്കാൽ കിഴക്കേ വെള്ളിക്കോത്ത് റോഡു മുതൽ വെള്ളിക്കോത്ത് ടൗൺ വരെ റോഡുണ്ടക്കുക. (വയൽ നികത്തി)
13. തച്ചറവളപ്പ് മുതൽ അതിഞ്ഞാൽ വരെ റോഡ് നിർമ്മിക്കുക.
14. മണൽ-നോർത്ത് കോട്ടച്ചേരി റോഡ് പൂർത്തിയാക്കുക.
15. കുശവൻകുന്ന് കാലിച്ചാമരം റോഡ് കാലിച്ചാമരം മുതൽ വട്ടക്കുണ്ട് പടിഞ്ഞാറ്റംകുഴി പള്ളോട്ട് വഴി മേലടുക്കം റോഡ് വരെ ഉണ്ടാക്കുക.
16. മുച്ചിലോട്ട്-ചെരിച്ചൽ വഴി അതിഞ്ഞാൽ റോഡ് പണിയണം.
17. കുശവൻകുന്ന് -നാല്പാടം -വെള്ളൂർ വയൽ ചെരിച്ചൽ റോഡ് നിർമ്മിക്കുക.
18. നാല്പാടം അങ്കൻവാടി മുതൽ കടിക്കുകര അമ്പലം വരെ റോഡ് ഉണ്ടാക്കണം.
19. പാടിക്കാനം -പാടത്തേക്ക് പൊടിപ്പള്ളം റോഡ് നിർമ്മിക്കുക.
20. നാട്ടകല്ല്-പാടിക്കാനം ലിങ്ക് റോഡ് നിർമ്മിക്കണം
21. തണ്ണോട്ട് -തിടിൽ -കളിയങ്ങാനം മാള പട്ടികജാതി കോളനി റോഡ് നിർമ്മിക്കുക.
22. തണ്ണോട്ട് കുന്നുമ്മങ്ങാനം വഴി പുല്ലൂർ പെരിയ പഞ്ചായത്ത് ഓഫീസ് വരെ റോഡുണ്ടാക്കണം.

23. വാണിയമ്പാറ -അളളങ്കോട്ട് -കൂളിക്കാട്ട്
24. വേലാശ്വരം-കോടാട്ട്-മടിയൻ
25. ചിത്താരി ഇലക്ട്രിക് ഓഫീസ് മുതൽ റയിൽവെ ക്രോസ് ഓവ് പാലം വരെ
26. മാണിക്കോത്ത് കാറ്റാടി റോഡ് -മാട്ടുമ്മൽ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
27. ചിത്താരി സെൻട്രൽ മുതൽ മൂറിപ്പാലം -മിനിയംകോട് നടപ്പാത റോഡാക്കുക
28. ചിത്താരി ഹൈദ്രോസ് പള്ളിയുടെ മുമ്പിൽ നിന്ന് വയലിലേക്ക് പോകുന്ന നടപ്പാത റോഡാക്കുക.
29. കൊട്ടിലങ്ങാട്ട് വയൽ നടപ്പാത റോഡാക്കുക
30. വി.പി.റോഡ് അളളങ്കോട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക
31. ചിത്താരി - ചാമുണ്ടിക്കുന്നു റോഡ് വി.പി.റോഡുമായി ബന്ധിപ്പിക്കുന്ന പുഴയോര റോഡ് നിർമ്മിക്കുക
32 കൊളവയൽ പോസ്റ്റോഫീസ് മുതൽ കൊടത്തിക്കാൽ സ്കൂൾ വരെ പുതിയ റോഡ് നിർമ്മിക്കുക
33. കാറ്റാടി ലക്ഷം വീട് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക
34. കാറ്റാടി എ.കെ.ജി മന്ദിരം മുതൽ കൊത്തിക്കാൽ റോഡുമായി ബന്ധിപ്പിക്കാൻ പുതിയ റോഡ് ഉണ്ടാക്കുക
35. തുളുച്ചേരി കിഴക്കുംകര റോഡ് നിർമ്മിക്കുക
36.ചിത്താരി കടപ്പുറം പേറ്റുക്കുണ്ടുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം

പട്ടിക - 4

പുതിയതായി നിർമ്മിക്കേണ്ട നടപ്പാതകൾ

1. അഴിത്തല - ചാലിയനാവി
2. കൊളവയൽ - മാട്ടുമ്മൽ - കൊളവയൽ പള്ളി വരെ 15 മീറ്റർ ശ്രമദാനം വഴി
3. അതിഞ്ഞാൽ പമ്പ് ഹൗസ് മുതൽ 500 മീറ്റർ നടപ്പാത
4. മടിയൻ ജംഗ്ഷൻ-കൊളവയൽ
5. പുന്നക്കാൽ ഭഗവതി ക്ഷേത്രത്തിനിടയിൽകൂടി 3,4, വാർഡ് അതൃത്തിയിൽകൂടി -അടോട്ട് വെള്ളിക്കോത്ത്-
6. മാവുങ്കാൽ പള്ളി മൂലക്കണ്ടം കാട്ടുകുളങ്ങര
7. ശ്രീരാമ ക്ഷേത്രം - മഞ്ഞംപൊതി വയൽ രാമനഗരം ഹൈസ്കൂൾ.
8. മുച്ചിലോട്ട് സ്കൂൾ മുതൽ അതിയാമ്പൂരിലേക്ക് നടപ്പാത.
9. തണ്ണോട്ട് അമ്പലം -ചാണക്കാട്ട്
10. പാടിക്കാനം - വെള്ളരന്തട്ട
11. ചിറ്റാരി പുഴക്ക് നടപ്പാത.
12. കല്ലിങ്കാൽ പാലം മുതൽ റയിൽവെ ലൈൻ വരെ
13. കടവത്ത് വീടു മുതൽ കല്ലിങ്കാൽറോഡു വരെ.
14. കയ്യാല കണ്ടം പാലം മുതൽ ഹിമായത്തുൽ യു.പി. സ്കൂൾ വരെ
15. ചാമുണ്ടിക്കുന്ന് അമ്പലത്തിന്റെ തെക്കു ഭാഗത്തു നിന്ന് മുണ്ടവളപ്പു കൊളവയൽ
16. ഹിമായത്തുൽ സ്കൂളിന്റെ തെക്കു ഭാഗത്തു നിന്ന് പി.ഡബ്ളിയു.ഡി. റോഡിൽ നിന്ന് റയിൽവെ ലൈൻ വരെ
17. ചിത്താരി കടപ്പുറം മുതൽ കല്ലിങ്കാൽ സ്കൂൾ വരെ

ഇന്നു നിലവിലുള്ള റോഡുകളുടേയും നടപ്പാതകളുടെയും ലിസ്റ്റ് ഇതോടനുബന്ധിച്ച് ചേർത്തിട്ടുണ്ട്. ഇതിൽ കാണിച്ച വീതി കുറഞ്ഞ റോഡുകൾ സന്നദ്ധസേവനം വഴി ശ്രമദാനമായി വീതി കൂട്ടുകയും നടപ്പാതകൾ റിപ്പേർ ചെയ്യുകയും പ്രധാന റോഡുകൾ ടാർ ചെയ്യുകയും വേണം.

പല റോഡുകളും സ്വകാര്യ വ്യക്തികൾ കയ്യേറി കൈവശപ്പെടുത്തുന്നതുകൊണ്ട് റോഡിന് വീതി കുറഞ്ഞ് ഗതാഗതത്തിന് ബുദ്ധിമുട്ട് നേരിടുന്നു. അതുകൊണ്ട് ഗ്രാമസഭയുടെ ശ്രദ്ധയിൽപ്പെട്ട മൂന്നാം വാർഡിലെ ബാലവാടിക്കു പിന്നിലുള്ള സ്ഥലം ഒഴിപ്പിച്ച് ഗതാഗതത്തിന് നൽകേണ്ടതാണ്. അതുപോലെ സി.ബി.റോഡിൽ കയ്യേറിയ ഭൂമികൾ ഒഴിപ്പിച്ച് വേങ്ങച്ചേരി വരെ ഗതാഗതസൗകര്യമുണ്ടാക്കണം. ഈ പഞ്ചായത്തിൽകൂടി 6 കി.മീ നീളത്തിൽ റയിൽപ്പാതയുണ്ട്. ഇതിൽ ഇക്ബാൽ സ്കൂളിനു സമീപം ഒരു റയിൽവെ ക്രോസിംഗ് ഗേറ്റ് മാത്രമേ ഉള്ളൂ. കൊളവയൽ - മാണിക്കോത്ത് റോഡിൽ ഒരു റയിൽവെ ക്രോസ് അനുവദിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ പറയുന്ന സ്ഥലങ്ങളിൽ അഴുക്കു ചാൽ നിർമ്മിക്കേണ്ടതാണ്.

1. മടിയൻ - വെള്ളിക്കോത്ത് റോഡ്
2. പുതിയകണ്ടം - വിശ്വകർമ്മ ക്ഷേത്ര റോഡ്.
3. മാവുങ്കാൽ ശ്രീരാമ ക്ഷേത്രം മുതൽ മൂലക്കണ്ടം വരെ.
4. മാവുങ്കാൽ - കിഴക്കുംകര റോഡ്.
5. മാവുങ്കാൽ - കിഴക്കുംകര റോഡിൽ കുശവൻകുന്ന് ഇറക്കത്തിലുള്ള കപ്പണക്കുഴി നികത്തണം.

ഈ പഞ്ചായത്തിന്റെ വടക്കേ അതൃത്തിയിൽകൂടി ചിത്താരി പുഴ ഒഴുകുന്നു. ഇതിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ ഇന്നും ഗതാഗതത്തിന് കടത്തുതോണിയാണ് ഉപയോഗിക്കുന്നത്. താഴെ പറയുന്ന സ്ഥലങ്ങളിൽ കടത്തു തോണി അനുവദിക്കേണ്ടതാണ്.

കടത്തു തോണി ആവശ്യമുള്ള സ്ഥലങ്ങൾ

1. ചിത്താരി - കൊട്ടിലങ്ങാട്.
2. ചിത്താരി മുതൽ ചിത്താരി കടപ്പുറം വരെ 2 തോണി.

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകലുടെ അപര്യാപ്തത.
2. റോഡുകളുടെ വീതിക്കുറവ്.
3. പ്രധാനപ്പെട്ട റോഡുകളിൽ കാണുന്ന അപകടകരമായ വളവുകൾ.
4. റോഡിന് മറുവശത്തേക്ക് വെള്ളം ഒഴുക്കുന്നതിനുള്ള പ്രയാസം.
5. ഓവുചാലുകൾ ഇല്ലാത്തത്.
6. ഉള്ള ഓവു ചാലുകൾ സംരക്ഷിക്കുന്നില്ല.
7. റോഡു നിർമ്മാണം വയലുകളിൽ നീർകെട്ടുണ്ടാക്കുന്നു. മണ്ണൊലിപിന് കാരണമാകുന്നു.
8. ചരിഞ്ഞ പ്രദേശങ്ങളിൽ കരയിടിച്ചിൽ ഉണ്ടാക്കുന്നു.
9. പല റോഡുകളും ഗുണനിലവാരമില്ലാത്തവയാണ്.
10. താഴ്ന്ന പ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകളുടെ സരക്ഷണം.
11. കൾവർട്ടുകളുടേയും ഡ്രൈനേജുകളുടേയും അഭാവം.
12. ലവൽക്രോസുകളുടെ അഭാവം.

സാദ്ധ്യതകൾ

1. കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.
2. അപകടകരമായ വളവുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണം.
3. കൾവർട്ടുകൾ ആവശ്യമായ സ്ഥലത്ത് നിർമ്മിക്കണം.
4. ഡ്രൈനേജുകൾ എല്ലാ റോഡുകളൾക്കും നിർമ്മിക്കണം.

5. റോഡിന്റെ വീതിക്കുറവ് പരിഹരിക്കണം.
6. റോഡ് പുറമ്പോക്കിലുള്ള അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിച്ച് ഭൂമി ഒഴിപ്പിച്ചെടുക്കണം.
7. റോഡിലേക്ക് അതിർവരമ്പുകളും വേലികളും കയറിക്കെട്ടുന്നത് തടയണം.
8. ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ എന്നിവ മൂലമുണ്ടാകുന്ന തടസ്സം ഒഴിവാക്കണം.
9 ഇന്നു നിലവിലുള്ള ടാറിടാത്ത റോഡുകൾ ടാറിടണം.
10 ജന പങ്കാളിത്തത്തോടെ റോഡുനിർമ്മാണം നടത്തണം. ചെലവിന്റെ 1/3 ഭാഗം ജനകീയമായ ജനപങ്കാളിത്തത്തോടെയാണെന്ന് ഉറപ്പു വരുത്തണം. നടപ്പാതകളുടെ നിർമ്മാണത്തിലും പുതുക്കി പണിയലിലും 50 ശതമാനം ജനപങ്കാളിത്തം ഉറപ്പുവരുത്തണം.

ഊർജ്ജം

പഞ്ചായത്തിലെ മിക്ക വീടുകളിലും വിറകാണ് പാചകത്തിന് ഉപയോഗിക്കുന്നത്. പഴയ കാലത്തു ലഭിച്ചതു പോലെ ഇന്ന് വിറക് സുലഭമായി ലഭിക്കുന്നില്ല. തെങ്ങു കൃഷി വ്യാപകമായതോടെ തെങ്ങിൽനിന്നു ലഭിക്കുന്ന വസ്തുക്കളാണ് ഭൂരിഭാഗം ആൾക്കാരും വിറകിനായി ഉപയോഗിക്കുന്നത്. വിറകിന് നാൾകൂനാൾ വില കൂടുകയാണ്. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ വളരെ കുറഞ്ഞ ശതമാനമാണ്. വിറകിൽ നിന്നും ഗ്യാസിലേക്കുള്ള വേഗത കൂടിക്കൊണ്ട് വരുന്നു.

വീടുകളിലെ ഇന്ധന ഉപയോഗത്തിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക -1

ക്രമ നമ്പർ	ഇന്ധനം	എണ്ണം
1	വിറക് അടുപ്പ്	5650
2	പുകയില്ലാത്ത അടുപ്പ്	504
3	ഗ്യാസ്	648
4	മണ്ണെണ്ണ സ്റ്റൗ	452
5	ഇലക്ട്രിക് സ്റ്റൗ	14
6.	ഗോബർ ഗ്യാസ്	5

ദക്ഷതകൂടിയ അടുപ്പുകളും സൂര്യറാന്തലുകളും പരിമിതമായ തോതിൽ നിലവിലുണ്ട്. ഇവ പ്രചരിപ്പിക്കുവാനും ലഭ്യമാക്കുവാനും അനർട്ടിന്റെ പ്രവർത്തനം കാഞ്ഞങ്ങാട് ബ്ലോക്കിൽ ആരംഭിക്കേണ്ടതാണ്.

വൈദ്യുതി

ഈ പഞ്ചായത്തിൽ രണ്ട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ മാവുങ്കാലിലും ചിത്താരിയിലും നിലവിലുണ്ട്. കൂടാതെ കാഞ്ഞങ്ങാട് 11 കെ.വി. സബ്സ്റ്റേഷൻ ഈ പഞ്ചായത്തിലെ മാവുങ്കാലിൽ തന്നെയാണ്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഗുണഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് കാണാൻ കഴിയും. ഗാർഹികമേഖലകളിലെയും കാർഷികമേഖലകളിലെയും ഉപഭോക്താക്കൾക്കാണ് മുൻതൂക്കമുള്ളത്. കാർഷികമേഖലകളിൽ വൈദ്യുതി ലഭിക്കുവാൻ ഇനിയും അപേക്ഷകൾ ധാരാളമുണ്ട്.

നിലവിലുള്ള വൈദ്യുതി കണക്ഷന്റെ ഇനം തിരിച്ചുള്ള പട്ടിക.

പട്ടിക-2

1.	ഗാർഹികം	4203
2.	വ്യാപാരം	1225
3.	വ്യാവസായികം	54
4.	കാർഷികം	517

പഞ്ചായത്തിലെ ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. പ്രസരണ വിതരണ രംഗത്തുള്ള നഷ്ടം കുറക്കുന്നതിന് ലൈനുകളിൽ തൊട്ടുകിടക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റുക., ട്രാൻസ്ഫോർമറുകളുടെ എണ്ണവും സ്ഥാനവും ക്രമീകരിക്കുക എന്നിവ ചെയ്താൽ ഒരളവുവരെ നഷ്ടത്തിന് പരിഹാരമാവും.

പട്ടിക-3

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

1.	മാവുങ്കാൽ മിൽമ	12.	മഡിയൻ 100 കെ.വി.
2.	രാംനഗർ	13.	മഡിയൻ മുക്ക് 100 ,,
3.	മാവുങ്കാൽ	14.	മാണിക്കോത്ത് 100 ,,
4.	പളേളാട്ട്	15.	അതിഞ്ഞാൽ 250 ,,
5.	കിഴക്കുംകര	16.	അതിഞ്ഞാൽ ടൗൺ ,,
6.	വെള്ളിക്കോത്ത്	17.	കൊളവയൽ 100 ,,
7.	മൂലക്കണ്ടം	18.	കൊളവയൽ 100 ,,
8.	തണ്ണോട്ട് 100 കെ.വി.	19.	ചാലിയൻ നായി 100 ,,
9.	തൗഫീക്ക് 100 ,,	20.	മുട്ടുന്തല 100 ,,
10.	ചിത്താരി 250 ,,		
11.	സി.ബി.റോഡ് 100 ,,		

പഞ്ചായത്തിലെ എല്ലാ വാർഡിലും വൈദ്യുതി എത്തിയെങ്കിലും വാർഡിൽ പലവീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിലെ ഉപഭോക്താക്കൾ രൂക്ഷമായ വോൾട്ടേജ് പ്രശ്നത്തെ നേരിടുന്നു.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. ചിത്താരി സെക്ഷൻ മേജർ സെക്ഷനായി ഉയർത്തേണ്ടതാണ്.

പട്ടിക-4

1.	ഇക്ബാൽ റോഡിനടുത്ത്	6.	രാമഗിരി
2.	കാറ്റടി	7.	സെറ്റിൽമെൻറ്
3.	തായൽ കൊളവയൽ	8.	കൊട്ടിലങ്ങാട്
4.	പള്ളത്തുങ്കാൽ	9.	കൂളിക്കാട് ജംഗ്ഷൻ
5.	മാക്കി.	10.	കാരക്കുഴി
		11.	അതിഞ്ഞാൽ

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ കണക്ക്

പട്ടിക-5

1.	ഓർഡിനറി	219
2.	ഒ.ടി.പി.	6
3.	ഒ.വൈ.ഇ.സി.	115

വൈദ്യുതീകരിച്ച പട്ടികജാതി കോളനികൾ

പട്ടിക-6

	കോളനി	സൗജന്യമായി ചെയ്തത്
1.	വെള്ളത്തട്ട്	20
2.	വേലേശ്വരം	4
3.	രാവണീശ്വരം സെറ്റിൽമെൻറ്	5
4.	കാരക്കുഴി	2

മിക്ക പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ ഇനിയും സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 375 ബൾബുകളും 425 ട്യൂബുകളുമാണ് തെരുവ് വിളക്കിന് ഉപയോഗിക്കുന്നത്. പ്രതിവർഷം 53712/- രൂപയാണ് ഈ ഇനത്തിൽ പഞ്ചായത്ത് ചിലവഴിക്കുന്നത്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും നിലവിൽ തെരുവ് വിളക്കുകൾ ഇല്ലാത്ത എല്ലാ പൊതുവഴികളിലും തെരുവ് വിളക്കുകളും സ്ഥാപിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രസരണ വിതരണ നഷ്ടം സംഭവിക്കുന്നു.
3. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും തെരുവ് വിളക്കുകളില്ല.
4. പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.
5. സ്റ്റെപ്പ് അപ്പിൻെറ അമിതമായ ഉപയോഗം.
6. വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രവർത്തനക്ഷമതയുടെ അഭാവം.
7. വേനൽക്കാലത്ത് കാർഷികാവശ്യത്തിനുള്ള മോട്ടോറുകൾ കുറഞ്ഞ വോൾട്ടേജ് കാരണം പ്രവർത്തിക്കുന്നില്ല.
8. വ്യവസായ സംരംഭകർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള ഉപാധികൾ സങ്കീർണ്ണമാണ്. കാലതാമസം നേരിടുന്നു.
9. ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കും വൈദ്യുതി ദുർവ്യയം ചെയ്യുന്നു.
10. വിറക് ക്ഷാമം രൂക്ഷമാണ്. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നില്ല. ദക്ഷത കൂടിയ അടുപ്പുകളുടെ കേടുപാടുകൾ തീർക്കുന്നതിന് സാങ്കേതിക വിദഗ്ദരുടെ അഭാവം.

സാദ്ധ്യതകൾ

1. പ്രസരണ വിതരണ രംഗത്തെ നഷ്ടം കുറക്കുന്നതിന് മരക്കൊമ്പുകൾ മുറിച്ച് മാറ്റുന്നതിനും മറ്റും പ്രദേശികതലത്തിൽ സംവിധാനം വേണം.
2. ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
3. ബോർഡ് ജീവനക്കാർ അവരുടെ സാമൂഹ്യബാധ്യത നിറവേറ്റാൻ തയ്യാറാവുകയും അതിനുതകും വിധത്തിൽ ആ മേഖലയിൽ ക്രമീകരണം ഉണ്ടാവുകയും വേണം.
4. ലൈനുകളിലെ തകരാരുകൾ പരിഹരിക്കാൻ ബോർഡ് ജീവനക്കാരുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ സംവിധാനമുണ്ടാകണം.
5. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ബഹുജന സമ്പർക്ക പരിപാടികൾ ആവിഷ്കരിക്കണം.
6. തരിശ് പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ട് വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കണം.
7. വിറക് വില്പനക്കായി പൊതു കേന്ദ്രങ്ങൾ ആരംഭിക്കണം.
8. അജാനൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് കാഞ്ഞങ്ങാട് ബ്ലോക്കിൽ അനെർട്ട് ഓഫീസ് ആരംഭിക്കണം.
9. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയുടെ ലഭ്യത സാർവ്വത്രികമാക്കണം.
10. ഗോബാർ ഗ്യാസിന്റെ പ്രാദേശിക സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.
11. സൂര്യപ്രകാശം, കാറ്റാടി യന്ത്രം എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജ ലഭ്യതക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
12. ബേക്കൽ, ചിത്താരി ഫീഡറുകൾ വിഭജിച്ച് ചിത്താരി ഫീഡറിന് മാത്രമായി ഡി.സി.ബി. ഡ്യബ് അനുവദിക്കുക.

3. മാർക്കറ്റ്

ഈ പഞ്ചായത്തിൽ ആഴ്ച ചന്തകൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ മുഖ്യ വിപണന കേന്ദ്രങ്ങൾ മാവുങ്കാൽ, തുളുച്ചേരി, കിഴക്കുംകര, അതിഞ്ഞാൽ, മാണിക്കോത്ത്, മഡിയൻ ജംഗ്ഷൻ, ചാമുണ്ഡിക്കുന്ന്, വെള്ളിക്കോത്ത് എന്നിവയാണ്. അതിവേഗം വളർന്നുവരുന്ന ബസാറാണ് മാവുങ്കാലും തുളുച്ചേരിയും. പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള പല സാധനങ്ങളും ലഭിക്കുന്നഒരു കേന്ദ്രമായി തീർന്നിരിക്കുന്നു മാവുങ്കാൽ. സ്വകാര്യമേഖലയിലെ കച്ചവട സ്ഥാപനങ്ങളാണ് ഭൂരിഭാഗവും. കാസർഗോട് മാർക്കറ്റിംഗ് സൊസൈറ്റിയുടെ മലഞ്ചരക്ക് വ്യാപാരം ചെയ്യുന്ന ഒരു കേന്ദ്രം മാവുങ്കാലുണ്ട്. പഞ്ചായത്തിലെ കൃഷിക്കാർ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലുള്ള കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയിലാണ് കൊപ്ര, കുരുമുളക് എന്നിവ നൽകുന്നത്. മിക്ക കൃഷിക്കാർക്കും ഇത് ഉപയോഗിക്കാൻ പറ്റുന്നില്ല. പഞ്ചായത്തിലെ ചാമുണ്ഡിക്കുന്ന്, മഡിയൻ റോഡ് ജംഗ്ഷൻ, മാണിക്കോത്ത്, മാവുങ്കാൽ എന്നീ സ്ഥലങ്ങളിൽ റോഡരുകിലാണ് മത്സ്യ വില്പന നടത്തുന്നത്. മത്സ്യമാർക്കറ്റ് എന്ന ഒരു സംവിധാനം പഞ്ചായത്തിലില്ല. അതുപോലെതന്നെ ആട്, കാലി, പോത്ത് തുടങ്ങിയവയുടെ പഞ്ചായത്തിലെവിടെയും ഒറ്റപ്പെട്ട വില്പന കേന്ദ്രങ്ങളാണ് ഉള്ളത്.

പഞ്ചായത്തിലെ മേൽപറഞ്ഞ ചാമുണ്ഡിക്കുന്ന്, മഡിയൻ റോഡ് ജംഗ്ഷൻ, മാണിക്കോത്ത്, മാവുങ്കാൽ എന്നീ കേന്ദ്രങ്ങളിൽ മത്സ്യ മാംസ മാർക്കറ്റിംഗ് സംവിധാനങ്ങൾ ആധുനികരീതിയിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കൊപ്ര മില്ലുകൾ ഈ പഞ്ചായത്തിൽ മാവുങ്കാൽ, കിഴക്കുംകര എന്നിവിടങ്ങളിലുള്ളതിനാൽ കൃഷിക്കാർക്ക് ആവശ്യമായ എണ്ണയാട്ടുവാൻ പരിമിതമായ തോതിൽ സാധിക്കുന്നു.

എല്ലാ വാർഡുകളിലും പച്ചക്കറി ഉല്പാദന വിപണന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുക. ആഴ്ച ചന്ത മാവുങ്കാൽ, മഡിയൻ റോഡ് ജംഗ്ഷൻ എന്നിവിടങ്ങളിൽ ആരംഭിക്കുക. എല്ലാ വാർഡുകളിലും മാവേലി സ്റ്റോർ തുറക്കുക.


താഴെ പറയുന്ന സ്ഥലങ്ങളിൽ റേഷൻ കടകൾ സ്ഥാപിക്കുക.

1. അജാനൂർ കടപ്പുറം
2. വേലേശ്വരം വിശ്വഭാരതി
3. കൊട്ടിലങ്ങാട്
4. കല്ലിങ്കാൽ

താജ് മഹൽ നിങ്ങളുടെ വീട്ടിൽ.

മുഗ്ധപ്രണയത്തിന്റെ നിത്യലാവണ്യസ്മാരക
മായ താജ്മഹലിന്റെ കുളിർമ നിങ്ങളുടെ
വീടിന്റെ തറയിൽ..... ചുവരുകളിൽ.....
മാർബിൾ, ഗ്രാനൈറ്റ്,ഡക്കറേറ്റീവ് ടൈൽസ്
എന്നിവയുടെ
ഒരത്യപൂർവ്വ ശേഖരം!!!

മർഹബ
മാർബിൾ ആൻറ് ടൈൽസ്
അതിഞ്ഞാൽ -കാഞ്ഞങ്ങാട്
Phone: 703462 (pp)



പാർപ്പിടവും -സാമൂഹ്യക്ഷേമവും

അനേകമനേകം ജീവദശകൾ കടന്ന്, മനുഷ്യനിലെത്തിയപ്പോൾ , ആദിമ മനുഷ്യന് ഒരു പക്ഷേ പാർപ്പിട പ്രശ്നം ഉണ്ടായിരിക്കാനിടയില്ല. അന്നത്തെ മനുഷ്യന് അഭയസ്ഥാനമായി കാട്ടിലെ ഗുഹകൾ മതീയായി രുന്നു. ഹിംസ്ര മൃഗങ്ങളിൽ നിന്നും കഠിനമായ കാലാവസ്ഥാ ഭേദങ്ങൾ രക്ഷ നേടാനായി മനുഷൻ ഗു ഹകളിൽ ഇടം കണ്ടെത്തിയതായിരിക്കണം. കാലക്രമേണ മനുഷ്യൻ സാമൂഹ ജീവിയായി മാറിയപ്പോൾ സ്വാ ഭാവികമായും അവന്റെറ ആവശ്യങ്ങളും വർദ്ധിച്ചു. അതോടൊപ്പം പാർപ്പിട പ്രശ്നത്തിലും സമൂഹത്തിന്റെറ സജീവ ശ്രദ്ധ പതിഞ്ഞു തുടങ്ങി. കേവലം തലചായ്ക്കാൻ ഒരിടമെന്ന അവസ്ഥയിൽ നിന്നും, കൂടുതൽ സു ഖസൗകര്യങ്ങളുള്ള ഒരു'വീട്' എന്ന തലത്തിലേക്ക് മനുഷ്യന്റെറ ആഗ്രഹം വർദ്ധിച്ചു ഇന്നത്തെ ആധുനി കതയിൽ നിന്ന് അത് ബഹുദൂരം പിന്നിട്ട് ആധുനിക സങ്കേതവും, മോടിയും, ധാടിയും ഒക്കെ ചേർന്ന് ഗൃ ഹനിർമ്മാണം ഏറ്റവും വലിയ 'ഭ്രമം' എന്ന നിലയിലേക്ക് എത്തിയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭാരത ത്തെ സംബന്ധിച്ച് പറഞ്ഞാൽ സമ്പന്നമായ ഒരു വാസ്തു ശിൽപ പാരമ്പര്യം അവകാശപ്പെടാവുന്നതാണ്.

1992 ലെ കണക്കനുസരിച്ച് ഇന്ത്യയിലെ പാർപ്പിട പ്രശ്നം പരിഹൃതമാകണമെങ്കിൽ ഈ ദശകത്തിൽ 400 ലക്ഷം വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ പാർപ്പിട പ്രശ്നം, ഇന്ത്യയുടെ ഇതരഭാഗത്തു ള്ളതുപോലെ അത്രയധികം രൂക്ഷമല്ലെങ്കിൽപോലും സ്വന്തമായി വീടില്ലാത്ത പതിനായിരക്കണക്കിലുള്ള കു ടുംബങ്ങളുണ്ട്. അതിന്റെറ തോതിലുള്ള പാർപ്പിട പ്രശ്നം ഈ പഞ്ചായത്തിനെയും അലട്ടുന്നുണ്ട്.

മലനാട്, ഇടനാട് (സമതലം) തീരദേശം- ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ ഇങ്ങനെ മൂന്നായി തിരി ച്ചിട്ടുണ്ടല്ലോ. ഭൂമിയുടെ കിടപ്പ് നോക്കുമ്പോൾ അജാനൂർ പഞ്ചായത്തിനെയും ഈ രീതിയിൽ മൂന്നായിതി രിക്കുന്നതിൽ തെറ്റില്ല. അജാനൂർ, ചിത്താരി ഗ്രാമങ്ങളിലെ കടലോരപ്രദേശം - അൽപം കിഴക്ക് മാറിയാൽ പാ ടശേഖരങ്ങളും തെങ്ങിൻ തോപ്പുകളും ഉൾപ്പെടുന്ന സമതലപ്രദേശം- രണ്ട് ഗ്രാമങ്ങളുടെയും കിഴക്കേ അതിർത്തിയോട് അടുക്കുമ്പോൾ കാണുന്ന അൽപം ഉയർന്നുകിടക്കുന്ന കുന്നിൻ പ്രദേശം -തീരദേശമാണ് ജനസാന്ദ്രത കൂടിയ സ്ഥലം. കിഴക്കേ അതിർത്തിയിൽ വെട്ടുകൽ പാറയുള്ള പ്രദേശം . അപൂർവ്വമായി കരി ങ്കൽ പ്രദേശവും കാണാം. ഇവിടെ ജനസാന്ദ്രത പൊതുവെ കുറവാണെന്ന് പറയാം. കടലോരത്ത് മത്സ്യത്തൊ ഴിലാളി കുടുംബങ്ങൾ തിങ്ങിതാമസിക്കുന്നു. ഇവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഇവർ ഓലമേഞ്ഞ കുടിലുകളിലും ഓട് മേഞ്ഞ കൊച്ചുകൊച്ചു വീടുകളിലും താമസിക്കുന്നു. കോൺക്രീറ്റ് വീടുകൾ അപൂർവ്വം. കിഴക്കോട്ട് നീങ്ങിയാൽ തലഉയർത്തി നിൽക്കുന്ന കൂറ്റൻ മണിമേടകളുടെ ഇടമാകുന്നു. ഗൾഫ് സമ്പത്തിന്റെറ സ്വാധീനം ഏറെയുള്ള മേഖലയാണിത്. സാമുദായികമായി മുസ്ലീം ഭൂരിപക്ഷ പ്രദേശം. ഈ ബെൽട്ടിൽ ധാരാളം വ്യാപാരസ്ഥാപനങ്ങളും വാടകക്കെട്ടിടങ്ങളും ഉണ്ട്. 25-വർഷങ്ങൾക്ക് മുമ്പാണെങ്കിൽ ഈ പ്രദേശത്ത് ജനവാസം കുറവായിരുന്നു. അന്നത്തെ പുകയിലപാടങ്ങളും നെൽപാടങ്ങളും കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറികൊടുത്തിരിക്കയാണ്. വീണ്ടും കിഴക്കോട്ട് നീങ്ങിയാൽ നെൽവയലുകളും,അവയ്ക്കി ടയിൽ തെങ്ങിൻ തോപ്പുകളും സാമാന്യം ഭേദപ്പെട്ട വീടുകളും കാണാം. ഈ ബെൽട്ടിൽ വ്യാപാരസ്ഥാ പനങ്ങൾ നന്നെ കുറവാണ്. വെട്ടുകഥ് പാറനിറഞ്ഞ കിഴക്കേ അതിർത്തിയോട് അടുക്കുമ്പോൾ വീടുകളുടെ എണ്ണം കുറയുന്നു. ഈ ഭാഗത്ത് കശുമാവ് കൃഷിയും അൽപാൽപ്പമായിട്ടുണ്ട്.

പട്ടിക 1

വീടുകളുടെ എണ്ണം

വാർഡ്	ഓല	ഓട്	കോൺഗ്രീറ്റ്	മറ്റുള്ളവ	ആകെ
1.	40	186	94	01	321
2.	39	250	153	11	453
3.	13	238	251	12	514
4	.10	219	122	-	351
5.	28	350	80	02	460
6.	11	301	69	07	388
7.	59	432	86	05	582
8.	44	523	138	17	722
9.	53	423	66	14	556
10.	32	414	51	-	497
11.	6	185	110	07	308
12.	49	255	89	-	393
13.	99	276	78	13	466
14.	29	190	90	28	337
15.	18	154	160	22	354
ആകെ	530	4396	1637	139	6702

അവലംബം സാമൂഹ്യസാമ്പത്തിക സർവെ

13,7,9,12 വാർഡുകളിലാണ് ഓലമേഞ്ഞ വീടുകൾ അധികമുള്ളത് . ഈ വസ്തുത പൊതുവെ ഈ വാർഡകളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയെ കാണിക്കുന്നു എന്നുവേണം കരുതാൻ. 3,15,2 വാർഡുകളിലാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ അധികാമായി കാണുന്നത്. ഇവിടെ തന്നെയാണ് കൂടുതൽ വ്യാപാരസ്ഥാപനങ്ങളും വാടക കെട്ടിടങ്ങളും ഉള്ളത്. കോൺക്രീറ്റ് വീടുകളിൽ നല്ലൊരു ശതമാനം 1000.ച. അടിയിൽ അധികം വിസ്ത്രീർണ്ണമുള്ളതും രണ്ടുനിലയുളിളതും മാർബിൾ ,മൊസൈക്ക് തറയോട് കൂടിയതുമാണെന്ന് പറയാം. ഗൾഫ് പണതതിന്റെ സ്വാധീനം ഇതിലുണ്ട്.

വർഷം കഴിയുന്തോറും വീടുനിർമ്മാണത്തിന്റെ തോത് വളരെയധികം ഉയരുന്നതായി കാണാം. അതിലും കോൺഗ്രീറ്റുവീടുകളാണ് കൂടുതൽ. മരത്തിന്റെ വിലവർദ്ധനയും ലഭ്യതക്കുറവും ഇ്തിന് കാരണമാണ്. കട്ടില, ജനൽ പടിൾക്കുപോലും മരം ഒഴിവാക്കി ഇരുമ്പും അലുമിനിയവും ഉപയോഗിക്കുന്നു. സാധാരണ വരുമാനക്കാരും മോടികൂടിയ വീടുകൾ നിർമ്മിക്കുവാൻ ബദ്ധപ്പെടുന്നതായി കാണാവുന്നതാണ്.

വയൽ നികത്തി വീടുകളും മററു കെട്ടിടങ്ങളും നിർമ്മിക്കുന്നത് പരിസരമലിലീകരണത്തിന് ഇടയാകുന്നു. മഴക്കാലത്തും മറ്റും വെള്ളം കെട്ടിനിൽക്കാൻ ഇടയാകുന്ന്തിനാൽ കിണർ ജലം മലിനമാകാൻ ഇടയാകുന്നു. പ്രത്യേകിച്ചും തീരപ്രദേത്ത് മണലായതിനാൽ ഈ വിഷമം വളരെ കൂടുതലായി അനുഭവപ്പെടുന്നു.

പട്ടിക 4 പ്രത്യേക പദ്ധതി വഴി നിർമ്മിക്കുന്ന വീടുകൾ

ഐ.ആർ.ഡി.പി. അനുവദിച്ച പൂർത്തിയായ ബാക്കി

സർവ്വേ പ്രകാരംവീടുകൾ ഇല്ലാത്ത കുടുംബം	വീടുകൾ	നിർമ്മിക്കാനുള്ള വീടുകൾ
1093	24	15	9
	16	16	--

അവലംബം : സെക്കണ്ടറി ഡാറ്റാ കലക് ഷൻ

പഞ്ചായത്തിൽ 7 പട്ടിക ജാതി കോളനികൾ ഉണ്ട്. കോളനി കളുടെ നില പൊതുവെ ശോചനീയമാണ്. അടി സ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും കോളനികൾ വളരെ പിറകിലാണ്. കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ഗതഗതം -എന്നിവയുടെ അപര്യാപ്തത കോളനി നിവാസികളെ വളരേയേറെ വിഷമിപ്പിക്കുന്നുണ്ട്.

മുൻ കാലങ്ങളിലെ കുടുംബവ്യവസ്ഥയിൽ മാറ്റം വരികയും, ചെറിയചെറിയ കുടുംബങ്ങളായുള്ള വിഭജനം ഏറിയേറി വരികയും ചെയ്തതാണ് പാർപ്പിട പ്രശ്നങ്ങൾക്ക് ഒരു പ്രധാന കാരണമായി പറയാവുന്നത്. പുതിയ സാമൂഹ്യ പാശ്ചാത്തലത്തിൽ ഈ പ്രശ്നം തുടർന്നും ഉയർന്നുവന്നേ കൊണ്ടിരുക്കും. പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് ചെറുകിട വീടുകളുടെ നിർമ്മാണമാണ് ഇതിന് ഒരു പോംവഴിയായി നിർദ്ദേശിക്കാവുന്നത്. എൽ.ഐ.സി, ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ , മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി ധനസഹായം നൽകി വീടുകൾ നിർമ്മിക്കുക എന്നതാണ് മറ്റൊരു പോംവഴി. പുരയിടങ്ങളുടെ ലഭ്യതക്കുറവ് , നിർമ്മാണസാമഗ്രഹികളുടെ വിലക്കയറ്റം തുടങ്ങി മറ്റു പ്രശ്നങ്ങളും ഉണ്ട്. ആരോഗ്യനിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട്പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതെ ഫ്ളാറ്റുകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ ഒരു പരിധി വരെ ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നു. ഉപഭോക്താക്കളിൽനിന്നും മുൻകൂറായി ഇതിനാവശ്യമായധനസമാഹരണം നടത്തുവാനും കഴിയും.

പ്രശ്നങ്ങൾ - പരിഹാര മാർഗ്ഗങ്ങൾ

1. നിലവിലുള്ള കെട്ടിട നിർമ്മാണ നിയമങ്ങളനുസരിച്ച് മുറികളുടെ എണ്ണം, മറ്റ്സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നിർമ്മിക്കുന്നത് വളരെയേറെ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. അതിനാൽ ഈ നിയമം ഉദാരമാക്കുക.

2.കെട്ടിടനിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവാണ് സാധാരണക്കാരനെ വിഷമിപ്പിക്കുന്ന മറ്റൊരു പ്രശ്നം. വിലനിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. ചെലവ്കുറഞ്ഞ നിർമ്മാണ സാമഗ്രികളും രീതികളും പ്രോത്സാഹിപ്പിക്കുക. തുടങ്ങിയ കാര്യങ്ങളാണ് ഇതിന് പരിഹാരമായി നിർദ്ദേശിക്കാവുന്നത്, തൊഴിൽ രഹിതർക്ക് നിർമ്മിതി കേന്ദ്രങ്ങൾ വഴി ഇതിൽ പരിശീലനം നൽകിയാൽ രണ്ടു നേട്ടങ്ങൾ ഒരേസമയത്തുണ്ടാക്കുവാനും കഴിയും

3. തീരദേശ സംരക്ഷണത്തിന്റെ പേരിൽ കടലോരത്ത് നിശ്ചിത അകലം വരെ കെട്ടിട നിർമ്മാണം നിരോധിച്ചത് തീരദേശവാസികളെ വളരെയധികം വിഷമിപ്പിച്ചിട്ടുണ്ട്. തുടങ്ങിവെച്ച കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഒരു അവസ്ഥപോലും ഇതുമൂലം ഇണ്ടായിട്ടുണ്ട്. ഇക്കാര്യം പുന:പരിശോധിക്കുക.

4. കോളനികളിലെ വീടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവ നാശത്തിന്റെ ഭീഷണി നേരിടുന്ന ഒരവസ്ഥ നിലവിലുണ്ട്, ഇത് പരുഹരിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ആറാം വാർഷിക 1993-ൽ ലക്ഷം വീട് കോളനിയിലെ വീടുകൾക്നുവദിച്ച അറ്റകുറ്റപണികൾക്കുള്ള 4000 രൂപയിൽ 3000 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇപ്പോൾ 1000 പരൂപകൂടി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

പഠനങ്ങളിൽനിന്നും മനസ്സിലാകുന്ന ഒരു പ്രധാന കാര്യം താഴ്ന്ന വരുമാനക്കാർക്കാണ് പാർപ്പിടപ്രശ്നം കൂടുതലായി അനുഭവപ്പെടുന്നത് എന്നുള്ളതാണ്.കൂടുതൽ ഉദാരവൽകരിച്ച പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുക എന്നതാണ് ഇതിനൊരു പോംവഴി.

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തരം നമ്മുടെ രാജ്യത്ത് ആസൂത്രണം ചെയ്ത എട്ട് പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി നടപ്പിലായ വിവിധ വികസന പ്രവർത്തനങ്ങൾ വഴി നാട്ടിലെ ജനങ്ങളുടെ ജീവിത നിലവാരം വളരെയധികം ഉയർന്നിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. കേരളത്തെ സംബന്ധിച്ച് പറഞ്ഞാൽ സേവന രംഗത്ത് നാം അസൂയാവഹമായ നിലയിൽ തന്നെ മുമ്പോട്ടു പോയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും കേരളം മറ്റു വികസിത രാജ്യങ്ങളോട് കിടനിൽക്കത്തക്കവിധം ഒരു കുതിച്ചു ചാട്ടം തന്നെ നടത്തിയിരിക്കുന്നുവെന്ന് പറയാം. എന്നാൽ നേട്ടങ്ങൾ സ്ഥായിയാക്കുന്നതിലും വിതരണം തുല്യമാക്കുന്നതിലും പദ്ധതിവിഹിതത്തിലെ ചോർച്ചകൾ തടയുന്നതിലും ധാരാളം പിഴവുകൾ സംഭവിച്ചിട്ടുണ്ട് എന്നകാര്യവും ഗൗരവത്തോടുകൂടി തന്നെ കാണേണ്ടിയിരിക്കുന്നു. 9-ാം പദ്ധതി കേരളത്തിൽ ജനകീയാസൂത്രണപദ്ധതിയായി വിഭാവനം ചെയ്യുമ്പോൾ ഈ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

ഡി.ഡബ്ല്യു.ഡി.ആർ.എ.

ഐ.ആർ.ഡി.പി.സർവേപ്രകാരം ലഭിക്കുന്ന വസ്തുതകൾ കണക്കിലെടുത്ത് 18 നും 35 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകി 10% പലിശ നിരക്കിൽ ബേങ്ക് വായ്പയും വായ്പയുടെ 1/3 സബ്സിഡിയും കൊടുത്തുകൊണ്ട് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതാണ് ഈ പദ്ധതി. ഇതനുസരിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

ട്രൈസം

ഡി.ഡബ്ലു. സി.ആർ.എ. പദ്ധതി പോലെ തന്നെ ഐ.ആർ.ഡി.പി. സർവേയിൽ കണ്ടെത്തുന്ന 18 നും 25 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്ന മറ്റൊരു പദ്ധതിയാണിത്. പരിശീലനം ലഭിച്ച മുഴുവൻ പേരും മറ്റൊരു തൊഴിലിൽ ഏർപ്പെടുന്നതുവരെയെങ്കിലും ഈ പരിശീലനം പ്രയോജന പ്പെടുത്തേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശം സഫലമാവുകയില്ല. സർവേയിൽ ഏറ്റവും അർബരായവരെയും, താത്പര്യപൂർവ്വം തൊഴിൽ രംഗത്ത് ഉറച്ചുനിൽക്കുന്നവരെയും കണ്ടെത്താൻ പ്രത്യേക ശ്രദ്ധിക്കണം.

ക്രമനമ്പർ	പരിശീലനവിഷയം	പരശീലനം ലഭിച്ചവർ.	സ്വയം തൊഴിൽ കണ്ടെത്തിയവർ	അതിൽ ഉറച്ചു നിൽക്കുനനവർ	മറ്റുതൊഴിലിലേക്ക്
1.	കോഴിവളർത്തൽ.	14	14	14	-
2.	കരിങ്കൽപണി	11	11	11	-
3.	മേട്ടോർ റിപ്പേറിംഗ്	10	10	10	-
4.	സ്പ്രേപെയിൻറിംഗ്				
5.	പ്രിൻറിംഗ്				
6.	വെൽഡിംഗ്				
7.	ടർണർ				
8.	മോട്ടോർമെക്കാനിക്ക	1	-	1	-
9.	ഇലക്ട്രോണിക്സ്				
10.	വയരിംഗ്				
11.	ഇലക്ട്രേപ്ലേറ്റിംഗ്				
12	.പാറ്റേൺ മേക്കിംഗ്				
13.	ഇരുമ്പ് പണി				
14.	ഫിറ്റിംഗ്				
15.	എബ്രോയിഡറി				

അവലംബം സെക്കണ്ടറി ഡാറ്റ കലക് ഷൻ

ടൂൾകിറ്റ്

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ഒരു പദ്ധതി യാണിത്. ഈ പദ്ധതിപ്രകാരം കഴിഞ്ഞ 3 പർഷങ്ങളിലായി വിതരണം ചെയാത കണക്കുകൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

സി.ആർ.എസ്.പി.

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

മില്ല്യൻ വെൽ

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ദേശീയ തലത്തിൽ ആവിഷ്കരിച്ചതും ദുർബല വിഭാഗക്കാർക്ക് മുൻഗണന നൽകി നടപ്പിലാക്കുന്നതുമായ ഒരു പദ്ധതിയാണിത്.

മാതൃ-ശിശു സംരക്ഷണം

ഐ.സി.ഡി.എസ്സിന്റെ കീഴിൽ ഈ പഞ്ചായത്ത് അതിർത്തിയിൽ 25 അംഗൺ വാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ അംഗൺ വാടികൾ വഴി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മ മാർക്കും കുട്ടികൾക്കും വേണ്ടി പോഷകാഹാരവിതരണം, രോഗപ്രധിരോധകുത്തിവെപ്പുകൾ ഔഷധവിതരണം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ബോധവൽകരണക്ലാസ്സുകളും നടത്തുന്നുണ്ട്. എല്ലാവാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് അംഗൺ വാടികളുമായി ബന്ധപ്പെട്ട് ബോധവൽക്കരണപ്രവർത്തനം, വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനം, തൊഴിൽ പരിശീലന ക്യാമ്പുകൾ, പഠന പര്യടനങ്ങൾ, തുടങ്ങിയ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തിയാൽ സ്ത്രീകളെ സാമൂഹ്യമായി വളരെയധികം ഉയർത്തികൊണ്ടുവരാൻ കഴിയും.

അംഗൻ വാടികളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കുട്ടികൾ : 0-1	:	629,	1-3	:	1196,	3-5	: 1557
ഗർഭിണികൾ :	220,	ഇതിൽ പ്രത്യേക പരിചരണം വേണ്ടവർ				:	220
മുലയൂട്ടുന്ന അമ്മമാർ :	293,	കഴിഞ്ഞവർഷം ആകെ ജനനം				:	636
ചാപിള്ള ജനനം	:	4,	ശിശുമരണം	:	0-1	:	7
1-3	:	2,	3-6	:	1,		
ഗർഭിണികളുടെ മരണം	: ഇല്ല.,	മറ്റുമരണങ്ങൾ	:	195			

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

അനുപൂരക ആഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	: 930
അനുപൂരക ആഹാരം ലഭിക്കുന്ന അമ്മമാരുടെ എണ്ണം	: 180
അനുപൂരക ആഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	: 140

പ്രായം	പോഷണക്കുറവ് ബാധിക്കാത്തവർ		ചെറിയതോതിൽ പോഷണക്കുറവ്		അധികതോതിൽ പോഷണക്കുറവുള്ളവർ		ഗുരുതരമായവിധം പോഷണക്കുറവുള്ളവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പ്രൺ
1വയസ്സിനു താഴെ	82	60	31	27	3	4	-	2
1-3വയസ്സ്	117	101	85	109	13	18	1	3
3-6വയസ്സ്	195	173	110	99	29	31	-	1
ആകെ	394	334	206	235	45	53	1	6

പട്ടിക 10

പ്രതിരോധ കുത്തിവെപ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.ടി				പോളിയോ				ഡി.ടി				മീസിൽസ്
		1ഡി	2ഡി	3ഡി	ബിഡി	1ഡി	2ഡി	3ഡി	ബിഡി	1ഡി	2ഡി	3ഡി	ബിഡി	
1വയസ്സിന് താഴെ	499	423	420	411	''	423	420	411	''	-	--			185
1-3വയസ്സ്	1082	1082	1081	1081	683	1082	1082	1081	683	2	2	-		1079
3-6വയസ്സ്	1374	1359	1359	1359	426	1359	13591359		426	''	''	426		1246

പട്ടിക 11

ഗർഭിണികൾ	ടെറ്റനസ് ടോക്സൈഡ്		
	1.ഡി	2ഡി	3ഡി
	190	115	88

ഇരുമ്പ്/ ഹോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർബിണികൾ	:	20
,, കുട്ടികൾ	:	1162
വിറ്റാമിൻ എ തുള്ളിമരുന്നുകൾ ലഭിച്ച കുട്ടികളുടെ എണ്ണം	:	1342
ആശുപത്രയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	:	636
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	:	ഇല്ല

അവലംബം സെക്കണ്ടറി ഡാറ്റാ കലക് ഷൻ

മേൽ ഉദ്ധരിച്ച കണക്കുകൾ കാണിച്ചാൽ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എത്രയെന്ന് പട്ടികയിൽ കാണാം

പെൻഷൻ/ ധനസഹായം

വിവിധഇനം പെൻഷൻ ലഭിക്കുന്ന നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. അർഹരായ പലർക്കും പെൻഷൻ ആനുകൂല്യം ലഭിക്കാതെ പോകുന്നുവെന്നും അനർഹരായ പലരും ഇത് തട്ടിയെടുക്കുന്നുവെന്നും പരാതിയുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ഒരു ജനകീയഫോറം രൂപീകരിക്കന്നതിന് സംവിധാനം ഉണ്ടാക്കുന്നത് അഭികാമ്യമായിരിക്കും.

തൊഴിലില്ലായ്മ

തൊലില്ലായ്മാ പ്രശ്നം ഗുരുതരമായി സമൂഹത്തെ ബാധിക്കുന്ന സന്ദർഭത്തിലും തൊഴിലിന് ആളുകളെ കിട്ടാത്ത സ്ഥിതി വിശേഷം നിലവിലുണ്ട്. തെങ്ങ്.കയറ്റം, കൃഷിപ്പണി, മരപ്പണി, ഇരുമ്പുപണി, പായ-കൂട്ടമെടച്ചിൽ കൈത്തറി, കൈക്കോട്ട് പണി തുടങ്ങിയ പര മ്പരാഗത തൊഴിൽ രംഗത്തേക്ക് പുതിയ ആളുകൾ കടന്നു വരാൻ മടികാണിക്കുന്നു. തൊഴിലധിഷ്ടിത ഔപചാരിക വിദ്യാഭ്യാത്തിൽകൂടി ഈ മേഖലകളിൽ പരിശീലനം നൽകുന്നത് അഭികാമ്യമായിരിക്കും.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലിസ്റ്റോറുകളോ സിവിൽ സപ്ലൈസ് കോർപറേഷൻ നടത്തുന്ന മറ്റ് വിതരണ കേന്ദ്രങ്ങളോ ഇല്ല. പഞ്ചായത്തിൽ നിരവധി കുടുംബങ്ങൾക്ക് റേഷൻ കാർഡ് ഇല്ല.

പഞ്ചായത്തിലെപ്രതിശീർഷവിതരണം

അരി 63കി. ഗോതമ്പ് 16.കി. പഞ്ചസാര 6കി

പട്ടിക

ഐ.ആർ.ഡി.പി.സർവെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	ഇതിൽ എസ്.സി എസ്.ടി.വിഭാഗം	ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ	സഹായം ലഭിച്ച എസ്.സി.എസ്.ടി. കുടുംഭങ്ങൾ	ദാരിദ്രരേഖയ്ക്ക് മുകളിലുള്ളവർ
2497	11	133	10	73

സംസ്ക്കാരം

പഴയ തെക്കൻ കർണാടക ജില്ലയുടെ ഭാഗമായിരുന്ന കാസർകോട് താലൂക്കിലെ അറിയപ്പെടാത്ത ഗ്രാമങ്ങളിലൊന്നായിരുന്നു അതിയാൽ ഗ്രാമം ഇന്ന് കേരളത്തിന്റെ സാംസ്ക്കാരിക നഭോ മണ്ഡലത്തിൽ പ്രകാശം പരത്തുന്ന അപൂർവ്വം ഗ്രാമങ്ങളിലൊന്ന്. വടക്കേ മലബാറിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിനു നേതൃത്വം കൊടുത്ത വിദ്വാൻ പി. കേളു നായരുടെയും മഹാ കവി പി. കുഞ്ഞിരാമൻ നായരുടേയും ജന്മഗേഹമാണ് ഈ പഴയ തുളു നാടൻ ഗ്രാമം. കാലത്തിന്റെ അനർഗളമായ പ്രവാഹത്തിനിടയിൽ പ്രത്യക്ഷപ്പെട്ട നിരവധി സാംസ്ക്കാരിക രൂപങ്ങളും ചിഹ്നങ്ങളുമെല്ലാം ചെറിയ മാറ്റങ്ങളോടെ ഇന്നും ഈ ഗ്രാമത്തിന്റെ ഹൃദയ ധമനിയിൽ ജ്വലിച്ചു നിൽക്കുന്നു. സംസ്ക്കാരത്തിനു മാത്രം സ്വച്ഛമായി സഞ്ചരിക്കാവുന്ന ഇടനാഴികൾ ചരിത്രത്തിൽ ഇല്ലെന്നും അത് ജീവിത ഘോഷ യാത്രയുടെ ഒരംശം മാത്രമാണെന്നും നാം മനസിലാക്കുന്നു. സംസ്കാരത്തേയും സൗന്ദര്യ രൂപങ്ങളേയുമെല്ലാം ചൂഷണം ചെയ്യാൻ തന്ത്രം മെനഞ്ഞു കൊണ്ടിരിക്കുന്ന ആഗോള വണിജ്യ തന്ത്രത്തിന്റെ മുന്നിലാണ് നാം നിൽക്കുന്നത്. ചരിത്രമെന്നതു പോലെ സംസ്ക്കാരത്തിന്റെ ചരിത്രവും പഠിക്കാൻ മാത്രമുള്ളതല്ല, നമുക്ക് മനസിലാക്കാനുള്ളതു കൂടിയാണെന്ന് നാം തിരിച്ചറിയണം. സംസ്ക്കാരം പരിരക്ഷിക്കുക എന്നതിന്റെ മാനുഷികമായ അർത്ഥം തുടർന്നും നിർമ്മിക്കുകയും സൃഷ്ടിക്കുകയും നില നിർത്തുകയും ചെയ്യുകയെന്നതാണ്. നാം മരിച്ച സംസ്ക്കാരത്തിന്റെ കാവൽക്കാരാകേണ്ടവരല്ല, മറിച്ചു ജീവിച്ചു കൊണ്ട് സംസ്ക്കാരം സൃഷ്ടിക്കുന്ന ചരിത്ര യാഥാർത്ഥ്യമാണ്

കാർഷിക വൃത്തിയുടെ വ്യാപനത്തിന്റെ ഫലമായി രൂപപ്പെട്ട അധിവാസ മാതൃകയിൽ തൊഴിൽ കൂട്ടായ്മ ശ്രദ്ധേയമായ ഘടകമാണല്ലോ. ക്ഷേത്ര സങ്കേതവും ബ്രാഹമണ അതിവാസവും ഭൂ ഉടമകളുമെല്ലാം മറ്റു കാർഷിക ഗ്രാമങ്ങളിലെന്നപോലെ ഇവിടേയും ഒരു പുതിയ സാമൂഹിക ജീവിത ശൈലിക്ക് രൂപം കൊടുത്തു. ഓരോ ക്ഷേത്ര പരിസരങ്ങളിലും അതിനോടനുബന്ധിച്ച് വ്യത്യസ്ത തൊഴിൽ കൂട്ടങ്ങളും ഉയർന്നു വരികയുണ്ടായി. ആശാരി, തട്ടാൻ, മൂശാരി, പെരുങ്കൊല്ലൻ , വാണിയർ, ശാലിയർ, തുടങ്ങിയ തൊഴിൽ കൂട്ടങ്ങളുടെ ആവിർഭാവം മേൽപറഞ്ഞ ക്ഷേത്ര സങ്കേതങ്ങളുടേയും ഭൂവുടമ സമ്പ്രദായത്തിന്റെറയും ഉൽപ്പന്നമാണല്ലോ. ഈ തൊഴിൽ കൂട്ടങ്ങളാകെ പുതിയ സംസ്ക്കാരത്തിന്റെറ സന്ദേശ വാഹകരായി ഓരോ ജാതി വിഭാഗങ്ങളും തങ്ങളുടെ ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട കലാ രൂപങ്ങൾക്ക് ജന്മം നൽകി. ശാലിയപൊറാട്ട്, പൂരക്കളി എന്നിവ ഇത്തരുണത്തിൽ സ്മരണീയമാണ്. ഓരോ ജാതി വിഭാഗങ്ങൾക്കും സ്വന്തമായി ദേവസ്ഥാനങ്ങളുമുണ്ടായി. ഈ കേന്ദ്രങ്ങൾ ആരാധനയുടേയും ഉൽസാവാഘോഷങ്ങളുടേയും ജനങ്ങളുടെ ഒത്തു ചേരലിന്റെറയും കേന്ദ്രങ്ങളായി മാറി. വടക്കേ മലബാറിന്റെ തനതു കലാരൂപമായ പൂരക്കളി, ഇത്തരം ദേവസ്ഥാനങ്ങളുടെ അനുബന്ധമായി നമ്മുടെ ഗ്രാമത്തിൽ വളരെയധികം പടർന്നു പന്തലിച്ചു.

നമ്മുടെ ഗ്രാമത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രധാനമണ് മടിയൻ കൂലോം ക്ഷേത്രം. ഒരു കാല ഘട്ടത്തിന്റെ ചരിത്രവും സംസ്ക്കാരവും വിളിച്ചോതുന്ന നമ്മുടെ മഹനീയ കലാ പാരമ്പര്യത്തിന്റെ ബാക്കി പത്രം. ഇതിഹാസ കഥകൾ ഇതൾ വിരിയുന്ന ക്ഷേത്രത്തിലെ ദാരു ശിൽപം സന്ദർശകരേയും കലാവിദ്യാർത്ഥികളേയും ഇന്നും അത്ഭുത പരതന്ത്രരാക്കുന്നു. ഫ്യൂഡൽ കാലഘട്ടത്തിൽ അധികാരത്തിന്റെ കേന്ദ്രങ്ങളായി ഒരു ഭൂവിഭാഗം സ്വന്തമായുണ്ടായ, വിദൂര ഗ്രാമങ്ങളിൽ പോലും പേരു കേട്ട മടിയൻകൂലോം. അവിടത്തെ ഉൽസവാഘോഷങ്ങൾ ജാതി ചിന്താഗതികളുടെ പരിധികൾ ലംഘിച്ച് ഒരു ജനതയുടെ മുഴുവൻ ഉൽസവമായി മാറുന്നു. ഒരു ജനപഥത്തിലെ ജനങ്ങളുടെ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെറയും പ്രതീകമായി ഇന്നും ഈ ക്ഷേത്രം സജീവമായി നിലനിൽക്കുന്നു. ഇതിന്റെ ഭാഗമായി വെള്ളിക്കോത്തും പരിസരത്തും നില നിൽക്കുന്ന പടിക്കാൽ ക്ഷേത്രം, തെരുവത്ത് ചൂളിയാർ ഭഗവതി ക്ഷേത്രം, അടോട്ട് പാടാർകുളങ്ങര ക്ഷേത്രം, മുച്ചിലോട്ട് ഭഗവതി ക്ഷേത്രം, കിഴക്കും കര ദേവീ ക്ഷേത്രം എന്നിവയും കാട്ടു കുളങ്ങര കുതിരക്കാളി ദേവീ ക്ഷേത്രം, പുതിയ കണ്ടം വിശ്വ കർമ്മ ദേവാലയം , മൂലക്കണ്ടം ഹനുമാൻ ക്ഷേത്രം, രാവണീശ്വരം ശ്രീ പെരുംതൃക്കോവിലപ്പൻ, ശ്രീ വിഷ്ണു ദേവാലയം , കളരിക്കാൽ ദേവസ്ഥാനം, രാവണീശ്വരം കോതുകുങ്ങര ഭഗവതി ക്ഷേത്രം, തണ്ണോട്ട് വിഷ്ണു ദേവസ്ഥാനം, വേലേശ്വരം ശിവ ക്ഷേത്രം, തുടങ്ങിയ ദേവാലയങ്ങൾ നമ്മുടെ നാടിന്റെ സാംസ്ക്കാരികവും ആത്മീയവുമായ ജീവിതത്തിൽ അവയുടെതായ സംഭാവന നൽകിയിട്ടുണ്ട്. അജാനൂർ ഗ്രാമത്തിൽ നിരവധി മുസ്ലീം പള്ളികളുണ്ട്. ഇതിലേറ്റവും പഴക്കം ചെന്നതാണ് അതിഞ്ഞാൽ പള്ളി. അതിഞ്ഞാൽ പള്ളിയും മടിയൻകൂലോം ക്ഷേത്രവും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു. ഈ രണ്ടു ദേവാലയങ്ങളും ഹൈന്ദവ മുസ്ലീം ജനവിഭാഗങ്ങളുടെ ഇടയിൽ സൗഹൃദത്തിന്റെറയും സാഹോദര്യ ബന്ധത്തിന്റെറയും പാലങ്ങളായി വർത്തിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലും കെട്ടിയാടിവരുന്ന തെയ്യക്കോലങ്ങൾ നമ്മുടെ സാംസ്ക്കാരിക ജിവിത്തിലെ സജീവ ധാരയാണ്. കാവുകളും അവിടത്തെ ആചാരങ്ങളും ഒരു ചരിത്ര കാൽഘട്ടത്തിന്റെറ സ്മരണ നിലനിർത്തുന്നു. വെള്ളിക്കുന്നത്ത് കാവ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്.

മാവുങ്കാലിനടുത്തുള്ള ആനന്ദാശ്രമം വടക്കേ മലബാറിലെ തന്നെ പ്രസിദ്ധമായ ഒരു സാംസ്ക്കാരിക കേന്ദ്രമാണ്. ആദരണീയനായ ശ്രീ രാമദാസ് സ്വാമി സ്ഥാപിച്ച ഈ ആത്മീയ സാംസ്ക്കാരിക കേന്ദ്രം ഇന്ത്യയ്ക്കകത്തു നിന്നും വിദേശത്തു നിന്നും നിരവധി ആളുകളെ ആകർഷിക്കുന്നു. ഏവർക്കും കടന്നു ചെല്ലാവുന്ന ആശ്രമം അഗതികളുടെയും നിരാലംബരുടേയും ആശ്രയ കേന്ദ്രമാണ്. ആശ്രമം ഈ പ്രദേശങ്ങളിൽ നടത്തുന്ന ജീവ കാരുണ്യ പ്രവർത്തനങ്ങൾ ഏത്രയോ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നുണ്ട്.

ദേശീയ പ്രസ്ഥാനം സജീവമായ നാളുകളിൽ വെള്ളിക്കോത്തും പരിസര പ്രദേശങ്ങളും ചരിത്രത്തിനൊപ്പം നടന്ന പ്രദേശങ്ങളായിരുന്നു. വിദ്വാൻ പി.കേളുനായരുടെ ജീവിതം വടക്കേ മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെറ തന്നെ ജീവ ചരിത്രമാണ്. വിജ്ഞാന ദായിനി വായന ശാലയും സ്കൂളും ഈ ഗ്രാമത്തിന്റെറ സാംസ്ക്കാരിക ചരിത്രത്തിലെ ഉജ്വലമായ അധ്യായമാണ്. നിരവധി വിദ്യാർത്ഥികൾ ഇവിടെ പഠിക്കുകയും ദേശീയ പ്രസ്ഥാനത്തിന്റെറ സന്ദേശ വാഹകരായി മാറുകയും ചെയ്തിരുന്നു . നിസ്വാർത്ഥരായ അധ്യാപകർ - കെ.ടി.കുഞ്ഞിരാമൻ നമ്പ്യാർ, എ.സി.കണ്ണൻ നായർ, കേളുനായർ, - തുടങ്ങിയവർ അറിവിന്റെറ പുതിയ ലോകം കുട്ടികളുടെ മുമ്പാകെ തുറന്നു കൊടുത്തു. വിദ്വാൻ പി. കേളു നായർ എഴുതി അഭിനയിച്ച നിരവധി നാടകങ്ങൾ(ലങ്കാ ദഹനം, പാക്കനാർ ചരിതം പോലുള്ളവ) ജനങ്ങളെ

ദേശീയ പ്രസ്ഥാനത്തോടടുപ്പിച്ചുവെന്നു മാത്രമല്ല നമ്മുടെ നാടക സങ്കൽപങ്ങളാകെ മാറ്റി മറിക്കുകയും ചെയ്തു. ജാതിയുടെ വേലിക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞു സമത്വ ബോധത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു കൊണ്ട് അയിത്താചാരണത്തിനെതിരെ നടത്തിയ പ്രവർത്തനങ്ങൾ ഒരു സാംസ്ക്കാരിക വിപ്ലവം തന്നെയായിരുന്നു. ദേശീയ പ്രസ്ഥനത്തിനും നാടക കലയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച ആ മാഹാനായ മനുഷ്യ സ്നേഹി യൗവ്വനത്തിൽ തന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയ മലയാള ഭാഷയുടെ കീറ്റ്സ് ആയിരുന്നു. നാട്ടിലുടനീളം സ്മാരകങ്ങൾ ഘോഷയാത്ര നടത്തുമ്പോൾ നമ്മുടെ ഇന്നത്തെ ജീവിതാവസ്ഥ്ക്ക് കാരണഭൂതനായ ആ വലിയ മനുഷ്യനോട് നാം നന്ദിയും ആദരവും പ്രകടിപ്പിച്ചിവോ ? വെള്ളിക്കോത്ത് ജനിച്ചു ദേശം മുഴുവൻ പാടി നടന്ന മഹാകവി പി. കുഞ്ഞിരാമൻ നായർ. കേരളത്തിന്റെ സാംസ്ക്കാരിക മേഖല്യ്ക്ക് അജാനൂരിന്റെ സംഭാവന. മലയാള ഭാഷയ്ക്ക് ഹൃദ്യമായശൈലി പ്രദാനം ചെയ്ത നൂറായിരം കവിതകളിലൂടെ മലയാള കാവ്യ ശാഖയെ സമ്പന്നമാക്കിയ കവി . മഹാൻമാരായ ഈ സാഹിത്യ നായകൻമാരുടെ പിൻമുറക്കാരായി ഇന്നു ദിവാകരൻ വിഷ്ണു മംഗലം, പത്മനാഭൻ നാലപ്പാടം, പ്രഭ അജാനൂർ, രാവണീശ്വരം എസ് ഗോവിന്ദൻ, എം.വി.രാഘവൻ, ഒ. ബാലൻ, രവി പാടിക്കാനം, മടിയൻ മുരളി, എ.വി സുരേന്ദ്രൻ തുടങ്ങിയ ചെറുപ്പക്കാർ നമ്മുടെ സാഹിത്യ മേഖലയെ സജീവമാക്കുന്നു.

സാംസ്ക്കാരി രംഗത്ത് വളരെ സജീവമായി പ്രവർത്തിക്കുന്ന നിരവധി വായന ശാലകൾ ഈ പ്രദേശത്തുണ്ട്. പത്തു ഗ്രന്ഥാലയങ്ങളും 12 വായന ശാലകളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഈ ഗ്രന്ഥാലയങ്ങൾ ഒരു കാലത്ത് നമ്മുടെ സാംസ്ക്കാരിക ജീവിതത്തിലെ സജീവ സാന്നിധ്യമായിരുന്നു. ജനങ്ങളെ പുസ്തകത്തോടടുപ്പിക്കുകയും വായനാ ശീലം പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ഇവ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷെ ഇന്ന് വായനാശീലം തന്നെ നമ്മുടെ ഇടയിൽ നിന്നും അപ്രത്യക്ഷമാകുമ്പോൾ ഈ സ്ഥാപനങ്ങൾ കേവലം പേരിനു മാത്രമായി പ്രർത്തിക്കുന്ന സ്ഥാനപങ്ങളായി ചുരുങ്ങുകയല്ലേ ചെയ്യുന്നത് ? അക്ഷരങ്ങളുടെ മഹാശക്തി കണ്ടറിഞ്ഞ നമ്മുടെ ഈ നാട്ടിൽ വായന നഷ്ടമാകുന്നത് ഖേദകരമായ ഒരു അനുഭവമാണ്. ടെലിവിഷനിൽ യുവ മനസുകളെ ഇക്കിളിപ്പെടുത്തുന്ന വിഭവങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ നമ്മുടെ വായനാ മുറികളിൽ നിന്നും പുസ്തകം പുറത്തേക്കു പോകുന്നു. വായനശാലയ്ക്ക് പത്രം നൽകുന്നതിനും ഗ്രന്ഥാലയങ്ങൾക്ക് പുസ്തകം വാങ്ങുന്നതിനുമായി കഴിഞ്ഞ വർഷം (1995 -96) പഞ്ചായത്ത് 38477 രൂപ ചിലവഴിക്കുകയുണ്ടായി.

പഞ്ചായത്തിൽ നിരവധി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. വളരെ സജീവമായി പ്രവർത്തിക്കുന്ന ചുരുക്കം ചില ക്ലബ്ബുകളും ഇവയുടെ കൂട്ടത്തിലുണ്ട്. പേരിനു മാത്രം പ്രവർത്തിക്കുന്നവയുമുണ്ട്. ഒരു വാർഷിക സമ്മേളനം നടത്തി പുറത്തു നിന്നുള്ള ഒരു നാടകവുംഅവതരിപ്പിച്ച് പ്രവർത്തനത്തിന് അവസാനം കുറിക്കുകയും ചെയ്യുന്ന ക്ലബ്ബുകൾ നിരവധിയാണ്. ഒരു കാലത്ത് അമേചർ നാടക സംഘങ്ങളെ വളർത്തിയെടുക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ച ഇത്തരം ക്ലബ്ബുകൾ ഇപ്പോൾ സ്വന്തമായി നാടകം അവതിപ്പിക്കുവാൻ തന്നെ മടി കാണിക്കുകയാണ്. ഫൈനാർട്സ് സൊസൈറ്റികൾ പോലെ നമ്മുടെ ക്ലബ്ബുകളും വൻകിട നാടക സംഘങ്ങളുടെ ഏജൻറുമാരായി മാറുന്ന ദുരന്തത്തിനും നാം സാക്ഷ്യം വഹിക്കുന്നു. ഇത്തരം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ ജീവകാരുണ്യ പ്രവർത്തനം നടത്തുന്നതിലും സന്നദ്ധ സേവന പ്രവർത്തനങ്ങളിലും ഇപ്പോഴും ഇടപെടുന്നുവെന്നത് ആശ്വാസകരം തന്നെയാണ്.

തിരുത്തിയ ജന നായകർ എല്ലാം മാഞ്ഞു പോയികൊണ്ടിരിക്കുകയാണ്. അധികം പണച്ചെലവില്ലാതെ വീഡിയോ സിനിമകളിലൂടെ ഇവ പരിരക്ഷിക്കുവാനും നിലനിർത്തുവാനും സാധിക്കും. നമ്മുടെ നാട്ടിലെ എഴുത്തുകാരുടെ കൃതികളെ ആസ്പദമാക്കി നാട്ടുകാരായ പ്രതിഭകളെ ഉപയോഗിച്ച്. വീഡിയോ ഫിലിം നിർമ്മാണത്തിന്റെ സാധ്യതകളും ഉപയോഗപ്പെടുത്താവുന്നതാണ്.

നമ്മുടെ സ്കൂൾ യുവജനോത്സവങ്ങൾ ഇന്ന് പണക്കൊഴുപ്പിന്റെയും സ്വാധീനത്തിന്റെയും മേഖലയായി മാറിക്കഴിഞ്ഞു. ദരിദ്രർ രംഗത്തു നിന്നും അപ്രത്യക്ഷരാകുന്നു. സംഗീതവും നൃത്തവും ഭാവനാശാലികളായ കുട്ടികളെ പഠിപ്പിക്കുവാൻ ക്ലബ്ബുകൾ കൂട്ടായ ശ്രമം നടത്തിയാൽ നമുക്ക് വലിയൊരു മന്നേറ്റം ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയും.

നമ്മുടെ നാട്ടിലെ കവികളേയും മറ്റു എഴുത്തുകാരേയും ഒന്നിച്ചിരുത്തി അവരുടെ കൃതികളുടെ കൂട്ടായ വായനയും ചർച്ചകളും നടത്തിയാൽ അവർക്കത് പ്രോത്സാഹനമായിരിക്കും പഞ്ചായത്തു തലത്തിൽ മത്സരങ്ങൾ വേണമെങ്കിലാകാം. വിദ്വാൻ പി. കേളു നായരുടെ പേരിൽ സ്ഥിരം അവാർഡു നൽകുന്നതും പുതിയ പ്രതിഭകളെ കണ്ടെത്താൻ സഹായിക്കും

ഓരോ ഗ്രാമത്തിനും സമ്പന്നമായ സാംസ്ക്കാരികവും രാഷ്ട്രീയവുമായ ഒരു പാരമ്പര്യമുണ്ട്. ഇത് തിരിച്ചറിയുന്നതിലൂടെ മാത്രമേ സൃഷ്ടി പരമായ ഒരു സാംസ്ക്കാരിക പ്രവർത്തനം സാധ്യമാകു. ഈ സമ്പന്നമായ പൈതൃകം തിരിച്ചറിയാൻ നാം ഗ്രാമങ്ങളേ പഠിക്കണം ഗ്രാമങ്ങളുടെ പ്രാദേശികമായ ചരിത്രം പഠിക്കണം. ചരിത്ര പഠനത്തിൽ താൽപര്യമുള്ളവരെ ഉപയോഗപ്പെടുത്തി നമ്മുടെ നാടിന്റെ രാഷ്ട്രീയ സാംസ്ക്കാരിക ചരിത്രമുണ്ടാക്കാൻ നമുക്ക് കഴിയണം.

നാടൻ കലാരൂപങ്ങളായ തെയ്യം , പൂരക്കളി , പുള്ളുവൻ പാട്ട്, കോൽക്കളി , കളം പാട്ട്, ദഫ് മുട്ട് തുടികൊട്ടിപ്പാട്ട് എന്നിവയെ നിലനിർത്താനും പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം മടിയൻ കൂലോം ക്ഷേത്രത്തിലെ പ്രസിദ്ധമായ ദാരുശില്പം കേടുകൂടാതെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണം.

വായനശാലയ്ക്ക് കിട്ടിക്കൊണ്ടിരുന്ന ഗ്രാൻറുകൾ പുനസ്ഥാപിച്ചുകിട്ടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, തൊഴിൽ വാർത്തകൾ , ഗസറ്റിയർ എന്നിവ നൽകാൻ നടപടികൾ എടുക്കണം.

നമ്മുടെ നാട്ടിലെ തായമ്പക വിദ്വാൻ ശ്രീ. കുട്ടികൃഷ്ണ മാരാരെ അർഹിക്കുന്ന ബഹുമതി നൽകി ആദരിക്കണം

അവശ കലാകാരന്മാരെ സഹായിക്കുന്നതിന് വേണ്ടി പെൻഷൻ നൽകാൻ നടപടിയെടുക്കണം.

വ്യാജമദ്യത്തിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. സിനിമാ തീയ്യറ്ററുകളിലെ അശ്ലീല സിനിമാ പ്രദർശനത്തിനെതിരെ

നടപടിയെടുക്കണം. തുടർസാക്ഷരതാ പ്രവർത്തനം സജീവമാക്കണം. പ്രത്യേകിച്ച് പട്ടിക ജാതി വിഭാഗം താമസ്സിക്കുന്ന കോളനികളിൽ ഇത് അത്യാവശ്യമാണ്. മാവുങ്കാലിലെ ജ്ഞാനോദയം വായന ശാല തുറന്ന് പ്രവർത്തിപ്പിക്കാനും ലൈബ്രേറിയനെ നിയമിക്കാനും നടപടിയെടുക്കണം. ചിര പുരാതനമായ തണ്ണോട്ട് വിഷ്ണു മൂർത്തിക്ഷേത്രത്തിന് സമീപം കുളം നിർമ്മിക്കുകയും ക്ഷേത്രം സംരക്ഷിക്കുകയും വേണം.

കേരളോത്സവം, ഓണാഘോഷം എന്നിവ വിപുലമായ തലത്തിൽ സംഘടിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ഉത്സവമായി മാറ്റാൻ പഞ്ചായത്ത് നടപടിയെടുക്കണം. സമീപത്തുള്ള ക്ലബ്ബുകൾ സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഓണാഘോഷം ജനകീയ ഉത്സവമായി മാറ്റിയെടുക്കുവാൻ സാധിക്കും. നമ്മുടെ സാംസ്ക്കാരിക മേഖലയ്ക്ക് ഒരു പുതു ജീവൻ ഇതുവഴി ലഭിക്കും. ജാതി രാഷ്ട്രീയ അതിർ വരമ്പുകൾ മുറിച്ച് കടക്കാനും മനുഷ്യ സാഹോദര്യത്തിന്റെ പ്രതീകങ്ങളായി മാറാനും ഇത്തരത്തിലുള്ള ആഘോഷങ്ങൾക്ക് കഴിയും.

പഞ്ചായത്തിനകത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുകയും കായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ അത് നമ്മുടെ നാടിനുതന്നെ മുതൽക്കൂട്ടായിത്തീരും. വിവിധ കായിക മേഖലകളിലെ പ്രഗൽഭരെ വെച്ച് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കണം. ചെറിയ പ്രായത്തിൽ തന്നെ കായികാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുകയും സ്കൂൾ തലങ്ങളിൽ പരിശീലനം നൽകി തുടങ്ങുകയും ചെയ്താൽ പ്രഗൽഭരായ കായിക താരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കും. അവധിക്കാലത്ത് പരിശീലനം നൽകുന്നത് നന്നായിരിക്കും. വെള്ളിക്കോത്ത് ഒരു സ്ഥിരം കോച്ചിംഗ് കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. കഴിയുന്നത്രയിനങ്ങളിൽ പഞ്ചായത്തു തല ടൂർണ്ണമെൻറുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞാൽ കുറേ കായിക താരങ്ങളെ കണ്ടെത്താൻ സാധിക്കും.

With Best Compliments From

M/s MUBARAK INDUSTRIES

Athinhal

Manikoth 671329

With Best Compliments From

Phone: 704 366
704 688
Resi : 702 689

KOOLIKAD AGENCIES

NEAR BUS STAND,KANHANGAD

Stockist : *Parry Sanitary Ware,Naveen Ceramic Tiles,Malabar A.C.Sheets,Duroflex hodse Pipes, Infra Plastic Tank,J.K White Cement & Super Shelcem Cement Paint etc.*



വനിത

പഞ്ചായത്തിന്റെ നാനാരംഗങ്ങളിലെ വികസന ത്തിന് സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കുന്നതിനു പുറമേ സ്ത്രീകളുടേയുള്ള സമൂഹത്തിന്റെ സമീപനത്തിൽ ഏറെ മാറ്റം വരുത്തുകക്കൂടി ചെയ്യേണ്ടതാണ്. സ്ത്രീകളുടെ സാമൂഹ്യനിലവാരം കുറഞ്ഞുകൊണ്ട് തന്നെ തുടരുന്നതിനുള്ള പ്രധാന കാരണം സ്ത്രീകളെ സംബന്ധിച്ച് നമുക്കുള്ള തെറ്റായ ചിന്താഗതിയാണ്.സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസം നൽകേണ്ടതില്ലെന്നും പുരുഷന്മാർ ചെയ്യുന്ന പല ജോലികളിലും സ്ത്രീകൾക്ക് പരിശീലനം നൽകേണ്ടതില്ലെന്നും ഉള്ള പഴയ ചിന്താഗതി ഇന്നും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പല വിഭാഗം ജനങ്ങൾക്കുമിടയിൽ ഏറിയും കുറഞ്ഞു നിലനിൽക്കുകയാണ്. വനിതാ സംഘടനകളുടെയോ മഹിളാസമാജങ്ങളുടേയോ പ്രവർത്തനങ്ങൾ ഈ ചിന്താഗതി മാറ്റുന്നതിൽ കാര്യമായ വിജയം കൈവരിച്ചുകാണുന്നില്ല..അന്ധവിശ്വാസങ്ങൾ ക്കും അനാചാരങ്ങൾക്കും കൂടുതൽ അടിമപ്പെടുന്നതും സ്ത്രീകളാണ്.

പഞ്ചായത്തിലെ മൊത്തം ജനസഖ്യ 47467 ആണ്.ഇതിൽ 24502 സ്ത്രീകളാണ്. മൊത്തം ജനസഖ്യയുടെ 54% സ്ത്രീകൾ ഉള്ള ഈ പഞ്ചായത്തിലെ സ്ത്രീ പുരുഷാനുപാതം സംസ്ഥാന ശരാശരിയെക്കാൾ കൂടുലാണ്.

കാർഷിക മേഖലയിൽ ജോലി നോക്കിയിരുന്ന സ്ത്രീകൾ ഈ രംഗത്ത് തൊഴിലിൽ ദിനങ്ങൾ കുറവായതിനാൽ നിർമ്മാണ പ്രവർത്തനരംഗങ്ങളിലേക്ക് പോകുകയുണ്ടായി. കൃഷിസ്ഥലങ്ങൾ ഇല്ലാതായി തീർന്നതും കൃഷി ലാഭകരമില്ലെന്ന ചിന്താഗതി യും ഈ രംഗത്ത് തൊഴിലവസരങ്ങൾ കുറയ്ക്കാൻ കാരണമായി. കാർഷിക രംഗത്ത് ജോലിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരുടെ പകുതിക്കൂലി മാത്രമേ ലഭിക്കുകയുള്ളൂ. ഗൃഹനാഥകളയാൽ നിയന്ത്രിക്കപ്പെടുന്ന കുടുംബങ്ങളെ ഇത് സാരമായി ബാധിക്കുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ ഏറെ പിന്നിൽ നിൽക്കുന്നത് പട്ടിക ജാതിക്കാരിലാണ്. സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്കിലെ ഏറെ എണ്ണവും ഈവിഭാഗത്തിൽ പെട്ടവരാണ്. പഞ്ചായത്തിലെ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ത്രീകൾ പ്രയോജനപ്പെടുത്തുന്നില്ല. ഇവർക്കായിഇത്തരം പ്രത്യക കേന്ദ്രങ്ങൾ ഇല്ലാ എന്നത് മറ്റൊരു ന്യൂനതയാണ്. വായന രംഗത്ത് സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് ഏറെ പിന്നിലാണ്.സ്ത്രീതൊഴിൽ സേന എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സ്ത്രീകളിൽ വലിയൊരു വിഭാഗം വിവാഹാനന്തരം വീട്ടമ്മമാരായി കഴിയുകയാണ്.

പരമ്പാഗത വ്യവസായ മേഖലയിലെ സ്ത്രീകൾ തൊഴിൽ ദിനങ്ങൾ കുറഞ്ഞതിനാലും ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ഇല്ലാത്തതിനാലും ഏറെ കഷ്ടത അനുഭവിക്കുന്നു. വനിത വ്യവസായ സഹകരണ സംഘങ്ങൾ കൂടുൽ രൂപീകരിച്ച് പ്രവർത്തിക്കാത്തത് സ്ഥിതി രൂക്ഷമാകാൻ സഹായിക്കുന്നു. ചെറുകിട വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തകർച്ചയുടെ വക്കിലാണ്.ഉൽപന്നങ്ങൾക്ക് വൈവിധ്യമില്ലാത്തതും ഗുണ മേന്മ ഉറപ്പു വരുത്താൻ കഴിയാത്തതും തകർച്ചയുടെ കാരണങ്ങളിൽ ചിലതാണ്. കൂടുൽ കൂലി ലഭിക്കാത്ത പല തൊഴിലുകളും പുരുഷന്മാർ സ്ത്രീകൾക്കുമാത്രമായി നീക്കിവെയ്ക്കുന്ന ഒരു പ്രവണതയും നിലവിലുണ്ട് . പഞ്ചായത്തിലെ സഹകാര്യ ബീഡിമേഖലയിൽ പ്രവർത്തിക്കുന്ന 1500 ഓളം തൊഴിലാളികളിൽ 1400 പേരും സ്ത്രീകളാണ് ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും ഇവർക്ക് ജോലി ലഭിക്കുന്നില്ല, ഇടത്തട്ടുകാരാൽ ചൂഷണം ചെയ്യപ്പെടുന്നതിനാൽ അദ്ധ്വാനത്തിന്റെ ഫലം ഏറെയും നഷ്ടപ്പെടുകയാണ്. രാമനഗരം വീവേഴ്സ്,കോ -ഓപ്പറേറ്റീവ് സൊസൈറ്റിയിലെ 70 തൊഴിലാളികളിൽ 60 പേരും സ്ത്രീകളാണ്. മാവുങ്കാലിലുള്ള അംബർ ചർക്കയിലെ 25 തൊഴിലാളികളും സ്ത്രീകളാണ്.നൂൽ നൂൽപ്പ് ജോലിയിലും നെയ്ത്തു ജോലിയിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണ്. ദിനേശ് ബീഡികമ്പനികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകൾ തന്നെ. ഡി.ബ്ലൂ സി.ആർ എ.യുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ സ്ത്രീക്ഷേമ രംഗത്ത് ഏറെ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയില്ല. രാവണീശ്വരത്ത് 10 പേർ ജോലി ചെയ്യുന്ന ഒരു ജില്ലിപൊളിക്കൽ കേന്ദ്രവും മാവുങ്കാലിൽ 10 പേർ ജോലിചെയ്യുന്നഒരു കോഴി വളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇൻഡസ്ട്രീസ് ആക്ട്റ്റ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വനിതാ ഗാർമെന്റെസ് മേക്കിംഗ് സഹകരണസം

ഘലവും വെള്ളിക്കോത്ത് പ്രവർത്തിക്കുന്നുണ്ട്, ഇതിൽ നൂറോളം അംഗങ്ങൾ ഉണ്ട്.

1,13, 12, 14 വാർഡുകളിൽ വലിയൊരു വിഭാഗം സ്ത്രീകൾ മത്സ്യവിൽപ്പന ക്കാരാണ്.ഇടത്തട്ടുകാരുടെ ചൂഷണം ഇവരുടെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തുന്നു. പൊതു ചന്തകൾ ഇല്ലാത്തിടത്ത് ഇവർക്ക് ശാരീരിക മാനസികവേദനകൾ അനുഭവിക്കേണ്ടതുണ്ട്.

പുരുഷന്മാരുടെ മദ്യപാനം ചീട്ടുകളി തുടങ്ങിയ ദുശ്ശീലങ്ങളുടെ മോശമായ ഫലങ്ങൾ അനുഭവിക്കുന്നത് സ്ത്രീകളാണ്. ഇതുമൂലം എത്രയോ കുടുംബങ്ങൾ പട്ടിണിയിൽ ആകുന്നുണ്ട്. ഇത്തരം ദുശ്ശീലങ്ങൾ ക്കെതിരെ കർശന പടപടിയും ബോധവൽക്കരണവും അത്യാവശ്യമാണ്.

ദാമ്പത്യജീവിതത്തിലെ നിസാരകാരണങ്ങളാൽ വിവാഹ ബന്ധം നിയമപരമായും അല്ലാതെയും വേർപ്പെട്ടു കഴിയുന്ന ഒട്ടേറെ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇതിനുള്ള കാരണം പുരുഷന്റേതാണെങ്കിലു സ്ത്രീയുടെതാണെങ്കിലും കഷ്ടത അനുഭവിക്കുന്നത് സ്ത്രീ തന്നെയാണ്. ജിവിത വൈഷമ്യങ്ങളാലും നൈരാശ്യത്താലും ആത്മഹത്യചെയ്യുന്നവർ കൂടതലും സ്ത്രീകളാണ്. സമൂഹത്തിൽ പീഡിപ്പിക്കപ്പെടുന്നതും കൊല ചെയ്യപ്പെടുന്നതും കൂടുതൽ സ്ത്രീകൾ തന്നെയാണ്.

പ്രശ്നങ്ങൾ

1സകലമേഖലകളിലും തൊഴിൽ രംഗത്ത് സ്ത്രീകൾ അവഗണന അനുഭവിക്കുന്നു.

2 സാമൂഹ്യസേവനരംഗത്ത് സ്ത്രീ നായകത്വം വളരെ കുറവാണ്.

3 തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര അറിവോ പരിശീലനമോ ലഭിക്കുന്നില്ല.

4 അങ്കൺവാടി അധ്യാപികമാർക്ക് ന്യായമായ ശമ്പളം ലഭിക്കുന്നില്ല.

5 പരമ്പരാഗത വ്യവസായങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ സമ്പത്തിക സഹായം ലഭിക്കുന്നില്ല.

6 വിധവ കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അപര്യാപ്തമാണ്.

7 പെൻഷനുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിഷമം സൃഷ്ടിക്കുന്നു.

8 മദ്യപാനത്തിനും മറ്റ് ദുശ്ശീലങ്ങൾക്കുമെതിരെ പുരുഷന്മാരെ ബോധവാൻമാരാക്കുവാൻ സാധിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1 ശിശു പരിപാലന രംഗം പ രിപോഷിപ്പിക്കുന്നതിനായി അംഗൺവാടി ബാലവാടി ഡേകെയർ ഹോമുകൾ എന്നി വയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

2 അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തുക. സ്ത്രീകളുടെ സമ്പൂർണ സാക്ഷരത നിലനിർത്തുക.

3 സ്ത്രീകളെ സംബന്ധിച്ച് നിയമ വ്യവസ്ഥകളെക്കുറിച്ചു ംഅനുകൂല്യങ്ങളെ കുറിച്ചും ബോധ വൽക്കരണം നടത്തുക.

4 തൊഴിൽ ഘടനയിൽ ലിംഗപരമായ വ്യത്യാസം അവസാനിപ്പിക്കുന്ന പുതിയതൊഴിൽ ഘടന ഉണ്ടാക്കണം.

5 സമൂഹത്തിലെ പുരുഷന്മാരുടെ ദുശ്ശീലങ്ങൾക്കുംക്രൂരതകൾക്കും അടിമപ്പെടുന്നതിനെതിരായ് പുരുഷന്മാരെ ബോധവൽക്കരിക്കുക.

6 സ്ത്രീകൾക്ക് മാത്രം ചെയ്യാവുന്ന പ്രത്യേകം തൊഴിൽ സംരംഭങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതി നുള്ള പരിശീലനവും സാമ്പത്തികസഹായവും നല്കുക

7 പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വേണ്ട സഹായം നൽകുക.

സഹകരണം

ഇന്ത്യൻ കർഷകരെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാൻ 1895ൽ അന്നത്തെമദ്രാസ് ഗവൺമെൻറി ന്സമർപ്പിക്കപ്പെട്ട റിപ്പോർട്ട് സർ.ഫെഡ്രറിക്ക്കനിക്കോൾസൺ ജർമ്മനിയിലെ റൈഫീസൺ മാതൃകയിലുള്ള വായ്പ സഹകരണ സംഘങ്ങളായിരുന്നു ശുപർശചെയ്യേപ്പെട്ടത്.1904- ൽ സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി വായ്പ സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഭാരതവും സഹകരണ രംഗത്ത് കാലെടുത്ത് വെച്ചു.തുടർന്നിങ്ങോട്ട് സഹകരണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റങ്ങൾ ഉണ്ടാക്കാനും, കാർഷിക വ്യവസായിക രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കാനും കഴിഞ്ഞ ഒരു സംസ്ഥാന മാണ് കേരളം.

ജന്മിമാരുടേയും ഇടത്തട്ടുകാരുടേയും ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ അജാനൂർ പഞ്ചായത്തിൽ വാണിയമ്പാറ ആസ്ഥാനമായി 1952 ൽ ഒരു വിവിധോദ്ദേശസഹകരണ സംഘം രൂപീകരിക്കുകയുണ്ടായി.പ്രസിഡൻറ് ശ്രീ കുല്ലവരമ്പത്ത് കണ്ണൻ,ഹോണറ്റി സെക്രട്ടറി.വി അലാമി എന്നിവരുടെ പരിശ്രമങ്ങളുടെ ഫലമായി 1964ൽ ചിത്താരി സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തുവാൻ കഴിഞ്ഞതിൻെറ പിന്നിൽ ശ്രീ കല്ലുവരമ്പത്ത് കണ്ണൻെറ പ്രവർത്തനം ശ്രദ്ധേയമായിരുന്നു.

വിവിധമേഖലകളിലായി 10 സഹകരണ സംഘങ്ങളുടെ സേവനം പഞ്ചായത്തിനകത്തിപ്പോൾ ലഭിച്ചുവരുന്നു. പട്ടിക 1 കാണുക. ഇതിൽ ബാങ്കിംഗ് മേഖലയിൽ ചിത്താരി സർവ്വീസ് സഹകരണ ബാങ്ക് കോട്ടച്ചേരി സർവ്വീസ് സഹകരണബാങ്ക് എന്നിവയും,വ്യാവസായികരംഗത്ത് കോട്ടച്ചേരി ബീഡിതൊഴിലാളി വ്യവസായ സഹകരണസംഘം,രാംനഗർ നെയ്ത്തു തൊഴിലാളി സഹകരണ സംഘം എന്നിവ യും ഭവന നിർമ്മാണ മേഖലയിൽ ഹൊസ്ദുർഗ്ഗ് ഹൗസിങ്ങ് സഹകരണസംഘവും ,ഭൂമിവികസന രംഗത്ത് ഹൊസ് ദുർഗ്ഗ് പ്രാഥമിക സഹകരണ കാർഷിക -ഗ്രാമ വികസന ബാങ്കും പാൽവിതരണ രംഗത്ത് കാഞ്ഞങ്ങാട് പാൽ വിതരണ സഹകരണ സംഘവും നിലനിൽക്കുന്നു. കൂടാതെ അജാനൂർ വനിതാ വ്യവസായ സഹകരണ വിപണനസംഘവും കോട്ടച്ചേരി സഹകരണ സംഘവും നിലവിലുണ്ട്.

വായ്പ സംഘത്തിൽ ചിത്താരി സർവ്വീസ് സഹകരണ ബാങ്കെന്നപോല വായ്പേതര സംഘത്തിൽ കോട്ടച്ചേരി ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘത്തിന് 1966 ലെ ബീഡി -സിഗാർ നിയമം പഞ്ചായത്തിലുള്ള പ്രാധന്യം കുറവല്ല നടപ്പിൽ വരുത്തുവാൻ സംഘടിത ബീഡി തൊഴിവാളികൾ 1967 ലെ ഇ.എം.എസ് മന്ത്രിസഭയിൽ സമ്മർദ്ദം ചെലുത്തുകയും 1968 നവംബറിൽപണിമുടക്ക് പ്രഖ്യാപിക്കുയും ചെയ്തു. തൊട്ടടുത്ത മാസത്തോടുകൂടി ഗണേശ്, ഭാരത് ,ദർബാർ ബീഡി മുതലാളികൾ കമ്പനി അടച്ചുപൂട്ടി സ്ഥലം വിടുകയും ചെയ്തു. അതോടുകൂടി വഴിയാധാരമായ നിരവധി ബീഡിതൊഴിലാളികുടുംബങ്ങളെ പുനരധിവസിപ്പിക്കുക എന്നത് ഗവൺമെൻറിൻെറ ചുമതലയുമായ ഇങ്ങനെയാണ് ദിനേശ് ബീഡി സഹകരണ സംഘം നിവിൽ വന്നതും 15.3 ,1969ൽ കോട്ടച്ചേരി ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം ഉൽപ്പാദനം ആരംഭിക്കുന്നതും.

സാധ്യതകൾ

ഇത്രയും സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും വർദ്ധിച്ചുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ തീരെ അപര്യാപ്തമാണ്.മാത്രമല്ല, 1954ൽ സർക്കാറിനുസമർപ്പിക്കപ്പെട്ട എ.ഡി. ഗോർ വലാകമ്മറ്റി റിപ്പോർട്ടിൽ പരാമരിശിച്ചതുപോലെ വായ്പയേയും വിപണന ത്തേയും ബന്ധപ്പെടുത്തി പ്രവർത്തിക്കാൻ കഴിയുന്ന സംഘങ്ങളും വിരളമാണ് .ഉപഭോക്തൃ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ പര്യാപ്തമായ സഹകരണ സംഘങ്ങൾ നിലവിലില്ലാത്തത്പേരായിമയാണ്.അതുപോലെ തന്നെ സംഘങ്ങൾ നിലവിലില്ലാത്തത് പോരായ്മയാണ്.അതുപോലെ തന്നെ നാടൻ -സങ്കരയിനങ്ങളിൽ പ്പെടുന്ന പശുക്കളും,ആടുകളും ഏരുമകളും . ഒട്ടേറെ യുണ്ടെങ്കിലും ഇവുയടെ പാൽ സംഭരിച്ച് വിതണം നടത്താനും അതുവഴി ന്യായമായ വില കർഷർക്ക് ഉറപ്പുവരുത്താനും,സംസ്കരിച്ച് വ്യാവസായിക ഉൽപ്പനങ്ങൾ ഉണ്ടാക്കാനും കഴിവുള്ള സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പരമ്പരാഗത കാർഷിക ഉൽപ്പന്നങ്ങളായ കശുവണ്ടി, നാളീകേരം അടയ്ക്ക തുടങ്ങ്യവയും തീരപ്രദേശങ്ങളിലെ മത്സ്യബന്ധനവും ഉപയോഗിച്ച് സംസ്കരിക്കരിച്ച് വ്യാവസായിക ഉൽപ്പനങ്ങളാക്കാനുള്ള സ്ഥാപനങ്ങളുടെസ്ഥാപനങ്ങളുടെ ആവശ്യതക

ഏറിവരുന്നു. വട്ടി.കൂട്ട, പായ നെയ്ത്ത് തുടങ്ങിയജോലികളിൽ പ്രാവീണ്യം നേടിയ പട്ടിക ജാതി പട്ടിക വർ ഗ്ഗങ്ങളുടെ ക്ഷേമ പ്രവർത്തനത്തിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതും ആരോഗ്യരംഗത്ത് സഹകരണ ഹോമിയോ ആശുപത്രികൾ നിലവിൽ വരേണ്ടതും വാഴനാര് ,ചകിരിനാര് എന്നിവ ഉപയോഗ പ്പെടുത്തി അലങ്കാര വസ്ത്തുക്കൾ ഉണ്ടാക്കാൻ ആഭ്യസ്ത വിദ്യരായ യുവതികൾക്ക് തൊഴിൽ ശാലകൾ ആരം ഭിക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

സഹകരണ സ്ഥാപനങ്ങളുടെഇന്നത്തെ അവസ്ഥ

ചിത്താരി സർവ്വീസ് സഹകരണ ബാങ്ക്

രാമഗിരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാങ്കിൽ നിലവിൽ 3490 അംഗങ്ങൾ ഉണ്ട്.ചിത്താരി വില്ലേജി ന്റെ പരിധിയൽ പ്രവർത്തിക്കുന്നബാങ്കിന്റെ കീഴിൽ വളം ഡിപ്പോ, റേഷൻ വ്യാപാരം കൺസ്യൂമർ സ്റ്റോർ എന്നിവയും പ്രവർത്തിച്ചുവരുന്നു. കാർഷിക -കാർഷകേതര വായ്പകൾ നൽകുന്നുണ്ടെങ്കിലും മുഴുവൻ കു ടുംബങ്ങൾക്കും സഹായം ലഭ്യമാക്കാൻ ബാങ്കിനു കഴിയുന്നില്ല. 95-96 വർഷത്തിൽ 3770466 രൂപ വിവിധ മേഖലിൽ വായ്പാവിതരം ചെയ്തപ്പോൾ 14,51,766 രൂപ മെമ്പർമാരിൽ നിന്നും പിരിഞ്ഞുകിട്ടാൻ ബാക്കി നിൽ ക്കുന്നു. അതിനുപുറമേ ജില്ലാ ബാങ്കിൽ അടക്കേണ്ടത് 22,28,356 രൂപയാണ്. ഓഡിറ്റു തരംതിരിവിൽ അഞ്ചാം സ്ഥാനത്തേക്കുള്ള തള്ളപ്പെട്ട ഈ ബാങ്കിന്റെ നടത്തിപ്പുചെലവു മാത്രം 51 ,88 545 രൂപയാണ്.വർദ്ധിച്ചവരുന്ന വായ്പ കുടശികയും നിക്ഷേപ സമാഹരണത്തിൽകാട്ടുന്ന കടുത്ത അലംഭാവവും ഈ ബാങ്കിന്റെ ദൈനംദി ന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.ഈ കാലയളവിലെ മൊത്തം നിക്ഷേര ം 32,2564985 രൂപ മാത്രമാ ണ്. പാറക്കടവ് പാലത്തിന്റെ അഭാവം ദീർഘവീക്ഷണമില്ലായ്മ എന്നിവ ഈ സ്ഥാപനത്തിന്റെപുരോഗതി ക്ക് വിലങ്ങുതടിയായി നിൽക്കുന്ന ഘടകങ്ങാണ്.

കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്കിന്റെ പ്രവരത്തനപരിധി ബല്ലാ അജാനൂർ എന്നീ ഗ്രാമങ്ങളാണ് ബാങ്കിന് പഞ്ചായത്തിൽ മാണി ക്കോത്തും ,മാവുങ്കാലിലുമായി രണ്ടു ശാഖകൾ പ്രവർത്തിക്കുന്നു, പഞ്ചത്തിലെ നിരവധി കാർഷിക കുടും ബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നുണ്ട്. കാർഷിക കാർഷികേതതര വായ്പകൾ നൽകിവരുന്നു. ബാങ്കിംഗ് പ്രവരത്തനത്തിനുപുറമേ വളം ,കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ കൂടി വിപണനം ചെയ്യുന്നു. ജില്ലയിലെ എ ക്ലാസ് ബാങ്കുകളിലൊന്നായ ഇതിന്റെ 95- 96 വർഷത്തെ മൊത്തം നിക്ഷേപം 235 ലക്ഷം രൂപയാണ്.

കോട്ടച്ചേരി ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം

വെള്ളിക്കോത്ത് ആസ്ഥാനമായി പ്രവർത്തിച്ചവരുന്നു. പ്രവർത്തന പരിധി അജാന്നൂർ ,പുലൂർ പരിയ, പളളിക്കര, ഉദുമ എന്നീ പഞ്ചായത്തുകളാണ്.പഞ്ചായത്തിൽ സംഘത്തിന്റെ 9 ശാഖകൾ പ്രവർത്തിക്കുന്നു. ദിനേശ് ബീഡി തൊഴിലാളി ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വ്യാവസായി സഹകരണ സംഘമാണ്. നി ലവിൽ 1913 അംഗങ്ങൾ ഉണ്ട്.

രാംനഗർ നെയ്ത്തു തൊഴിലിളി
വ്യവസായ സഹകരണ ംസഘം

നിലവിൽ 435 അംഗങ്ങളോടുകൂടി രാമനഗരം ആസ്ഥാമമായി പ്രവർത്തിക്കുന്ന വായപേതര സഹകരണ സംഘം മാണ്. അജാന്നൂർ,കാഞ്ഞങ്ങാട്,കോടോം,ബേളൂർ നീലേശ്വരം എന്നീ പഞ്ചായത്തിന്റെ പരിധിയൽ പ്രവർത്തിക്കുന്നു. നെയ്ത്തുതൊഴിലാളികളുടെ ക്ഷേമത്തിനായി നിലകൊള്ളുന്നു.

ഹൊസ് ദുർഗ്ഗ് പ്രാഥമിക സഹകരണ കാർഷിക- ഗ്രാമ വികസന ബാങ്ക്

മൊത്തം 11490അംഗങ്ങളോടുകൂടി പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ പ്രവർത്തന പരിധി ഹൊസ് ദുർഗ്ഗ് താ ലൂക്ക് മുഴവുനും വ്യാപിച്ചുകിടക്കുന്നു. പൊതു ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ലെങ്കിലും, സ്ഥി രമായ ഭൂവികസമത്തിന് ഗ്രാമവകസനത്തിനും വേണ്ടി നിലകൊള്ളുന്നു. കാർഷിക -കാർഷികേതര വാ യ്പ്പകൾ നൽകുന്നു. അജനൂർ പഞ്ചായത്തൽ മാത്രമായി മൊത്തം 35,74 555 രൂപ വായ്പ നൽകിയിട്ടുണ്ട്. സ്ഥാ പനം നിലവിൽ വന്നത് 1974 ൽ ആണ്.

അജാനൂർ വനിതാ വ്യവസായ സഹകരണ സംഘം

അഭ്യസ്ത വിദ്യരായ യുവതികൾക്ക് തൊഴിലവസരം നൽകുക എന്ന ഉദ്ദേശം വച്ച് 1988 ൽ രൂപീകരിച്ച അജാന്നൂർ വനിതാ സഹകരണ സംഘത്തിൽ നിലവിൽ77 അംഗങ്ങളുണ്ട്. ഇതിന്റെ പ്രവർത്തനപരിധി അജാന്നൂർ പഞ്ചായത്ത്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുകയും അതുവഴി വിപണനവും ഏറ്റെടുത്തു നടത്തുകയും ചെയ്യുക എന്നതാണ് ഈ സംഘത്തിന്റെ പ്രധാന പ്രവർത്തനം.

കോട്ടച്ചേരി സഹകരണ വിപണന സംഘം

1935 ൽ പ്രവർത്തനം ആരംഭിച്ച കോട്ടച്ചേരി സഹകരണ വിപണനസംഘത്തിൽ അജാനൂർ പഞ്ചായത്തിൽ നിന്നുമത്രമായി 800 അംഗങ്ങൾ ഉണ്ട്.ഇതിന്റെ പ്രവർത്തന പരിധി ഹൊസ് ദുർഗ്ഗ് താലൂക്ക് മുഴവനും വ്യാപിപ്പിച്ചുകിടക്കുന്നു. അംഗങ്ങളുടെ കാർഷിക ഉൽപ്പനങ്ങൾ നേരിട്ടു വാങ്ങുകയും ഗോഡൗണുകളിൽ സൂക്ഷിച്ച് വെക്കുകയും ചെയ്യുന്നതാണ്. പൊതു ജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാറുണ്ട്, ഈ കാലയളവിൽ 25,23,746,40 രൂപ നിക്ഷേപങ്ങമായി സ്വീകരിച്ചിട്ടുണ്ട് . ഇതുപോലെതന്നെ ഉൽപ്പന്നപണയ കടവും ദൈനം ദിന നിക്ഷേപകടവും നൽകാറുണ്ട്. ഈ വകയിൽ 1,50670 രൂപ കടമായി നൽകിയിട്ടുണ്ട്.

വിവിധ മേഖലയിൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾ

1 കാർഷിക രംഗത്ത് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് കുറച്ചുകൊണ്ട് മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പ ലഭ്യമാക്കുവാൻ സഹകരണ ബാങ്കുകൾ ശ്രമം നടത്തണം.

2 പഞ്ചായത്തിലെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആംരഭിക്കണം.

3 നിക്ഷേപ സമാഹരണം വഴി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ചിത്താരി സർവ്വീസ് സഹകരണ ബാങ്കിന്റെ നില മെച്ചപ്പെടുത്തിയാൽ വായപ അർഹിക്കുന്ന രീതിയൽ വിതരണം നടത്തുവാൻ കഴിയും.

4ചിത്താരി സർവ്വീസ് ബാങ്കിന്റെ ഒരു ശാഖ ചാമുണ്ഡിക്കുന്നിൽ തുറന്ന് പ്രവർത്തനം ആരംഭിക്കണം.

5 പാൽ വിറ്റഴിക്കുന്നിതനും,ന്യായമായ വില ലഭ്യമാക്കുന്നതിനും ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.സംഘങ്ങൾ വഴി നല്ല യിനം പശുക്കളെയും മിതമായ വിലക്ക് കാലിതീറ്റയും വിതരണം ചെയ്യുവാൻ കഴിയണം. എല്ലാവാർഡുകളിലും ഇവ രൂപീകരിക്കാവുന്നതാണ്.

6 കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ട്രാക്ടർ സ്പ്രയർ വളം കീടനാശിനി നല്ലയിനം വിത്തുകൾ മുതലായവ് വിതരണം ചെയ്യണം .ഇതിനായി പടാശേഖര സമിതികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി രൂപീകരിക്കണം.

7 ആതുര ശുശ്രൂഷ സൗകര്യങ്ങൾ പരിമിതമാണ്. സഹകരണ മേഖലയിൽ ആധുനിക ചകിത്സാരീതിയുള്ള ആശുപത്രിസ്ഥാപിച്ച്ചികിത്സാസൗകര്യം മെച്ചപ്പെടുത്തണം.

8 സഹകരണാടിസാഥാനത്തിൽ മത്സ്യകൃഷി ചെമ്മീൻ കൃഷി ,കല്ലുമ്മകായ കൃഷി എന്നിവ സംഘടിപ്പിക്കണം. ആതോടൊപ്പം മത്സ്യസമ്പത്ത് സംസ്ക്കരിക്കാനും വിതരണം നടത്താനുമുള്ള യൂനിറ്റുകളും സഹകരാടിസ്ഥാനത്തിൽ രൂപീകരിക്കണം

9 സഹകരണാടിസ്ഥാനത്തിൽ പരിശീലനം നൽകി ചെരിപ്പ്നിർമ്മാണം പ്ലാസ്റ്റിക് ടോയ്സ്,സോഫ്റ്റ് ഡ്രിങ്ക്സ് കോഴിവളർത്തൽ എന്നീ മേഖലകളിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.

10 ചിത്താരി പുഴ കേന്ദ്രീകകരിച്ച് കയർതൊഴിലാളി വ്യവസായ സഹകരണ സംഘം രൂപികരിക്കണം.

11 പഞ്ചായത്തിൽ വനിതകൾക്കായുള്ള സോപ്പു നിർമ്മാണകേന്ദ്രം സഹകരണാടിസാഥാനത്തിൽ തുടങ്ങണം.

12 വാർഡുകൾതോറും സഹകരണ മാവേലിസ്റ്റോറുകളും കൺസ്യൂമർ സ്റ്റോറുകളും ആരംഭിക്കണം

13 സഹകരണാടിസ്ഥാനത്തിൽ കാർപെന്ററി വ്യവസായം തുടങ്ങണം

14 ഗൾഫ് മേഖലയിൽ നിന്നും തിരികെ വന്നവരെ പുനരധിവസിപ്പിക്കാൻ സഹകരണ മേഖലയിൽ വ്യ

വസായങ്ങൾ തുടങ്ങണം.

15 പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വട്ടി,കൂട്ട പായ്നെയ്ത്ത് എന്നിവക്കുവേണ്ട അസംസ്കൃത വസ്തക്കളും സാമ്പത്തിക സഹായങ്ങളും നൽകി വിപണി കണ്ടെത്തുകയും വേണം.അതുവഴി ഉൽപ്പനങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തുകയും വേണം.

16 സഹകരണ മേഖലയിൽ കശുവണ്ടിസംസ്കരണകേന്ദ്രം തുടങ്ങണം

17 സിമൻറ് കാൽ,ചുടുകട്ട ഇഷ്ടിക എന്നിവ നിർമ്മിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ശ്രമം വേണം

18 വാഴനാര് ചകിരിനാര് ഇവ ഉപയോഗിച്ച് കൊണ്ട് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്ന തൊഴിൽ ശാല സഹകരണ മേഖലയിൽ കൊണ്ടുവരണം. അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾക്ക് പരിശീനം നൽകുന്നതോ ടൊപ്പം തൊഴിൽ സാധ്യത ഉറപ്പു വരുത്താനും കഴിയണം.

2/3/3-1

1	[illegible]	[illegible]	3490	1952
2.	തൊടുപുഴ സർവ്വീസ് സഹകരണബാങ്ക്	"	8729	1955
3.	തൊടുപുഴ സർവ്വീസ് സഹകരണ ബാങ്ക്, മണക്കാടുകവല	"	837	1978
4.	തൊടുപുഴ സർവ്വീസ് സഹകരണ ബാങ്ക്, മാവുകവല	"	800	1955
5	തൊടുപുഴ ജില്ലാ ലേബർ കോൺട്രാക്ട് വ്യവസായ സഹകരണസംഘം	ലേബർ വ്യവസായം	1913	1968
6.	തൊടുപുഴ തൊഴിലാളി വ്യവസായ സഹകരണ സംഘം	കൈത്തറി വ്യവസായം	435	1968
7	തൊടുപുഴ പ്രാഥമിക സഹകരണ നാളികേര-ഗ്രാമ വിതരണ സംഘം	നാളികേര-ഗ്രാമ വിതരണം	11490	1974
8.	തൊടുപുഴ വനിതാ വ്യവസായ സഹകരണ സംഘം	വനിതാ ക്ഷേമം.	77	1988
9.	തൊടുപുഴ ചന്ത വിതരണ സഹകരണ സംഘം.	ചന്തഗേൾപെരണം; വിതരണം	1882	[illegible]
10.	തൊടുപുഴ ഹൗസിങ്ങ് സഹകരണ സംഘം	ഭവനനിർമ്മാണപദ്ധതി	2200	[illegible]
11	തൊടുപുഴ സഹകരണ വിപണന സംഘം	നാളികേരോൽപന്നവിപണനം	800	[illegible]

ക്രമ നമ്പർ	സഹകരണ സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം	പ്രവർത്തന മൂലധനം	വായ്പകൾ		നിക്ഷേപം	വായ്പാ കുടിശ്ശിക
					നൽകിയത്	തിരിച്ചടവ്		
			Rs	Rs	Rs	Rs	Rs	Rs
1.	പീരുമേട് സർവ്വീസ് സഹകരണ ബാങ്ക്	പീരുമേട് വില്ലേജ്	655000	536398	2362573	1874331	3225650	1451766
2.	തൊടുപുഴ സർവ്വീസ് സഹകരണ ബാങ്ക്	മുഴുവൻ വില്ലേജുകളും	1 കോടി	45 ലക്ഷം	9495000	13953500	23500000	2089000
3.	തൊടുപുഴ സർവ്വീസ് സഹകരണ ബാങ്ക്, മണക്കാടുശാഖ	മണക്കാടുവില്ലേജ്	–	–	2856104	2761476	1180290	214030
4.	തൊടുപുഴ സർവ്വീസ് സഹകരണബാങ്ക്, മാറ്റുനൂലുശാഖ	മാട്ടുനൂൽ, മണക്കാടുവില്ലേജുകൾ	–	–	77563	1414000	169885	1789000
5.	തൊടുപുഴ മൾട്ടി പർപ്പസ് വ്യവസായ സഹകരണസംഘം	മണക്കാടുവില്ലേജ്, പട്ടണം-പരിധിയിലുള്ള പ്രദേശങ്ങൾ	10,00,000	335201	–	–	–	–
6.	തൊടുപുഴ ഫിഷർമെൻ വ്യവസായ സഹകരണസംഘം	മണക്കാടുവില്ലേജ്, മണക്കാട്, നിലയനം, തൊടുപുഴ-വെള്ളാപ്പാറ പഞ്ചായത്തുകൾ	10,00,000	1,67,356	–	–	–	–
7.	തൊടുപുഴയിൽ പ്രാഥമിക സഹകരണസ്ഥാപനങ്ങൾക്ക് ഗൃഹനിർമ്മാണത്തിനുള്ള വായ്പ നൽകുന്നു.	തൊടുപുഴ താലൂക്ക്	1,50,00,000	1,24,45,000	1316555	235,8000	–	–
8.	മണക്കാടുവില്ലേജ് വനിതാ വ്യവസായ സഹകരണ സംഘം.	മണക്കാടുവില്ലേജ് പരിധിയിൽ	34,400	–	–	–	–	–
9.	മണക്കാട് ചന്ത വിവിധോദ്ദേശ്യ സഹകരണ സംഘം	മണക്കാടുവില്ലേജ്, മണക്കാട്ടുപട്ടണം, ചെമ്പ്, തൊടുപുഴ താലൂക്കിലെ ചില പ്രദേശങ്ങൾ	305000	261680	–	–	–	–
10.	തൊടുപുഴയിൽ വാഹനങ്ങൾക്ക് സഹകരണ സംഘം	തൊടുപുഴ ടൗൺപരിധി	150,00000	–	–	4607900	–	–
11.	തൊടുപുഴ സഹകരണ വിപണന സംഘം	തൊടുപുഴ താലൂക്ക്	21,51,000	10,48,881	1,50,670	86,490	25,33,246	[illegible]

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക്

കൂളിക്കാട് ട്രേഡേർസ്

R S റോഡ് കാഞ്ഞങ്ങാട്

ഫോൺ : 704289

ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക്

കൂളിക്കാട് എൻറർ പ്രൈസസ്

ഫോൺ : 704359

R S കാഞ്ഞങ്ങാട്



പട്ടികജാതി പട്ടിക വർഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 2.92% പട്ടികജാതി വിഭാഗമാണ്. 1991 ലെ സെൻസസ്സ് പ്രകാരം 1241 പട്ടികജാതി വിഭാഗക്കാറുണ്ട്. ഇതിൽ 654 പേർ സ്ത്രീകളാണ്. വളരെ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്ന ഇവർക്ക് വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധികാലമായി ചൂഷണത്തിന്വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ പഞ്ചായത്തിലെ വെള്ളന്തട്ട ,തണ്ണോട്ട്, , ചോനാട്, പാടിക്കാനം, രാവണീശ്വരം , പാണത്തോട്, കാരക്കുടി, മൂലക്കണ്ടം, മഞ്ഞംപൊതി, മേലടുക്കം, വെള്ളിക്കോത്ത് കോളനികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

ഈ വിഭാഗക്കാരുടെ പരമ്പരാഗത കുടിൽ വ്യവസായങ്ങളായ പായനെയ്ത്ത്, കുമ്മായനിർമ്മാണം, തുകൽ, കൊട്ട നിർമ്മാണം, പാളത്തൊപ്പി നിർമ്മാണം എന്നിവ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പണ്ട് കാലത്ത് നാട്ടിപ്പണിക്ക് സ്ത്രീകൾ ഉപയോഗിക്കുന്നപാളതൊപ്പി നെൽകൃഷിയുടെ വ്യാപ്തിക്കുറഞ്ഞതോടെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാരക്കുഴിയിലെ നളിക ദായ എന്ന് വിളിക്കുന്ന വിഭാഗമാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. കലാപരമായി ഇവർ ഉണ്ടാക്കയിരുന്ന പാളതൊപ്പി കാണണമെങ്കിൽ വല്ല മ്യൂസിയത്തിലും പേകേണ്ടിവരും.

ഇവരുടെ ഉയർച്ചക്കുവേണ്ടി ഗവർമെൻറ് നൽകിക്കൊണ്ടിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വേണ്ടത്ര അറിവില്ലായ്മതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ആധുനികവൽക്കരണം ഇല്ലാത്തതുകൊണ്ടും വേണ്ടത്ര ഉപയോഗപ്രദമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈവിഭാഗത്തെ സാമൂഹ്യ സാമ്പത്തിക സാസ്കാരിക രംഗങ്ങളിൽ ഉയർത്തികൊണ്ടുവരുന്നതിനും അനുവദീക്കപ്പെട്ട് ആനുകൂല്യങ്ങൾ യഥാവസരം വേണ്ടവിധം അറിയിച്ച് അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുകയും ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുകയും വേണം

വിദ്യാഭ്യാസം

ഒരു ഘട്ടത്തിൽ മുഴുവൻ കോളനിനിവാസികളെയും സാക്ഷരരാക്കുവാൻ സാധിച്ചിരുന്നുവെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവംകാരണം ഇവരിൽ കൂടുതൽ പേർ നിരക്ഷരരായിക്കൊണ്ടിരിക്കുകയാണ്. കുട്ടികളെ സ്കൂളിലെത്തിക്കാൻ രക്ഷിതാക്കൾക്ക് വേണ്ടത്ര താൽപര്യമുണ്ടാകാറില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതുകൊണ്ട് പഠനം നിർത്തേണ്ടിവരുന്ന അവസ്ഥയും ചിലർക്കുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതബോധ്യപ്പെടുത്തന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധപൂർവ്വമായ ഇടപെടൽ നടത്തേണ്ടതുണ്ട്. 1996-947അധ്യായനവർഷത്തിൽ ഈ പഞ്ചായത്തിൽ ആകെ 290 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 137 പേർ ആൺ കുട്ടുകളും 153 പേർ പെൺകുട്ടികളുമാണ്. എസ്.എസ്.എൽ.സി.പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികൾ തുടർന്ന് പഠിക്കാൻ തയ്യാറാകുന്നില്ല. അവർ പലരുംതൊഴിൽ തേടി നിർമ്മാണമേഖലയിലേക്ക് വഴിമാറിപ്പോകുന്നു. ഈ സമുദായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നത് മറ്റു വിദ്യാർത്ഥികളെ അപേക്ഷിച്ച് കുറവാണ്.

സാമൂഹ്യ സാംസ്കാരിക നില

വിദ്യാഭ്യാസനിലവാരത്തിൽ കുറയൊക്കെ പുരോഗതി പ്രാപിച്ചുവെങ്കിലും നാട്ടിലെ വികസന പ്രവർത്തനങ്ങളുടെയും സാംസ്കാരിക പ്രവർത്തനങ്ങളുടെയും മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങൾ ഇനിയും എത്തിയിട്ടില്ല. ചുരുക്കം കുടുംബങ്ങൾ മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നുണ്ടെങ്കിലും ഏറെപ്പേരും പിന്നോക്കാവസ്ഥയിൽത്തന്നെയാണ് ഉള്ളത്. അയിത്തം എന്ന ആചാരം ഈ പഞ്ചായത്തിലില്ല. സാംസ്കാരിക രംഗത്ത് പുരുഷന്മാരേക്കാൾ ഏറെ പിന്നിൽ സ്ത്രീകൾതന്നെ.

ആചാരങ്ങൾ

ചില ആചാരങ്ങൾ ഇന്നും മുറുകെ പിടിച്ച് ജീവിക്കുന്നവർ ഉണ്ട്. കാവുകളിലും ക്ഷേത്രങ്ങളിലും മറ്റും തെയ്യം കെട്ടുന്നതും ഇവർ തന്നെ. കുരുത്തോല കൊണ്ടും മറ്റും ചിലവ് കുറഞ്ഞ വസ്തുക്കൾ കൊണ്ടും മനോഹരങ്ങളായ അടയാഭരണങ്ങളും ചമയങ്ങളും ഇവർ ഉണ്ടാക്കുന്നു. കൂട്ടമടയൽ, പായനെയ്ത്ത്, കുമ്മായനിർമ്മാണം, ചെരിപ്പ് നിർമ്മാണം, പാളതൊപ്പി നിർമ്മാണം എന്നിവ ഇവരുടെ പരമ്പരാഗത തൊഴിലുകളാണ്. ഈ വിഭാഗത്തിന്റെ സമ്പന്നമായ കരവിരുതും അനുഷ്ടാന കലകളും മതിയായ പ്രോത്സാഹനത്തിന്റേയും സംരക്ഷണത്തിന്റേയും അഭാവത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇവ സംരക്ഷിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനും ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴിൽ

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിഭാഗവും അവരുടെ കുലതൊഴിൽ ചെയ്ത് ജീവിക്കുന്നവരായിരുന്നു. എന്നാൽ ഇത്തരം തൊഴിലുകളുടെ തകർച്ചയോടെ ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റുമേഖലയെ ആശ്രയിക്കാൻ നിർബന്ധിതരായി. ഭൂരിഭാഗവും നിർമ്മാണരംഗത്താണ് ഇന്ന് പ്രവർത്തിച്ചു വരുന്നത് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ മെച്ചറുപ്രായത്തിൽ തന്നെ പലരും ഇത്തരം മേഖലകളിലേക്ക് ചേക്കേറുന്നു. കാർഷികജോലികളിലാണ് മറ്റുള്ളവർ ഏർപ്പെട്ടിരിക്കുന്നത്. ഇത്. സീസണൽ ആയതുകൊണ്ട് പലർക്കും വർഷത്തിൽ ഭൂരിഭാഗം ദിവസങ്ങളിലും ജോലി ലഭിക്കുന്നില്ല. പ്രധാനകൈതൊഴിലായ കുട്ടമെടയൽ, പായനെയ്ത്ത് എന്നിവ അസംസ്കൃത വസ്തുവായ പായമുണ്ട സംരക്ഷിക്കാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കയാണ്. ഈ വിഭാഗത്തിന് തൊഴിലുറപ്പ് വരുത്തേണ്ടതുണ്ട്.

പാർപ്പിടം

ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരായ സ്വന്തം പേരിൽ സ്ഥലമുള്ള ഭൂരിഭാഗം കുടുംബങ്ങൾക്കും സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ മുഖേന വീടുകൾ ലഭ്യമാക്കുവാൻ സാഘലധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ പട്ടിക ജാതി കുടുംബങ്ങൾ പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്ന് മോചനം വന്നിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ടു ജീവിക്കുന്ന കുടുംബങ്ങൾക്ക് കോളനികളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പലതും ലഭിക്കാത്ത സ്ഥിതിഉണ്ട്. ഇവർക്ക് വീടുനിർമ്മിക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതകാരണം പല വീടുകളു പൂർത്തീകരിക്കാതെ കിടക്കുകയാണ്. വീട് വെക്കുവാൻ ആവശ്യമായ തുകയും ,സ്ഥലവും അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ.

ആരോഗ്യം

പല കോളനികളിലും ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നു. പല കുടുംബങ്ങളും ശുചിത്വത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പ്രലുത്തുന്നില്ല്. പ്രാധമികാവശ്യങ്ങൾ നിറവേറ്റാൻ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം കക്കൂസും കുടിവെള്ളവും നൽകിയിട്ടുണ്ടെങ്കിലും ലഭിച്ചവതന്നെ കൃത്യമായി ഉപയോഗിക്കുവാൻ മിക്ക കുടുംബങ്ങളും ശ്രദ്ധിക്കാറില്ല. ആരോഗ്യ സാമൂഹ്യ പ്രവർത്തകരുടെ നിരന്തര സംമ്പർക്കവും ബോധവൽക്കരണവും ഉണ്ടാകേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. കാർഷികമേഖലയിൽ തൊഴിലവസരം കുറയുന്നതുമൂലം ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

2. എല്ലാവർക്കും സ്വന്തമായി വീടില്ല. ഉള്ള വീടുകൾ പഴക്കം ചെന്നതും തീർത്തും ആവാസയോഗ്യമല്ലാത്തതുമാണ്.

3. വീടും ചുറ്റുപാടും ശുചിത്വമില്ലാത്തതാണ്. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന വീടുകൾ ശുചിത്വമില്ലായ്മക്ക് ആക്കം കൂട്ടുന്നു.

4. കോളനികളിലെല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.

5. ആരോഗ്യസംരകഷണസംവിധാനം മെച്ചപ്പെട്ടതല്ല.നിർദ്ദനകുടുംബങ്ങളെ ചികിത്സിക്കുന്നതിനും മറ്റും വേണ്ടത്ര ഊന്നൽ കൊടുക്കുന്നില്ല.

6. നിർദ്ദനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന്വേണ്ടത്ര ഘനസഹായം നൽകുന്ന്തിന് പ്രധാന്യം കാണിക്കുന്നില്ല.

7. ഐ.ആർഡിപി. പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

8. പട്ടികജാതി ക്ഷേമ കോർപ്പറേഷൻ സ്വയംമെതാഴിലിനുവേണ്ടി നൽകുന്ന വായ്പകൾ ലക്ഷ്യം തേടുന്നില്ല.

9. നിലവിലുള്ള വകുപ്പുകളുടെ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

10.കാരക്കുഴി, മൂലക്കണ്ടം, പള്ളത്തുങ്കാൽ, വെള്ളംത്തട്ട, തണ്ണോട്ട്, കുന്നുമ്മങ്ങാനം, ചോനാട്ട്, പാടിക്കാനം, പാണത്തോട് എന്നീകോളനികളിൽ കുടിവെള്ളക്ഷാമമുണ്ട്.

11. മൂലക്കണ്ടം, കാരക്കുഴി, പാണത്തോട്ട്എന്നീകോളനികളിൽ വൈദ്യുതി ക്ഷാമമുണ്ട്.

12. പാണത്തോട്ട്, വെള്ളത്തട്ട, കാരക്കുഴി എന്നീ കോളനികളിൽ ഗതാഗത സൗകര്യമില്ല.

13. 5, 7 വാർഡിലെ കാരക്കുഴി, മൂലക്കണ്ടം, 9 ാം വാർഡിലെ പള്ളത്തുങ്കാൽ , വെള്ളന്തട്ട, തണ്ണോട്ട്, കുന്നുമ്മങ്ങാനം, ചോനാട്ട്, പാടിക്കാനം, 10 ാം വാർഡിലെ പാണംത്തോട്ട് എന്നീ കോളനികളിൽ കക്കൂസ് സൗകര്യമില്ല.

സാധ്യതകൾ

1. കുടിവെള്ളം

പഞ്ചായത്തിലെ കാരക്കുഴി, മൂലക്കണ്ടം വത്തുങ്കാൽ , വെള്ളട്ട, തണ്ണോട്ട്, കുന്നമ്മാനം, ചോനാട്ടാ, പാടിക്കാനം, എന്നീ, കോളനികളിൽ കുടിവെള്ള സൗകര്യമുണ്ടാക്കണം.നിലവിലുള്ള കിണറുകൾ ആഴം കൂട്ടുകയും കുഴൽ ക്കിണർ റിപ്പേർ ചെയ്യുകയും പുതിയ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണം.

10 ാം വാർഡിലെ പണന്തോട് കേളനിയിലെ കുളം റിപ്പേർ ചെയ്ത് ടാങ്ക് കെട്ടി കുളത്തിൽ നിന്ന് പമ്പ് ചെയ്ത് കോളനിയിലെ എല്ലാവീടുകൾക്കും കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലവും പൈപ്പുലൈൻ മുഖേന ലഭ്യമാക്കേണ്ടതാണ്.

2 വൈദ്യുതി

മേൽകോളനികളിൽ വൈദ്യിതി ലഭ്യമാക്കണം. 9 ാം വാർഡിലെ വെള്ളം തട്ടകോളനിയിൽ ഒരു ട്രാസ്ഫോമർ സ്ഥാപിക്കേണ്ടതാണ്.

3 കക്കൂസ്

മേൽപ്പറഞ്ഞകോളനികളിൽ വീടിനോടനുബന്ധിച്ച് കക്കൂസ് സൗകര്യം ഇല്ല. എല്ലാം കുടുംബങ്ങൾക്കും അടിയന്തിരമായി കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

4 ചെറുകിട വ്യവസായം

മേൽകോളനികളിൽ പരമ്പാരാഗതവ്യവസായ മായ പായ,വട്ടി, കൂട്ട പാളത്തൊപ്പി മുതലായവ നിർമ്മിക്കുന്നതിനുംനടത്തുന്നതിനും പരിശീലവും ധനസഹായവും വർക്ക് ഷെഡും വേ ണ്ട താണ്

5സംസ്ക്കാരം

മേൽ പറഞ്ഞ കോളനികളിൽ ടി.വി,സെറ്റ് വായന ശാല റേഡിയോ എന്നിവ സ്ഥാപിക്കേണ്ടതാണ്.

6 പഞ്ചായത്തിലെ ഏഴാം വാർഡിൽ മൂലക്കണ്ടം കോളനിയിലും 10 ാം വാർഡിലെ രണ്ട് കോളനികളിലും അംഗൻവാടികൾ നിർമ്മിക്കേണ്ടതാണ്.

7 പത്താം വാരിഡിൽ പാണന്തോട് കോളനിയിൽ സാക്ഷരതാകേന്ദ്രം അനുവദിക്കേണ്ടതാണ്.

8 പഞ്ചായത്തിലെ 5 7,8,9,10 വാർഡുകളിലെ പട്ടിക ജാതികോളനികളിലെ പെൺകുട്ടികൾക്ക് പരിശീലനത്തിന് വേണ്ടി സൗജന്യ മായ ഒരു തയ്യൽ പരിശീലനകേന്ദ്രവും പഠന നിലവാരം ഉയർത്താൻ ഒരു ട്യൂഷൻ സെൻററും അനുവദിക്കേണ്ടതാണ്.

9 ആരോഗ്യം പഞ്ചായത്തിലെ 5 ാം വാർഡിൽ കാക്കുഴി കോളനിയിൽ ഒരു കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുക. 9 ാം വർഡിലെ രാവണീശ്വരം കുടുംബക്ഷേമ കേന്ദ്രത്തിൽ അത്യാവശം ഫർണിച്ചറുകളുംമ രുന്നുകളും നല്കുക.

10 റോഡ് പത്താം വാർഡിലെ പാണത്തോട് കോളനിറോഡ് കോളനിൽകൂടി കടന്നുപോകത്തക്ക രീതിയൽ വേലശ്വരത്ത് നിന്നും നമ്പ്യാരടുക്കത്തേക്ക്പ്രോകുന്ന റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക. ഒമ്പതാം വാർഡിലെ വെള്ള ന്തട്ട കോളനിയിൽ നിന്നും പുതിയകണ്ടം കണിയാൻവളപ്പ് രാവണീശ്വരം പാലക്കുഴി കണക്ഷൻറോഡ് നിർമ്മിക്കുക. 9 ാം വാരിഡിൽ വെള്ളന്തട്ട കോളനിയിൽ നിന്നും പാടിക്കാനം കുളിയമ്മരം റോഡ് നിർമ്മിക്കുക. .

11 ഗതാഗതം

പത്താം വാർഡിൽ കാഞ്ഞങ്ങാടുനിന്നും വെളളിക്കോത്ത്,വേലേശ്വര ംവഴി രാവണേശ്വരത്തേക്ക് മുമ്പുണ്ടായിരുന്ന ബസ് ഗതാഗതം പുനസ്ഥാപിക്കുക.

12 പാർപ്പിടം

പത്താം വാർഡിൽ പഴക്കം ചെന്ന വീട് റിപ്പയർ ചെയ്യാനും പുതിയ വീട് വെക്കാനുള്ള ധനസഹായം വർദ്ധിപ്പിക്കുക. രാജീവ് ദശലക്ഷം പദ്ധതിയിൽ പട്ടിക ജാതിക്കാർക്ക് പത്ത് ശതമാനം വീട് സംവരണം ചെയ്യുക. 9ാം വാർഡിൽ പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുക.

13 ക്ഷേമ പദ്ധതി

9ാം വാരിഡിലെ തെയ്യം കെട്ട് കാർക്കും അലക്കു തൊഴിലാളികൾക്കും സാമ്പത്തിക സഹായവും പെൻഷനും അനുവദിക്കുക.അതുപോലെ തന്നെ അവശകലാകാരന്മാർക്ക് അംഗീകാരവും പെൻ ഷനും അനുവദിക്കുക.

പട്ടിക ജാതി പട്ടികവർഗ്ഗ സെൽ രൂപീകരിക്കുക

14 വിദ്യാഭ്യാസം 5 ാം വാർഡിൽ മൂലക്കണ്ടം കോളനിയിൽ ഒരു റെസിഡൻഷ്യൽ പ്രൈമറി വിദ്യാലയം സ്ഥാപിക്കുകയും വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക. 9 ാം വാരിഡിലെ പാവപ്പെട്ടകുട്ടികൾക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും പോക്കറ്റ് മണി വർദ്ധിപ്പിക്കുകയും ചെയ്യണം..

15 പൊതു ശ്മശാനം

ഏഴാം വാർഡിൽ പട്ടിക ജാതികോളനിയൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.

16 തെരുവ് വിളക്ക്

5.7.8.9.10 വാർഡുകളിലെ പട്ടിക ജാതികോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക,

17 വീട്ടുനികുതി

മേൽപറഞ്ഞകോളനികളിലെകുടുംബങ്ങളെ വീട്ട്നികുതിയിൽ നിന്നും ഒഴിവാക്കുകയം സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് അത് നൽകുകയും ചെയ്യുക.

18 പട്ടയം

7 ാം വാർഡിൽ നിർമ്മിതി ഭവനം കിട്ടയവർക്ക് അതിന്റെ പട്ടയം നൽകുക. അഞ്ചാം വാർഡിൽ സർക്കാർ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.

19 5, 7 വാർഡുകളിലെ വെള്ളിക്കോത്ത് കാരക്കുഴി കോളനികളെ പട്ടിക ജാതി കോളനികളായി അംഗീകരിക്കുക..

പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കൽ സംബന്ധിച്ചുള്ള വിവിരങ്ങൾ

വാർഡ് നമ്പർ	പട്ടികജാതി കോളനി	കണക് ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യസ്ലാബിൽ ഉപയോഗിക്കുനനവ ടെ എണ്ണം	പണംനൽകി കണക്ഷൻലഭിക്കാത്ത വരുടെ എണ്ണം
9.	വെള്ളന്തട്ട	20	20	--
3	വേലേശ്വരം	4	4	-
10	രാവണീശ്വരം	5	5	-
5	സെറ്റിൽമെൻറ് കാരക്കിഴി	26	26	--

അവലംബം സെക്കണ്ടറി ഡാറ്റ



വിഭവ സമാഹരണം

ആജാനൂർ ഗ്രാമ പഞ്ചായത്ത് സ്പെഷ്യൽഗ്രേജ് പഞ്ചായത്താണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൂലിവേല ചെയത് ജീവിക്കുന്നു.തൊഴിലന്വേഷണകരിൽ നല്ലൊരു പങ്ക് ഗൾഫ്നാടിനെ ആശ്രയിക്കുന്നവരാണ്. 1644 ആളുകൾ ഗൾഫു കാരാണ്, ഗൾഫ് നാടുകളിലെ പുതിയ തൊഴിൽ നിയമത്തിന്റെ ഫലമായി നിരവധിപേർ നാട്ടിലേക്ക് തിരിച്ചുവന്നിട്ടുണ്ട്. കാർഷിക മേഖലയിൽ ഉൽപ്പാദനം കുറഞ്ഞുവരികയാണ്. നെൽപ്പാടങ്ങൾ ഭൂരിഭാഗവും നികത്തി പറമ്പായികഴിഞ്ഞിരിക്കുകയാണ്. തെങ്ങിനെ ബാധിച്ച രോഗങ്ങൾ മൂലം നാളീകേര ഉൽപ്പാദനവും ഗണ്യമായ കുറഞ്ഞിട്ടുണ്ട്. പരമ്പാരഗത വ്യവസായങ്ങൾ തകർന്നുകഴിഞ്ഞിരിക്കയാണ്. വ്യവസായ രംഗത്തെ സ്ഥിതി വളറെ പരിതാപകരം തന്നെ. നാമമാത്ര വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കാൻ വളരെയധിക ംസാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്.ജനസംഖ്യ യിൽ പകുതി വരുന്ന വനിതകളിൽ ബഹുഭൂരിപക്ഷം വും തൊഴിലില്ലാത്തവരോ ഭാഗിഗമായി മാത്രം തൊഴിലുള്ളവരോ ആണ്. തൊഴിൽ സംരംഭങ്ങളിൽ സത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാന്നതിന് അതീവ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്, പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിലും ഇതേ സ്ഥിതിയാണ് ഇന്നുള്ളത്.

കെട്ടിട നികുതി ഗ്രന്ഥശാലാവരി തൊഴിൽ നികുതി വിനോദ നികുതി പ്രദർശന നികുതി. ലൈസൻസ് ഫീ ലീസ് ലേലം തുടങ്ങയിവയാണ് പഞ്ചായത്തിന്റെ മുഖ്യ വരുമാനമാർഗ്ഗങ്ങൾ (പട്ടിക 2 കാണുക)

കെട്ടിടനികുതി ഇനത്തിൽ ലഭിക്കേണ്ട 779625 രൂപയിൽ 593753 രൂപ മാത്രമേ 95 96 ൽ പരിച്ചെടുത്തിട്ടുള്ളൂ 185871 രൂപ ഇനിയും ലഭിക്കേണ്ടതുണ്ട്.അതുപോലെ തൊഴിൽ നികുതി ഇനത്തിൽ 1,35,538 രൂപയും ലൈസൻസ് ഫീ ഇനത്തിൽ 5270 രൂപയും പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് പരിച്ചെടുക്കേണ്ട നികുതികൾ പൂർണമായും കൃത്യസമയത്ത് തന്നെ പരിച്ചെടുക്കുവാൻ കഴിയാത്തത് വികസന പ്രവർത്തനങ്ങളെദോഷകരമായിബാധിക്കുന്നു.കെട്ടിട നികുതിനിയമ പ്രകാരം കെട്ടിടത്തിന് ലഭിക്കാവുന്ന വാർഷിക വാടകയുടെ10 ശതമാനം കുറച്ച തുകയുടെ 6 മുതൽ 10 ശതമാനംവരെ നികുതിചുമത്താം. 7 ശതമാനമാണ് പഞ്ചായത്തിൽ നികുതി ചുമത്തുന്നത്.

സർക്കാർ ഗ്രാൻറ് ഇനത്തിൽ വസ്തുകൈമാറ്റനികുതി അടിസ്ഥാന നികുതി ,സെപഷ്യൽ ഗ്രാൻറ് ,വാഹന നികുതി ,ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി ചെറുകിട ജലസേചനം ജവഹർറോസ്ഗാർ യോജന ഉപാധി രഹിതഫണ്ട് എന്നിവയിലായി 95 96 ൽ 30 ,80,016 രൂപ ലഭിച്ചിട്ടുണ്ട്. എസ്റ്റാബ്ലിസ് മെൻറ് ചിലവിനത്തിൽ പഞ്ചായത്തിന് ഗ്രാൻറൊന്നും ലഭിക്കുന്നില്ല.

1986 87 ൽ തനത് വരുമാനത്തിന്റെ 28.42 ശതമാനം-മാത്രം ഭരണ ച്ചെലവിനായി വേണ്ടി വന്നപ്പോൾ 95-96ൽ 50 ശതമാനം ആണ്. ഈ ഇനത്തിൽ ചിലവായത്, കുടിവെള്ളത്തിന് 2.15 ശതമാനവും തെരുവ് വിളക്ക് കത്തിക്കുന്നതി 3.8 ശതമാനവും കൃഷിക്ക് 0.25 ശതമാനവുമാണ് 95.96 ൽ ചിലവഴിച്ചത്, ഉൽപ്പാദന മേഖലയിലെ മുതൽ മുടക്ക് ''പൂജ്യ''മാണെന്ന് തന്നെ പറയാം. ശുചീകരണ പ്രവർത്തനം നടത്തുന്നതിന് ട്രലറോഡുകൂടി യജീപ്പ് സ്വന്തമായി ഉണ്ട്.

പഞ്ചായത്തിൽ കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ 2 ശാഖകളും നോർത്ത് മലബാറിൽ ഗ്രാമീണ ബാങ്കിന്റെ 2 ശാഖ കളും ചിത്താരി സർവ്വീസ് സഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. മറ്റു ബാങ്കുകൾ പഞ്ചായത്ത് പരിധിക്ക് പുറത്താണ്. പളളിക്കര,പുല്ലൂർ പെരിയ ബല്ല വില്ലേജുകൾ കൂടി ഈ ബാങ്ക് കളുടെ പ്രവർത്ത

പടിക 1. ഗൾഫിൽ ജോലിചെയ്യുന്നവർ

I	II	III	IV	V	VI	VII	VIII	IX	X	XI	XII	XIII	XIV	XV	ആകെ
30	168	261	114	26	21	60	37	65	49	205	161	172	125	150	1644

പരിധിയിൽ വരുന്നുണ്ട്. ദേശ സാൽകൃത ബാങ്ക് കളൊന്നും തന്നെ ഈ പഞ്ചായത്തിന്റെ പരിധിയൽ പ്രവർത്തിക്കുന്നില്ല. ഹൊസ് ദുർഗ്ഗ് കാർഷികസഹകരണ ബാങ്കും ഗ്രാമീണ ബാങ്കുകളും സഹകരണ ബാങ്കുകളും കൂടി 95 96 ൽ കാർഷികരംഗത്ത് 260.4 ലക്ഷം രൂപയും കച്ചവടം ചെറുകിട വ്യവസായംതുടങ്ങിയ രംഗങ്ങളിൽ 585.64 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്.ഹൊസ് ദുർഗ്ഗ് കാർഷിക സഹകരണ ബാങ്കിന്റെ പ്രവർത്തനം കർഷകർക്ക് ഗുണപ്രദമാകുന്നുണ്ട്. എന്നാൽ നാമമാത്രമായ വായ്പമാത്രമേ ദേശ സാൽകൃത ബാങ്ക് കളിൽ നിന്നും ലഭിക്കുന്നുള്ളൂ എന്ന് പട്ടിക 3 പരിശോധിച്ചാൽ ബോധ്യമാകും.

സാധാരണ ജനങ്ങളുടെ താല്പര്യത്തിനുതകുന്നത് ഗ്രാമീണ ബാങ്ക് കളും സഹകരണ ബാങ്കുകളുമാണെന്ന് വ്യക്തമാണല്ലോ.ദേശ സാൽകൃത ബാങ്കുകളാകട്ടെ വൻകിട മുതലാളിമാരുടെ താല്പര്യത്തിനാണ് പലപ്പോഴും മുൻ ഗണന നൽകുന്നത് അതാത് പ്രദശേത്തുനിന്ന് ഡിപ്പോസിറ്റ് ആയി ശേഖരിക്കുന്നപണം മറ്റിടങ്ങളിലോക്ക് ഒഴിക്കിപ്പോവുകായണ്.ഇത്തരംചോർച്ച തടയുകയും ആപണത്തിന്റെ നല്ലൊരുപങ്ക് അവിടെതന്നെ വിനിയോഗിക്കുകയും ചെയ്യുന്നതിന് ബാങ്കുകളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം അനിവാര്യമാണ്.ഇത്തര ബാങ്കുകളെ സമീപിക്കുന്നചെറുകിട വ്യവസായ സംരംഭംകരെസംബന്ധിച്ചിടത്തോളം ബാങ്കിന്റെ സമീപനം തീരേ പ്രോത്സാഹ ജനകമല്ല.പലവിധ കടമ്പകളും വായ്പ ലഭിക്കാനുള്ള കാലതാവസവും അവരെ നിരാശരും നിസ്സാഹയരുമാകുന്നു. കടം വാങ്ങുന്ന വരാണ് ബാങ്കുകളുടെ നിലനില്പിനാധാരം. എന്ന സത്യം പലപ്പോഴും ബാങ്കുകൾ മറുന്നുപോകുന്നു.ഇത്തരം സമീപനം തിരുത്തേപ്പെടേണ്ടതുതന്നെ.

സ്വകാര്യ പണമിടപാടിനെ ആശ്രയിക്കുന്ന ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൊള്ള പ്പലിശ കൊടുത്ത് മുടിയുന്ന ഇവരെ സഹായിക്കുന്ന തരത്തിൽ സഹകരണ ബാങ്കുകളുടെ സേവനം ഉപയോഗപ്പെടുത്തണ്ടതുണ്ട്.

മഡിയനിൽ പ്രവർത്തിക്കുന്നകൃഷിഭവൻ മുഖാന്തിരം സമഗ്രനാളീകേര വികസന പദ്ധതി വഴി കിണർ ,പമ്പ് സെറ്റ് ഫിൽറ്റർ മുതലായ സ്ഥാപിക്കുന്നതിന് അനുവദിച്ച് 4,33,040 രൂപ സബ്സിഡിയൽ 2,48,755 രൂപ ചിലവഴിച്ചിട്ടുണ്ട്. 1,84245 രൂപ ഇനിയും ബാക്കിയുണ്ട്. പച്ചക്കറി വെറ്റില . കശുവണ്ടി പുകിയില തുടങ്ങിയ കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തിനും പ്രകൃതി ക്ഷോഭ പരിഹാരത്തിനും മറ്റുമായി 86351 രൂപയും സബ്സിഡി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ നാളീകേര ബോർഡിൽ നിന്നും1350 രൂപയും വിതരണ ം ചെയ്തിട്ടുണ്ട്. കൂടുതൽ കർഷകർക്ക് ഇത്തരം പ്രവർത്തനങ്ങളെ ക്കുറിച്ച് അറിവുണ്ടാക്കുന്നതിനും ഉപകൊരപ്രദമാക്കുന്നതിനുംവേണ്ടി കൃഷി ഭവനേറയും കാർഷിക സമിതികളുടേയും പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്.

പഞ്ചായത്ത് വകയായി സാംസ്ക്കാരിക നിലയം മഡിയിനിൽ പ്രവർത്തിക്കുന്നുണ്ട്. ധാരാളം പുസ്തകങ്ങളുള്ള ഈ നിലയത്തിന്റെ സേവനം കൂടുൽ പേർ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിന് ഇന്ന് ലഭിച്ചികൊണ്ടിരിക്കുന്ന വരുമാന സഹായധനവും വെച്ച് വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതിന് പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കച്ചവടസ്ഥാപനങ്ങളുടെ നികുതി പരിഷ്കരിക്കുക, ഒരു നിശ്ചിത അളവിൽ കൂടുതൽ വിസ്തീർണമുള്ള വീടുകൾക്ക് അധിക നികുതി ചുമത്തുക. സിമിമാ ശാലകളുടേയും പഞ്ചായത്തിനകത്ത് നടക്കുന്ന മറ്റ് വിനോദ പരിപാടികളുടേയും നികുതി വിർദ്ധിപ്പിക്കുക. വില പിടിപ്പുള്ള പറമ്പുകൾ കൈമാറ്റം ചെയ്യുമ്പോൾ ഒരു നിശ്ചിത സംഖ്യ ഈടാക്കുക. പറമ്പിൽ പണിയുന്ന ആഡംബരമതിലുകൾക്ക് നികുതി ചുമത്തുക, പരിധിയിൽ കവിഞ്ഞ വരുമനമുള്ളവരിൽ നിന്നും ഒരു നിശ്ചിത തുക പഞ്ചായത്ത് പിരിക്കുക.ലൈസൻസ്സില്ലാത്ത കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കു. പറ്റാവുന്ന സ്ഥലങ്ങളിലൊക്കെ ഉൽപ്പന്നങ്ങൾക്ക് സംഭരണ ഡിപ്പോയും പൊതു മാർക്കറ്റും സ്ഥാപിക്കുക, നിർമ്മാണ പ്രവർത്തനങ്ങളിൽ മനുഷ്യാധ്വനം ഉപയോഗിക്കുന്നതിന് ജനകീയ സന്നദ്ധ സമിതികൾ രൂപീകരിക്കുക.ഒരു വികസന സമിതി രൂപീകരിച്ച് വർഷം തോറും പഞ്ചായത്ത് ബോർഡിന്റെനേതൃത്വത്തിൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുക, ഗൾഫുകാരെ ഉപയോഗിച്ച് വ്യവസായസംരംഭങ്ങൾക്ക് മൂലധനം സ്വരൂപിക്കുക.പഞ്ചായത്ത് നേതൃത്വത്തിൽകടപ്പത്രം ഇറക്കുക,തരിശുഭൂമിയിലും പുറമ്പോക്കുഭൂമിയിലും വ്യവസായ കോപ്ലക്സുകൾ സ്ഥാപിക്കുക,ബേക്കൽ ടൂറിസ പദ്ധതിക്ക് സമീപമുള്ള വാർഡ് 1.12,13, 14 തുടങ്ങിയ വകേന്ദ്രീകരിച്ച് ഉല്ലാസനൗകൾ ഉപയോഗിച്ച് ടൂറിസ്ം വികസിപ്പിക്കുക, മത്സ്യകൃഷി അഭിവൃദ്ധിപ്പെടുത്തുക പഞ്ചായത്തിലുള്ള ചെങ്കൽ ക്വാറക്ക് നികുതി ചുമത്തുക, തുടങ്ങിയ വയൊക്കെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പരിഗണിക്കേണ്ടവയാണ്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായുള്ള ഇന്ദിരാ വികാസ് പത്രികയിൽപണം നിക്ഷേപിക്കുവാൻ ആളുകളെ പ്രേരിപ്പുക്കുകയാണെങ്കിൽ നിക്ഷേപതുകയുടെ 20 ശതമാനം അതത് വാർഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും.

അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുംഗൾഫിൽ നിന്നും തിരിച്ചുവരുന്ന വരെ പുനരധിവസിപ്പിക്കുന്നതിനും ഇതുവഴി സാധിക്കും. വികസന പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തവും സന്നദ്ധസംഘടനാപങ്കാളിത്തവും ഉറപ്പുവരുത്തിയാൽ അതൊരു പിതിയ വികസന സംസ്ക്കാരം രൂപപ്പെടുത്തുകയും അതുവഴി നാടിന്റെ സാമൂഹ്യസാംസ്ക്കാരിക മുഖചരായ തന്നെമാറ്റിമറിക്കാൻ ഉതകുകയും ചെയ്യും.

പട്ടിക 2

പഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ

ക്രമ നമ്പർ	A- വരവ്: മനത്ത്വകുമാനം ഇനം	1986-87		1990-91		1993-94		1994-95		1995-96	
1	തൊട്ടിട നികുതി	1,83,748	97	4,02,335	92	739754	25	720443	50	779625	00
2	അന്യശാല വരി	5416	29	12028	68	22124	10	21505	75	38797	70
3	തൊഴിൽ നികുതി	46619	00	99303	00	125937	00	181339	00	244541	00
4	വിനോദ നികുതി	79749	00	49782	24	45892	00	202615	90	152202	65
5	അധിക വിനോദനികുതി	48428	15	30004	79	—		—		—	
6	പ്രദർശന നികുതി	4381	25	2967	50	2028	75	2710	00	3680	00
7	തൊഴിൽകർസ് ഫീ	9205	00	25217	00	27072	75	24994	25	27500	00
8	തൊട്ടിട നിർമ്മാണ ഫൈനൻസ് ഫീ	30711	00	73620	00	96970	00	104429	00	—	
9	ലീസ്, ലേലം, കടത്ത്	6108	20	27391	00	49339	10	22910	00	19660	00
10	പലവക	290844	16	232922	44	31719	95	167858	50	274308	90
	ആകെ	7,06,211	02	9,55,5[illegible]57		11,40,836	90	14,52,801	60	15,44,445	28

പട്ടിക 2 തുടർച്ച

പഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ

B. ഗ്രാന്റ്. ഇനം

ക്രമനമ്പർ		1986-87		1990-91		1993-94		1994-95		1995-96	
1	വസ്തു നികുതിവായ നികുതി 75%	1,51,170	93	1,83,987	00	5,60,329	00	5,16,563	00	3,34,465	00
2	വസ്തു നികുതിവായ നികുതി 25%					42				1,75,000	00
3	അടിസ്ഥാന നികുതി ഗ്രാന്റ്	50,250	00	40,968	00	42,930	00	49,115	00	48,483	00
4	തൊഴിൽ ഗ്രാന്റ്	14,554	00	12,500	00	1,00,000	00	10,446	00	43,370	00
5	V.T.C. (വാഹനനികുതി)	15,795	00	34,409	00	2,50,000	00	-	-	3,44,568	00
6	V.R.M (ട്രാക്ടറിനും മോട്ടോർ വാഹനങ്ങൾക്കുമുള്ള നികുതി)	-	-	26,420	00	30,306	00	30,262	00	30,280	00
7	M.I (വെള്ളക്കരം ഇളവുചെയ്തത്)	2759	00	5389	00	2,000	00	2000	00	5389	00
8	തൊഴിലുറപ്പ് I.V.P	—	-	—	-	700	00	1353	00	—	-
9	നാഷണൽ വേക്കോസ് തൊഴിലുറപ്പ്	—	-	—	-	94,500	00	623	00	—	-

C. മറ്റു ഗ്രാന്റുകൾ

1	ഉപാധിരഹിത ഗ്രാന്റ് (ജനറൽ)	—	-	1,50,000	00	1,78,000	00	2,79,600	00	2,48,640	00
2	സപ്ലോസിവ്	36559	43	74,656	45	86,642	50	37,639	10	26,364	25
3	തെങ്ങ് തൈ വെയ്പ്	—	-	1,95,743	00	4,45,895	00	2,31,247	00	3,26,949	00
4	വെൽഫെയർ ഫണ്ട്	—	-	—	-	—	-	—	-	—	-
5	മുറിനം (കുടിനം)	42894	27	33,867	90	1,28,113	40	1,91,482	80	1,96,557	70
	ആകെ	10,24,793	65	17,13,512	93	30,62,443	20	28,03,178	50	33,33,481	23

പട്ടിക 2 തുടർച്ച

പഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ

ചെലവിനം

ക്രമ നമ്പർ		1986-87		1990-91		1993-94		1994-95		1995-96	
1	നിരണം	2,00,738	91	4,18,423	80	5,85,999	80	7,21,342	10	7,73,215	40
2	പൊതുമരാമത്ത്	1,23,259	65	9,86,614	00	7,02,577	50	10,17,311	50	15,61,934	00
3	വിദ്യാഭ്യാസം	9760	55	8,875	05	1,12,079	00	36927	00	18880	00
4	ജലവിതരണം, തൊഴിലുറപ്പ്	571	60	2,270	00	47,596	00	1,07,535	00	33333	00
5	തെരുവ് വിളക്ക്	47,785	20	47,784	00	49,764	00	59,100	00	59.100	00
6	കൃഷി, ചെറുകിട ജലസേചനം	1,687	00	1,610	00	6,180	00	5,412	50	3985	50
7	മറ്റുള്ളവ	35,087	50	2,59,951	00	63,947	00	1,52,966	00	4,85,147	00
8	കടമിനം	42,894	27	1,25,291	35	3,14,004	90	2,47,474	05	2,42,322	90
	മൊത്തം	7,76,784	68	18,50,819	20	18,71,608	20	23,36,783	15	31,82,124	80

പട്ടിക 3. ബാങ്കിംഗ്

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1995-96 ൽ		1995-96 ൽ	
		നിക്ഷേപം (ലക്ഷം)	വായ്പ തുക (ലക്ഷം)	കാർഷിക വായ്പ (ലക്ഷം)	കുടുംബശ്രീ സംരംഭങ്ങൾക്ക് വായ്പ (ലക്ഷം)
1	കോഴിക്കോട് ഡിസ്ട്രിക്ട് സഹകരണ ബാങ്ക് - കുന്നമംഗലം ബ്രാഞ്ച്	280.00	290.29	164.34	115.40
2	" മാവൂർ ബ്രാഞ്ച്	169.89	142.25	0.78	141.47
3	" മാങ്കാവ് ബ്രാഞ്ച്	118.08	254.71	28.56	223.34
4	ചിങ്ങാരി സർവ്വീസ് സഹകരണ ബാങ്ക്	58.12	37.70	23.63	12.74
5	നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് - മാവൂർക്കാവ്	149.20	83.74	11.73	38.30
6	" മെഡിക്കൽ	148.00	130.50	20.00	30.00
7	ചെറുവണ്ണൂർ കാർഷിക സഹകരണ ബാങ്ക്	124.45	55.75	11.36	24.39
8	ട്രേഡിംഗ് ബാങ്ക് കോഫ് ഇന്ത്യ കാഞ്ഞങ്ങാട്	5000.00	—	2.73	2.50
9	കനറാ ബാങ്ക് കാഞ്ഞങ്ങാട്	1432.46	570.84	6.89	4.77
	ആകെ			270.02	592.91

അജാനൂർ ഗ്രാമ പഞ്ചായത്ത്
പ്രവർത്തനം - ഒരവലോകനം

കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ സമിതി 30 - 9 - 1995 ന് അധികാരമേറ്റു. 1996 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നടന്ന 15 ഗ്രാമസഭകളിലെ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമന്വയിപ്പിച്ച് പഞ്ചായത്തിന്റെ തനതായ വരുമാനവും സർക്കാർ ധനസഹായവും പരമാവധി സ്വരൂപിച്ചു കൊണ്ട് ഈ ഗ്രാമത്തിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഉൽപാദന മേഖലയിലെ മുരടിപ്പ് മാറ്റുന്നതിന്നും ഉതകുന്ന ഏതാനും വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്.

നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകതയുടെ ആവശ്യമെന്ന നിലയിൽ റോഡുകളുടെ അറ്റകുറ്റപ്പണി, നിർമ്മാണം എന്നുവയ്ക്കുവേണ്ടി നല്ലൊരു തുക ഈ ഭരണ സമിതിക്കും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. റോഡുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഏതാനും കൾവർട്ടുകൾ നിർമ്മിക്കാനും വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ നടപ്പാലം പണിയാനും ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്.

ഇന്ന് ആഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വളരെ പഴക്കമുള്ളതും തീരെ സൗകര്യമില്ലാത്തതുമായതിനാൽ അത് വിപുലീകരിച്ച് അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങളെങ്കിലും ഉണ്ടാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്.

പഞ്ചായത്തിലെ പൊതു കിണറുകളും കുഴൽക്കിണറുകളും കാലാകാലങ്ങളിൽ വൃത്തിയാക്കി സംരക്ഷിക്കാനും ആവശ്യമായ അറ്റകുറ്റപണികൾ നടത്താനും ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന ചില പ്രദേശങ്ങളിൽ പുതിയ കിണറുകൾ നിർമ്മിച്ച് ഒരു പരിധിവരെയെങ്കിലും ആ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെൽകൃഷിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി അജാനൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളെ കേന്ദ്രീകരിച്ച് യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായവും സർക്കാർ സഹായവും സ്വരൂപിച്ചുകൊണ്ട് ഏതാനും പദ്ധതികൾ നടപ്പിലാക്കാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. അവ താഴെപ്പറയുന്നു.

നമ്പർ	പദ്ധതിയുടെ പേര്	അടങ്കൽ തുക
1.	മല്ലിക മാട് തോടിന്ന് കല്ലിങ്കാലിൽ SWECB നിർമ്മാണം	1,60,000
2.	തണ്ണോട്ട് വയലിലെ VCB പുതുക്കിപ്പണിയൽ	1,50,000
3.	തുച്ചാനം അണയുടെ ഇരുവശം സംരക്ഷിക്കൽ	2,00,000
4.	തുച്ചാനം കണ്ണിക്കുളങ്ങര തോടിന്റെ സൈഡ് കെട്ടൽ	4,00,000
5.	കോടാട്ട് ഒരു BCR നിർമ്മാണം	15,31,000
6.	ചിത്താരി BCR അടിയന്തിര അറ്റകുറ്റപ്പണി	12,50,00
7.	വെള്ളൂർ വയൽ തോടിന്റെ ആഴം കൂട്ടി സൈഡ് കെട്ടൽ	18,00,000
	ആകെ	54,91,000

കാർഷിക രംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും കാർഷികമേഖലയിൽ നേട്ടങ്ങൾ കൈവരിക്കുന്ന പാടശേഖരങ്ങളെ പ്രോത്സാഹിപ്പിക്കാനും പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുത്തിട്ടുണ്ട്. ഇത്തരം കാർഷികസമിതികൾ കുറേക്കൂടി സജീവമായും ഫലപ്രദമായും പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ഉൽപ്പാദനമേഖലയിൽ വൻപിച്ച ഒരു മുന്നേറ്റം സാധ്യമാകും എന്ന അഭിപ്രായമാണ് ഭരണസമിതിക്കുള്ളത്.

ദുർബല ജനവിഭാഗങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ കോളനി വീടുകളും വൈദ്യുതീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാരക്കുഴി ഹരിജൻ കോളനിയുടെ വൈദ്യുതീകരണം പൂർത്തിയാക്കാനും രാണേശ്വരം സ്ക്കീം വീടുകളിലെ പണി തുടങ്ങാനും സാധിച്ചു.

1996 നവംബർ 1 ന് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുനരർപ്പണ ദിനത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചപ്പോൾ അജാനൂർ ഗ്രാമപഞ്ചായത്തിൽ 2000 മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തി 4 പുതിയ റോഡുകൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്.

1. ചിത്താരി - കൊളവയൽ റോഡ്	-	1250 മീറ്റർ
2. തെക്കെപ്പള്ളം - വേലാശ്വരം റോഡ്	-	1000 മീറ്റർ
3. മടിയൻ കുന്ന് - മടിയൻ വയൽ റോഡ്	-	1000 മീറ്റർ
4. രാമഗിരി- കീറ്റ് വളപ്പ് റോഡ്	-	1000 മീറ്റർ

എന്നിവയാണ് അവ.

പരിമിതികൾ മനസ്സിലാക്കിക്കൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഭരണ ഘടനാദത്തമായ പങ്ക് ഏറ്റെടുത്ത് പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം കൊടുക്കാനും നമ്മുടെ ഗ്രാമത്തിലെ ജനങ്ങളുടെ ക്രിയാത്മക കഴിവുകളും മുൻകൈയും വലിയ അളവിൽ പുനഃസ്ഥാപിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് ഉറപ്പുതന്നുകൊണ്ട് വരും കാലങ്ങളിൽ ഞങ്ങൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊള്ളുന്നു.

അജാനൂർ ഗ്രാമ പഞ്ചായത്ത്
ഭരണ സമിതിക്കു വേണ്ടി
എം. കർത്തമ്പു
(പ്രസിഡണ്ട്.)

ഉപസംഹാരം

കഴിഞ്ഞ കാല പദ്ധതി നടത്തിപ്പ് രീതിയിൽ നിന്ന് നാം കൂതറിമാറുകയും പുതിയരീതിയിൽ കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്താൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനങ്ങളുടെ പ്രത്യാശകൾ യാഥാർത്ഥ്യമാക്കി തീർക്കാം . രണ്ട് പദ്ധതിക്കാലം കൊണ്ടു നടപ്പിലാക്കാൻ കഴിയാത്ത ആവശ്യങ്ങളാണ് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ളത്. തങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവ ആത്മാർത്ഥതയോടെ ഗ്രമപഞ്ചായത്ത് നടപ്പാക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. മുൻകാലങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾ പലതും ചുവപ്പുനാടയിൽ കുരുങ്ങിപ്പോകുകയും പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങൾ സ്വാധീന ശക്തിയുള്ളവരുടെ കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി പോകുന്നതും കണ്ടറിഞ്ഞ ജനങ്ങൾ ഇവയൊക്കെ ജനകീയാസൂത്രണ പദ്ധതിയിലൂടെ ഒഴിവാക്കാൻ കഴിയുമെന്ന് ഉറച്ചു വിശ്വസിക്കുന്നുണ്ട്. അവഗണിക്കപ്പെട്ട ഉൽപ്പാദന മേഖലയെ പ്രത്യേകിച്ച് കാർഷിക മേഖല യേപുനർജ്ജീവിപ്പിക്കുകയും നമുക്ക് ആവശ്യമുള്ള കാർഷിക വിളവുകൾ ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാനും കഴിയുന്ന രീതിയിൽ കാര്യങ്ങൾ ആസൂത്രണം ചെയ്യണം. റോഡുകൾ മാത്രമാണ് വികസനം എന്നത് നാം തിരുത്തണം. റോഡുകൾ തീരെ വേണ്ട എന്നതല്ല ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷെ നമ്മൾ ഇന്നുവരെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകയിൽ അറുപത് ശതമാനത്തിലധികവും റോഡുകൾക്ക് വേണ്ടിയാണ് ഉപയോഗിച്ചത് എന്ന് മനസ്സിലാക്കുമ്പോഴാണ് നമ്മുടെ വികസന സങ്കല്പത്തിൽ റോഡുകൾ ചെലുത്തിയ സ്വാധീനം നാം കാണുന്നത്.

ജനകീയ ആസൂത്രണ പരിപാടിയിൽ എല്ലാം അടിത്തട്ടിൽ നിന്ന് നിർദ്ദേശിക്കപ്പെടുമ്പോൾ പ്രവർത്തനങ്ങൾ കൃത്യമായി നടക്കും. നമ്മുടെ 15 ഗ്രാമങ്ങളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന പദ്ധതി വിഹിതം കൊണ്ട് മാത്രം സാദ്ധ്യമല്ല.പുതിയ സ്രോതസ്സുകൾ കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നാം നടത്തേണ്ടിയിരിക്കുന്നു. മാത്രമല്ല ജങ്ങളുടെ സഹകരണവും പങ്കാളിത്തവും ഇവിടെ അത്യന്താപേക്ഷിതമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആത്മാർത്മായി സഹകരിച്ചാൽ നമുക്ക് ജനങ്ങളുടെ ആവശ്യശങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. വികസന പ്രവർത്തനത്തിൽ നിന്നും കക്ഷി രാഷ്ട്രീയ മത ജാതി ചിന്തകൾ ഒഴിച്ചു നിർത്തി ഒരു പുതിയ വികസന രാഷ്ട്രീയ സംസ്ക്കാരം നാം വളർത്തിയെടുക്കണം. ഈ വികസന രേഖയുടെയും ഇനി നടക്കുന്ന ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന വിദഗ്ദ്ധ സമിതികൾ പഞ്ചായത്തിൽ നടപ്പാക്കേണ്ട വിവിധസ്കീമുകൾക്ക് രൂപം നൽകും.

അതു കൊണ്ടു തന്നെ ഈ വികസന രേഖ സമഗ്രമായ ചർച്ചകളിലൂടെ സമ്പന്നമാക്കണം. നിർദ്ദേശങ്ങൾ സ്കീമുകളാക്കി പ്രവർത്തി പദത്തിൽ കൊണ്ടുവരുമ്പോൾ ജനങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടാകേണ്ടിയിരിക്കുന്നു. ആയിരം പ്രതീക്ഷകൾക്കാണ് ചിറകുകൾ മുളച്ചിരിക്കുന്നത്. അവ വളർന്നു പ്രതീക്ഷകൾ യാഥാർത്ഥ്യമായാൽ പഴയ മാവേലി തമ്പുരാന്റെ ഭരണ കാലം സമാഗതമാകും. ഒരു ജനതയ്ക്കും ഓരോ വ്യക്തിക്കുംസ്വപ്നം കാണുവാൻ അവകാശമുണ്ട്. പക്ഷെ അതിനെ നശിപ്പിക്കുവാൻ നമുക്ക് അധികാരമില്ല. നമ്മുടെ ഗ്രാമ വാസികളുടെ തിളക്കമാർന്ന പ്രതീക്ഷകളും സ്വപ്നങ്ങളും വിരിയട്ടെ. ജനങ്ങളുടെ ആകെ കൂട്ടായ്മയിലൂടെ ഈ പ്രതീക്ഷകൾ നമുക്ക് നിറവേറ്റാമെന്ന പ്രത്യാശയോടെ ഈവികസന രേഖ ഗ്രാമ വികസന സെമിനാറിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്നു.

നിങ്ങൾ ഇതു വായിക്കുക പരിശോധിക്കുക, ചർച്ച ചെയ്യുക നിർദ്ദേശങ്ങളിലൂടെ ഇത് സമ്പന്ന മാക്കുക.

ഒരു വാക്കു കൂടി.

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് ആധാരമാകാൻ പോകുന്ന രേഖയാണിത്. ഈ രേഖ തയ്യാറാക്കുന്നതിൽ നിരവധി വ്യക്തികളുടെയും സ്ഥാനപങ്ങളുടെയും സഹായം ഞങ്ങൾക്ക് ലഭിച്ചിരുന്നു. ഗ്രാമ സഭകളിൽ പങ്കെടുത്ത് ചർച്ചകൾ നിയന്ത്രിച്ചവർ ഭൂ പ്രകൃതിയും ജല സ്രോതസും അറിയുന്നതിനു വേണ്ടി പഠന പര്യടനത്തിൽ പങ്കെടുത്തവർ സാമൂഹ്യ സാമ്പത്തിക സർവ്വേയിലും സർവ്വേ റിപ്പോർട്ട് ക്രോഡീകരിക്കുന്നതിലും സഹായിച്ചവർ ഗ്രാമ പഞ്ചായത്തനകത്ത് പ്രവർത്തിക്കുന്ന നിരവധി സർക്കാർ അർദ്ധ സർക്കാർ ഓഫീസുകളിലും ബാങ്കുകൾ സഹകരണ സ്ഥാനപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ചെന്ന് അവയുടെ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുകയും വിവരം ശേഖരിക്കുകയും ചെയ്തവർ, ഈ വികസന രേഖയെ രൂപപ്പൊടുത്താൻ സഹായിച്ചവർ തുടങ്ങി എല്ലാവരേയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഈ സഹകരണം നമ്മുടെ ഗ്രാമത്തിന്റെ പുരോഗതിക്ക് ഇനിയും ഉപകരിക്കുമെന്ന പ്രത്യാശയോടെ.

സഹകരിച്ച എല്ലാവർക്കും നന്ദി.

എഡിറ്റോറിയൽ ബോർഡ്.

CENTRAL

AUTO CARE

KANHANGAD

(AUTHORISED DEALER: SERVICE & SPARES)

KB 125 4s CHAMPION CHETAK

CLASSIC SUNNY ZIP M 80

എന്നീ മോഡലുകളിൽ ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കുവാൻ സമീപിക്കുക

സെൻട്രൽ ഓട്ടോ കെയർ

അനസ് അവന്യൂ, അതിഞ്ഞാൽ

പി.ഒ. മാണിക്കോത്ത്,കാഞ്ഞങ്ങാട്, ഫോൺ: 702425

ബജാജ് ഓട്ടോ ഫിനാൻസ് സംബന്ധിച്ച് വിവരങ്ങൾ അറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.

With Best Compliments

NATIONAL METALS

7th Mail

P.O. Attenganam

Kanhangad

Phone: 746251 (Factory)

702351 (Resi)

ആശംസകളോടെ

ഫോൺ 704449

രാജധാനി
ജ്വല്ലേർസ്

മെയിൻ റോഡ്, കാഞ്ഞങ്ങാട്

ആശംസകൾ....

ഹോട്ടൽ ഗോൾഡൻ ഫിഷ്

നോർത്ത് കോട്ടച്ചേരി

കാഞ്ഞങ്ങാട് 671315
ഫോൺ 703161 703299
വീട് 772150

ആശംസകൾ....

ഗോൾഡൻ ബേക്കറി

ഷുക്കൂർ ബിൽഡിംങ്ങ്


മെയിൻ റോഡ് കാഞ്ഞങ്ങാട്

ആശംസകൾ

ഷാലിമാർ ജ്വല്ലറി

കാഞ്ഞങ്ങാട്

ഫോൺ : 0499-704586



ഫോൺ : 704951


: 704551

സൂപ്പർ ബസാർ

നീയർ പെട്രോൾ പമ്പ്

കോട്ടച്ചേരി കാഞ്ഞങ്ങാട്

With Best Compliments From



M.B.M.GROUP OF COMPANIES

കോട്ടച്ചേരി സർവ്വീസ് സഹകരണബാങ്ക് ലിമിറ്റഡ്

കാഞ്ഞങ്ങാട്

(സ്പെഷൽഗ്രേഡ് സർവ്വീസ് സഹകരണ ബാങ്ക്)

ഹെഡ് ഓഫീസ് കോട്ടച്ചേരി ഫോൺ :704153

ബ്രാഞ്ചുകൾ

1. മാണിക്കോത്ത് ഫോൺ:703009
2. മാവുങ്കാൽ ഫോൺ: 703183

ഓഹരിമൂലധനം:	46 ലക്ഷം
കരുതലുകൾ :	68 ലക്ഷം
നിക്ഷേപങ്ങൾ:	1010ലക്ഷം
വായ്പ:	1040 ലക്ഷം
പ്രവർത്തന മൂലധനം :	1112ലക്ഷം

* നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ * എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു * ഉദാരവ്യവസ്ഥയിൽ കാർഷിക -കാർഷികേതര വായ്പകൾ നൽകുന്നു
* മെമ്പർമാർക്ക് വാഹനം വാങ്ങുന്നതിന് 60 മാസത്തെ കാലാവധിക്ക് 5ലക്ഷംരൂപവരെ വായ്പ നൽകുന്നു.

* കാസർഗോഡ് ജില്ലയിലെ ഒരു പ്രമുഖസ്ഥാപനം

വിശദവിവരങ്ങൾക്ക് ഹെഡ്ഓഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക

കെ.പുരുഷോത്തമൻ
(പ്രസിഡൻറ്)

ശ്രീ .പി. കൃഷ്ണപൊതുവാൾ
(സെക്രട്ടറി)

അച്ചടി : ഉത്തര മലബാർ ഓഫ്സെറ്റ്പ്രിൻറിംഗ് പ്രസ്സ്,കാഞ്ഞങ്ങാട്